بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

**സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ന്റെ ആദ്യത്തെ യൂറോപ്യൻ പര്യടനം 1924, അതിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും**


وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

ലക്കം
51-52
പത്രാധിപർ
എച്ച്.ശംസുദ്ദീൻ
സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

വാല്യം
9
വാർഷിക വരിസംഖ്യ
600 രൂപ

www.akhbarbadr.in

2024 ഡിസംബർ 19-26 . ഹിജ്രി ശംസി 1403 ഫതഹ് 19-26 . ഹിജ്റ വർഷം 1446 ജമാദുൽ ആഖർ 16-23 Postal Reg. No. GDP/001/2023-25


**അല്ലാഹുവേ! നിന്റെ പ്രതാപം ലോകത്ത് വെളിപ്പെടുമാറാകട്ടെ. ഈ മസ്ജിദ് നിന്റെ നാമത്തെ സൃഷ്ടിക്കുന്നതിനുള്ള വലിയൊരു കേന്ദ്രവുമാകട്ടെ. ആമീൻ.**


1926 ഒക്ടോബർ 3-ന് മസ്ജിദ് ഫള്ൽ ലണ്ടന്റെ ഉദ്ഘാടനം പ്രൗഢോജ്ജ്വലമായി നടന്നു. ആ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ ؓ പ്രോജ്ജ്വലമായൊരു സന്ദേശം അയച്ചിരുന്നു. അതിലെ ഒരു ഭാഗമാണ് താഴെ ചേർക്കുന്നത്:

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു:

"സഹോദരങ്ങളേ!ലോകം അന്യാരാധന, നിർമതവാദം, ദൈവത്തോടുള്ള അവഗണന, രാജ്യങ്ങൾ തമ്മിലുള്ള വിദ്വേഷം, സാമൂഹികപരമായ വെറുപ്പ്, സംഘടനാപരമായ വടംവലി തുടങ്ങിയവയുടെയൊക്കെ മൈതാനമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ അശ്രദ്ധയിൽനിന്നുണരുക എന്നത് ദൈവത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടേയും നിർബന്ധ കടമാണ്. ദൈത്തിന്റെ നാമത്തിൽ നിർമിക്കപ്പെട്ട ഭവനങ്ങളെ നിർമതത്വത്തിന്റേയും ഭിന്നിപ്പുകളുടേയും കേന്ദ്രമാക്കുന്നതിനുപകരം ഏകദൈവവിശ്വാസത്തിന്റേയും ഐക്യത്തിന്റേയും കേന്ദ്രമാക്കുക. അതുകൊണ്ട് നിങ്ങൾ വരിക! നമുക്കെല്ലാവർക്കും ഒന്നുചേർന്ന് എല്ലാവരും ഐക്യപ്പെടുന്ന ഏകദൈവിശ്വാസത്തെ സ്ഥാപിക്കാം. നമ്മൾ ആളുകളുടെ ഉള്ളിൽ ഈ ആത്മാവുണ്ടാക്കുക. ഏറ്റവും വലിയ ബിംബമായ മതപരമായ ഏകപക്ഷീയതയിൽനിന്ന് സ്വതന്ത്രരായി ഏകനായ ദൈവത്തിലുള്ള വിശ്വസ്തത, അതേതു മതത്തിലാണുള്ളതെങ്കിലും സ്വീകരിക്കുക. നമ്മുടെ ബുദ്ധി സൃഷ്ടിച്ചുവെച്ചിട്ടുള്ള ദൈവങ്ങളുടെ മുമ്പിൽ നമ്മൾ കുനിയാതിരിക്കുക. കാരണം നമ്മൾ അതിന്റെ പേര് എന്തുവെച്ചാലും അതൊരു വിഗ്രഹമാണ്. എന്നല്ല നമ്മൾ മുഴുവൻ ലോകത്തിന്റേയും സ്രഷ്ടാവായ ദൈവത്തിന്റെ മുമ്പിൽ കുനിയുക. അവന്റെ തിളക്കം ലോകത്തിലെ എല്ലാ അണുവിലും കാണാൻ കഴിയുന്നു. അത് അതിന്റെ ജീവസുറ്റ ശക്തികൾ എപ്പോഴും തന്റെ പരിശുദ്ധന്മാർ മുഖേന പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇനി ഈ കിഴക്കിന്റേയും പടിഞ്ഞാറിന്റേയും ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് ലോകത്ത് സമാധാനവും ശാന്തിയും സ്ഥാപിക്കാൻ ശ്രമിക്കുക. ഒരു രാജ്യത്തിന്റെ ആഭ്യന്തരവ്യവസ്ഥതയിലും വിവിധ രാജ്യങ്ങളുടെ ഇടയിലും നമ്മുടെ ശ്രേഷ്ഠത നമ്മൾ നമ്മുടെ ധനവും ശക്തിയും മുഖേന ജനങ്ങളെ കീഴടക്കുന്നതിലാകരുത്. നമ്മൾ നമ്മുടെ സംഘങ്ങൾ മുഖേന ജനങ്ങളെ അവരുടെ അവകാശങ്ങൾ ധ്വംസിക്കാൻ ശ്രമിക്കരുത്. പ്രത്യുത നമ്മുടെ ശ്രേഷ്ഠത ദുർബലരോടു ദയ കാണിക്കുന്നതിലും അവകാശികൾക്ക് അവരുടെ അവകാശം കൊടുക്കുന്നതിലുമായിരിക്കണം.

അല്ലാഹുവേ!നിന്റെ പ്രതാപം ലോകത്ത് വെളിപ്പെടുമാറാകട്ടെ. ഈ മസ്ജിദ് നിന്റെ നാമത്തെ സൃഷ്ടിക്കുന്നതിനുള്ള വലിയൊരു കേന്ദ്രവുമാകട്ടെ. ആമീൻ. **വ ആഖിറു ദഅ്‌വാനാ അനിൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ"**

*(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1929 ഒക്ടോബർ 26, പേജ് 3)*



**ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുംؓ അവിടത്തോടൊപ്പം യൂറോപ്യൻ പര്യടനത്തിനുപോയ സഹപ്രവർത്തകരും**
കസേരകളിൽ വലത്തുനിന്ന് ഇടത്തോട്ട്: 1. മൗലവി അബ്ദുർറഹ്മാൻ സാഹിബ് മിസ്രി 2. ഹദ്റത്ത് ചൗദ്ദരി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ 3. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീؓ 4. ഹദ്റത്ത് ഖാൻ ദുൽഫിഖാർ അലി ഖാൻ സാഹിബ് ഗോഹർ 5. ഹദ്റത്ത് ഹാഫിള് രോശൻ അലി സാഹിബ്. നിൽക്കുന്നവർ വലത്തുനിന്ന് ഇടത്തോട്ട്: മിയാൻ റഹം ദീൻ സാഹിബ് ബാവർച്ചീ 2. ഹദ്റത്ത് ശെയ്ഖ് യഅ്ഖൂബ് അലി സാഹിബ് യിർഫാനീ 3. ഹദ്റത്ത് ഡോക്ടർ ഹശ്മത്തുല്ലാഹ് സാഹിബ് 4. ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് 5. ഹദ്റത്ത് ചൗദ്ദരീ മുഹമ്മദ് ശരീഫ് സാഹിബ് വക്കീൽ സാഹിവാ ൽ 6. ഹദ്റത്ത് മൗലവി അബ്ദുർ റഹീം സാഹിബ് ദർദ് 7. ഹദ്റത്ത് സാഹിബ്സാദ മിർസാ ശരീഫ് അഹ്മദ് സാഹിബ്.




**ഇംഗ്ലണ്ടിൽ പോകുന്നതിനുമുമ്പേ ഖാദിയാനിലെ സഹോദരങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീയോടൊപ്പം (1924 ജുലൈ 11)**




**യാത്രയ്ക്കിടയിൽ ലണ്ടനിലെ ഒരു സ്മാരക ചിത്രം**




**യാത്രയ്ക്കിടയിൽ റയിൽവെ സ്റ്റേഷനിൽ ഹുദൂർ റളിയല്ലാഹു അൻഹുവുമായി കുടിക്കാഴ്ച നടത്തുന്ന അഹ്മദീ സഹോദരങ്ങൾ**



വാഗ്ദത്ത മഹ്ദിയും മസീഹുമായ
സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി عليه السلام (1835–1908)




ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ്
അയ്യദഹുല്ലാഹ് തആലാ ബിനസ് രിഹിൽ അസീസ്

**ഈ അനുഗൃഹീതമായ യാത്രയ്ക്കിടയിൽ അവിടന്ന് വിവിധ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും താൻ താമസിച്ച എല്ലാ സ്ഥലങ്ങളിലും തദ്ദേശ ആളുകളുമായുള്ള ബന്ധങ്ങൾ വർധിപ്പിക്കുകയും മതപരവും രാഷ്ട്രീയപരവുമായ നേതാക്കളും ബുദ്ധിജീവികളും പത്രപ്രതിനിധികളും പൊതുജനങ്ങളും അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.**

**ഈ മുഴുവൻ യാത്രയ്ക്കിടയിലും വ്യക്തിപരമായും സംഘടിതപരമായ നിലയിലും ദുആകളിൽ മുഴുകിക്കൊണ്ടിരുന്നു. രാവും പകലും നീണ്ട നേരംവരെ ജോലി ചെയ്തുകൊണ്ടിരുന്നു. തന്റെ മുഴുവൻ സമയവും കഠിനാധ്വാനത്തിലും അങ്ങേയറ്റം തിരക്കുകളിലും കഴിച്ചുകൂട്ടി.**

**ഈയാത്ര അങ്ങേയറ്റം വിജയവും അനുഗ്രഹവുമായിരുന്നു. ഇതിൽ അല്ലാഹുവിന്റെ സഹായത്തിന്റേയും പിന്തുണയുടേയും ദൃശ്യങ്ങൾ എല്ലായിടത്തും ഞങ്ങൾ കണ്ടു."**

**വായനക്കാർ, നിങ്ങളുടെ അറിവിലും ജ്ഞാനത്തിലും വർധന ഉണ്ടാകാൻ "ബദ്ർ"ന്റെ ഈ വിശേഷാൽപ്പതിപ്പ് വായിക്കേണ്ടതാണ്.**

## അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിൽനിന്ന് ബദ്ർ വായനക്കാർക്കുള്ള സന്ദേശം

**ഇസ്‌ലാമാബാദ് യു.കെ**
**MA17-11-2024**

എന്റെ പ്രിയപ്പെട്ട ബദ്ർ വീക്കിലി വായനക്കാരേ! അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.

അൽഹംദുലില്ലാഹ്! ബദ്ർ ആഴ്ചപ്പതിപ്പിന് "സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]ന്റെ 1924-ലെ ആദ്യത്തെ യൂറോപ്യൻ പര്യടനവും അതിന്റെ അനുഗ്രഹങ്ങളും നേട്ടങ്ങളും" എന്ന ശീർഷകത്തിൽ ഒരു വിശേഷാൽപ്പതിപ്പ് പ്രസിദ്ധീകരിക്കുന്നതിന് തൗഫീഖ് കിട്ടിയിരിക്കുകയാണ്. എന്നോടു ഇതിലേക്കുവേണ്ടി സന്ദേശമയക്കാൻ അപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതുസംബന്ധമായി ചില സുപ്രധാന കാര്യങ്ങൾ വിവരിക്കാനാഗ്രഹിക്കുകയാണ്.

1924 സെപ്റ്റംബറിൽ വിംബ്ലിയിൽ(ലണ്ടൻ)ഒരു കോമൺവെൽത്ത് മതമഹാസമ്മേളനം സംഘടിപ്പിച്ചിരുന്നു. ഇതിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിലെ വിവിധ മതങ്ങളുടെ പ്രതിനിധികൾ അവരവരുടെ മതത്തിന്റെ അടിസ്ഥാനപരമായ തത്ത്വങ്ങളെക്കുറിച്ച് സംസാരിക്കാൻ ക്ഷണിക്കപ്പെട്ടു. ഹദ്റത്ത് ഖലീഫത്തുൽമസീഹ്[റ] ഥാനിയുടെ തിരുസന്നിധിയിലും ഈ സമ്മേളനത്തിന്റെ സംഘാടകരിൽനിന്ന് (ഇവരിൽ വലിയ വലിയ മുസ്തശ്രിഖീൻ അഥവാ പൗരസ്ത്യവാദികളുമുണ്ടായിരുന്നു)ക്ഷണക്കത്ത് ലഭിച്ചു. ഹുദൂർ തിരുമനസ്സ് ഈ സമ്മേളനത്തിൽ നേരിട്ട് പങ്കെടുത്തു. ആ നേരത്ത് അവിടന്ന് തന്റെ കൂടെ 11 പേരടങ്ങുന്ന ഒരു സംഘത്തേയും കൊണ്ടുവന്നിരുന്നു. ഇത് ഖലീഫത്തുൽമസീഹിന്റെ ആദ്യത്തെ പര്യടനമായിരുന്നു. ഇതിൽ അറേബ്യൻ രാജ്യങ്ങളും പങ്കെടുത്തിരുന്നു. ശാം അഥവാ സിറിയദേശം ഈജിപ്ത് ഫലസ്തീൻ തുടങ്ങിയ അറബ് രാജ്യങ്ങളിൽ ഖലീഫത്തുൽമസീഹ് ഥാനിയുടേതല്ലാതെ മറ്റൊരു ഖലീഫയുടേയും പര്യടനമുണ്ടായിട്ടില്ല. ഹുദൂർ[റ]തന്റെ ഈ യാത്രയെ കുറിച്ച് വിവരിക്കുന്നു:

"ഈ യാത്ര രണ്ടു പ്രവചനങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടിയായിരുന്നു. ഒന്ന് ഡമാസ്കസിനെ സംബന്ധിച്ചുള്ള നബി[സ]തിരുമേനിയുടെ പ്രവചനമാണ്. ഒന്ന് ഇംഗ്ലണ്ടിനെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനമാണ്." *(അൻവാറുൽ ഉലൂം, വാല്യം 8, പേജ് 465)*

ഡമാസ്കസിനെ സംബന്ധിച്ച പ്രവചനം പുലർന്നത് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:"പിന്നെ മിനാരത്തുൽ ബയ്ളാഇന്റേയും അഥവാ വെളുത്തമിനാരത്തിന്റേയും അത്ഭുതകരമായ കാര്യമാണ്..........ഞങ്ങൾക്ക് അത്ഭുതമായിരുന്നു. ആ വെളുത്തമിനാരമേതാണ്? ഒന്നു കണ്ടാലോ. സ്വുബ്ഹി നമസ്കാരം ഞാൻ ഹോട്ടലിൽ നമസ്കരിപ്പിച്ചു. ആ നേരത്തുണ്ടായിരുന്നത് ഞാനും ദുൽഫിഖാർ അലി ഖാൻ സാഹിബും ഡോക്ടർ ഹശ്മത്തുല്ലാ സാഹിബുമായിരുന്നു. അതായത് എന്റെ പിന്നിൽ രണ്ടു മുഖത്തദിയാണുണ്ടായിരുന്നത്. ഞാൻ സലാം വീട്ടിയപ്പോൾ മുന്നിൽ മിനാരമുണ്ട്. ഞങ്ങൾക്കും അതിനുമിടയിൽ ഒരു റോഡ് മുറിച്ചുകടക്കുന്ന ദൂരമെ ഉണ്ടായിരുന്നുള്ളു. ഞാൻ പറഞ്ഞു, ഇതാണ് ആ മിനാരം. ഞങ്ങൾ അതിന്റെ കിഴക്കുഭാഗത്തായിരുന്നു. അവിടെ ഉണ്ടായിരുന്ന വെള്ളമിനാരം ഇതു തന്നെയായിരുന്നു. അവിടെ മറ്റൊരു വെള്ളമിനാരവുമുണ്ടായിരുന്നില്ല. അമവിയ്യ മസ്ജിദിന്റെ മിനാരത്തിന്റെ നിറം നീലയായിരുന്നു. ഞാൻ ഈ വെള്ളമിനാരം കാണുകയും പിന്നിൽ രണ്ടു മുഖ്തദി ഉണ്ടാകുകയും ചെയ്തപ്പോൾ പറഞ്ഞു:ആ ഹദീഥും പുലർന്നിരിക്കുന്നു." *(അൻവാറുൽ ഉലൂം വാല്യം 8, പേജ് 614)*

പിന്നീട് അവിടന്ന് യൂറോപ്യൻ യാത്രയെ കുറിച്ച് പറഞ്ഞു: "യൂറോപ്പിലേക്ക് മസീഹ് മൗഊദ് അല്ലെങ്കിൽ അവിടത്തെ ഏതെങ്കിലും പ്രതിനിധി ഏതൊരു ഉദ്ദേശ്യത്തോടുകൂടിയാണോ ഞാൻ യാത്ര ചെയ്തത് ആ ഉദ്ദേശ്യത്തോടുകൂടി യാത്രചെയ്യുമെന്ന് വിശുദ്ധ ഖുർആനിലും പറഞ്ഞിട്ടുണ്ട്........ഇക്കാര്യം കഹ്ഫ് എന്ന അധ്യായത്തിലാണുള്ളത്..... അതിനാൽ, ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ എഴുത്തനുസരിച്ച് ദുൽഖർനയ്ൻ അദ്ദേഹമാണ്. പാശ്ചാത്യ രാജ്യങ്ങൾകൊണ്ടുള്ള ഉദ്ദേശ്യം ക്രിസ്തു മതത്തിന്റെ അരുവിയിൽ താവളമടിച്ചിരിക്കുന്ന യൂറോപ്പിലേയും അമേരിക്കയിലേയും ആളുകളാണ്. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് മസീഹ് മൗഊദിന് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏതെങ്കിലും പ്രതിനിധിക്ക് പാശ്ചാത്യ രാജ്യങ്ങളിൽ പര്യടനം നടത്തേണ്ടിവരുമെന്നാണ്....... അതിനാൽ ഈ യാത്ര യഥാർഥത്തിൽ ഒരു പ്രവചനമനുസരിച്ചുള്ളതാണ്. ഇതെത്രമാത്രം പ്രധാനപ്പെട്ടതാണെന്നാൽ വിശുദ്ധ ഖുർആനിലും അത് വിവരിക്കപ്പെട്ടിരിക്കുന്നു. ഇതിനോടൊപ്പം ഈ യാത്ര തബ്‌ലീഗിനുവേണ്ടിയുള്ളതല്ലെന്നും പ്രത്യുത തബ്‌ലീഗിനെ സംബന്ധിച്ചുള്ള നിയമനിർമാണത്തിനും അറിവ് കരസ്ഥമാക്കുന്നതിനുമാണെന്നും മനസ്സിലാകുന്നുണ്ട്." *(അൻവാറുൽ ഉലൂം വാല്യം 8, പേജ് 434-435)*

ഈ യാത്ര മുഖേന കുറച്ചു സ്വപ്നങ്ങളും പുലർന്നു. അതിലൊന്ന് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ഈ സ്വപ്നമാണ്:"ഞാൻ കണ്ടു. ഞാൻ ലണ്ടൻ പട്ടണത്തിലെ ഒരു പ്രസംഗപീഠത്തിൽ നിൽക്കുകയാണ്. ഇംഗ്ലീഷു ഭാഷയിൽ അങ്ങേയറ്റം തെളിവുകളോടുകൂടിയ വിവരണത്തിൽ ഇസ്‌ലാമിന്റെ സത്യസാക്ഷ്യം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു." *(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 377)*

ഇതിനുപുറമെ ഹുദൂർ[റ] തന്നെയും രണ്ടു സ്വപ്നം കണ്ടിരുന്നു. അവയിലൊന്നിനെ കുറിച്ച് ഇങ്ങനെ പറഞ്ഞു:"ഏതൊരുവന്റെ കൈയിലാണോ മുഴുലോകത്തിന്റേയും കടിഞ്ഞാണുള്ളത് അവൻ എന്നോടു സ്വപ്നത്തിൽ പറഞ്ഞിരുന്നു, ഞാൻ ഇംഗ്ലണ്ടിൽ പോകുകയും വിജയശ്രീലാളിതനായ ഒരു ജേർണലിനെപ്പോലെ അവിടെ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു. ആ നേരത്ത് എന്റെ പേര് വില്യം ഫാതിഹ് എന്ന് വെക്കപ്പെട്ടു."(അൻവാറുൽ ഉലൂം വാല്യം 8, പേജ് 463)

എന്തായാലും അദ്ദേഹം ഇറ്റലി, സ്വിറ്റസർലാന്റ്, ഫ്രാൻസിലൂടെ 1924 ആഗസ്റ്റ് 22-ന് ഇംഗ്ലണ്ടിലെത്തി. ലണ്ടനിൽ താമസിക്കുന്നതിനിടയിൽ അദ്ദേഹത്തിന് ഒരുപാട് പരിപാടികളും തിരക്കുകളുമായിരുന്നു. അവയിലൊന്ന് മതമഹാസമ്മേളനത്തിലെ അദ്ദേഹത്തിന്റെ പ്രസംഗത്തേയും മസ്ജിദ് ഫള്ൽ ലണ്ടന്റെ ശിലാന്യാസത്തിന്റെ പരിപാടിയേയും കറിച്ച് ഇവിടെ ഹ്രസ്വമായി പറയുന്നതാണ്.

കോമൺവെൽത്ത് മതമഹാ സമ്മേളനത്തിൽ പ്രസംഗസമയം നിശ്ചയിച്ചിരുന്നത് സെപ്റ്റംബർ 23-ന് വൈകുന്നേരം 5 മണിയാണ്. ആ സമ്മേളനത്തിന്റെ അധ്യക്ഷനായിരുന്ന മിസ്റ്റർ സർഥിയോഡോർ മാരിസീൻ ഹുദൂറിനെ പരിചയപ്പെടുത്തി. തുടർന്ന് അങ്ങേയറ്റം വണക്കത്തോടും ആദരവോടുംകൂടി പ്രസംഗത്തിന് ക്ഷണിച്ചു. ഏറ്റവുമാദ്യം ഇംഗ്ലീഷിൽ അവിടന്ന് ഹ്രസ്വമായി സംസാരിച്ചു. പിന്നീടു പറഞ്ഞു:ഇതിനുശേഷം ഞാനെന്റെ ശിഷ്യൻ ചൗദ്‌രീ സഫ്റുല്ലാഹ് ഖാൻ സാഹിബ് ബാർ അറ്റ് ലോയോടു എന്റെ വിഷയം അവതരപ്പിക്കാൻ പറയുകയാണ്." അങ്ങനെ ചൗദ്‌രീ സാഹിബ് ഈ വിഷയത്തിന്റെ ഇംഗ്ലീഷ് പരിഭാഷ വളരെ ഗൗരവതരമായ ഉച്ചാരണത്തോടും ഉന്നതമായ ആകർഷണത്തോടുംകൂടി വായിച്ചു. വിഷയത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച് പുതിയതായിട്ടുള്ള

കാര്യമെന്തെങ്കിലും അദ്ദേഹം പറയുമ്പോൾ ധാരാളമാളുകൾ സന്തോഷംകൊണ്ടു തുള്ളിച്ചാടുമായിരുന്നു. ഈ പ്രഭാഷണം എത്രമാത്രം വ്യതിരിക്തവും ആശ്ചര്യജനകവുമായിരുന്നെന്നാൽ ക്രിസ്തുമതത്തിലെ വലിയ വലിയ നേതാക്കന്മാർ പോലും അനിയന്ത്രിതമായി വിളിച്ചു പറഞ്ഞു, നിസ്സംശയം ഈ വിഷയത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന ചിന്താധാരകൾ അത് ശിക്ഷണത്തിന്റേയും തെളിവുകളുടേയും അതിന്റെ സവിശേഷഗുണത്തിന്റേയും സൗന്ദര്യത്തിന്റേയും അടിസ്ഥാനത്തിൽ തനിപ്പുത്തനും ഒറ്റപ്പെട്ട് നിൽക്കുന്നതുമാണ്."ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

"അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രഭാഷണം വളരെ വിജയകാരമായി. എത്രത്തോളമാളുകൾ നമ്മുടെ പ്രസംഗ സമയത്തുണ്ടായിരുന്നുവോ അത്രത്തോളം മറ്റൊരു പ്രസംഗം കേൾക്കുന്നതിനുമുണ്ടായിരുന്നില്ല. സ്ഥലം കാലിയായിട്ടുണ്ടായിരുന്നില്ല. ആളുകൾ വളരെ ശ്രദ്ധയോടെ കേട്ടു. പിന്നീട് സർഥിയോഡോർ മാരിസീനും മറ്റുള്ളവരും അനുഗ്രഹാശംസകൾ നേർന്നു. അരമണിക്കൂറോളം വിവിധ സ്നേഹിതന്മാരെ ചുറ്റി വളഞ്ഞുനിൽക്കുകയും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രദേശത്ത് ഇസ്‌ലാമിന് വളരെ പ്രശസ്തിയുണ്ടാകുകയും അഹ്മദിയ്യത്തിന്റെ നാമം പ്രസിദ്ധമാകുകയും ചെയ്തു. ഭാവിയിൽ കഠിനാധ്വാനത്തോടെ പ്രവർത്തിച്ചാൽ വളരെ വലിയ വിജയമാണ് പ്രതീക്ഷിക്കുന്നത്."*(അൻവാറുൽ ഉലൂം വാള്യം 8, പേജ് 519)*

മസ്ജിദ് ഫള്‌ലിന്റെ ചടങ്ങുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ 1924 ഒക്ടോബർ 19-ന് മസ്ജിദിന്റെ ശിലാകർമം നടന്നു. ഈ പരിപാടിയിൽ പങ്കെടുക്കുന്നതിന് പാർലമെന്റംഗങ്ങൾക്കും നേതാക്കന്മാർക്കും ഭരണതന്ത്രജ്ഞന്മാർക്കും എമ്പസികൾ ഉൾപടെയുള്ള ധാരാളം പേർക്ക് ക്ഷണക്കത്തുകൾ അയച്ചു. സമയം വളരെ കുറവായിരുന്നു. അതുകൊണ്ട് കുറച്ചുപേരെ പങ്കെടുക്കുകയുള്ളുവെന്ന് കരുതി. എന്നാൽ, അതിഥികൾ വലിയ തോതിൽ ഈ പരിപാടിയിൽ പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും ഈ പരിപാടിയിൽ സന്നിഹിതരായിരുന്നു. ഈ പരിപാടി വളരെ വിജയകരമായിരുന്നു. ഹുദൂർ(റ) ഈ പരിപാടി നടക്കുന്ന നേരത്തെ അവസ്ഥ വിവരിച്ചുകൊണ്ടെഴുതുന്നു:

"എനിക്കോർമയുണ്ട്. 1924-ൽ ഞാൻ ലണ്ടനിൽ പോയി. അവിടെ മസ്ജിദിന് തറക്കല്ലിട്ടു. ആ സമയത്ത് എന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, എന്റെ കണ്ണീർ തോരുന്നുണ്ടായിരുന്നില്ല. കാരണം ഹദ്റത്ത് മസീഹ് മൗഊദി(അ)നുണ്ടായ, "ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും വളരെ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യുമെന്നുള്ള ഇൽഹാം ഇറങ്ങിയ നേരത്തെ ആ ദൃശ്യം എന്റെ കൺമുമ്പിൽ തിരിച്ചുവന്നു.........അല്ലാഹു പറഞ്ഞു: എഴുന്നേൽക്കുക. ലോകത്ത് എന്റെ നാമം വിളിച്ചു പറയുക. അവരോടു പറയുക, ഹാന അൻ തുആന വ തുഅ്റഫ ബയ്നന്നാസി-"അല്ലാഹു നിന്നെ സഹായിക്കുന്നതിന്റേയും നിനക്ക് ലോകത്ത് അസ്തമിക്കാത്ത പ്രശസ്തി പ്രദാനം ചെയ്യുന്നതിന്റേയും സമയം വന്നെത്തിയിരിക്കുന്നു."*(അൻവാറുൽഉലൂം വാള്യം 26, പേജ് 529)*

എന്തായാലും ഹുദൂർ(റ)അകമഴിഞ്ഞ ദുആകളോടുകൂടി ഈ മസ്ജിദിന് അടിത്തറയിട്ടു. പിന്നീട് ഈ മസ്ജിദിൽ അവിടന്നും അദ്ദേഹത്തിനുശേഷം വന്ന ഞാൻവരെയുള്ള എല്ലാ ഖലീഫമാരും നമസ്കരിപ്പിച്ചു. ഇവിടെ താമസിക്കുകയും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)ന്റെ ഹിജ്റത്തിനുശേഷം കാലത്തിന്റെ ഖലീഫ ഇവിടെയുള്ള കാരണത്താൽ ഈ മസ്ജിദ് കേന്ദ്രമെന്ന നില കൈവരിച്ചു. ഇവിടെനിന്ന് മുഴുലോകത്തും മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായുടെ സംപ്രേഷണം തുടങ്ങി. അഞ്ചാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പും ഈ മസ്ജിദിലാണ് നടന്നത്. ഇസ്‌ലാമാബാദിലെ(യു.കെ)പുനർ നിർമാണത്തിനുമുമ്പേ ഞാനും അവിടെയാണ് താമസിച്ചത്.

"ഈ അനുഗൃഹീതമായ യാത്രയ്ക്കിടയിൽ അവിടന്ന് വിവിധ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. താൻ താമസിച്ച എല്ലാ സ്ഥലങ്ങളിലും തദ്ദേശ ആളുകളുമായുള്ള ബന്ധങ്ങൾ വർധിപ്പിച്ചു. മതപരവും രാഷ്ട്രീയപരവുമായ നേതാക്കളും ബുദ്ധിജീവികളും പത്രപ്രതിനിധികളും പൊതുജനങ്ങളും അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. ചിലയാളുകളെ കാണുന്നതിനുവേണ്ടി ഹുദൂർ(റ)തന്റെ സഹപ്രവർത്തകരേയും അയച്ചിരുന്നു. ഇറ്റലിയിൽ താമസിക്കുന്നതിന്നിടയിൽ അവിടന്ന് പോപ്പിന് ഇസ്‌ലാമിന്റെ പൊതു അധ്യാപനത്തിന്റെ ഉപഹാരം സമർപിക്കുന്നതിനുവേണ്ടി അദ്ദേഹവുമായി രണ്ടാം വട്ടവും എഴുത്തിലൂടെ ബന്ധപ്പെട്ടു. പക്ഷേ, അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് വീടു റിപ്പയർ ചെയ്യുകയാണെന്ന ഒഴികഴിവാണ് മറുപടിയായി കിട്ടിയത്. കൂടിക്കാഴ്ച നടന്നില്ല. അവിടന്ന് മതപരമായ വീക്ഷണത്തിൽ സുപ്രധാനമായ സ്ഥലങ്ങളും സന്ദർശിച്ചു. ഇവയിൽ ഫലസ്തീൻ, ഡമസ്കസിലെ മസ്ജിദ് അഖ്സ്വ, ഈജിപ്റ്റിലെ കാഴ്ചബംഗ്ലാവിലുള്ള ഫിർഔനിന്റെ ജഡം ഇറ്റലിയിലെ അസ്വഹാബുൽകഹ്ഫിന്റെ ഗുഹകൾ എന്നിവയും പെടുന്നു. അവിടന്ന് ഈ മുഴുവൻ യാത്രയ്ക്കിടയിലും വ്യക്തിപരമായും സംഘടിതപരമായ നിലയിലും ദുആകളിൽ മുഴുകിക്കൊണ്ടിരുന്നു. രാവും പകലും നീണ്ട നേരംവരെ ജോലി ചെയ്തുകൊണ്ടിരുന്നു. തന്റെ മുഴുവൻ സമയവും കഠിനാധ്വാനത്തിലും അങ്ങേയറ്റം തിരക്കുകളിലും കഴിച്ചുകൂട്ടി. ആ മഹാത്മാവ് തന്റെ ഈ യാത്രയെക്കുറിച്ച് പറയുന്നു:

"ഈ യാത്രയിൽ ജമാഅത്തിന്റെ മഹത്വത്തിന്റെ സ്വാധീനമുണ്ടായത് വാക്കുകളിൽ പ്രകടിപ്പിക്കാൻ സാധിക്കുകയില്ല. ഏതൊരു സ്ഥലത്തുടെയാണോ ഞാൻ കടന്നുപോയത് അവിടങ്ങളിൽനിന്നു വന്ന ശബ്ദം 'ഞങ്ങൾക്ക് നിങ്ങളെ അറിയാ'മെന്നതായിരുന്നു. ഹോളണ്ടിൽ ചൗദ്രരീ സഫ്റുല്ലാഹ് ഖാൻ സാഹിബ് പോയി. ഒരാളെ അദ്ദേഹം തബ്‌ലീഗ് ചെയ്യുകയായിരുന്നു. സംസാരിക്കുന്നതിനിടയിൽ എന്റെ ഫോട്ടോ എടുത്തുകാണിച്ചു. അദ്ദേഹം പറഞ്ഞു:ഈ ഫോട്ടോ ഞാൻ കണ്ടിട്ടുണ്ട്. ബർലിനിൽനിന്ന് മാസ്റ്റർ മുബാറക് അലി സാഹിബ് ഒരു പത്രം അയച്ചു. അതിൽ എന്റെ ഒരു മുഴുവൻപേജ് ചിത്രം പ്രസിദ്ധീകരിച്ചിരിക്കുന്നു. അമേരിക്കയിലും ഫോട്ടോകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഇതേപോലെ ഇറ്റലിയിലും ബഗ്ദാദിലും മറ്റു രാജ്യങ്ങളിലും ലേഖനങ്ങളും ഫോട്ടോകളും പ്രസിദ്ധീകരിക്കുന്നു. ഇതുമുഖേന പ്രശസ്തിയുണ്ടായി. വരുമ്പോൾ കപ്പലിൽ സ്വിറ്റ്സർലാന്റിലെ ഖൻസ്വലിന്റെ ഭാര്യ ഉണ്ടായിരുന്നു. നമ്മുടെ സ്നേഹിതന്മാരുമായി അവർ സംസാരിച്ചു. ഫോട്ടോ കാണിച്ചപ്പോൾ പറഞ്ഞു:ഇതു ഞാൻ കണ്ടിട്ടുണ്ട്. എങ്ങനെ എന്നു ചോദിച്ചപ്പോൾ പറഞ്ഞു;സിനിമയിൽ! ചുരുക്കിപ്പറഞ്ഞാൽ എത്രമാത്രം പ്രശസ്തി ഉണ്ടായെന്നാൽ ഇനി നമ്മുടെ ഒരു കുട്ടിപോലും അവിടെ പോയാലും അവർ മനസ്സിലാക്കും ഇവന്റെ പിന്നിൽ ശക്തമായൊരു ജമാഅത്തുണ്ടെന്ന്! അതിന്റെ വിവരമുണ്ടായത് ഇങ്ങനെയാണ്: കാബൂളിന്നെതിരിലുണ്ടായ പ്രതിഷേധ റാലിയിൽ മൂന്നു പാതിരിമാർ പങ്കെടുത്തിരുന്നു. അവർ വളരെ സ്വാധീനമുള്ളവരായിരുന്നു. ഒരാൾ പ്രസംഗത്തിൽ പറഞ്ഞു:"അഹ്മദികളുടെ കൈയിൽ ഭരണങ്ങൾ വരുന്ന കാലമാണ് വരാൻ പോകുന്നത്. ആ നേരത്ത് മനുഷ്യകുലത്തിനുവേണ്ടി പീഢനങ്ങൾ സഹിക്കുന്ന ഇവരുടെ തലമുറകൾ അതു കാണുകയും അഭിമാനിക്കുകയും ചെയ്യും. തങ്ങളുടെ പിതാക്കളേയും പ്രപിതാക്കളേയും സംസാരിക്കാൻ പോലും ഇവർ സമ്മതിച്ചിരുന്നില്ല. അവരെ വധിക്കുകയും എല്ലാ തരത്തിലും പീഢിപ്പിക്കുകയും ചെയ്തിരുന്നു. ഇന്ന് അവരുടെ ത്യാഗത്തിന്റെ ഫലമായി ഞങ്ങൾ രാജാക്കന്മാരാകുന്നു."*(അൻവാറുൽഉലൂം വാള്യം 8, പേജ് 615-616)*

ഹദ്റത്ത് ഭായി അബ്ദുർറഹീം സാഹിബ് ഖാദിയാനി(റ)നിവേദനം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു:

നമ്മുടെ ഈ യാത്രയും 'ഝല'മിൽ ചെയ്ത യാത്രപോലെ അല്ലാഹുവിന്റെ റഹ്മത്തും ഫള്‌ലും മുഖേനയാണുണ്ടായത്. വിജയവും അനുഗ്രഹങ്ങളുമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ചെയ്ത ഝലം യാത്രയിൽ അല്ലാഹു പ്രത്യേക ഉദ്ദേശ്യത്താൽ യാത്രയ്ക്കുള്ള സാഹചര്യമൊരുക്കി. വിജയങ്ങൾ നല്കി. തികച്ചും അതുപോലെ ഈ യാത്രയുടെ സാഹചര്യവുമുണ്ടായി. ഫലത്തിൽ അല്ലാഹു അതൊരു ഒഴുക്കാക്കി മാറ്റി."*(സഫ്റെ യൂറോപ്പ് പേജ് 490-491)*

അതുകൊണ്ടുതന്നെ ഈയാത്ര അങ്ങേയറ്റം വിജയവും അനുഗ്രഹവുമായിരുന്നു. ഇതിൽ അല്ലാഹുവിന്റെ സഹായത്തിന്റേയും പിന്തുണയുടേയും ദൃശ്യങ്ങൾ എല്ലായിടത്തും ഞങ്ങൾ കണ്ടു."

വായനക്കാർ, നിങ്ങളുടെ അറിവിലും ജ്ഞാനത്തിലും വർധന ഉണ്ടാകാൻ "ബദ്ർ"ന്റെ ഈ വിശേഷാൽപ്പതിപ്പ് വായിക്കേണ്ടതാണ്. അല്ലാഹു ഇതിന്റെ പ്രകാശനം എല്ലാ വിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. ആമീൻ

വസ്സലാം.

വിനീതൻ

ഖലീഫത്തുൽമസീഹ് അൽഖാമിസ്.

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

## സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ന്റെ

### ആദ്യത്തെ യൂറോപ്യൻ പര്യടനം 1924, അതിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും

| വിഷയവിവരം | | പേജ് |
|---|---|---|
| ✶ | പത്രാധിപക്കുറിപ്പ് | 01 |
| ✶ | യൂറോപ്യൻ പര്യടന റിപ്പോർട്ട്<br>ഹാഫിള് സയ്യിദ് റസൂൽ നിയാസ് | 07 |
| ✶ | ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ പര്യടനം കഴിഞ്ഞുള്ള തിരിച്ചുവരവ്.<br>മുഹമ്മദ് ശരീഫ് കൗഥർ | 12 |
| ✶ | ഹദ്റത്ത് മുസ്‌ലിഹ് മൗഊദിؓന്റെ പ്രസംഗവും ബുദ്ധിജീവികളുടേയും പത്രങ്ങളുടേയും ചർച്ചയും.<br>മുസ്വവ്വിർ അഹ്‌മദ് മസ്റൂർ മുബല്ലിഗ് | 14 |
| ✶ | ഹുദൂറിന്റെ ആദ്യത്തെ കത്ത്;<br>നിങ്ങൾ പരിശുദ്ധി കൈവരിക്കുക | 18 |
| ✶ | ഇംഗ്ലണ്ടിൽ ആത്മീയവിജയത്തിന്റെ അടിയത്തറയിടപ്പെട്ടു | 20 |
| ✶ | ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓനെ കുറിച്ചുള്ള പ്രവചനം ഒരു അത്ഭുതദൃഷ്ടാന്തം | 23 |
| ✶ | ബദ്ർ വായനക്കാർക്കുള്ള സന്ദേശം | 25 |

**പത്രാധിപക്കുറിപ്പ്:**

## സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്ؓന്റെ യൂറോപ്യൻ പര്യടനം

## കുറച്ചു ദിവസത്തെ പര്യടനം നൂറ്റാണ്ടുകളുടെ അനുഗ്രഹം:

ഖാദിയാനിൽ സംഘടിപ്പിക്കുന്ന 2024 ജൽസാസാലാനയുടെ അവസരത്തിൽ ബദ്ർ ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിക്കുന്ന സ്പെഷ്യൽ പതിപ്പിന് സയ്യിദുനാ ഹദ്റത്ത് മുസ്‌ലീഹ് മൗഊദിന്റെؓ 1924-ലെ ആദ്യത്തെ യൂറോപ്യൻ പര്യടനവും അതിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും എന്ന തലക്കെട്ട് കൊടുക്കാൻ ഹുദൂർ അയ്യദഹുല്ലാഹ് സമ്മതം നൽകിയിരിക്കുന്നു. അതിരറ്റ തിരക്കുകൾ ഉണ്ടായിരുന്നിട്ടും ഹദൂർ ഈ വിശേഷാൽ പതിപ്പിനു വേണ്ടി ഉൾക്കാഴ്ചാഭരിതമായ സന്ദേശവും ഒപ്പോടുകൂടിയുള്ള ഫോട്ടോയും ബദ്റിന്റെ വായനക്കാർക്കു വേണ്ടി അയച്ചുതന്നിരിക്കുന്നു. ഇതിന് ഞങ്ങൾ ഹുദൂറിനോട് അതിരറ്റ കൃതഞ്ജതയുള്ളവരാണ്. ഹുദൂറിനു വേണ്ടി പ്രാർത്ഥിക്കുന്നു. **അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസി വ ബാരിക് ലനാ ഫീ ഉമുരിഹീ വ അംരിഹി.** 'അതിരറ്റ തിരക്കുകൾ' എന്ന പദങ്ങൾ ആചാരമെന്ന നിലയിലല്ല പറഞ്ഞത്. മറിച്ച് ഇത് യാഥാർഥ്യമാണ്. ഖിലാഫത്ത് എന്ന സ്ഥാനം വളരെയധികം പ്രയാസം അനുഭവിക്കേണ്ടിവരുന്ന പദവിയാണ്. അതിന്റെ ജോലി എത്രത്തോളം വലുതാണെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹം അതിനോടൊപ്പമില്ലെങ്കിൽ തീർച്ചയായും ഒരു ചുരുങ്ങിയ കാലംകൊണ്ട് ഈ സ്ഥാനത്ത് അവരോധിതനായിരിക്കുന്ന മനുഷ്യൻ നശിച്ചുപോകുന്നതായിരിക്കും. എന്നാൽ, അല്ലാഹു ഈ സ്ഥാനത്തിന്റെ സംരക്ഷകനായതുകൊണ്ട് അവൻ തന്റെ അനുഗ്രഹത്താൽ ജോലി ചെയ്യിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഹുദൂർ അൻവറിനെ കൃത്യമായി നമ്മുടെ ദുആകളിൽ ഓർമിക്കുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. ഇതിൽ അടിമുടി നമ്മുടെതന്നെ ഗുണമാണുള്ളത്. സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ 1924 ജൂലൈമാസത്തിൽ ഖാദിയാനിൽനിന്ന് യൂറോപ്പിലേക്ക് യാത്രപോയി. ഇതുപ്രകാരം ആ മഹാത്മാവിന്റെ ആ യാത്രയ്ക്ക് ഇപ്പോൾ നൂറു വർഷം തികഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ വിശേഷാൽ പ്രതി പ്രസിദ്ധീകരിക്കാൻ നമുക്ക് ഭാഗ്യമുണ്ടായിരിക്കുന്നത്. അല്ലാഹു ഇതിനെ അനുഗൃഹീതമാക്കുമാറാകട്ടെ. വായനക്കാരുടെ അറിവിൽ ഇത് വർധനവിന് നിമിത്തമാകുമാറാകട്ടെ. ആമീൻ.

ഖാദിയാനിൽനിന്ന് യാത്ര പുറപ്പെടുന്നതുമുതൽ ഖാദിയാനിൽ തിരിച്ചെത്തുന്നതുവരെയുള്ള ഈ യാത്ര വളരെ വിശാലവും ഹൃദയഹാരിയും വളരെ വളരെ ഈമാൻ കരുത്തുറ്റതാക്കിത്തീർക്കുന്നതുമായിരുന്നു. യാത്ര പുറപ്പെടുന്ന നേരത്തുള്ള ദുആകളും ഹുദൂർ ദൂരത്ത് പോകുന്നതിലുള്ള വിഷമത്തിന്റെ ദൃശ്യങ്ങളും ഖാദിയാനിൽ തിരിച്ചെത്തിയപ്പോഴുണ്ടായ ആനന്ദത്തിന്റേയും ആഘോഷത്തിന്റേയും അന്തരീക്ഷവും വിവരണാതീതമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുകയും അതിന്റെ പ്രാധാന്യത്തെ കുറിച്ച് വെളിച്ചം വീശുകയും ചെയ്തു. ഈ യാത്രയുടെ ഫലമായി അഹ്‌മദിയ്യത്തിന്റെ വിജയത്തിനും വിജയോത്സവത്തിനും അടിത്തറ പതിഞ്ഞതും വിജയം ലഭിച്ചതും ജമാഅത്തിന് പ്രശസ്തിയുണ്ടായതും കുറഞ്ഞ ദിനങ്ങൾകൊണ്ട് വർഷങ്ങളുടെ പ്രബോധനം നടന്നതിനെക്കുറിച്ചുമൊക്കെയുള്ള ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ അനുഗൃഹീതനാവിൽനിന്നുണ്ടായ വിവരണം വിശ്വാസം ദൃഢീകരിപ്പിക്കുന്നതാണ്. ഈ യാത്രയുടെ ഫലമായി നബിﷺ തിരുമേനിയുടെ പ്രവചനം പുലർന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ പ്രവചനവും സ്വപ്നവും പുലർന്നു. ഹുദൂറിന്റെതന്നെ സ്വപ്നവും പുലർന്നു. ഹുദൂർ നിരവധി യോഗങ്ങളിൽ പ്രസംഗിച്ചു. കൂട്ടം ചേർന്നുള്ള ധാരാളം കൂടിക്കാഴ്ചകൾ നടന്നു. അതിലെല്ലാം അദ്ദേഹം ഇസ്‌ലാമികാധ്യാപനങ്ങൾ വിവരിച്ചു. ലണ്ടൻവാസികൾക്ക് ലണ്ടനിലെ നവമുസ്‌ലിമീങ്ങൾക്ക് ആത്മീയപരവും ദിവ്യവുമായ സന്ദേശം നൽകി. 'മസ്ജിദ് ഫള്‌ലിന്റെ' ശിലാസ്ഥാപനം നടന്നു. അനവധി രാജ്യങ്ങളുടെ അവസ്ഥകളും തബ്‌ലീഗിന്റെ അവസരങ്ങളുടെ വിശദീകരണവും ആ മഹാത്മാവ് പരിശോധിച്ചു.

യാത്രയുടെ വിശാലമായ സ്ഥിതിഗതികളുടെ ഒരുവശം ഇങ്ങനെയുമുണ്ട്. ഹുദൂറിന്റെ ഈ യാത്രയിൽ പേഗാമികൾ അഥവാ ലാഹോരികൾ ധാരാളം ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. ഇതിനുള്ള മറുപടിയിൽ നിരവധി ലേഖനങ്ങൾ അൽഫള്‌ലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മനോഹരവും ആസ്വാദ്യകരവുമായ ധാരാളം വശങ്ങൾ ഇങ്ങനെയുമുണ്ട്. അതായത്, രസകരമായതും വിശ്വാസം ദൃഢീകരിക്കുന്നതുമായ പദ്യങ്ങളുടെ ഒരു പരമ്പരതന്നെ വിരചിതമായിക്കൊണ്ടിരുന്നു. ഹുദൂറിന്റെ അകൽച്ചയിലും യാത്ര പുറപ്പെടുന്നതിലും യാത്ര പറഞ്ഞുകൊണ്ടുള്ള കവിതകളും അവിടെനിന്ന് തിരിച്ചെത്തിയപ്പോഴുള്ള സന്തോഷാവസരത്തിലെ സ്വാഗതകവിതകളും പുറത്തുവന്നു. അവിടന്ന് യാത്ര പോകുന്നതിൽ ഒരുഭാഗത്ത് ഒറ്റപ്പെടലിന്റെയും അസാന്നിദ്ധ്യത്തിന്റെയും കവിതകൾ, മറുഭാഗത്ത് ഇംഗ്ലണ്ടിൽ ഇസ്‌ലാമികാധ്യാപനപ്രചാരണത്തിന്റെയും സന്തോഷത്തിന്റെയും ആവേശോജ്ജ്വലമായ കവിതകൾ, ലണ്ടനിൽ മസ്ജിദിന് തറക്കല്ലിട്ടതിന്റെ വൈകാരികമായ കവിതകൾ. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഖാദിയാനിൽനിന്നും ഖാദിയാൻവാസികളിൽനിന്നും ദൂരത്തുപോകുന്നതിലുള്ള വിഷമവും ഖാദിയാനിന്റെ തേജോവിലാസവും യാത്രയ്ക്കിടയിൽ അതിമനോഹരമായ കവിത രചിച്ചു. അതിലെ രണ്ടു വരികൾ താഴെ ചേർക്കുകയാണ്. അവിടന്ന് പറയുന്നു:

**ഖിയാൽ രഹ്ത്താഹെ ഹമേശാ ഉസ് മഖാമെ പാക് കാ**
**സോത്തേ സോത്തേ ഭീ യെ കഹ് ഉഠത്താ ഹൂം ഹായ് ഖാദിയാൻ.**
**ആഹ്! കയ്സി ഖുശ് ഘടി ഹോഗി കെ ബാനേൽ മറാം**
**ബാന്ധേങ്കെ റഖ്ത്തെ സഫ്ർ കൊ ഹം ബറായേ ഖാദിയാൻ.**

ഇതിന്റെ മറുപടിയിൽ ഹദ്റത്ത് സയ്യിദ നവാബ് മുബാറക്കാ ബീഗം സാഹിബؓയും എത്ര മനോഹരമായ കവിതയാണ് ചൊല്ലിയത്. അത് എത്രതവണ വായിച്ചാലും ദാഹം ശമിക്കുകയില്ല. അതിന്റെ രണ്ടുവരി ഇങ്ങനെയാണ്:

**സയ്യിദാ ഹെ ആപ് കൊ ശൗഖേ ലിഖായേ ഖാദിയാൻ**
**ഹിജ്ർ മെ ഖൂൻ ബാർ ഹൈ യാൻ ചശ്മ ഹായെ ഖാദിയാൻ**
**സബ് തടപ്തേ ഹൈ കഹാൻ ഹെ സീനത്തേ ദാറുൽഅമാൻ**
**റൗണിഖെ ബുസ്താനേ അഹ്‌മദ് ദിൽറുബായേ ഖാദിയാൻ**

ഖാദിയാനിലെത്തിയിട്ട് ഒരവസരത്തിൽ ഹുദൂർؓ പറഞ്ഞു:

''എന്റെ നോട്ടത്തിൽ ഈ യാത്രയിൽ വലിയ വലിയ നേട്ടങ്ങൾക്കു പുറമെ-അവയിൽ ചിലത് മൗലവി ശേർഅലി സാഹിബ് സ്മരിച്ചതാണ്-ചില ചെറിയ നേട്ടങ്ങളുമുണ്ടായി. അവയിലൊന്ന് ഞാൻ യാത്രയിൽ പോയതിനോടനുബന്ധിച്ച് ധാരാളം പുതിയ കവികളുണ്ടായിരിക്കുന്നു. പ്രത്യേകിച്ച് നമ്മുടെ സഹോദരി കവിയത്രിയായിരിക്കുന്നു.''

ചുരുക്കിപ്പറഞ്ഞാൽ ഈ യാത്ര എന്തായിരുന്നു. യാത്ര പുറപ്പെട്ടതുമുതൽ ഖാദിയാനിൽ തിരിച്ചെത്തിയതുവരെയുള്ള എല്ലാ കാര്യങ്ങളും ഹൃദയത്തിൽ ഇറങ്ങുന്നതും ആത്മാവിൽ സമാവേശം ചെയ്യുന്നതും ഈമാനും യഖീനും ഇൽമും ഇർഫാനും വർധിപ്പിക്കുന്നതുമായിരുന്നു. അതുണ്ടാകേണ്ടതുതന്നെയാണ്. കാരണം ഈ അനുഗൃഹീത ദൈവികയാത്ര അനാദികാലം മുതൽ വിധിക്കപ്പെട്ടതായിരുന്നു. ഈ യാത്രയുടെ കുറച്ച് പ്രധാനപ്പെട്ട കാര്യങ്ങളും യാത്രയുടെ ഉദ്ദേശ്യവും ലക്ഷ്യവും ഹുദൂറിന്റെതന്നെ വാക്കുകളിൽ അവതരിപ്പിക്കുന്നതാണ്.

**ഈ യാത്രയുടെ പരാമർശം വിശുദ്ധഖുർആനിൽ:-**

ഹുദൂർؓ പറയുന്നു: ''യൂറോപ്പിലേക്ക്, മസീഹ് മൗഊദിന്റെ അല്ലെങ്കിൽ ആ മഹാത്മാവിന്റെ ഏതെങ്കിലും പ്രതിനിധിയുടെ ഏതൊരുദ്ദേശ്യത്തോടെയാണോ ഞാൻ യാത്ര ചെയ്യുന്നത് അതി

നെ സംബന്ധിച്ച് വിശുദ്ധഖുർആനിലും പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള യാത്ര കൂടാതെ ഇസ്‌ലാമിന്റെ സംരക്ഷണം പൂർത്തിയാകുകയില്ലെന്ന് മനസ്സിലാകുന്നു...... അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദിؑന്റെ ലേഖനമനുസരിച്ച് ദുൽഖർനയ്ൻ ആ മഹാത്മാവാണ്. പാശ്ചാത്യരാജ്യങ്ങൾ കൊണ്ടുള്ള ഉദ്ദേശ്യം യൂറോപ്പിലേയും അമേരിക്കയിലേയും ആളുകളാണ്. അവർ മസീഹിയ്യത്തിന്റെ അരുവിയിൽ താവളമടിച്ചിരിക്കുകയാണ്. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് വാഗ്ദത്ത മസീഹ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏതെങ്കിലും പ്രതിനിധിക്ക് പാശ്ചാത്യരാജ്യങ്ങളിൽ പര്യടനം നടത്തേണ്ടിവരുന്നതായിരിക്കുമെന്നാണ്.''

*(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ, 1924 ആഗസ്റ്റ് 16, പേജ് 7, കോളം 3)*

**ഈ യാത്രയെ കുറിച്ച് ഹദീഥിൽ പരാമർശം:**

ഹദീഥിൽ വന്നിരിക്കുന്നു, അല്ലാഹു ഈസാ നബിയെ വെളിപാടുമുഖേന അറിയിക്കുന്നതായിരിക്കും, അത്തരത്തിലുള്ള കുറച്ചാളുകളേയും ഞാനിപ്പോൾ സൃഷ്ടിക്കുന്നതായിരിക്കും. (അതായത് യഅ്ജൂജ് മഅ്ജൂജിനെ). അവരുമായി യുദ്ധം ചെയ്യാൻ ആരിലും ശക്തിയില്ല. അതുകൊണ്ട് താങ്കൾ സുരക്ഷിതമായ മാർഗ്ഗത്തിലൂടെ എന്റെ ദാസരെ മലയിലേക്ക് കൊണ്ടുപോകുക. ഈ അവസ്ഥകളിൽ അല്ലാഹു യഅ്ജൂജ് മഅ്ജൂജിനെ സൃഷ്ടിക്കുന്നതായിരിക്കും. അതിനോടു തൊട്ടുതന്നെ പറയുന്നു: **യഹ്ബിത്വു നബിയുല്ലാഹി ഈസാ വ അസ്ഹാബുഹു ഇലൽ അർളി ഫലാ യജിദൂന ഫിൽഅർളി മൗളിഅ ശിബ്‌രിൻ ഇല്ലാ മലഅഹു സഹമുഹും വനത്നുഹൂം** അതായത് അല്ലാഹുവിന്റെ നബി ഈസായും അദ്ദേഹത്തിന്റെ കൂട്ടുകാരും യഅ്ജൂജ് മഅ്ജൂജിന്റെ മണ്ണിൽ ഇറങ്ങുന്നതായിരിക്കും. (അൽഅർള് മഅ്രിഫയാണ്, ഇന്ന സ്ഥലമെന്ന് ഉദ്ദേശ്യം. അതായത് യഅ്ജൂജ് മഅ്ജൂജിന്റെ ഭൂമി.) ഇതിനെക്കുറിച്ച് പറഞ്ഞുകഴിഞ്ഞതാണ്. പക്ഷേ, എല്ലാ ഭൂമിയിലും ഒരു ചാൺ സ്ഥലംപോലും യഅ്ജൂജ് മഅ്ജൂജിന്റെ ശവങ്ങളിൽനിന്നും അവയുടെ ദുർഗന്ധത്തിൽനിന്നും ഒഴിഞ്ഞതായി ലഭിക്കുകയില്ല.

പിന്നീട് അതിനുശേഷം ഹദീഥിലുണ്ട്: ''അപ്പോൾ അല്ലാഹുവിന്റെ നബി ഈസായും അദ്ദേഹത്തിന്റെ കൂട്ടുകാരും പ്രാർഥിക്കുന്നതായിരിക്കും. അത്തരം സന്ദർഭത്തിൽ അല്ലാഹു നീണ്ട കഴുത്തുള്ള ഒട്ടകത്തെപോലുള്ള പക്ഷികളെ അയക്കുന്നതായിരിക്കും. ആ പക്ഷികൾ അവരുടെ ശവങ്ങൾ എടുത്തെടുത്ത് അല്ലാഹു എറിയാൻ കൽപ്പിച്ച സ്ഥലത്ത് എറിയുന്നതായിരിക്കും. പിന്നീട് അല്ലാഹു മഴ പെയ്യിക്കും. അതിൽനിന്ന് ഒരു വീടും രക്ഷപ്പെടുകയില്ല. കൂടാരവും രക്ഷപ്പെടുകയില്ല. സർവ്വവും എല്ലാ ഭൂമിയും പ്രകമ്പനം കൊള്ളുന്നതായിരിക്കും. അത് കണ്ണാടിപോലെ മിനുസമുള്ളതായിത്തീരുന്നതായിരിക്കും. പിന്നീട് ഭൂമിയോടു പറയപ്പെടും 'നിന്റെ ഫലം നടുകയും സ്വന്തം അനുഗ്രഹത്തെ തിരിച്ചുകൊണ്ടുവരികയും ചെയ്യുക.' ഈസാ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഹദറത്ത് മസീഹ് മൗഊദ്ؑആണ്. യഅ്ജൂജ് മഅ്ജൂജിന്റെ നാട്ടിൽ അദ്ദേഹം ഇറങ്ങുമെന്നതിന്റെ ഉദ്ദേശ്യം അദ്ദേഹത്തിന്റെ പ്രതിനിധി ഇറങ്ങുക എന്നതാണ്. ഇൻശാഅല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദിന്റേയുംؑ അവിടത്തെ പ്രതിനിധികളുടേയും ദുആകൾ കൊണ്ടാണ് യഅ്ജൂജ് മഅ്ജൂജിന്റെ ഭൂമി കഴുകി കണ്ണാടിപോലെ മിനുസമുള്ളതായിത്തീരുന്നത്.

**നബിﷺയുടെ പ്രവചനം പുലരുന്നതാണ്:**

ഹുദൂർؓപറയുന്നു: മസീഹ് മൗഊദിന്റെؑകാലത്തെ സംബന്ധിച്ചുള്ള നബിﷺതിരുമേനിയുടെ ഈ പ്രവചനവും- അതിന്റെ വ്യാഖ്യാനം ഹദ്റത്ത് മസീഹ് മൗഊദ്ؑപറഞ്ഞതാണ്- ഹദ്റത്ത് മസീഹ് മൗഊദ്ؑ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഖലീഫ ഡമാസ്കസിൽ പോകുന്നതായിരിക്കും. ഈ യാത്രയിൽ അത് പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്.വഴിയിൽ കുറച്ചു ദിവസം ഡമാസ്കസിലും താമസിക്കണം. അതിന് നമ്മുടെ വഴിയിൽനിന്ന് മാറിപോകേണ്ടി വന്നാലും വേണ്ടില്ല. കാരണം ഇത്തരം അവസരങ്ങൾ നിത്യവും ലഭിക്കുകയില്ല. അതുകൊണ്ട് കഴിയുന്നിടത്തോളം ഈ യാത്രയെ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടത് അത്യാവശ്യമാണ്. ജമാഅത്തിന്റെ സത്യസാക്ഷ്യത്തിന്റെ ഒരടയാളം സ്ഥാപിക്കുക അനന്യമായ സൗഭാഗ്യം തന്നെയാണ്.''

*(ദൗറയെ യൂറോപ്പ്, അൻവാറുൽ ഉലൂം വാള്യം 8, പേജ് 381)*

**രണ്ട് പ്രവചനങ്ങൾ പൂർത്തിയാക്കണം:**

പേഗാമികളിൽ അതായത് ലാഹോരികളിൽ ഹുദൂർؓനടത്തുന്ന ഈ യാത്ര അസ്വസ്ഥത സൃഷ്ടിച്ചിരിക്കുകയാണ്. ഹുദൂറിന്റെ ഈ യാത്രയെ ചുറ്റിക്കറങ്ങലും വിനോദയാത്രയുമായിട്ടാണ് അവർ കാണുന്നത്. ജമാഅത്തിന്റെ പണം നഷ്ടപ്പെടുത്തലാണത്രെ! ഇവരുടെ ആക്ഷേപത്തിനുള്ള മറുപടി അൽഫള്ൽ പത്രാധിപരും മറ്റു ലേഖകന്മാരും ഹുദൂർؓതന്നെയും നൽകിക്കഴിഞ്ഞിരിക്കുന്നു. അത് അൽഫള്ലിൽ കാണാവുന്നതാണ്. പേഗമികളുടെ ആക്ഷേപങ്ങൾക്കുള്ള മറുപടി ഏതേതെല്ലാം ശീർഷകത്തിലാണോ നല്കപ്പെട്ടിട്ടുള്ളത് അത് വളരെ ഹൃദയഹാരിയാണ്. വായനക്കാരുടെ സന്തോഷത്തിനുവേണ്ടി അത് രേഖപ്പെടുത്തുകയാണ്. ''ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെؓ യൂറോപ്യൻ പര്യടനവും ബയ്അത്ത് നിഷേധികളുടെ വെറുപ്പും അസൂയയും.'' ''യൂറോപ്യൻ യാത്രയുടെ മുള്ള് മൗലവി മുഹമ്മദലി സാഹിബിന്റെ തൊണ്ടയിൽ തറച്ചു.'' ''മഹ്മൂദ് ഡമാസ്കസിലും ബയ്അത്ത് നിഷേധികൾ പാപത്തിലും.'' ''മഹ്മൂദ് പര്യടനത്തിലും അസൂയാലു നരകത്തിലും'' ഈ ലേഖനമെഴുതിയത് ഹദ്റത്ത് മീർ മുഹമ്മദു ഇസ്മായീൽ സാഹിബാണ്ؓ. ബയ്അത്ത് നിഷേധികളിൽ യാത്രയുടെ മുറവിളി എത്രമാത്രം ഒളിഞ്ഞിരുന്നുവെന്നാൽ ഇദ്ദേഹത്തിനുംؓതൂലിക എടുക്കേണ്ടിവന്നു.

മുകളിലെ രണ്ട് ലേഖനങ്ങൾ ഒരുമിച്ചു ഞങ്ങൾ ഒരു പദ്യമാക്കിയിട്ടുണ്ട്. വായിക്കുക.

**മഹ്മൂദ് സഫ്ർമെ ഔർ ഹാസിദ് സഖ്ർമെ**

**സഫ്റെ യൂറപ്പ് കാ കാൻടാ**

**മൗലവി മുഹമ്മദ് അലി കെ ഹൽഖ്മെ**

ഇതുമാത്രമല്ല. മറ്റു പല തലക്കെട്ടുകളിലും അവർക്ക് മറുപടി നല്കപ്പെട്ടു. എന്തായാലും ഹുദൂർؓ അവർക്കു നല്കിയ മറുപടിയിൽനിന്നുള്ള ഹ്രസ്വമായ വാക്യം ഞങ്ങൾ താഴെ രേഖപ്പെടുത്തുകയാണ്. അത് യഥാർഥത്തിൽ ഹുദൂർؓന്റെ യാത്രയുടെ ഉദ്ദേശ്യത്തിൽ വെളിച്ചം വീശുന്നതാണ്. ഹുദൂർ പറഞ്ഞു:

''ഈ യാത്രയിൽ നാം ഒന്നും പ്രവർത്തിക്കാതെ വിനോദപരമായ കാര്യങ്ങൾ മാത്രം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽത്തന്നെയും ഈ യാത്ര ആക്ഷേപാർഹമാകുന്നില്ല. കാരണം ഇത് ഈ പ്രവചനങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടിയായിരുന്നു. ഒന്ന്, നബിﷺ തിരുമേനിയുടെ പ്രവചനം. അത് ഡമാസ്കസിനെ സംബന്ധിച്ചുള്ളതാണ്. രണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ, ഇംഗ്ലണ്ടിനെ സംബന്ധിച്ചുള്ള പ്രവചനമാണ്. നമ്മൾ നമ്മുടെ പണംകൊണ്ട്.....ഈ യാത്ര ചില പ്രവചനങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടി നടത്തുകയാണെങ്കിൽ, അതിന്മേൽ അവരുടെ എന്താക്ഷേപം ഉണ്ടാകാനാണ്?

*(അൽഫള്ൽ ഖാദിയാൻ ദാറുൽ അമാൻ 1924 ഒക്ടോബർ 4 പേജ് 4, കോളം 2)*

**ഒരു സമ്പൂർണമായ വ്യവസ്ഥിതി ആവിഷ്കരിക്കുക:**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓയാത്രയുടെ ഉദ്ദേശ്യങ്ങളേയും ലക്ഷ്യങ്ങളേയും കുറിച്ച് പറയുന്നു:

''എന്റെ നോട്ടത്തിൽ ഏതൊരു ഉദ്ദേശ്യത്തിനാണോ ഈ യാത്ര ആവശ്യമായിട്ടുള്ളത് അവയിലൊന്ന് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്........ രണ്ടാമത്തേത് ഈ ദീനീപരമായ

• ഹദീഥുന്നബ്‌വി(സ) •

"ദന്തധാവിനി (മിസ്‌വാക്ക്, ബ്രഷ്) വായ ശുദ്ധീകരിക്കുന്നു. അത് രക്ഷിതാവിന്റെ പ്രീതി സമ്പാദിക്കുന്നതിനുള്ള മാർഗവുമാകുന്നു." (ബുഖാരി. 30:27)

ത്വാലിബെ ദുആ

C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി(സ) •

"ബാങ്കുവിളിക്കുമ്പോൾ രണ്ടു ചൂണ്ടാണി വിരലുകളും ചെവിയിലിടുക. ഇത് ശബ്ദമുയർത്തുന്നതിന് സഹായിക്കും."
(മിശ്ക്കാത്ത് 4:4)

ത്വാലിബെ ദുആ

LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ആവശ്യം അതിന്റെ അഭ്യർഥനയാണ്. അതായത് നമ്മുടെ ജമാഅത്തിന്റെ ജോലി മുഴുലോകത്തും ഇസ്‌ലാമിക പ്രചാരണം നടത്തുകയെന്നതാണ്. കാരണം മുഴുലോകത്തേയും ഇസ്‌ലാമിന്റെ വൃത്തത്തിൽ കൊണ്ടുവരിക നമ്മുടെ നിർബന്ധകടമയാണ്. അതുകൊണ്ട് അതുസംബന്ധമായി നമ്മൾ ഒരു പരിപൂർണ പദ്ധതി ആവിഷ്കരിക്കേണ്ടതും നിർബന്ധമാണ്......ഈ വ്യവസ്ഥിതി നിശ്ചയിക്കുന്നതിന് കാലത്തിന്റെ ഖലീഫ പാശ്ചാത്യരാജ്യങ്ങളുടെ അവസ്ഥ അവിടെ പോയി നോക്കിക്കാണേണ്ടതും നിർബന്ധമാണ്....... യൂറോപ്പ് ഇസ്‌ലാമിക വിശ്വാസങ്ങൾ അംഗീകരിക്കാൻ ഇന്ന് തയ്യാറാണ്. പക്ഷേ, അവർ തങ്ങളുടെ ശീലങ്ങൾ കൈയൊഴിക്കാൻ ഒരിക്കലും തയ്യാറല്ല. ഇത് മാത്രമല്ല അവർ സ്വയം ഈ ജോലി ചെയ്യാൻ തയ്യാറുമല്ല. പ്രത്യുത അവർ ഏഷ്യയേയും ആഫ്രിക്കയേയും തങ്ങളുടെ ചിന്താഗതിക്കാരാക്കി ഇസ്‌ലാമിനെ ലോകത്തുനിന്ന് തികച്ചും പുറത്താക്കാനാഗ്രഹിക്കുന്നു. ഇവരുടെ ശൈലിയും ഇവരുടെ താമസവും നമ്മളിൽനിന്ന് എത്രമാത്രം അകന്നതാണെന്നാൽ, വീട്ടിലിരുന്ന് അവരെ സംബന്ധിച്ച് തീരുമാനമെടുക്കുക, ഭൂമിയിലിരുന്ന് ചന്ദ്രന്റെ അവസ്ഥകളെക്കുറിച്ച് അഭിപ്രായം പറയുന്നതുപോലെയാണ്. എന്നല്ല, അതിനേക്കാൾ കൂടുതൽ പ്രയാസമാണ്. കാരണം ചന്ദ്രന്റെ അവസ്ഥകൾ ദൂരദർശിനിയിലൂടെ കാണാൻ കഴിയും. എന്നാൽ, ഇവിടെ ജീവിക്കുന്ന ഒരു ജനതയുടെ പരിഷ്കരണത്തിന്റെ പ്രശ്നമാണ്. അതിന്റെ ബാഹ്യമായ രൂപങ്ങളിലല്ല പ്രത്യുത അവരുടെ മാനസികമായ ചിന്താഗതികളേയും മതപരമായ ഏകപക്ഷീയതയേയും സംബന്ധിച്ച് നമ്മൾ തീരുമാനമെടുക്കേണ്ടതാണ്. *(ദൗറയെ യൂറോപ്പ്, അൻവാറുൽഉലൂം വാല്യം 8, പേജ് 385)*

**നൂറ്റാണ്ടുകളുടെ പദ്ധതി ഉണ്ടാക്കണം:**

യാത്രയുടെ ഒരു ഉദ്ദേശ്യം ഹുദൂറിന്റെ ഈ വാക്കുകളിൽ വായിക്കുക. ഹുദൂർ പറഞ്ഞു: ‘‘ഈ യാത്ര നൂറ്റാണ്ടുകളുടെ തബ്‌ലീഗിനു വേണ്ടിയുള്ള സ്കീം ഉണ്ടാക്കുന്നതിന്റെ പദ്ധതിക്കുവേണ്ടി സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ആഗസ്റ്റ് 16, പേജ് 3, കോളം 1)*

**ഹുദൂർ(റ) കണ്ട ഒരു സ്വപ്നത്തിന്റെ പുലർച്ച:**

ഹുദൂർ(റ) പറയുന്നു:‘‘ഞാൻ ലണ്ടനിലുള്ളതായി കണ്ടു. പാർലമെന്റിലെ വലിയ വലിയ അംഗങ്ങളും നവാബുമാരും മന്ത്രിമാരും മറ്റുള്ള വലിയ ആളുകളുമുണ്ട്. ക്ഷണിക്കപ്പെട്ട തരത്തിലുള്ള ജൽസയാണ്. ഇതിൽ ഞാനും പങ്കെടുക്കുന്നുണ്ട്. മിസ്റ്റർ ലോഇഡ് ജോർജ് (മുൻപ്രധാനമന്ത്രി) അതിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. പ്രസംഗിച്ച് പ്രസംഗിച്ച് അദ്ദേഹത്തിന്റെ അവസ്ഥ മാറിപ്പോയി. അദ്ദേഹം ഹാളിൽ ഉലാത്താൻ തുടങ്ങി. അദ്ദേഹത്തിന്റെ ചലനങ്ങളിൽനിന്ന് വല്ലാത്ത പരിഭ്രമം പ്രകടമായി. എല്ലാവരും മനസ്സിലാക്കിയത്, അദ്ദേഹത്തിന് ഭ്രാന്ത് പിടിച്ചിരിക്കുന്നുവെന്നാണ്. എല്ലാവരും ലൈനുകളുണ്ടാക്കി എഴുന്നേറ്റുനിന്നു. അദ്ദേഹം അങ്ങോട്ടുമിങ്ങോട്ടും വേഗം വേഗം നടക്കാൻ തുടങ്ങി. ഇത്രയുമായപ്പോൾ ലോർഡ് കഴ്സൺ സാഹിബ് മുന്നോട്ടുവന്ന് അദ്ദേഹത്തിന്റെ ചെവിയിലെന്തോ പറഞ്ഞു. അദ്ദേഹം നിന്നു. പതുക്കെ ലോർഡ് കഴ്സൺ സാഹിബിനോട് എന്തോ പറഞ്ഞു. അദ്ദേഹം തന്റെ ചുറ്റുമുള്ളവരോട് അക്കാര്യം പറഞ്ഞു. എല്ലാവരും ഹാളിന്റെ വാതിലിന്നടുത്തേക്ക് ഓടിപ്പോയി. വെളിയിൽ റോഡിന്റെ കിഴക്കുഭാഗത്തേക്ക് എത്തിനോക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഈ വഴിയിൽ എനിക്ക് കൂടുതൽ അത്ഭുതമായി. ഖാളീ അബ്ദുല്ലാഹ് സാഹിബ് എന്റെ അടുത്തു നിൽക്കുന്നുണ്ട്. ഞാൻ അദ്ദേഹത്തോട് അദ്ദേഹമെന്താണ് പറഞ്ഞതെന്ന് ചോദിച്ചു. ഈയാളുകൾ വാതിലിന്നടുത്തേക്ക് എന്തിനാണ് ഓടിയത്? എന്താണ് നോക്കുന്നത്? ഖാളീ സാഹിബ് എനിക്ക് മറുപടി നല്കി: ‘മിസ്റ്റർ ലോഇഡ് ജോർജ്ജ് ലോർഡ് കഴ്സനോട് ഇങ്ങനെ പറഞ്ഞു: ‘ഞാൻ ഭ്രാന്തനല്ല. ഞാൻ ഉലാത്താൻ കാരണം, മിർസാ മഹ്മൂദ് അഹ്മദ് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ക്രൈസ്തവ സൈന്യത്തെ വശത്താക്കിക്കൊണ്ടു വരുന്നു. ക്രൈസ്തവ സൈന്യം പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. അവർ മാറി മാറി ഈ സ്ഥലത്തിന്നടുത്ത് വന്നിരിക്കുന്നു.’’ *(ദൗറയെ യൂറോപ്പ്, അൻവാറുൽ ഉലൂം വാല്യം 8, പേജ് 383)*

**വില്യം ദി കോൺകറർ എന്ന സ്വപ്നത്തിന്റെ പുലർച്ച:**

ഹുദൂർ(റ) പറയുന്നു:

നിങ്ങൾക്കറിയാം, മുഴുലോകത്തിന്റേയും കടിഞ്ഞാൺ കൈയിലുള്ള ആ രാജാവ് എന്നോട് സ്വപ്നത്തിൽ പറഞ്ഞിരുന്നു, അതായത് ഞാൻ ഇംഗ്ലണ്ടിൽ പോയിരിക്കുകയാണ്, വിജയശ്രീലാളിതനായ ഒരു ജേർണലിനെ പോലെ അതിൽ പ്രവേശിച്ചിരിക്കുന്നു. ആ നേരത്ത് എന്റെ പേര് വില്യം ഫാതിഹ് എന്ന് വെക്കപ്പെട്ടു......ഞാൻ ആ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസിച്ചിരുന്നത് ഇംഗ്ലണ്ടിലെ ആത്മീയമായ വിജയം എന്റെ ഇംഗ്ലണ്ടിൽ പോകലുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ്. പക്ഷേ, അവസാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഇംഗ്ലണ്ടിലെത്തിയിരിക്കുന്നു. ഇപ്പോൾ എന്റെ നോട്ടത്തിൽ ഇംഗ്ലണ്ടിന്റെ വിജയത്തിന്റെ അടിത്തറവെക്കപ്പെട്ടിരിക്കുന്നു. ആകാശത്ത് അതിന്റെ വിജയത്തിന്റെ അടിത്തറവെക്കപ്പെട്ടിരിക്കുന്നു. അത് അതിന്റെ സമയത്ത് അതിന്റെ വിളംബരം ഭൂമിയിലും നടക്കുന്നതായിരിക്കും.......ഇംഗ്ലണ്ട് വിജയിച്ചുകഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായി. അതിന്റെ വിജയത്തിന്റെ നിബന്ധന ആകാശത്ത് ഇതാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. അതായത് ഞാൻ ഇംഗ്ലണ്ടിൽ വരണമെന്ന്! അങ്ങനെ ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇംഗ്ലണ്ടിലെത്തിയിരിക്കുന്നു. ഇനി അതിന്റെ കാര്യപരിപാടിയുടെ തുടക്കം നടക്കുന്നതായിരിക്കും. ഇൻശാഅല്ലാഹ്. അതിന്റെ സമയത്ത് മറ്റുള്ളവരും അത് കാണുന്നതായിരിക്കും. അതായത് എന്തൊന്നാണോ ഞാൻ എഴുതിയിരുന്നത് അത് സത്യമാണെന്ന്! ചില കാര്യങ്ങളുടെ ബന്ധം ചില പ്രത്യേക വ്യക്തികളുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അജ്ഞർക്കറിയുകയില്ല. ഇംഗ്ലണ്ടിൽ ഇസ്‌ലാമിന്റെ അഭിവൃദ്ധിയുടെ പ്രശ്നം അല്ലാഹുവിന്റെ വിധിയിൽ എന്റെ ഇംഗ്ലണ്ട് വരവുമായി ബന്ധപ്പെട്ടതാണ്. മസീഹ് മൗഊദിന് കാണിക്കപ്പെട്ട സ്വപ്നത്തിലും താങ്കൾ ഇംഗ്ലണ്ടിൽ പോകുന്നതോടെ ഈ വിജയം തുടങ്ങുന്നതായിരിക്കുമെന്നുണ്ട്! എനിക്കും കാണിക്കപ്പെട്ടത് ഇതുതന്നെയാണ്. കാരണം നബിമാരുടെ ഖലീഫ അവരുടെതന്നെ വ്യക്തിത്വമായി മനസ്സിലാക്കപ്പെടുന്നു. അതുകൊണ്ട് ഇരു സ്വപ്നങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വപ്നം കൊണ്ടുള്ള ഉദ്ദേശ്യവും അദ്ദേഹത്തിന്റെ പ്രതിനിധി ഇംഗ്ലണ്ടിൽ പോകുക എന്നതായിരുന്നു. എന്റെ സ്വപ്നത്തിന്റെ ഉദ്ദേശ്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇംഗ്ലണ്ടിൽ പോകുന്നതുമായിട്ടായിരുന്നു. അതുകൊണ്ട് മസീഹ് മൗഊദ് തന്റെ ആത്മീയ പ്രതിനിധി മുഖേന ഇംഗ്ലണ്ടിലെത്തി. ഇനി ഇൻശാഅല്ലാഹ് വിജയത്തിന്റെ കവാടവും തുറക്കപ്പെടുന്നതായിരിക്കും. അത് ആദ്യം മുതലേ വിധിക്കപ്പെട്ടതാണ്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഒക്ടോബർ 4 പേജ് 3, കോളം 3)*

**വില്യം ദി കോൺകറർ എന്ന സ്വപ്നത്തേയും ബാഹ്യമായി പൂർത്തിയാക്കി**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന് ഒരു സ്വപ്നത്തിൽ കാണിക്കപ്പെട്ടു; അദ്ദേഹം സമുദ്രതീരത്ത് ഒരു സ്ഥലത്ത് ഇറങ്ങിയിരിക്കുന്നു. അദ്ദേഹം ഒരു മരക്കഷണത്തിൽ കാലുവെച്ചുകൊണ്ട് ധീരനും വിജയിയുമായ ഒരു ജേർണലിനെപോലെ നാലുഭാഗത്തും നോക്കി. അപ്പോൾ അശരീരി കേട്ടു. ‘‘വില്യം ദി കോൺകറർ.’’ ഹുദൂറിന്റെ യൂറോപ്പ് യാത്രയോടെ ഈ സ്വപ്നവും പുലർന്നു. ഹുദൂർ ഈ സ്വപ്നത്തെ ബാഹ്യമായ അടിസ്ഥാനത്തിലും പുലരുന്നതിന് 1924 ഒക്ടോബർ 2-ന് ഒരു യാത്ര ചെയ്തു. അങ്ങനെ പെവൻസിയിലെത്തി. പിന്നീട് ഇവിടെനിന്ന് പെവൻസി ഉൾക്കടലിന്റെ തീരത്തുമെത്തി.

**• ഹദീഥുന്നബ്‌വി •**

**“ഇമാം ഒരു ജാമ്യക്കാരനും ബാങ്കുകൊടുക്കുന്നയാൾ വിശ്വാസം അർപ്പിക്കപ്പെട്ടയാളുമാകുന്നു. അല്ലാഹുവേ! പ്രാർഥന നയിക്കുന്നവരെ നേർമാർഗത്തിൽ നയിക്കുകയും ബാങ്കു വിളിക്കുന്നവർക്ക് രക്ഷ നല്കുകയും ചെയ്യേണമേ.”**
(അഹ്മദ്: 2:32)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി •**

**“നിങ്ങൾ ബാങ്കുകൊടുക്കുന്നതു കേൾക്കുമ്പോൾ മുഅദ്ദിൻ (ബാങ്കുകൊടുക്കുന്നയാൾ) പറയുന്നതിനെ നിങ്ങളും ഏറ്റുപറയുക.”** (ബുഖാരി. 10:7)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

അവിടെനിന്ന് ബോട്ടെടുത്ത് വില്യം ദി കോൺകറർ ഇറങ്ങിയിരുന്ന സ്ഥലത്തെത്തി. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 നവംബർ 20 പേജ് 5, കോളം 2)*

ഹുദൂർؓപറയുന്നു: ''ഞാൻ യൂറോപ്പിൽ പോകാൻ തീരുമാനിച്ചപ്പോൾ എന്നെ വില്യം ദി കോൺകറ റായി കണ്ട സ്വപ്നവും എനിക്ക് ഓർമ്മവന്നു........ ഇംഗ്ലണ്ടിലെ സമുദ്രതീരത്ത് കാൽ വെച്ചപ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത് ഫത്തഹായെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ആ നേരത്തുതന്നെ ലേഖനമെഴുതി. അത് അൽഫള്ലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൽ ഇംഗ്ലണ്ടിന്റെ ആത്മീയ വിജയം ആരംഭിച്ചിരിക്കുന്നുവെന്ന് ഞാനെഴുതിയിരുന്നു.''

*(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4 പേജ് 5, കോളം 3)*

**ഡമാസ്കസ് സംബന്ധമായ പ്രവചനം പുലർന്നതെങ്ങനെ:**

ഡമാസ്കസിനെ സംബന്ധിച്ചുള്ള ഹദീഥിലെ വാക്കുകൾ ഇങ്ങനെയാണ്: **ബഅഥല്ലാഹു തആല അൽമസീഹബ്ന മർയമ ഫയൻസിലു യിൻദൽ മനാരത്തിൽ ബയളാഇ ശർഖിയ്യ ദിമശ്ഖ ബയ്ന മഹ്സൂദതയ്നി വാളിഅൻ കഫ്ഫയ്ഹി അലാ അജ്നിഹത്തി മലകയ്നി** അല്ലാഹു മസീഹുബ്നു മർയമിനെ നിയോഗിച്ചയക്കുന്നതായിരിക്കും. അദ്ദേഹം ഡമാസ്കസിന്റെ കിഴക്കുഭാഗത്തുള്ള വെള്ള മിനാരത്തിനടുത്ത് രണ്ട് മഞ്ഞപുതപ്പുകൾ പുതച്ച് രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ചുകൊണ്ട് ഇറങ്ങിവരുന്നതായിരിക്കും.

*(മുസ്‌ലിം, കിതാബുൽഫിത്തൻ, ബാബു ദിക്റുദജ്ജാൽ)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑ ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: **ഥുമ്മ യുസാഫിറുൽ മസീഹുൽ മൗഊദ് ഔ ഖലീഫത്തുൻമ്മിൻ ഖുലഫാഇഹീ ഇലൽഅർളി ദിമശ്ഖ ഫഹാദാ മഅ്നൽഖൗലില്ലദീ ജാഅ ഫീ ഹദീഥി മുസ്‌ലിമിൻ അന്ന ഈസാ യൻസിലു ഇൻദ മനാരത്തി ദിമശ്ഖ**

*(ഹമാമത്തുൽ ബുശ്റ, പേജ് 37, ഉർദു തർജമ പേജ് 121)*

അതായത് പിന്നീട് മസീഹ് മൗഊദോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഖലീഫമാരിൽപെട്ട ആരെങ്കിലുമോ ഡമാസ്കസിന്റെ ഭാഗത്തേക്ക് യാത്ര ചെയ്യും. മുസ്‌ലിമിന്റെ ഹദീഥിൽ വന്നിട്ടുള്ള ആ വാക്യത്തിന്റെ ഉള്ളടക്കം ഇതാണ്. അതായത് ഈസാ ഡമാസ്കസിന്റെ മിനാരത്തിന്റെ അടുത്ത് ഇറങ്ങുമെന്നതിന്റെ ഉള്ളടക്കം!

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑ ഉപര്യുക്ത ഹദീഥ് വിശദീകരിച്ചുകൊണ്ട് പറയുന്നു: ഈ ചില വിവിധ ഹദീഥുകളെ ബാഹ്യമായിതന്നെ- അതാണെങ്കിൽ നമ്മുടെ ഇന്നത്തെ അവസ്ഥയുമായി ചേരുന്നതല്ലെന്ന് അനുമാനിച്ചാൽപോലും ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല. കാരണം അല്ലാഹുവും ഈ പ്രവചനങ്ങളെ ഈ വിനീതന്റെ പരിപൂർണ പിൻഗാമിയും അല്ലാഹുവിൽനിന്ന് വന്ന മസീഹിന്റെ സ്ഥാനമുൾക്കൊള്ളുന്ന വ്യക്തിയും മുഖേന ഏതെങ്കിലും കാലത്ത് പൂർത്തിയാക്കാൻ സാധ്യതയുണ്ട്. എല്ലാ മനുഷ്യർക്കും മനസ്സിലാക്കാവുന്നതാണ്, ശിഷ്യന്മാർ മുഖേന ചില സേവനങ്ങൾ പൂർത്തിയാകുക എന്നത് യഥാർഥത്തിൽ നാം നമ്മുടെ കൈയാൽ ആ സേവനം ചെയ്യുന്നതുപോലെയാണ്. പ്രത്യേകിച്ച് ചില ശിഷ്യന്മാർ 'ഫനാഫിൽ ശയ്ഖി'ന്റെ(ഗുരുവിൽലയിക്കുന്ന) അവസ്ഥ സ്വായത്തമാക്കി നമ്മുടെ രൂപംതന്നെ വരുത്തുമ്പോൾ അല്ലാഹുവിന്റെ ഫള്ൽ അദ്ദേഹത്തിന് നമുക്ക് പ്രദാനം ചെയ്തിരിക്കുന്ന ആ സ്ഥാനം നിഴൽപരമായ നിലയിൽ പ്രദാനം ചെയ്യുന്ന സ്ഥിതിയിൽ നിസ്സംശയം അദ്ദേഹം തന്നെയായിരിക്കും. എന്തുകൊണ്ടെന്നാൽ, ആരാണോ നമ്മുടെ വഴിയിൽ നടക്കുന്നത് അയാൾ നമ്മിൽനിന്ന് വേർപെട്ട ആളല്ല. ആരാണോ നമ്മുടെ ലക്ഷ്യം നമ്മളിലായിക്കൊണ്ട് പൂർത്തിയാക്കുന്നത് അയാൾ വാസ്തവത്തിൽ നമ്മുടെ അസ്തിത്വത്തിൽപെട്ടവനാണ്.

*(ഇസാലയെ ഔഹാം, ഭാഗം 1, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 316)*

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓദിമശ്ഖിലെ മിനാരത്തിൽ മസീഹിന്റെ ഇറക്കത്തിന്റെ പ്രവചനപൂർത്തീകരണത്തെ സംബന്ധിച്ച് പറയുന്നു; അവിടന്ന്ؓഈ യാത്രയിൽ ഡമാസ്കസിൽ താമസിക്കുമ്പോഴായിരുന്നു ഇത്!

''ഒരു മൗലവി അബ്ദുൽ ഖാദിർ സാഹിബ്, സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബിന്റെ സുഹൃത്തായിരുന്നു. അദ്ദേഹത്തോടു ഞാൻ ചോദിച്ചു, നിങ്ങളുടെ വിശ്വാസപ്രകാരം ഹദ്റത്ത് ഈസാ ഇറങ്ങേണ്ടുന്ന ആ മിനാരം എവിടെയാണ്. അദ്ദേഹം പറഞ്ഞു: അമവിയ്യാ മസ്ജിദിന്റെ മിനാരമാണ്. പക്ഷേ, മറ്റൊരു മൗലവി സാഹിബ് പറഞ്ഞത് ക്രിസ്ത്യാനികളുടെ ഗ്രാമത്തിലാണെന്നാണ്. വേറൊരാൾ പറഞ്ഞത് ഹദ്റത്ത് ഈസാ വന്ന് നേരിട്ട് അത് നിർമ്മിക്കുമെന്നാണ്. ഞങ്ങൾ ആശ്ചര്യപ്പെട്ടു. ആ മിനാരം ഏതാണ്. കുറഞ്ഞപക്ഷം ഒന്ന് കണ്ടിരിക്കാമല്ലോ. രാവിലെ ഞാൻ ഹോട്ടലിൽ നമസ്കരിപ്പിച്ചു. ആ നേരത്ത് ഞാനും ദുൽഫിഖാർ അലി ഖാൻ സാഹിബും ഡോക്ടർ ഹശ്മത്തുല്ലാ സാഹിബുമായിരുന്നു ഉണ്ടായിരുന്നത്. അതായത് എന്റെ പിന്നിൽ രണ്ട് മുഖ്തദിയുണ്ടായിരുന്നു. ഞാൻ സലാം വീട്ടിയപ്പോൾ കണ്ടത് മുന്നിൽ മിനാരമാണ്. ഞങ്ങളുടെയും അതിന്റേയുമിടയിൽ ഒരു റോഡിന്റെ ദൂരമേയുള്ളൂ. ഇതാണ് ആ മിനാരമെന്ന് ഞാൻ പറഞ്ഞു. ഞങ്ങൾ അതിന്റെ കിഴക്കുഭാഗത്തായിരുന്നു. ഇത് വെള്ള മിനാരമായിരുന്നു. മറ്റൊന്നുമുണ്ടായിരുന്നില്ല. അമവിയ്യാ മസ്ജിദിന്റെ മിനാരത്തിന്റെ നിറം നീലയായിരുന്നു. ഞാൻ ആ വെള്ളമിനാരം കണ്ടപ്പോൾ പിന്നിലുണ്ടായിരുന്ന മുഖ്തദികളോട് പറഞ്ഞു ആ ഹദീഥും പൂർത്തിയായിരിക്കുന്നു.' *(അഖ്ബാർ അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4 പേജ് 6, 7)*

മിനാരത്തിന്റെ അടുത്തുള്ള അദ്ദേഹത്തിന്റെ ഇറക്കം വാസ്തവത്തിൽ മസീഹ് മൗഊദിന്റെ ഇറക്കമായി മനസ്സിലാക്കപ്പെടും. ഒന്നാമതായി ഹദ്റത്ത് മസീഹ്  മൗഊദ്ؑപ്രവചിച്ചിരുന്നു മസീഹ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മസീഹിന്റെ ഖലീഫയാണെന്ന്. അവിടന്നാണെങ്കിൽ മസീഹിന്റെ ഖലീഫയുമായിരുന്നു. മസീഹിന്റെ സദൃശനുമായിരുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങളുമായി  ബന്ധമുള്ളവർക്ക് ഇക്കാര്യം നല്ലവണ്ണം അറിയാം. പക്ഷേ, പരിചയമില്ലാത്ത ഒരാൾക്കുതന്നെയും ആ മഹാത്മാവിനെ മസീഹ് എന്ന് പറയാതിരിക്കാൻ പറ്റുകയില്ല. ഹുദൂർ പറയുന്നു: അല്ലാഹു ആരംഭം മുതൽത്തന്നെ പ്രത്യേകമായ സൂചനകൾ നൽകുന്ന കാര്യഹേതുക്കൾ പ്രകടമാക്കിക്കൊണ്ടിരുന്നു. കപ്പലിൽ സ്നേഹിതന്മാർ എന്റെ മുന്നിലും പിന്നിലുമായി ഇരുന്നിരുന്നു. കപ്പലിലെ ഡോക്ടർ വന്നു. അദ്ദേഹം ഞങ്ങളെ നോക്കിക്കൊണ്ടിരുന്നു. പിന്നീട് ഞങ്ങളെ എണ്ണി. എണ്ണിയതിനുശേഷം അൽപസമയം ചിന്തിച്ചുകൊണ്ടിരുന്നു. പിന്നീട് എന്നെ നോക്കിക്കൊണ്ട് പറഞ്ഞു: ''മസീഹും അദ്ദേഹത്തിന്റെ പന്ത്രണ്ട് ഹവാരീങ്ങളും.' അത്തരം വാക്യങ്ങൾ അല്ലാഹുവിൽനിന്നുതന്നെയാണ് നാവിൽ നിന്ന് പുറത്തു വന്നുകൊണ്ടിരിക്കുന്നത്.'' *(അൽഫള്ൽ ഖാദിയാൻ ദാറുൽ അമാൻ 1924 ഡിസംബർ 4 പേജ് 7, കോളം 1)*

**രോഗത്തിന്റെ ചികിത്സ അന്വേഷിക്കുക:**

ഇംഗ്ലണ്ടിൽ എത്തുന്നതിനു മുമ്പേ വഴിയിൽവെച്ചുതന്നെ ഹുദൂർؓ ജമാഅത്തിന്റെ പേരിൽ എഴുതിയ കത്തിൽ യാത്രയുടെ ഉദ്ദേശ്യലക്ഷ്യത്തെ കുറിച്ചും ഹ്രസ്വമായി വെളിച്ചംവീശി. ഏതൊരു ജോലിക്കു വേണ്ടിയാണോ ഞാൻ പോകുന്നത് അത് അതിന്റെ ഇനത്തിൽ തികച്ചും അസാധാരണമാണ്. എങ്ങനെയുള്ള അസാധാരണമെന്നാൽ, ഇതുവരെ നമ്മുടെ ചില സ്നേഹിതന്മാരും ഇത് മനസ്സിലാക്കിയിരുന്നില്ല. ഒരു സ്നേഹിതൻ ട്രൈനിൽ ഒരു അനഹ്മദിക്ക് മനസ്സിലാക്കിക്കൊടുക്കുന്നത്  ഞാൻ കേട്ടു: 'അദ്ദേഹം ഇംഗ്ലണ്ടിൽ പോകുന്നതിന്റെ ഉദ്ദേശ്യം ഇസ്‌ലാമിക പ്രബോധനമാണെന്ന്.' വാസ്തവത്തിൽ ഇസ്‌ലാമിക പ്രബോധനം എല്ലാവർക്കും നിർബന്ധമാണ്; എനിക്കും. എന്നാൽ, ഞാൻ വ്യക്തമായും എഴുതിയതുപോലെ പ്രചാരണത്തിന് പുറത്തുപോകുക ഖലീഫയെ സംബന്ധിച്ചിടത്തോളം ശരിയല്ല. അദ്ദേഹത്തിന്റെ യഥാർഥ ജോലി പ്രബോധനത്തിന് മേൽനോട്ടം വഹിക്കലാണ്. അദ്ദേഹം മുബല്ലിഗ് എന്ന നിലയിൽ വിദേശത്ത് പോകുക എന്നത് ജമാഅത്തിന്  എത്ര വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നാൽ ഇവിടെനിന്ന് പുറത്തിറങ്ങുന്നതുതന്നെ പ്രയാസമുണ്ടാക്കും. അതിനാൽ ഈ യാത്ര പ്രബോധനത്തിന് വേണ്ടിയല്ല. മറിച്ച് പ്രബോധനത്തിന്റെ ബുദ്ധിമുട്ടുകൾ അറിയുന്നതിനും ഭാവിയിൽ പാശ്ചാത്യരാജ്യങ്ങളിൽ പ്രബോധനം നടത്തുന്നതിന് സഹായകരമായ തദ്ദേശ അറിവ് കരസ്ഥമാക്കുന്നതിനുമാണ്. ഭയാനകമായ വിപത്തുകൾ അറിയുന്നതിനും അവയ്ക്കുള്ള മരുന്ന് കണ്ടുപിടിക്കുന്നതിനുമാണ്-പാശ്ചാത്യരാജ്യങ്ങളിൽ ഇസ്‌ലാം പ്രചരിക്കുന്നതോടൊപ്പംതന്നെ ഉണ്ടാകാവുന്നതും അത് ആദ്യമേതന്നെ സൂക്ഷിച്ചില്ലെങ്കിൽ ഇസ്‌ലാം പാശ്ചാത്യരാജ്യങ്ങളിൽ പരക്കുന്നതുതന്നെ ഇസ്‌ലാമിന്റെ നാശത്തിന് നിമിത്തമാകും.''

*(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ആഗസ്റ്റ് 16 പേജ് 5, കോളം 1)*

യൂറോപ്പിൽ ഇസ്‌ലാമിക പ്രബോധനം നടത്തുന്നതിന് എന്തെന്തെല്ലാം ബുദ്ധിമുട്ടുകളാണ് അഭിമുഖീകരിക്കേണ്ടിവരുന്നത് എന്ന കാര്യം വിവരിച്ചതിനുശേഷം ഹുദൂർ പറഞ്ഞു:

''അതുകൊണ്ട് നമ്മൾ രണ്ട് തീയിലാണുള്ളത്. നമ്മുടെ ഉദാഹരണമെന്തെന്നാൽ ന ജായേ മാന്തൻ ന പായേ രഫ്ത്തൻ. ഈ ബുദ്ധിമുട്ടിനു വേണ്ടുന്ന ചികിത്സയെ കുറിച്ച് ചിന്തിക്കുന്നതിനുവേണ്ടി അല്ലെങ്കിൽ അവിടുത്തെ തദ്ദേശപരമായ അവസരങ്ങളെ കുറിച്ച് അറിയുന്നതിനുവേണ്ടി; ശക്തമായി മുബല്ലിഗുമാരുടെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടിയും. പാറക്കല്ലുകളുടെ മുകളിലൂടെ സുരക്ഷിതമായി കപ്പൽ കടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി ഇക്കാര്യം അറിയേണ്ടതിന്റെ ആവശ്യം വന്നിരിക്കുകയാണ്. എത്രമാത്രം ദുർഘടമായ ഉദ്ദേശ്യമാണിതെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. അല്ലാഹുവിന്റെ സഹായമില്ലാതെ ഈ ബുദ്ധിമുട്ട് തരണം ചെയ്യാൻ സാധ്യമല്ല. മുസ്‌ലിമാക്കാൻ എളുപ്പമാണ്. എന്നാൽ, ഇസ്‌ലാമിനെ അവരിൽനിന്ന് രക്ഷിക്കുക ദുഷ്കരമാണ്. ഈ നേരത്ത് എന്റെ യാത്രയുടെ ഉദ്ദേശ്യം ഇതാണ്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ആഗസ്റ്റ് 16 പേജ് 7, കോളം 1)*

**ഇംഗ്ലണ്ടിന്റെ ആത്മീയ വിജയം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.**

ഹുദൂർ പറയുന്നു: എന്തായാലും ശത്രു പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ, ഞാൻ അവരുടെ പരിഹാസം വകവെക്കുന്നില്ല. ഇക്കാര്യം പ്രകടിപ്പിക്കുന്നതിൽനിന്ന് ഞാൻ പിന്മാറുകയുമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇംഗ്ലണ്ടിന്റെ ആത്മീയ വിജയം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു......എന്തൊന്നാണോ ഞാൻ പറയുന്നത്, അതൊരു ആത്മീയകാര്യമാണ്. ആത്മീയനേത്രങ്ങൾ ഉള്ളവർക്കു മാത്രമേ അത് കാണാൻ കഴിയുകയുള്ളൂ. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഒക്ടോബർ 4. പേജ് 3, കോളം 3)*

**ഭാവനയേക്കാളും ചിന്തകളേക്കാളും ഉന്നതമായ വിജയം:**

ഹുദൂർ പറയുന്നു: ഈ യാത്രയിൽ എങ്ങനെയുള്ള വിജയമാണ് കരസ്ഥമായതെന്നാൽ അത് മാനുഷികമായ ഭാവനയേക്കാളും ചിന്തകളേക്കാളും ഉന്നതമാണ്........ജമാഅത്ത് തയ്യാറാകേണ്ടതാണ്. അല്ലാഹു വിതച്ച വിത്തിനെ പരിപാലിക്കുക. ഈ യാത്ര കൂടാതെ നമ്മൾ പരിശ്രമിച്ചുകൊണ്ടിരുന്നാൽ ആ വിത്ത് കിട്ടുമായിരുന്നില്ല. പക്ഷേ, അല്ലാഹു എങ്ങനെയുള്ള സാഹചര്യമാണ് ഒരുക്കിയതെന്നാൽ വിത്ത് ലഭിച്ചു. ഇപ്പോൾ അവൻ വിത്ത് തന്ന സ്ഥിതിക്ക് നമ്മൾ നമ്മുടെ കർമങ്ങളുടെയും ത്യാഗങ്ങളുടേയും വെള്ളം കോരുന്നില്ലെങ്കിൽ അത് കായ്ക്കുകയില്ല....... മുഴുലോകത്തും വിതച്ചിട്ടുള്ള വിത്തിന് എത്രമാത്രം വെള്ളവും എത്രമാത്രം മേൽനോട്ടവും ആവശ്യമുണ്ട്...... ഇപ്പോൾ ജോലി വളരെ വർധിച്ചിരിക്കുകയാണ്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4. പേജ് 8-9)*

**മസ്ജിദ് നിർമാണത്തിന്റെ പ്രസിദ്ധി മുഴുലോകത്തും**

ലോകത്തിലെ ഓരോ മൂന്നുപേരിലും ഒരാൾക്ക് ഈ സന്ദേശം എത്തിച്ചുകഴിഞ്ഞു.

ഹുദൂർ ؓപറഞ്ഞു: ലണ്ടനിൽ ഒരു മസ്ജിദ് നിർമിച്ചുവെന്നും അതിന്റെ ഉദ്ഘാടനം കഴിഞ്ഞുവെന്നും അഹ്മദിയ്യ ജമാഅത്താണ് ഇത് നിർമിച്ചതെന്നും അതിന്റെ ഇമാം മിർസാ ഗുലാം അഹ്മദ് സാഹിബാണെന്നും ഇദ്ദേഹത്തെ ദൈവം മസീഹ് മൗഊദും നബിയുമാക്കി അയച്ചിരിക്കുന്നുവെന്നും ഇതിന്റെ ജോലി ഇസ്‌ലാമിക പ്രചാരണമാണെന്നുള്ള വാർത്ത ഈ സമയംവരെ ഏകദേശം 20,25 കോടി മനുഷ്യർ കേട്ടുകഴിഞ്ഞിരിക്കുന്നു. ലോകത്തിലെ ഓരോ മൂന്നു പേരിലും ഒരാൾക്ക് ഇക്കാര്യം എത്തിക്കഴിഞ്ഞിരിക്കുന്നു. ഇംഗ്ലണ്ടിലെ പത്രപ്രവർത്തകരുടേയും മറ്റു നേതാക്കളുടേയും അഭിപ്രായം നമ്മൾ രണ്ട് കോടി രൂപ ചെലവഴിച്ചാലും ഇപ്പോഴുണ്ടായത്ര പ്രചാരണം ലഭിക്കുകയില്ലെന്നാണ്. എന്നല്ല ചിലർ ഇങ്ങനേയും പറഞ്ഞു:രണ്ടുകോടി രൂപയല്ല രണ്ട് കോടി പൗണ്ടുതന്നെ ചെലവഴിച്ചാലും മസ്ജിദിന് രണ്ടുകോടി രൂപ ചെയ്ത ജോലി ചെയ്യാൻ സാധിക്കുകയില്ല. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1926 നവംബർ 9. പേജ് 10, കോളം1)*

**മാധ്യങ്ങളൊരിക്കലും ഒരു രാജാവിനുവേണ്ടിയും ഇത്രമാത്രം ശ്രദ്ധ നൽകിയിട്ടില്ല:**

സയ്യുദുനാ ഹദ്റത്ത മുസ്‌ലിഹ് മൗഊദ് ؓപറയുന്നു:അല്ലാഹു എനിക്ക് നൽകിയ ഈ വിജയം ഇംഗ്ലണ്ടിലെ ഒരു പത്രവുമായി ബന്ധപ്പെട്ട ആളും മറ്റു ചിലരും എന്നോട് പറഞ്ഞത് പ്രസ്സ് നിങ്ങളെ സഹായിച്ചതിലൂടെ നിങ്ങൾക്കിവിടെ കിട്ടിയ വിജയം സങ്കൽപിക്കാനേ സാധ്യമല്ലെന്നാണ്.... എപ്രകാരമാണോ നമ്മെ സംബന്ധിച്ച് പത്രങ്ങൾ ശ്രദ്ധിച്ചത് ഒരിക്കലും ഒരു രാജാവിനേയും ഇത്ര ശ്രദ്ധിച്ചിട്ടില്ല. നമ്മളോട് പറഞ്ഞത് ഇവിടുത്തെ പത്രങ്ങൾ വലിയവരിൽ വലിയവനായ രാജാവിനെപോലും മൂന്നുനാല് പ്രാവശ്യത്തേക്കാളേറെ സ്മരിക്കാറില്ലെന്നാണ്. പിന്നീട് ആരാണ് അയാൾ എന്നുപോലും ചോദിക്കാറില്ല. എന്നാൽ, അങ്ങ് രണ്ടുമാസം ഇവിടെ താമസിച്ചു. എല്ലാ അവസരത്തിലും അങ്ങയെ സംബന്ധിച്ച് പത്രങ്ങൾ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു..... ഇത് തികച്ചും അസാധാരണമാണ്... എല്ലാ അവസരത്തിലും വലിയ വലിയ പത്രങ്ങളുടെ പ്രതിനിധികളും ലേഖന കർത്താക്കളും വരികയും നമ്മളോട് പൂർണമായ അനുകമ്പയാണെന്ന രീതിയിലുമാണ് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4. പേജ് 4 കോളം 3, ശീർശകം യാത്രാവസ്ഥകൾ)*

പറഞ്ഞു: ഇന്ത്യാക്കാരെ ഇംഗ്ലീഷുകാർ നിന്ദാദൃഷ്ടിയോടെ നോക്കിക്കാണുവെന്നാണ് ഇവിടെ(ഇന്ത്യയിൽ)മനസ്സിലാക്കിയിരുന്നത്. എന്നാൽ, അവിടെ മനസ്സിലായിരുന്നത് നമ്മളെ കൂടാതെ അവർ ആരേയും ആദരിക്കുന്നില്ലെന്നാണ്.''

പറഞ്ഞു: വലിയ വലിയ രാജ്യങ്ങളിൽ ദീർഘമായ കാലംകൊണ്ടും പേരെത്തിക്കുക ദുഷ്കരമാണ്. എന്നാൽ, നമ്മുടെ പ്രസിദ്ധി വൈദ്യുതിപ്രവാഹംപോലെ വേഗത്തിലുണ്ടായി.'' *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4. പേജ് 5, കോളം 2)*

**പോപ്പിന്നെതിരിലും ഹുദൂറിനെ അനുകൂലിച്ചും പത്രത്തിന്റെ അവലോകനം:**

ഇറ്റലിയിൽ ഹുദൂർ പോപ്പിനെ കാണാനാഗ്രഹിച്ചു. പോപ്പ് പറഞ്ഞു: ''എന്റെ വീട് നിർമാണം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ദിനങ്ങളിൽ കൂടിക്കാഴ്ച നിറുത്തിവെച്ചിരിക്കുന്നു.''

ഇറ്റലിയിലെ ഏറ്റവും വലിയ പത്രമായ ഇത് നിത്യവും 8 ലക്ഷം കോപ്പിയാണ് പ്രസിദ്ധീകരിക്കുന്നത്, ഇതിന്റെ പത്രാധിപരോട് ഹുദൂർ പോപ്പിന്റെ മറുപടി പറഞ്ഞപ്പോൾ അദ്ദേഹം തന്റെ ലേഖനത്തിലെഴുതി, ''അത്ഭുതകരംതന്നെ! ഒരു നേതാവ് വരികയും പോപ്പിനെ കാണാനാഗ്രഹിക്കുകയും ചെയ്യുമ്പോൾ വീടിന്റെ അറ്റകുറ്റപണികൾ നടക്കുകയാണ് അതുകൊണ്ട് കാണാൻ കഴിയില്ലെന്ന് പോപ്പ് പറയുന്നു!! ഇനി എന്നത്തേക്കും അയാളുടെ വീട് അറ്റകുറ്റപ്പണിയിൽത്തന്നെ ഇരിക്കും. ഇപ്പറഞ്ഞത് എത്രമാത്രം വാസ്തവമാണ്. അതും ഒരു ക്രൈസ്തവ പത്രം. ഇത്രമാത്രം സ്വാധീനമുള്ള പത്രമാണ് പോപ്പിനെ കുറിച്ച് ഇങ്ങനെ എഴുതുന്നത്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4. പേജ് 5, കോളം 2,3)*

**ഈജിപ്തിൽ വിജയം:**

സയ്യിദുനാ ഖലീഫത്തുൽ മസീഹ് രണ്ടാമൻ പറയുന്നു. ''അവിടെ എത്തിയ ഉടനെ ജനങ്ങളുടെ ശ്രദ്ധ ഞങ്ങളിലേക്ക് എങ്ങനെ തിരിഞ്ഞുവെന്നാൽ ഖിലാഫത്തിന്റെ ഇരുപാർട്ടികളും വന്നു. ഒരു പാർട്ടിയിലെ ആളുകൾ പറയുന്നു, തങ്ങളോടൊപ്പം ചേരാൻ. രണ്ടാമത്തെ പാർട്ടി പറയുന്നു, അവരോടൊപ്പം ചേരാൻ. നമ്മളോടുള്ള എതിർപ്പ് അവർക്ക് ഓർമയുണ്ടായില്ല. ആദരണീയരും സ്വാധീനമുള്ളവരുമായ രണ്ടു വ്യക്തികൾ പറഞ്ഞു: നിങ്ങൾ നിൽക്കുകയാണെങ്കിൽ ബയ്അത്ത് ചെയ്യുക. ഒരാൾ തുർക്കിക്കാരനായിരുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ഇവിടെ ദീനിനുവേണ്ടി വന്നതാണ്. എന്നാൽ, ഇവർ ദീനിനെ കൈയൊഴിഞ്ഞിരിക്കുന്നുവെന്ന് എനിക്ക് മനസ്സിലായി. ഞാൻ അങ്ങയോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4. പേജ് 6, കോളം 1)*

**ഡമാസ്കസിൽ വിജയം:**

ഹുദൂർ പറയുന്നു: രണ്ടുദിവസംവരെ ആരും ഒന്നും ശ്രദ്ധിച്ചില്ല. ഞാൻ വളരെ പരിഭ്രമത്തോടെ ദുആ ചെയ്തു, 'അല്ലാഹുവേ! ഡമാസ്കസിനെ സംബന്ധിച്ചാണ് പ്രവചനമുള്ളത്. എങ്ങനെയാണത്. പുലരുക...... നീ നിന്റെ അനുഗ്രഹംകൊണ്ട് വിജയം നൽകിയാലും.' ഇങ്ങനെ ദുആ ചെയ്ത് ഞാൻ കിടന്നപ്പോൾ രാത്രിയിൽ ഈ വാക്കുകൾ എന്റെ നാവിൽ വന്നു. ''അബ്ദുൻ മുകർറമുൻ'' അതായത് നമ്മുടെ ദാസന് ബഹുമാനം നൽകപ്പെട്ടു. ഇതിൽനിന്ന് തബ്‌ലീഗിന്റെ പരിപാടി ഇറക്കാൻ പോകുകയാണ് ഞാൻ മനസ്സിലാക്കി. അങ്ങനെ രണ്ടാമത്തെ ദിവസം തന്നെ എഴുന്നേറ്റപ്പോൾ ആളുകൾ വരാൻ തുടങ്ങി. എത്രത്തോളമെന്നാൽ രാവിലെ മുതൽ രാത്രി 12 മണിവരെ 200 മുതൽ 1200 വരെ ആളുകൾ ഹോട്ടലിന്റെ മുമ്പിൽ നിൽക്കുകയായിരുന്നു. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4, പേജ് 6, കോളം 1)*

കോളേജുകളിലെ കുട്ടികളും പ്രൊഫസറും നോട്ടുബുക്ക് കൈയിൽ കരുതിയിരുന്നു. ഞാൻ പറയുന്നത് അവർ എഴുതിയെടുത്തുകൊണ്ടിരുന്നു. എന്തെങ്കിലും വിട്ടുപോയാൽ പറയും, 'ഉസ്താദേ! അൽപം നിറുത്തിയാലും, ഈ പദം വിട്ടുപോയെന്ന്.' ഇഞ്ചീലിലെ

ആ ദൃശ്യമായിരുന്നതുപോലെ തോന്നി. അവിടെ ഉസ്താദെന്ന് പറഞ്ഞ് മസീഹിനെ സംബോധന ചെയ്യുന്ന രംഗമുണ്ട്. ഏതോ മൗലവി എതിർത്ത് പറയാനാഗ്രഹിച്ചു. അപ്പോൾ ആളുകൾത്തന്നെ അയാളെ വഴക്കുപറഞ്ഞു.'' *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4, പേജ് 6, കോളം 3)*

**തബ്ലീഗിന്റെ നിബന്ധന തീരുമാനമായി:**

ഹുദൂർ പറയുന്നു: ഞാൻ ഈ യാത്രയിൽ തബ്ലീഗിന്റെ നിബന്ധനകൾ തീരുമാനിച്ചതിൽനിന്ന് കുറച്ച് മൗലവി അബ്ദുർറഹീം സാഹിബ് ദർദിന് എഴുതിക്കൊടുത്തു വന്നതാണ്. കുറച്ച് എഴുതിക്കൊണ്ടിരിക്കുകയാണ്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4, പേജ് 8, കോളം 1)*

**യോഗാധ്യക്ഷന്റെ പ്രതികരണം:**

ഇസ്‌ലാം ജീവനുള്ള മതമാണെന്നും അഹ്മദിയ്യാ ജമാഅത്ത് അതിന്റെ ജീവിക്കുന്ന തെളിവാണെന്നും ജൽസയുടെ അധ്യക്ഷൻ മൂന്നുനാലു പ്രാവശ്യം പറഞ്ഞു, വീട്ടിലും വന്നു പറഞ്ഞു. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4, പേജ് 7, കോളം 3)*

**പാശ്ചാത്യദേശത്തിന്റെ രോഗത്തിനുള്ള ചികിത്സ-**
**മസീഹ് മൗഊദിന്റെ പേരും ആ മാഹാത്മാവിനെക്കുറിച്ചുള്ള ചർച്ചയും**

ഹുദൂർ പറയുന്നു: 'ഈ യാത്രകൊണ്ട് രണ്ട് വലിയ സുപ്രധാന പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. അവ കാരണത്താൽ ഏറ്റവും വലിയ സന്തോഷം ലഭിക്കുകയും ചെയ്തു. ഒന്ന് ഇതാണ്: പാശ്ചാത്യദേശത്ത് മസീഹ് മൗഊദിനെക്കുറിച്ച് വേഗം നശിപ്പിക്കുന്ന വിഷമാണെന്ന് പറയപ്പെടുന്നു. എന്നാൽ, ഈ യാത്ര മുഖേന നമുക്ക് മനസ്സിലായത് ഹദ്റത്ത് മസീഹ് മൗഊദ്ؑനെ കുറിച്ച് പറയാതെ പാശ്ചാത്യലോകത്തിന്റെ രോഗത്തിനുള്ള ചികിത്സയൊന്നുമില്ലെന്നാണ്.' *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4, പേജ് 8, കോളം 2)*

രണ്ടാമത്തെ പ്രശ്നം പരിഹരിക്കപ്പെട്ടത് ഇങ്ങനെയാണ്: യൂറോപ്പ് ഇസ്‌ലാമിന്റെ നഗ്നമായ അധ്യാപനത്തെ സ്വീകരിക്കുകയില്ലെന്നുള്ള അപകടം മനസ്സിൽവെച്ചുകൊണ്ടാണ് ഞാൻ പോയത്. വന്നതാണെങ്കിലോ തീർച്ചയായും സ്വീകരിക്കാൻ കഴിയുമെന്ന ദൃഢവിശ്വാസത്തോടുകൂടിയാണ്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഡിസംബർ 4, പേജ് 8, കോളം 3)*

**യൂറോപ്യൻ യാത്രയും ഒരു അനഹ്മദിയുടെ സ്വപ്നവും:**

ഹദ്റത്ത് മൗലാനാ ശേർഅലി സാഹിബ്ؓ 1924 സെപ്തംബർ 26-ലെ ഖുത്ബ ജുമുഅയിൽ ഒരു അനഹ്മദിയുടെ സ്വപ്നത്തെക്കുറിച്ച് പറഞ്ഞു. അത് ഹുദൂറിന്റെ യൂറോപ്യൻ യാത്രയെക്കുറിച്ചായിരുന്നു. എന്താണ് ആ സ്വപ്നം? എങ്ങനെയാണത് പുലർന്നത്? ഇത് ഞാൻ ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബിؓന്റെ വാക്കുകളിൽ വിവരിക്കുകയാണ്. ഇദ്ദേഹം പറഞ്ഞു: അല്ലാഹു തന്റെ പ്രിയപ്പെട്ടവരേയും ഇഷ്ടപ്പെട്ടവരേയും വിവിധ മാർഗ്ഗങ്ങളിലൂടെ സഹായിക്കുകയും വിജയിപ്പിക്കുകയും ചെയ്യുന്നു. സഹായിക്കുന്നതിന്റേയും വിജയിപ്പിക്കുന്നതിന്റേയും ഒരു മാർഗ്ഗം ജനങ്ങളിൽ സ്വപ്നങ്ങളും വെളിപാടുകളും ജാഗ്രദർശനങ്ങളും മുഖേന അവന്റെ സത്യത വെളിവാക്കുന്നുവെന്നതാണ്. ഇപ്രകാരം ഭാഗ്യാത്മാക്കൾ അല്ലാഹുവിൽനിന്ന് അവരുടെ സത്യതയും സത്യത്തിന്റെ സാക്ഷ്യവും പ്രാപിച്ച് അവരെ സ്വീകരിക്കുന്നു.... ഇന്ന് അത്തരത്തിലുള്ള ഒരു ദിവ്യമായ സാക്ഷ്യം നിങ്ങളെ കേൾപ്പിക്കുകയാണ്. ഇന്നേക്ക് ഒരു പാടു വർഷംമുമ്പേ ഒരു മാസികയിൽ പ്രസിദ്ധീകരിച്ചതാണിത്. ഈ മാസികയുടെ പേര് 'സൂഫീ' എന്നാണ്. ഇതൊരു അഹ്മദിയുടേയും മാസികയല്ല. മറിച്ച്, അനഹ്മദിയുടേതാണ്. അതിലൊരു ലേഖനമുണ്ട്. ഈ ലേഖനമെഴുതുന്നയാളും അഹ്മദിയല്ല. എന്നല്ല, ജമാഅത്തിന്റെ ബദ്ധവൈരിയാണ്. നമ്മുടെ ജമാഅത്തിന് അയാളെ നല്ലവണ്ണം അറിയാം. കുറച്ചുകാലംമുമ്പേ അയാൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ ശക്തമായി മുബാഹലക്ക് വെല്ലുവിളിച്ചിരുന്നു. ഹുദൂർ സന്നദ്ധത പ്രകടിപ്പിച്ചപ്പോൾ അയാൾ നിശ്ശബ്ദനായി. അദ്ദേഹമാണ് ഖാജ ഹസ്സൻ നിളാമി. ഈ മാസികയിൽ അയാളുടെ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിൽ അദ്ദേഹം ഭൗതികലോകത്ത് സ്വപ്നത്തിന്റേയും ദർശനത്തിന്റേയും യാഥാർഥ്യം പ്രകടിപ്പിച്ചുകൊണ്ട് കുറേ സ്വപ്നങ്ങളെഴുതിയിട്ടുണ്ട്. ആദ്യത്തെ സ്വപ്നം അദ്ദേഹം ബഡോദാ ഭരണത്തിന്റെ നേതാവായ നവാബ് സയ്യിദ് സ്വദ്റുദ്ദീൻ ഖാൻ സാഹിബിന്റേതാണ് എടുത്തെഴുതിയിരിക്കുന്നത്. ഒരു വീട്ടിൽ കുറേ സാധനസാമഗ്രികൾ കെട്ടിവെച്ചിരിക്കുന്നു. വീട്ടുകാരാണെങ്കിൽ ഏതോ വലിയ യാത്രയ്ക്കുള്ള തയ്യാറെടുപ്പിൽ മുഴുകിയിരിക്കുകയാണ്. അപ്പോൾ കണ്ടത് വീട്ടുകാരനും അങ്ങേയറ്റം തിരക്കിന്റെ പ്രൗഢിയോടെ സാധനങ്ങളെല്ലാം ശരിയാക്കിവെക്കുന്നതാണ്. അവസാനം അദ്ദേഹം പറഞ്ഞു: 'കപ്പൽ തയ്യാറാക്കുക. ഈ വസ്തുക്കൾ അവയിൽ കയറ്റുക.' എവിടെ പോകുന്നുവെന്ന് ചോദിക്കപ്പെട്ടു. യൂറോപ്പിൽ പോകുകയാണെന്ന് പറഞ്ഞു. ചികിത്സ നടത്തണം. അങ്ങയുടെ പേരെന്താണെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: എന്റെ പേര് ഉമറുബ്നുൽ ഖത്വാബ് എന്നാണ്.''

ഈ സ്വപ്നത്തിന്റെ വ്യാഖ്യാനവും ഹസ്സൻ നിളാമി സ്വയം വിശദീകരിക്കുന്നുണ്ട്. അത് ഇങ്ങനെയാണ്: 'നവാബ് സാഹിബ് കണ്ട ഈ സ്വപ്നത്തിൽ ഒരു കാര്യം വളരെ ചിന്താർഹമാണ്. ഉമർ ഫാറൂഖ് യൂറോപ്പിൽ ചികിത്സ നടത്താൻ പോകുകയാണെന്ന് പറഞ്ഞു. അതിന്റെ ഉദ്ദേശ്യം സ്വയം അവിടന്ന് ചികിത്സ നടത്താൻ പോകുന്നുവെന്നാണ്. അല്ലെങ്കിൽ യൂറോപ്യൻകാരെ ചികിത്സിക്കാൻ പോകുന്നുവെന്നാണ്. എന്നാൽ, അത് രണ്ടു രീതിയിലും ശാസ്ത്രത്തിന്റേയും ഭൗതികതയുടേയും എതിരിലാണ് കാണപ്പെടുന്നത്. ആദ്യത്തെ അർഥമാണെങ്കിൽ അതായത് സ്വയം ചികിത്സ നടത്താൻ പോകുകയാണെങ്കിൽ ആത്മീയമായ ആളുകൾ തങ്ങളുടെ അറിവില്ലായ്മയുടെ രോഗം യൂറോപ്പിൽപോയി അവിടെ അറിവുകൾ കരസ്ഥമാക്കി ചെയ്യുന്നതാണ്. അതിനുശേഷം ഭൗതികവാദത്തിൽ വിശ്വസിക്കുന്നവരുടെ രോഗങ്ങൾ അവിടെ ഇരുന്ന് ചികിത്സിക്കുന്നതായിരിക്കും. രണ്ടാമത് പറഞ്ഞതനുസരിച്ച് ഭൗതികവാദവിശ്വാസികളായ യൂറോപ്പിനെ ചികിത്സിക്കുന്നതിന്റെ ഉപായങ്ങളും തയ്യാറെടുപ്പുകളും നടന്നുകൊണ്ടിരിക്കുകയാണ്. ഈ സ്വപ്നം എത്രമാത്രം സുവ്യക്തവും തിളക്കമാർന്നതുമാണെന്നാൽ അതിനെ വ്യാഖ്യാനിക്കേണ്ട ആവശ്യം എനിക്കില്ല.... ഇവിടെ നിങ്ങൾ ആ സ്വപ്നവും ഇതിന്റെ വ്യാഖ്യാനവും വായിക്കുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ആ വിളംബരം അത് ഹുദൂർ യൂറോപ്യൻയാത്രയുടെ ഉദ്ദേശ്യത്തെപ്പറ്റി പ്രസിദ്ധീകരിച്ചതാണ്. അതും വായിക്കുക. എന്നാൽ, നിങ്ങൾക്ക് മനസ്സിലാകും ഇത് എത്രമാത്രം സത്യമായ സ്വപ്നമാണെന്ന്. ജമാഅത്തിന്റെ സത്യസാക്ഷ്യത്തിനുള്ള എത്ര ശക്തമായ ദൃഷ്ടാന്തമാണെന്ന്. (പ്രത്യേകിച്ചും ഹുദൂറിന്റെ ഇൽഹാമുപരമായ പേരും ഉമർ എന്നായിരിക്കുമ്പോൾ!)*(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ഒക്ടോബർ 9, പേജ് 8)*

ഈ ദൈവികയാത്ര ലോകത്ത് അഹ്മദിയ്യത്തിന്റെ വിജയത്തിനും വിജയോത്സവത്തിനുമുള്ള ഒരു ബീജമെന്ന നിലയ്ക്കുള്ളതാകുന്നു. അത് വളരുന്നതും പുഷ്പിക്കുന്നതും കായ്ക്കുന്നതും മുഴുലോകവും കണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഇതിൽ നമ്മൾ വലിയ പങ്കുവഹിക്കുന്നവരാകട്ടെ. അല്ലാഹു നമുക്ക് സ്വീകാര്യയോഗ്യമായ സേവനം ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ. *(മൻസൂർ അഹ്മദ് മസ്റൂർ)*

**• ഹദീഥുന്നബ്വി(സ) •**

"എല്ലാ രണ്ടു ബാങ്കിനും മധ്യേ(ബാങ്കും ഇഖാമത്തും) ഇഷ്ടമുള്ളവനു ഒരു നമസ്കാരമുണ്ട്.(സുന്നത്ത്). അവിടന്ന് മൂന്നു പ്രാവശ്യം ഇതു പറഞ്ഞു." (ബുഖാരി. 10:14)

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്വി(സ) •**

"ജമാഅത്തായ നമസ്കാരം ഒറ്റയായി നിർവഹിക്കുന്ന നമസ്കാരത്തെക്കാൾ 27 മടങ്ങ് സ്ഥാന മാഹാത്മ്യമേറിയതാണ്." (ബുഖാരി. 10:30)

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ലേഖനം

# സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ 1924-ൽ ചെയ്ത യൂറോപ്യൻ പര്യടന റിപ്പോർട്ട്

ഹാഫിള് സയ്യിദ് റസൂൽ നിയാസ് മുറബ്ബി
നള്ളാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ
വിവർത്തനം: മൗലവി സഫ്ർ അഹ്മദ് കോഴിക്കോടു

**1924 ജൂലൈ 11:**

ജൂലൈ 11-ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ, ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഖബ്ർ സിയാറത്തിന് പോയി. ഹുദൂർ ഖബ്റിന്റെ കിഴക്കു ഭാഗത്തുള്ള വാതിൽക്കൽ നിന്നുകൊണ്ട് സുദീർഘമായി ദുആ ചെയ്തു. പിന്നീട് തെക്കുഭാഗത്ത് നങ്കളിലൂടെ കടന്ന് കാൽവ എന്ന സ്ഥലത്തിന്റെ അടുത്തുള്ള തെരുവീഥിയിലേക്ക് നടന്നു. പിന്നീട് മറ്റൊരു വഴിയിലൂടെ തിരിച്ച് ബിഹിശ്തി മഖ്ബറയിലെത്തി. വീണ്ടും ഖബ്റിൽ ദുആചെയ്തു. അന്നേ ദിവസം മഗ്‌രിബ് നമസ്കാരത്തിനുശേഷം മൂന്നാം തവണയും ബിഹിശ്തി മഖ്ബറയിൽ പോകുകയും ദുആയിരക്കുകയും ചെയ്തു.

**മസ്ജിദ് അഖ്സ്വയിൽ യാത്രയയപ്പു പരിപാടി:**

ജുമുഅ നമസ്കാരത്തിനുശേഷം ഹുദൂറിനെ ആലിംഗനം ചെയ്യുന്നതിന് ധാരാളംപേർ മസ്ജിദ് അഖ്സ്വയിൽ വന്നിരുന്നു. അവർക്ക് ഹുദൂറുമായി ഹസ്തദാനം ചെയ്യാനുള്ള സൗഭാഗ്യം സിദ്ധിച്ചു. ഹുദൂർ അസ്ർ നമസ്കാരം മസ്ജിദ് മുബാറക്കിലാണ് നിർവഹിച്ചത്. പിന്നീട് മസ്ജിദ് അഖ്സ്വയിൽ പോകുകയും തന്റെ കൂടെ വരുന്ന ആളുകളുമൊത്ത് ഫോട്ടോ എടുക്കുകയും ചെയ്തു. ആ അവസരത്തിൽ ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദു ഇസ്മായീൽ സാഹിബിന്റെؓ ഒരു പദ്യം മദ്രസ അഹ്മദിയ്യായിലെ വിദ്യാർഥി അബ്ദുൽ അസീസ് സാഹിബ് വിഷമം തുടിക്കുന്ന ശബ്ദത്തിൽ ആലപിച്ചു. ആ നേരത്ത് ഹുദൂറിന്റെ നയനങ്ങളിൽനിന്ന് കണ്ണീർ വീഴുകയും അവസാനനിമിഷംവരെ അവിടത്തെ മുഖകമലം റുമാൽകൊണ്ട് മറച്ചുപിടിക്കുകയും ചെയ്തു. പദ്യത്തിലെ വേദനാജനകമായ വരികൾ ദുഃഖമയമായ ഹൃദയത്തിന്റേയും തിളച്ചുപൊന്തുന്ന ആവേശത്തിന്റേയും ദർപണമായിരുന്നു. അത് പലരുടേയും നയനങ്ങളെ ആർദ്രതയുള്ളതാക്കുകയും അവരുടെ മാനസികാവസ്ഥകളുടെ വ്യാഖ്യാനം പ്രകടിപ്പിക്കുകയും ചെയ്തു.

**ഖാദിയാനിൽനിന്നുള്ള യാത്ര:**

ജൂലൈ 12 യാത്രപുറപ്പെടുന്ന ദിവസമായിരുന്നു. രാവിലെതന്നെ ബിഹിശ്തി മഖ്ബറയിൽ ഖബ്ർ സിയാറത്തിനുപോയി. അന്നേദിവസം സ്വുബ്ഹി നമസ്കാരത്തിനുശേഷം മസ്ജിദ് മുബാറക്കിനടത്തുള്ള അങ്ങാടിയിൽ ആളുകൾ ഒരുമിച്ചുകൂടാൻ തുടങ്ങി. 8 മണിയോടെ ഹുദൂർؓദുആ ചെയ്യിക്കുകയാണെന്ന വിളംബരമുണ്ടായി. സകലരും ദുആ ചെയ്യുന്നതിന് കൈകളുയർത്തി. ഹുദൂർ ബയ്ത്തുദ്ദുആയിലിരുന്നുകൊണ്ട് ദീർഘമായി ദുആ ചെയ്തു. പിന്നീട് വീട്ടിൽനിന്ന് പുറത്തുവന്നു. ഹുദൂറിന് കൈകൊടുക്കാൻ ജമാഅത്തംഗങ്ങൾ വിഷമത്തോടെ മുന്നോട്ടു നീങ്ങി. പക്ഷേ, കൈകൊടുക്കൽ വഴിയിലെ വളവിലായിരിക്കുമെന്നാണ് വിളംബരമുണ്ടായത്. ഹുദൂറിനെ വലയത്തിനുള്ളിലാക്കി ജനക്കൂട്ടത്തെ പിന്നിലാക്കാനുള്ള സംവിധാനം സംഘാടകർ ചെയ്തിരുന്നു. എന്നാൽ, ജനക്കൂട്ടത്തിന്റെ തിരക്കുകൊണ്ട് അവരെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഒരാൾ മറ്റേോരാളുടെമേൽ വീഴുന്നതും കാണാമായിരുന്നു. പക്ഷേ, ഒരു വിധത്തിലുള്ള പരിഭ്രാന്തിയുമില്ലാതെ വീണ്ടും എഴുന്നേറ്റ് മുന്നോട്ടു കടക്കാനുള്ള ശ്രമം നടന്നുകൊണ്ടിരുന്നു. ജനക്കൂട്ടത്തിന്റെ ശക്തമായ തിരക്കുകാരണം പൊടിപടലങ്ങൾ കാർമേഘം കണക്കെ പൊന്തിവരുന്നുണ്ടായിരുന്നു. ഹുദൂറിന്ؓബുദ്ധിമുട്ടുണ്ടാകുമെന്ന് കരുതി ആളുകൾ ഹുദൂറിന്റെ അടുത്തു വരുന്നത് തടഞ്ഞു. അപ്പോൾ അത് അനിഷ്ടകരമായി കണ്ട് ആരേയും തടയരുതെന്ന് കൽപ്പന നല്കുകയും ചെയ്തു. ‘ഞാനും മെല്ലെ നടക്കാം നിങ്ങളും മെല്ലെ നടക്കുക’ എന്ന് ഹുദൂർ പറഞ്ഞു. ഹദൂർ വഴിയുടെ വളവിലെത്തി. അവിടെ ധാരാളമാളുകൾ പ്രത്യേകിച്ച് സ്ത്രീകൾ തിങ്ങിനിറഞ്ഞിരുന്നു. പിന്നീട് മുഴവൻ ജനക്കൂട്ടത്തോടൊപ്പം ഹുദൂർؓദീർഘനേരം ദുആ ചെയ്തു.

ദുആയ്ക്കുശേഷം ജനക്കൂട്ടത്തിന്റെ ഫോട്ടോ എടുത്തു. ഹുദൂർؓതന്റെ മാതാവ് ഹദ്റത്ത് ഉമ്മുൽമുഅ്മിനീന്റെ നിർദേശപ്രകാരം അവരെ കാണാൻവേണ്ടി പുരുഷന്മാരുടെ ഇടയിൽനിന്ന് പുറത്തുവന്നു. ഹദ്റത്ത് ഉമ്മുൽമുഅ്മിനീൻؓദീർഘനേരം ആശ്ലേഷിച്ചു. സ്നേഹംകൊണ്ടും വാത്സല്യംകൊണ്ടും കണ്ണീർ ധാരധാരയായി ഒഴുകി. ധാരാളം ദുആ ചെയ്തു. അതുകഴിഞ്ഞ് ഹുദൂർؓ വാഹനത്തിന്റെ അടുത്തുനിന്നു. ജമാഅത്തംഗങ്ങൾ ഓരോരുത്തരായി ഹുദൂറിന് കൈകൊടുത്തതിനുശേഷം വരിയിൽ വന്നുനിന്നു. ഹുദൂർ വാഹനത്തിൽ കയറി. ഹുദൂറിന്റെ കൂടെയാത്രചെയ്യുന്നവരുടെ രണ്ടുവാഹനവും അല്ലാഹുഅക്ബർ എന്ന നഅ്റെ വിളിച്ചുകൊണ്ട് യാത്ര പുറപ്പെട്ടു.*(അൽഫള്ൽ 1924 ജൂലൈ 15, പേജ് 1-2)*

യാത്രാസംഘത്തിന് ബട്ടാലയിലെത്താൻ താമസം നേരിട്ടു. ഹുദൂറിനെ പ്രതീക്ഷിച്ച് വണ്ടി റയിൽവെസ്റ്റേഷനിൽ നിക്കുകയാണ്. ബട്ടാല ജമാഅത്തിലെ സഹോദരങ്ങളെല്ലാം അങ്ങേയറ്റത്തെ മാനസിക സംഘർഷത്തിലായിരുന്നു. അപ്പോൾ ഹുദൂറും സഹയാത്രികരും ബട്ടാല സ്റ്റേഷനിലെത്തി. ഈ സമയമെല്ലാം അല്ലാഹുഅക്ബർ എന്ന ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു.

**ബട്ടാലയിൽനിന്നുള്ള യാത്ര:**

വണ്ടി ബട്ടാലയിൽനിന്ന് ജയന്തിപൂർ എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെയും തീർഥാടകരുടെ ഒരു സംഘം ഹുദൂറിന്റെ വണ്ടിയുടെ അടുത്തുണ്ടായിരുന്നു. അമൃതസർ സ്റ്റേഷനിലും ധാരാളം അഹ്മദികളുണ്ടായിരുന്നു. അവർ ലാഹോറിന്റേയും അമൃതസറിന്റേയും പ്രാന്തപ്രദേശങ്ങളിൽനിന്ന് ഹുദൂർ വരുന്നുണ്ടെന്ന വാർത്ത അറിഞ്ഞെത്തിയവരാണ്. ലാഹോറിലേയും അമൃതസറിലേയും ജമാഅത്തുകൾ ഫോട്ടോയുമെടുത്തു.

**ബിയാസ് റയിൽവെസ്റ്റേഷൻ:**

വണ്ടി ബിയാസ് റയിൽവെസ്റ്റേഷനിലെത്തിയപ്പോൾ മുമ്പേകിട്ടിയ വിവരമനുസിരിച്ച് ഹുദൂർ ഫോട്ടോയെടുക്കാൻ പോയി. അവിടെ ഹുദൂറിന്റെ 3 ഫോട്ടോകളെടുത്തു.

**ജലന്തർ ഫഗ്‌വാഡ ഫലോർ:**

ജലന്തർ സിറ്റി, ജലന്തർ കാന്റ്, ഫഗ്‌വാഡ, ഫലോർ എന്നീ സ്റ്റേഷനുകളിലും ആത്മാർഥരായ ജമാഅത്തംഗങ്ങൾ എത്തിയിരുന്നു. ജലന്തർ ജില്ല, ഹോശിയാർപൂർ എന്നീ സ്ഥലങ്ങളിലുള്ള ആത്മാർഥരും തങ്ങളുടെ സ്നേഹവും ആത്മാർഥതയും പ്രകടിപ്പിക്കുകയുണ്ടായി.

**ലുധിയാന:**

ലുധിയാനയിൽ നഗരങ്ങൾക്കുപുറമെ ഗ്രാമങ്ങളിലേയും പ്രാന്തപ്രദേശങ്ങളിലേയും അഹ്മദികൾ ഒരുമിച്ചുകൂടിയിരുന്നു. ലുധിയാന ജമാഅത്ത് ഈ സന്തോഷത്തിൽ വണ്ടിയിലെ മുഴുവൻ യാത്രക്കാർക്കും ഐസിന്റേയും പാലിന്റേയും ശർബ്ബത്ത് വിതരണം ചെയ്തു. ജലന്തർ സ്റ്റേഷനിൽ ജമാഅത്തുകൾ ഐസ് സോഡയും ഹോശിയാർപൂരിലെ മാങ്ങകളുംകൊണ്ട് സേവനം ചെയ്തു.

**ഘന്ന:**

ഘന്ന സ്റ്റേഷനിൽ ആദരണീയരായ മുൻശീ അബ്ദുല്ലാഹ് സാഹിബ് സന്നൗരി തയ്യാറാക്കിയ ഗൗസ് ഗഡ് ജമാഅത്ത് 18 മൈൽദൂരം നടന്നാണ് സന്നിഹിതരായത്......ഒരുസ്ത്രീ വളരെ വീരത്വമാണ് കാണിച്ചത്. വണ്ടി പുറപ്പെടാനുള്ള വിസ്സിൽ മുഴങ്ങിയിരുന്നു. വണ്ടി പുറപ്പെടാൻ പോവുകയാണ് താഴെനിന്ന് സലാം പറഞ്ഞാൽ മതിയെന്ന് പറഞ്ഞ് അവരെ തടഞ്ഞു. പക്ഷേ, അവർ ചെവിക്കൊണ്ടില്ല. പർദധരിച്ച് വണ്ടിയിൽ കയറി ഹുദൂറിന്റെ സന്നിധിയിലെത്തി. വണ്ടി പുറപ്പെട്ടു കഴിഞ്ഞിരുന്നു. സ്ത്രീ ഇറങ്ങാൻ ശ്രമിച്ചു. ഓടിക്കൊണ്ടിരുന്ന വണ്ടിയിൽനിന്ന് ചാടി. തലയ്ക്കു പരിക്കുപറ്റേണ്ടതും ശരീരം മുഴുവനും രക്തംകൊണ്ട് നിറയേണ്ടതുമായിരുന്നു. പക്ഷേ, ഒരു അഹ്മദി സുഹൃത്ത് കുതിച്ചുകൊണ്ട് മാതാവ് കുട്ടിയെ മടിയിലെടുക്കുന്നതുപോലെ അവരെ എടുത്തു.

**രാജ്പുരാ സ്റ്റേഷൻ:**

രാജ്പുര സ്റ്റേഷനിൽ പട്യാല ജമാഅത്ത് ഭക്ഷണത്തിനുള്ള ഏർപാട് ചെയ്തിരുന്നു. ഭക്ഷണം മുഴുവൻ സ്നേഹിതന്മാർക്കും വിതരണം ചെയ്യുകയും സുഹൃത്തുക്കളെല്ലാവരും അംബാലവരെ കൂടെപ്പോകുകും ചെയ്തു.

**മുസഫ്ഫർ നഗർ, മീററ്റ്:**

മുസഫ്ഫർ നഗറിലേയും മീററ്റിലേയും സ്നേഹിതന്മാർ ഹുദൂറിന്റെ കൈ മുത്താനും സിയാറത്ത് ചെയ്യാനും വരികയും അനുഗ്രഹം കരസ്ഥമാക്കി മടങ്ങിപ്പോകുകയും ചെയ്തു. ഗാസിയബാദിൽ വന്ന് ഡൽഹിലെത്തി.

ഡൽഹി സ്റ്റേഷൻ, ജൂലൈ 13: ജമാഅത്ത് ഗംഭീരമായ സ്വാഗതപതാക തയ്യാറാക്കി പ്ലാറ്റുഫോമിൽ സ്വാഗതം ചെയ്യാൻ സന്നിഹിതരായിരുന്നു. ഫോട്ടോ എടുക്കാൻ പ്രത്യേക സംവിധാനമൊരുക്കിയിരുന്നു. ഉച്ചഭക്ഷണത്തിനുള്ള ഏർപാടും ഡൽഹി ജമാഅത്ത് ചെയ്തിരുന്നു. പാലും ചായയും ഐസും വന്നു. ബറേലി, ശാഹ്ജഹാൻപൂർ എന്നീ ജമാഅത്തുകളും ഖാഇംഗഞ്ചിലെ അബ്ദുൽഗഫ്ഫാർ ഖാൻ സാഹിബും ഡൽഹിയിലെ സ്റ്റേഷനിൽ വന്നിരുന്നു. അലീഗഢിൽനിന്ന് ഡോക്ടർ ഇഖ്ബാൽ അലി സാഹബ് അഫീഅൻഹുവും വന്നിരുന്നു.

ഡൽഹിയിൽനിന്ന് പുറപ്പെട്ട് പല സ്റ്റേഷനുകൾ താണ്ടി ഒരു സ്ഥലത്ത് വണ്ടി നിന്നു. അവിടേയും രണ്ടുമൂന്നു സഹോദരന്മാർ ഹുദൂറിനെ കാണുന്നതിനുവേണ്ടി വന്നിരുന്നു. ഡൽഹിയിൽനിന്നുകൊണ്ടുവന്ന ഭക്ഷണം വണ്ടിയിൽ സഹോദരന്മാർക്ക് വിതരണം ചെയ്തു.

**മധുര സ്റ്റേഷൻ:**

മധുരസ്റ്റേഷനിൽ ആഗ്രജമാഅത്തിലെ അംഗങ്ങൾ ഹാജരായിരുന്നു. നമ്മുടെ ‘മൈതാനെ ഇൻസിദാദ് വ ഫിത്ന ഇർത്തിദാദ് അമീറുൽ മുജാഹിദീനും’ വന്നിരുന്നു. ഫർഖാബാദിൽനിന്നും മെയിൻ പൂരിപ്രദേശത്തുനിന്നും മാസ്റ്റർ മുഹമ്മദ് ശഫീഅ് സാഹിബ് അസ്‌ലമും മൗലവി ഗുലാം മുഹമ്മദു സാഹിബും

വന്നിരുന്നു. ഫോട്ടോ എടുക്കാനുള്ള സംവിധാനം ചെയ്തിരുന്നു. ഫോട്ടോ എടുത്തു. എല്ലാ സ്നേഹിതന്മാരും മധുരമുതൽ ആഗ്ര ജംഗ്ഷൻവരെ ഹുദൂറിനോടൊപ്പം യാത്ര ചെയ്തു.

**ഭോപ്പാൽ:**

ആഗ്രയിൽനിന്ന് പുറപ്പെട്ട് ഗ്വാളിയാർ, ഝാൻസി, ബീന എന്നീ സ്റ്റേഷനുകളിലൂടെ കടന്ന് അർധരാത്രിയോടെ ഭോപ്പാൽ സ്റ്റേഷനിലെത്തി. അവിടെ ബഹുമാനപ്പെട്ട ബാബു അലി ബഖ്ശ് സാഹിബ് അഹ്മദി സബ് ഓവർസിയർ ഒരു ടിൻ നെയ്യുമായാണ് ഹാജരായത്. അവരോടൊപ്പം ഹദ്റത്ത് മൗലവി ഉബയ്ദുല്ലാഹ് സാഹിബും മറ്റു ഒന്നു രണ്ടു സഹോദരന്മാരുമുണ്ടായിരുന്നു. ഭോപ്പാലിനുശേഷം മുംബൈയിലെ അവസാന സ്റ്റേഷനായ വിക്ടോറിയ ടെർമിനൽവരെ ഒരു ജമാഅത്തും കിട്ടിയില്ല.

**ജൂലൈ 14 ഈദുൽ ഉള്ഹിയ നമസ്കാരം:**

1924 ജൂലൈ 14-ാം തിയതി ബലിപ്പെരുന്നാൾ ദിവസമായിരുന്നു. യാത്രക്കിടെയാണ് ആ പെരുന്നാൾ വന്നത്. ഹദൂർﷺമൻമാട് സ്റ്റേഷനിലെ പ്ലാറ്റുഫോമിൽ പെരുന്നാൾ നമസ്കരിപ്പിച്ചു. ഹ്രസ്വമായ ഖുത്ബ കൊടുത്തു. പ്ലാറ്റുഫോമിൽനിന്നെഴുന്നേറ്റ് വണ്ടിയിൽ വന്നാണ് ഹുദൂർ ദുആ ചെയ്തത്.

**ഇംഗ്ലീഷിൽ സംസാരം:**

എല്ലാവരും ചേർന്ന് ഇംഗ്ലീഷിൽ സംസാരിക്കണമെന്നും ആരെങ്കിലും ഉർദുവിൽ സംസാരിച്ചാൽ ഒരണ പിഴ ഈടാക്കുമെന്നും 13-ന് വൈകുന്നേരം ഹുദൂർ കൽപ്പന നല്കി. ഇംഗ്ലീഷിനു പുറമെ അറബിയിൽ സംസാരിക്കുന്നതിനും അനുവാദമുണ്ടായിരുന്നു. പക്ഷേ, അന്യരാരെങ്കിലും പങ്കെടുക്കുകയാണെങ്കിൽ ഉർദുവിൽ സംസാരിക്കാനുള്ള അനുവാദവുമുണ്ടായിരുന്നു.

**മുംബൈയിൽ ഇറക്കം:**

മുംബൈസ്റ്റേഷനിൽ വണ്ടി വൈകുന്നേരം 5 മണിക്കെത്തി. ജമാഅത്ത് സന്നിഹിതരായിരുന്നു. വണ്ടികളുണ്ടായിരുന്നു. ഫോട്ടോ എടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഹസ്തദാനത്തിനുശേഷം ഫോട്ടോ എടുത്തു. വൈകുന്നേരം ഏഴരമണിക്കുശേഷമാണ് മേറ്റ്നി ബിൽഡിംഗിലെത്തിയത്. മുംബൈയിലെത്തിയയുടനെ എസ്.എസ് ആഫ്രിക്ക എന്നുപേരുള്ള നമ്മുടെ കപ്പൽ രാവിലെ എട്ടരമണിക്ക് പുറപ്പെടുമെന്നുള്ള വിവരം തോമസ്സ് കിക് കമ്പിനിയുടെ ഭാഗത്തുനിന്ന് ലഭിച്ചു. അതിരാവിലെ 6 മണിക്ക് പുറപ്പെടണമായിരുന്നു.

മുംബൈ: വണ്ടിയിൽനിന്നിറങ്ങിയുടനെ കപ്പൽ അതിരാവിലെ പുറപ്പെടുമെന്നുള്ള സന്ദേശം ലഭിച്ചുവെന്ന് മുകളിൽ പറഞ്ഞുവല്ലോ? ഈ വാർത്തയുടെ സ്വാധീനം ഞങ്ങളിലെല്ലാവരിലുമുണ്ടായിരുന്നു. കാരണം അധികസാധനങ്ങളും മുംബൈയിൽ നിന്ന് വാങ്ങാമെന്ന് തീരുമാനിച്ചിരുന്നതാണ്. അതാണെങ്കിൽ ഇപ്പോൾ സാധ്യമാകുകയുമില്ല. വളരെയധികം ശ്രമിച്ചു. രാത്രി മുഴുവൻ ഉണർന്നിരുന്നു. പക്ഷേ, ഒന്നുമായില്ല. അത്യാവശ്യമായ കാര്യങ്ങൾ പലതും ചെയ്യാൻ ബാക്കിയായി.

**മുംബൈയിൽനിന്ന് നിർഗമനവും ഏദനിൽ ആഗമനവും.**

രണ്ടാംദിവസം അതായത് 1924 ജൂലൈ 15-ന് ഏകദേശം 7 മണിക്ക് ഹുദൂർ തന്റെ കൂട്ടുകാരോടൊപ്പം മുംബൈ കപ്പൽ തുറമുഖത്തെത്തി. ഹദൂറിനെ യാത്രയയക്കാൻ ഒരു പാട് ജമാഅത്തംഗങ്ങൾ തുറമുഖത്തുണ്ടായിരുന്നു. ഈ സമയത്ത് ഹുദൂർ സുദീർഘവും ഭക്തിനിർഭരവുമായി ദുആ ചെയ്തു. കപ്പൽ പുറപ്പെടേണ്ട സമയം കഴിഞ്ഞതറിഞ്ഞില്ല. പ്രാർഥനയിൽ നിരതനായതുകൊണ്ട് ദുആ അവസാനിപ്പിക്കണമെന്ന് കപ്പിത്താന് പറയാൻ കഴിഞ്ഞില്ല. അങ്ങനെ ഹുദൂർ ദുആ അവസാനിപ്പിച്ചു. ആ ദുആയോടുകൂടി ജമാഅത്തിനോടു യാത്ര പറഞ്ഞു: *അസ്സലാമുഅലയ്ക്കും.* ഖുദാ ഹാഫിള് എന്ന ശബ്ദത്താൽ അന്തരീക്ഷം മുഖരിതമായി. ചെറിയ ആവിക്കപ്പൽ മുഖേനയാണ് കപ്പൽ ചലിപ്പിച്ചത്. ജമാഅത്തംഗങ്ങളെല്ലാം തൊട്ടടുത്ത കരയിൽനിൽപ്പുണ്ടായിരുന്നു. ഹൂദൂർ മനസ്സിൽ ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പിന്നീട് ക്ഷണത്തിൽ ഹുദൂറിലൊരു ആവേശമുണ്ടായി. നിറകണ്ണുകളോടെ അവിടന്ന് വീണ്ടും ജമാഅത്തിനുവേണ്ടി സങ്കടത്തോടും വേദനയോടും കൂടി ദീർഘമായി ദുആ ചെയ്തു.

ഇപ്പോൾ കപ്പൽ മെല്ലെ ഓടാൻ തുടങ്ങിയിരുന്നു. സ്നേഹിതന്മാർ വേഗംവേഗം ദൃഷ്ടിയിൽനിന്ന് മറയാൻതുടങ്ങി. എന്നാൽ, ഹുദൂറിന്റെ വാത്സല്യത്തിന്റേയും സ്നേഹത്തിന്റേയും അത്ഭുതകരമായ ഒരുലോകം കാണാൻ കഴിഞ്ഞു. കപ്പൽ മുന്നോട്ടു നീങ്ങുന്നതനുസരിച്ച് സഹോദരന്മാരും അങ്ങോട്ടു മിങ്ങോട്ടും നീങ്ങിക്കൊണ്ടിരുന്നു. ജമാഅത്തംഗങ്ങളുടെ അടുത്തു പോയി ദുആ ചെയ്യുന്ന നേരത്ത് ചാറ്റൽമഴ ഉണ്ടായിരുന്നു. ഹുദൂറിന്റെ വസ്ത്രം നനഞ്ഞു. എന്നാൽ, ഹുദൂർ അതൊന്നും ഗൗനിച്ചില്ല. തന്റെ ഖുദ്ദാമിനോടുള്ള സ്നേഹം ഹുദൂറിനെ അസ്വസ്ഥനാക്കിയിരുന്നു. ഹുദൂർ കപ്പലിൽ നാലുഭാഗത്തും വളരെ അസ്വസ്ഥതയോടെ ചുറ്റിക്കൊണ്ടിരുന്നു. അങ്ങനെ സ്നേഹിതന്മാരെല്ലാം ദൃഷ്ടിയിൽനിന്ന് മറഞ്ഞു.

മുംബൈയിൽ ബാബു അബ്ദുൽഗനി സാഹിബിനോടു മൗലവി റഹീം ബഖ്ശ് സാഹിബ് ചില സ്ഥലങ്ങളിൽനിന്ന് കപ്പൽ പുറപ്പെടുന്നതിനെ സംബന്ധിച്ച് കമ്പിസന്ദേശം നല്കണമെന്ന് പറഞ്ഞിരുന്നു. ഉദാഹരണത്തിന് ലണ്ടൻ, ഈജിപ്ത്, ഖാദിയാൻ തുടങ്ങിയ സ്ഥലങ്ങളിൽ. ആ സ്നേഹിതൻ ഇതു പൂർത്തിയാക്കിക്കൊണ്ട് ഒരു കമ്പിസന്ദേശം നല്കി. അത് മൂന്നാം ദിവസം കപ്പലിൽ വയർലസ്സ് ടെലിഗ്രാഫിയിൽനിന്ന് ഞങ്ങൾക്കു കിട്ടി. 'എല്ലാ കൽപ്പനകളും നിറവേറ്റിയിരിക്കുന്നു' എന്നതായിരുന്നു കമ്പിസന്ദേശത്തിന്റെ വിഷയം. ഈ കമ്പി സന്ദേശവും ഖുദ്റത്തിന്റെ അത്ഭുതങ്ങളിലെ ഒരു അമാനുഷിക സംഭവമായിരുന്നു. **ഇദസ്സുഹ്ഫു നുശിറത്ത്** (81:11) ഏടുകൾ നിവർത്തപ്പെടുമ്പോൾ! ഇതിന്റെ വാഗ്ദാനം പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദുﷺമായി ബന്ധപ്പെട്ടതായിരുന്നു. അത് പുലരുന്നത് കണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സുജൂദുകൾ ചെയ്യാൻ മനസ്സ് ആഗ്രഹിക്കുന്നു. അന്നേ ദിവസം ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നിർദേശ പ്രകാരം അമീർ സാഹിബ് ഖാദിയാനിലെ ജമാഅത്തിന്റെ സന്നിധിയിൽ ഒരു കമ്പിസന്ദേശമയച്ചു. അതിലെ വിഷയം ഇതായിരുന്നു: 'കടൽ വളരെ പ്രക്ഷുബ്ധമായിരിക്കുന്നു. ഭായിജീയും സിയാൽ സാഹിബും ഒഴികെ ബാക്കിയെല്ലാവരും രോഗബാധിതരാണ്. ഹുദൂറിന്റെ ആരോഗ്യം നല്ലതുതന്നെ.' ഈ കമ്പിസന്ദേശം 35 അക്ഷരങ്ങളുള്ളതായിരുന്നു. 26 രൂപ ചെലവായി. ഈ സ്ഥലത്തുനിന്ന് ഈ തുകയ്ക്ക് കമ്പിസന്ദേശം അയക്കുന്നത് മറ്റു സ്ഥലങ്ങളിൽനിന്ന് അയക്കുന്നതിനെ അപേക്ഷിച്ച് കുറവായിരുന്നു. കമ്പിസന്ദേശം അയച്ചപ്പോൾ, ഖാദിയാനിൽ തങ്ങളുടെ അവസ്ഥയെത്തി, ഇനി അവിടെയുള്ള സ്നേഹിതന്മാർ തങ്ങൾക്കുവേണ്ടി തീർച്ചയായും ദുആ ചെയ്യുകയും ദൈവകാരുണ്യമിറങ്ങി തങ്ങൾക്ക് ആകാശത്തുനിന്ന് സഹായമുണ്ടാകുകയും ചെയ്യുമെന്നോർത്ത് ഇവിടുത്തെ സ്നേഹിതന്മാരിൽ സമാധാനവും ശാന്തിയുമുണ്ടായി.*(സഫ്റെ യൂറോപ്പ് പേജ് 17)*

**ഒരു ചിന്താർഹമായ കാര്യം:**

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിക്ക് ﷺ ഈ യാത്രയിൽ വളരെ ചിന്തയും വേലാതിയുമുണ്ടായിരുന്നു. അത് ആ മഹാത്മാവിനെ രാപ്പകൽ ചിന്താകുലനാക്കി. യൂറോപ്പിന്റെ പരിഷ്കരണത്തേയും അവരുടെ ബുദ്ധിപരമായ പുരോഗതിയേയും എങ്ങനെ നേരിടണമെന്നതായിരുന്നു അത്. തന്റെ കൂടെയുള്ളവരോടു ആ മഹാത്മാവ് പറഞ്ഞു: ''യൂറോപ്പിനെ സംബന്ധിച്ച് അവിടെ ഈ മതം എങ്ങനെ വിജയം പ്രാപിക്കുമെന്നതിനെപ്പറ്റി എനിക്ക് ഭയമോ ചിന്തയോ ഇല്ല. മതത്തെ കുറിച്ച് എന്റെ ദൃഢജ്ഞാനം ക്രിസ്ത്യാനിഇസ്‌ലാമിന്റെ മുമ്പിൽ ക്ഷണത്തിൽ ലജ്ജിതനാകുമെന്നതാണ്. യൂറോപ്പിന്റെ പരിഷ്കാരത്തേയും പുരോഗതിയേയും അവരുടെ ബുദ്ധിപരമായ വളർച്ചയേയും എങ്ങനെ നേരിടാനാകുമെന്നാണ് എന്റെ ചിന്ത. ഈ രണ്ടു കാര്യത്തെ കുറിച്ച് ചിന്തിച്ചാണ് ഞാൻ രാത്രി കഴിച്ചുകൂട്ടുന്നത്. മണിക്കൂറുകളോളം ഇതിൽത്തന്നെ മുഴുകിയിരിക്കും.'' വീണ്ടും പറഞ്ഞു:''ഇംഗ്ലീഷ് വസ്ത്രധാരണത്തോടു എനിക്ക് അങ്ങേയറ്റം വെറുപ്പാണ്. നമ്മുടെ കുട്ടികളിലാരെങ്കിലും പാന്റും തൊപ്പിയുമുപയോഗിക്കുകയാണെങ്കിൽ അവനെ ശിക്ഷിക്കേണ്ടതാണ്. ഏതൊരു സമൂഹത്തിന്റെയടുത്ത് സ്വന്തമായരീതിയിൽ വസ്ത്രധാരണമില്ലാതിരിക്കുകയും മറ്റുള്ളവരുടെ വസ്ത്രധാരണത്തെ സ്വന്തം വസ്ത്രധാരണത്തെക്കാൾ മികച്ചതെന്നു കരുതി അതു നടപ്പിൽവരുത്താനാഗ്രഹിക്കുകയും ചെയ്യുന്ന സമൂഹം അക്കൂട്ടരെ എങ്ങനെ നേരിടാനാണ്? നബിﷺതിരുമേനി അറബികളുടെ കണ്ണുതുറന്നപ്പോൾത്തന്നെ ഈ യാഥാർഥ്യം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ ആ ധന്യാത്മാവ് പറഞ്ഞു: **ഖാലഫുൽയഹൂദ വന്നസ്സ്വാറാ**-വീണ്ടും പറഞ്ഞു: **മൻ തശബ്ബഹ ബി ഖൗമിൻ ഫഹുവ മിൻഹും** ആരാണോ മറ്റു സമൂഹത്തെ അനുകരിക്കുന്നത് അവൻ അവരിൽപ്പെടുന്നവനായിരിക്കും. ആരാണോ മറ്റു സമൂഹത്തിന്റെ വസ്ത്രധാരണവും പരിഷ്കാരവും സ്വീകരിക്കുന്നത് അവൻ ഹൃദയം കൊണ്ട് അവരിലുൾപ്പെടുന്നു. കാരണം അവന്റെ ഹൃദയം അവരുടെ മഹത്ത്വവും ശ്രേഷ്ഠതയും അംഗീകരിച്ചിരിക്കുന്നു. *(അൽഫള്ൽ 1924 ആഗസ്റ്റ് 23, പേജ് 8-9)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീﷺകൊടുങ്കാറ്റുള്ള അവസ്ഥയിലും പൊതുവെ നമസ്കാരം ജമാഅത്തോടുകൂടി നിർവഹിക്കുന്നതിൽ നിർബന്ധം ചെലുത്തുകയും തന്റെ കൂട്ടുകാർക്കുവേണ്ടി വളരെയധികം പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. അവസാനം അഞ്ചാമത്തെ ദിവസം അതായത് 19-ാം തിയതി കൊടുങ്കാറ്റിന്റെ അവസ്ഥയ്ക്ക് മാറ്റം വന്നു. ആറാമത്തെ ദിവസം അതായത് ജൂലൈ 20-ന് ഒരു പരിധിവരെ കൊടുങ്കാറ്റ് നിന്നു.

**ഉത്തമമായൊരു പ്രസംഗം:**

ഏഴാമത്തെ ദിവസം 1924 ജൂലൈ 21-ന് ഹുദൂർ തന്റെ സേവകരോടൊപ്പം രാത്രി ഏകദേശം ഒന്നര മണിവരെ ഉണ്ടായിരുന്നു. മെക്കാനിക്കൽ എഞ്ചിനിയറിംഗിന് പഠിക്കാൻ ജർമനി പോകുന്ന നാഗപൂർ കാരനായ ഒരു ഹിന്ദുസഹോദരൻ മിസ്റ്റർ ജോഷി ഹുദൂറിന്റെ തിരുസന്നിധിയിൽ വന്നു. ഹുദൂർ 'യഥാർഥ മതത്തെ തിരിച്ചറിയുക, അതുപോലെതന്നെ ജീവനുള്ള അല്ലാഹുവിൽ വിശ്വസിക്കേണ്ട മാർഗങ്ങൾ' എന്നീ വിഷയങ്ങളെക്കുറിച്ച് ഉഗ്രൻ പ്രസംഗം നടത്തി. അത് മിസ്റ്റർ ജോഷിയെ അങ്ങേയറ്റം സ്വാധീനിച്ചു. യഥാർഥത്തിൽ തനിക്ക് ഇന്നൊരു പുതിയ അറിവാണ് ലഭിച്ചതെന്ന് പറഞ്ഞു.

**ഒരു തമാശ:**

ഒരു ദിവസം ചൗദ്‌രീ മുഹമ്മദു ശരീഫ് സാഹിബ് ലൈം ജ്യൂസ് ആവശ്യപ്പെട്ടു. കപ്പലിലെ ജോലിക്കാരൻ ലൈംജ്യൂസ് കൊണ്ടുവന്നു. ആ നേരത്ത് സാഹിബ്സാദ ശരീഫ് അഹ്മദ് സാഹിബ് അവിടെ ഉണ്ടായിരുന്നു. അത് അദ്ദേഹത്തിന് കൊടുത്തു. താൻ ആവശ്യപ്പെട്ടിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, ചൗദ്‌രീ മുഹമ്മദു ശരീഫ് സാഹിബ് ആവശ്യപ്പെട്ടിട്ടുണ്ടാകും. ഇത് കേട്ടപ്പോൾ ജോലിക്കാരൻ പറഞ്ഞു; എന്തു ചെയ്യാനാണ് നിങ്ങളിലെല്ലാവർക്കും താടിയുള്ളതുകൊണ്ട് തിരിച്ചറിയാൻ സാധിക്കുന്നില്ല. അപ്പോളെന്തായാലും കുഴപ്പമുണ്ടാകും. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ؓ പറഞ്ഞു:നിങ്ങളെ തിരിച്ചറിയുന്നതിൽ താടിയില്ലാത്ത കാരണത്താൽ ഞങ്ങൾക്കു കുഴപ്പമുണ്ടായിപ്പോകുന്നു.*(സഫ്റെ യൂറോപ്പ് പേജ് 25)*

എട്ടാം ദിവസം അതായത് ജൂലൈ 22-ന് ഏദൻതോട്ടത്തിനടുത്തെത്തിയപ്പോൾ ഹുദൂർ അർധരാത്രി തന്റെ പേനകൊണ്ട് ജമാഅത്തിന്റെ പേരിൽ വിശദമായ കത്തെഴുതി.

കപ്പൽ 1924 ജൂലൈ 23-ാം തിയതി രാവിലെ ഏകദേശം 9 മണിക്ക് സുഖമായെത്തി. ഹുദൂർ കമ്പി സന്ദേശം മുഖേന തന്റെ സുഖവവിരം അറിയിച്ചു.

**ഏദനിൽനിന്ന് സയീദ് തുറമുഖംവരെ:**

ഇപ്പോൾ ഏദനിൽനിന്ന് സയീദ് തുറമുഖത്തേക്ക് കപ്പൽ പുറപ്പെട്ടു. ഹദ്റത്ത് ഖലീഫത്തുൽമസീഹിന്റെ സമയം മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ദുആയിലും ഈ സുപ്രധാന യാത്രയെ സംബന്ധിച്ച് കർമപരമായ പരിപാടികളെ കുറിച്ച് ചിന്തിക്കുന്നതിലും ചെലവാകാൻ തുടങ്ങി. 1924 ജൂലൈ 24-ന് അദ്ദേഹം മിസ്റിൽ തബ്ലീഗ് സംബന്ധിച്ച് മണിക്കൂറുകളോളം സ്നേഹിതന്മാരിൽനിന്ന് അഭിപ്രായ മാരായുകയും ഒരു പദ്ധതി നിർദേശിക്കുകയും ചെയ്തു. ഈ യാത്രയുടെ പ്രാധാന്യവും ഉദ്ദേശ്യലക്ഷ്യവും പ്രയാസവുമെല്ലാം മുന്നിൽ വെച്ചുകൊണ്ട് സദാസമയവും ഇതിന് തയ്യാറായിരിക്കേണ്ടതാണെന്നും എല്ലാ അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹുവിനോടു എപ്പോഴും ദുആ ചെയ്യണമെന്നും താക്കീതു ചെയ്തു. ചുരുക്കത്തിൽ ഒരു നിമിഷംപോലും പാഴായിപ്പോകരുതെന്നുള്ള ചിന്തയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ജൂലൈ 24-നുതന്നെ ഹുദൂർ ദീർഘനേരം ഇസ്‌ലാമിക സമൂഹത്തിൽ ഐക്യം നിലനിറുത്തുന്നതിനുള്ള ഫലപ്രദമായ പദ്ധതി നിലനിറുത്തുന്നതിന് സംസാരിച്ചുകൊണ്ടിരുന്നു. ജൂലൈ 25-ന് 11-നും 12-നുമിടയിൽ ജിദ്ദയുടേയും മക്കയുടേയും ഇടയിലൂടെ കടന്നുപോകേണ്ടതായിരുന്നു. പ്രത്യേകമായും ദുആ ചെയ്യാൻ ഹുദൂർ ഉദ്ദേശിച്ചു. ഹുദൂർ രണ്ട് റക്അത്ത് ജമാഅത്തോടുകൂടി നമസ്കരിപ്പിച്ചു. അതിൽ വളരെ താഴ്മയോടെ ദുആ ചെയ്തു. ജൂലൈ 26-ന് ഹുദൂർ മുഴുവൻ സമയവും ലേഖനങ്ങളെഴുതുന്നതിൽ വ്യാപൃതനായി.

**സയീദ് തുറമുഖത്തുനിന്ന് ഖാഹിറ, ബയ്ത്തുൽമുഖദ്ദസും റോമായും:**

ഹുദൂറും കൂടെയുള്ളവരും അന്നേദിവസംതന്നെ സയീദിൽനിന്ന് എക്സ്പ്രസ്സ് വണ്ടിയിൽ ഖാഹിറയിലേക്ക് പോയി. ശേയ്ഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനിയുടെ വീട്ടിൽ താമസിച്ചു. ഖാഹിറയിൽ ഹുദൂറിന്റെ താമസം വെറും രണ്ടുദിവസമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ അനുഗ്രഹവും ശ്രദ്ധയും കാരണം രണ്ടുദിവസംകൊണ്ടുതന്നെ ഖാഹിറയുടെ അകത്ത് ജമാഅത്തിന്റെ പിന്തുണയുടെ കാര്യത്തിൽ ഒരു പുതിയ ഉണർവ്വുണ്ടായി.

ഹുദൂർ പറയുന്നു:രണ്ടു ദിവസം തങ്ങിയതിനുശേഷം ഞങ്ങൾ ഡമാസക്സിലേക്ക് പുറപ്പെട്ടു. എന്നാൽ, വഴിയിൽ ബയ്ത്തുൽമുഖദ്ദസ് വരുന്നതുകൊണ്ട് പ്രവാചകന്മാരുടെ സ്ഥലങ്ങൾ കാണാതെ പോകുന്നത് ശരിയല്ലെന്ന് തോന്നുകയും അവിടെ രണ്ടുദിവസം തങ്ങുകയും ചെയ്തു. ഇവിടെ കണ്ടിരുന്ന യഹൂദികളുടെ കരുണാർഹമായ അവസ്ഥ മറ്റെവിടേയും കാണാൻ കഴിഞ്ഞില്ല. ബയ്ത്തുൽ മുഖദ്ദസ് ഏറ്റവും വലിയ ആരാധനാലയമാണ്. അതിനെ ആദ്യം യഹൂദികളിൽനിന്ന് ക്രിസ്ത്യാനികൾ തട്ടിയെടുക്കുകയും പിന്നീട് മുസ്‌ലിമീങ്ങൾ ക്രിസ്ത്യാനികളിൽനിന്ന് തട്ടിയെടുത്ത് അതിനെ മസ്ജിദാക്കുകയും ചെയ്തു. ആഴ്ചയിൽ രണ്ടുദിവസം അതിന്റെ ചുമരിന്റെയടുത്തുനിന്നുകൊണ്ട് രണ്ടായിരം വർഷത്തോളമായി യഹൂദികൾ വിലപിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ അതു കാണാൻപോയ ദിവസം അവരുടെ വിലാപത്തിന്റെ ദിവസമായിരുന്നു. ആബാലവൃദ്ധമാളുകൾ ചുമരിന്റെ പിൻഭാഗത്ത് നിന്നുകൊണ്ട് ബൈബിളിലുള്ള പ്രാർഥനകൾ ചൊല്ലിക്കൊണ്ട് വിനയം കാണിക്കുന്നകാഴ്ച അങ്ങേയറ്റം ദുഃഖമയമാണ്. ബയ്ത്തുൽമുഖദ്ദസിലെ താഴെ പേരു കൊടുത്തിരിക്കുന്ന സ്ഥലങ്ങൾ സ്മരണീയമാണ്. പ്രവാചകപിതാവ് ഇബ്റാഹിമിന്റേയും ഹദ്റത്ത് ഇസ്ഹാഖിന്റേയും ഹദ്റത്ത് യഅ്ഖൂബിന്റേയും ഹദ്റത്ത് യൂസുഫിന്റേയും ഖബ്റുകൾ, ഹദ്റത്ത് ഉമർ ؓ നമസ്കരിച്ച സ്ഥലം-പിന്നീടിത് മസ്ജിദാക്കി-ഹദ്റത്ത് ഈസാ ؑ ജന്മംകൊണ്ട് സ്ഥലം.

ഹുദൂർ പറയുന്നു:അവിടെയുള്ള വലിയ വലിയ മുസ്‌ലിമീങ്ങളെ ഞാൻ കണ്ടു. അവർ സംതൃപ്തരുംയഹൂദികളെ പുറത്താക്കുന്നതിൽ വിജയിക്കുമെന്ന് ഉറച്ചുവിശ്വസിക്കുന്നവരുമായാണ് ഞാൻ കണ്ടത്. എന്നാൽ, എന്റെ വീക്ഷണത്തിൽ അവരുടെ ധാരണ തെറ്റാണ്. യഹൂദികൾ തങ്ങളുടെ പൂർവസ്ഥലം പിടിച്ചടക്കുന്നതിൽ മുഴുകിയിരിക്കുകയാണ്. വിശുദ്ധഖുർആനിലെ പ്രവചനങ്ങളിൽനിന്നും ഹദ്റത്ത് മസീഹ് മൗഊദിന്റെ ചില വെളിപാടുകളിൽനിന്നും മനസ്സിലാകുന്നത് യഹൂദികൾ തീർച്ചയായും ഈ നാട്ടിൽ വസിക്കുന്നതിൽ വിജയിക്കുമെന്നാണ്. അതുകൊണ്ട് എന്റെ നോട്ടത്തിൽ മുസ്‌ലിം നേതാക്കന്മാരുടെ ഈ സമാധാനം അവസാനം അവരുടെ നാശത്തിന് കാരണമായിത്തീരുമെന്നാണ്.......ഫലസ്തീനിലെ ഗവർണർ, ഹൈകമ്മീഷണർ എന്നാണ് പറയപ്പെടുന്നത്. യഥാർഥ ഹൈകമ്മീഷണർ ഈയിടെ ഇംഗ്ലണ്ടിൽ പോയിരിക്കുകയാണ്. അദ്ദേഹത്തിന്റെ സ്ഥാനത്ത് സർ ഗുൽബർട്ട് ക്ലീറ്ററാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ അദ്ദേഹത്തെ കണ്ടിരുന്നു. ഒരു മണിക്കൂറോളം രാജ്യാന്തര കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്തു. വിദ്യഭ്യാസകാര്യത്തിൽ തങ്ങൾക്ക് ഒരു സ്വാതന്ത്ര്യവുമില്ലെന്നത് പൊതുമുസ്‌ലിമീങ്ങളുടെ പരാതിയായിരുന്നു. ഞാനിതിനെ സംബന്ധിച്ച് അദ്ദേഹത്തോടു സംസാരിക്കുകയും മുസ്‌ലിമീങ്ങളുടെ ഈ പരാതി ഒരു പരിധിവരെ ശരിയാണെന്ന് അംഗീരിച്ചുകൊണ്ട് ഒരു ദിവസം മുമ്പേ ചർച്ച ചെയ്യാൻ അദ്ദേഹം ഒരു നിർദേശം ലണ്ടൻ മന്ത്രിസഭയിൽ അയച്ചുകൊടുത്തുവെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ക്ലീറ്റർ സാഹിബിന് ആദ്യ കൂടിക്കാഴ്ചയിൽത്തന്നെ നമ്മുടെ ജമാഅത്തിനോടു അങ്ങേയറ്റം താൽപര്യമുണ്ടായിരുന്നു. ഞങ്ങൾക്ക് അടുത്തദിവസം പോകേണ്ടതായിരുന്നു. പക്ഷേ ഒന്നര മണിക്ക് അദ്ദേഹത്തോടൊപ്പം ഞങ്ങൾ ഭക്ഷണം കഴിക്കണമെന്ന് അദ്ദേഹം നിർബന്ധം പിടിച്ചു. അങ്ങനെ അടുത്തദിവസവും ഒന്നരമണിക്കൂർനേരം അദ്ദേഹവുമായി സംസാരിച്ചു. ഫലസ്തീന്റെ അവസ്ഥയെ കുറിച്ച് പല അറിവുകളും അദ്ദേഹത്തിൽനിന്ന് എനിക്ക് ലഭിച്ചു. *(അൽഫള്ൽ, 1924 സെപ്റ്റംബർ 13, പേജ് 3-6)*

ഹുദൂർ ബയ്ത്തുൽമുഖദ്ദസിൽനിന്ന് ഡമാസ്കസിലേക്ക് പോയി. തുടക്കത്തിലാളുകൾ ഒരു താൽപര്യവും കാണിച്ചിരുന്നില്ല. പക്ഷേ, ദുആയ്ക്കുശേഷം കൂടിക്കാഴ്ചയ്ക്കായി ആളുകൾ നിറഞ്ഞൊഴുകി. ഇവിടുത്തെ കൂടിക്കാഴ്ചയെ പറ്റി ഹുദൂർതന്നെ പറയുകയാണ്:

'ഡമാസ്കസിൽ പ്രതീക്ഷിച്ചതിനെക്കാളും കൂടുതൽ വിജയമാണുണ്ടായത്. പത്രങ്ങൾ പ്രശംസിച്ചുകൊണ്ട് സുദീർഘമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ഡമാസ്കസിലെ വിദ്യാസമ്പന്നരായ ആളുകൾ വളരെ താൽപര്യത്തോടെയാണ് ഞങ്ങളെ സ്വീകരിച്ചത്. നമ്മുടെ മിഷനെ കുറിച്ചുള്ള വാർത്തകൾ പ്രസിദ്ധപ്പെടുത്തിയ മുഴുവൻ പത്രങ്ങളും പെട്ടെന്നാണ് വിറ്റഴിഞ്ഞത്.''*(അൽഫള്ൽ 1924 ആഗസ്റ്റ് 28 പേജ് 2)*

ഹുദൂർ 1924 ആഗസ്റ്റ് 10-ാം തിയതി ഡമാസ്കസിൽനിന്ന് പുറപ്പെട്ട് ബെയ്റുത്ത് വഴി ഹയ്ഫയിലെത്തി. അവിടെനിന്ന് ബഹായികളുടെ സെന്റർ കാണാൻ പോയി. അക്കയിൽ ബഹായികളാരുമില്ല. പ്രത്യുത മൂന്നു മൈൽ ദൂരെ മൻശിയ ഗ്രാമത്തിൽ ബഹായികൾ താമസിക്കുന്നുണ്ട്. രണ്ടുമണിക്കൂറിനുശേഷം തിരിച്ച് ഹയ്ഫയിൽ വന്നു. ആഗസ്റ്റ് 13-ന് ഹുദൂർ സയീദ് തുറമുഖത്തുനിന്ന് പൽന എന്നുപേരുള്ള കപ്പലിൽ ബറണ്ടസിലേക്ക് പുറപ്പെട്ടു. 1924 ആഗസ്റ്റ് 16-ാം തിയതി രാവിലെ ഒമ്പതരമണിക്ക് ഇറ്റലിയുടെ തുറമുഖമായ ബറണ്ടസിലെത്തി. ഹുദൂറും പരിവാരവും ബറണ്ടസിയിൽനിന്ന് വൈകുന്നേരം 6.30-ന് ട്രെൻയാത്ര ചെയ്ത് 1924 ആഗസ്റ്റ് 17-ാം തിയതി 9.30-ന് ക്രിസ്ത്യാനികളുടെ പോപ്പിന്റെ കേന്ദ്രമായ റോമിൽ പ്രവേശിച്ചു. ഹുദൂർ റോമിൽ നാലു ദിവസമാണ് തങ്ങിയത്. ഈ സമയമത്രയും ഹുദൂർ ജമാഅത്ത് പ്രചരിപ്പിക്കേണ്ട ജോലിയിൽ മുഴുകി. പത്രപ്രതിനിധികളും ഫോട്ടോ ഗ്രാഫർമാരും ഹുദൂറിനെ ഇന്റർവ്യു ചെയ്തു. ഹുദൂർ ഇറ്റലി പ്രധാനമന്ത്രി മുസോളിനിയുമായി കൂടിക്കാഴ്ച നടത്തുകയും അഹ്മദിയ്യ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞുകൊടുക്കുകയും മുസോളിനി വളരെ ആദരവോടുകൂടി പെരുമാറുകയും ചെയ്തു.

**ഇറ്റലിയിൽ പോപ്പിന് ഇസ്‌ലാമിന്റെ സന്ദേശം:**

പോപ്പിനെ കാണാനും അദ്ദേഹത്തിന് തബ്ലീഗ് ചെയ്യാനും ഹുദൂറിന് ഉദ്ദേശ്യമുണ്ടായിരുന്നു. പക്ഷേ, ഹുദൂർ വന്നപ്പോൾ പോപ്പ് കൂടിക്കാഴ്ചാ പരിപാടി നിറുത്തൽ ചെയ്തു. എന്നിരുന്നാലും ഹുദൂർ അദ്ദേഹത്തിന് സത്യസന്ദേശമെത്തിക്കാൻ ഉദ്ദേശിച്ചിരുന്നത് അല്ലാഹു വേറൊരു രീതിയിൽ എത്തിച്ചുകൊടുത്തു. അതായത് റോമിലെ ഏറ്റവും പ്രസിദ്ധവും കൂടുതൽ പ്രചാരത്തിലുള്ളതുമായ പത്രം''ലാറ്റർബിയോണ'' ഹുദൂറിന്റെ ഒരു ഇന്റർവ്യു വളരെ വിപുലമായ നിലയിൽ പ്രസിദ്ധീകരിച്ചു. അങ്ങ് പോപ്പിനെ കണ്ടാൽ എന്താണ് പറയാനുദ്ദേശിക്കുന്നതെന്ന് പത്രപ്രതിനിധികൾ ഹുദൂറിനോടു ചോദിച്ചിരുന്നു. ഹുദൂർ ഇങ്ങനെ മറുപടി നല്കി:

''ഞാൻ പോപ്പിനെ കണ്ടാൽ എന്റെയടുത്തുള്ള ഉത്തമമായ ഒരു പാരിതോഷികം അദ്ദേഹത്തിന്റ മുമ്പിൽ സമർപിക്കുന്നതാണ്. അതിതാണ്, ഞാൻ അദ്ദേഹത്തെ ഇസ്‌ലാമിലേക്കും അല്ലാഹുവിലേക്കെത്തിക്കുന്ന പ്രകാശത്തിലേക്കും ക്ഷണിക്കുന്നതാണ്. ഇത് ഇതേ രീതിയിലല്ല മറിച്ച് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്ന ദൃഷ്ടാന്തങ്ങൾ അതിലടങ്ങിയിരിക്കുന്നു. ക്രിസ്ത്യാനികളിൽ വലിയ വലിയ ആളുകളുണ്ട്. അവരെ മുത്തഖികളെന്നും സദൃത്തരെന്നും പറയുന്നു. പക്ഷേ, അവരൊന്നും

തങ്ങളുടെ സത്യതയ്ക്കുള്ള ഒരു ദൃഷ്ടാന്തവും കാണിക്കുന്നില്ല. ഇതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗം അതല്ലെന്നാണ്. ഇതു സത്യമാണ്, അല്ലാഹു വാഗ്ദത്ത മസീഹിനെ ലോകത്ത് അയച്ചത്, ഈ കഴിവും ശക്തിയും ഇസ്‌ലാമിലാണുള്ളതെന്ന് സ്ഥാപിക്കാൻവേണ്ടിയാണ്.......അതിനാൽ ഞാൻ പോപ്പിന് ഇസ്‌ലാമിന്റെ സുവാർത്ത നല്കാനും അല്ലാഹുവിന്റെ വരിഷ്ഠദാസന്മാർക്ക് നൽകാറുള്ള ആ ദൃഷ്ടാന്തം നമുക്കു നൽകപ്പെട്ടിരിക്കുന്നു വെന്ന് കേൾപ്പിക്കാനുമാണ് ആഗ്രഹിക്കുന്നത്.''*(അൽഫള്ൽ 1924 സെപ്റ്റംബർ 23, പേജ് 3-4)*

റോമിൽ ഹുദൂർ ഗുഹാവാസികളുടെ ഗുഹയും കണ്ടു. അതിന്റെ വിശദീകരണം ഹുദൂർ സൂറത്തുൽ കഹ്ഫിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞിരുന്നു. ഹുദൂർ പറഞ്ഞു: 'ഈ നിലവറ മൂന്നു തട്ടുകളാണ്. 1924-ൽ ഇംഗ്ലണ്ടിൽ പോകുമ്പോൾ റോമിൽ ഞാൻ നേരിട്ട് കണ്ടിട്ടുള്ളതാണ്.' *(തഫ്സീറെ കബീർ വാള്യം 6, പേജ് 485, 2023 പതിപ്പ്)*

**ലണ്ടനിൽ ആഗമനം:**

1924 ആഗസ്റ്റ് 20 വൈകുന്നേരം റോമിൽനിന്ന് പുറപ്പെട്ട് പിറ്റെദിവസം രാവിലെ (ആഗസ്റ്റ് 21) 9 മണിയോടടുത്ത് ഫ്രാൻസിലെത്തി. 1924 ആഗസ്റ്റ് 22-ാം തിയതി 6 മണിയോടടുത്ത് ലണ്ടനിലെ പ്രസിദ്ധമായ വിക്ടോറിയ സ്റ്റേഷനിലെത്തി. അവിടെ മുബല്ലിഗും മറ്റുള്ളവരും സ്വീകരിക്കാൻ നേരത്തെതന്നെ എത്തിയിരുന്നു.

ഹുദൂർ പ്ലാറ്റുഫോമിൽ കാലെടുത്ത് വെക്കുമ്പോൾത്തന്നെ തന്റെ സഞ്ചാരിസംഘത്തോടൊപ്പം ദുആ ചെയ്തു. ഈ ദൃശ്യത്തിന്റെ ഫോട്ടോ ലണ്ടൻ പത്രങ്ങളിലും പ്രസിദ്ധീകരിച്ചു. ഹുദൂർ സ്റ്റേഷനിൽനിന്ന് ലഡ്ഗെയറ്റിലെത്തുകയും സെന്റ് പോൾ ചർച്ചിന്റെ കവാടത്തിനടുത്ത് മുറ്റത്ത് ഇസ്‌ലാമിന്റെ വിജയത്തിനും കുരിശിനെ ഉടയ്ക്കുന്നതിനുംവേണ്ടി ദുആ ചെയ്തു. ഈ ദൃശ്യം ലണ്ടൻ ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് നാലുഭാഗത്തും ആളുകൾ തടിച്ചുകൂടിയിരുന്നു. ഹദൂർ ദീർഘമായി ദുആ ചെയ്തതിനുശേഷം തന്റെ ഖുദ്ദാമിനോടൊപ്പം യാത്രചെയ്ത് തങ്ങളുടെ താമസസ്ഥലമായ ചേശം പാലസ് നമ്പർ 6-ലെത്തുകയും വീട്ടിൽ കയറുന്നതിനുമുമ്പേ ദുആയിരക്കുകയും ചെയ്തു.

ഇംഗ്ലണ്ടിൽ അദ്ദേഹത്തിന്റെ വരവ് പത്രങ്ങൾ മുഖേന പരസ്യമായി. ഹുദൂർ ഇവിടെ എത്തിയയുടനെ ആദ്യം ചെയ്ത ജോലി തന്റെ ഖുദ്ദാമിനെ പല ഉത്തരവാദിത്വങ്ങളും ഏൽപിച്ചുകൊണ്ട് ഒരു സംഘാടക കമ്മിറ്റി രൂപീകരിച്ചു എന്നതാണ്. അതിന്റെ പ്രസിഡന്റായി ചൗദ്ദരീ ഫതഹ് മുഹമ്മദു സാഹിബ് സിയാലിനേയും സെക്രട്ടറിയായി മൗലവി മുഹമ്മദുദ്ദീൻ സാഹിബിനേയും നിശ്ചയിച്ചു. ഇതിനു പുറമെ ഹുദൂർ ലണ്ടനിൽ താമസിച്ച ആദ്യ ആഴ്ചയിൽ 'ഈവനിംഗ് സ്റ്റാൻഡേർഡി'ന്റേയും മറ്റൊരു പത്രമായ 'സ്റ്റാറി'ന്റേയും പ്രതിനിധികൾക്ക് ഇന്റർവ്യു നല്കി. ഹദ്റത്ത് ഹാഫിള് രോശൻ അലി സാഹിബിന്റെ സ്വൂഫിസത്തെ കുറിച്ചുള്ള ലേഖനം പരിശോധിച്ച് ആവശ്യമായ നിർദേശങ്ങളോടുകൂടി മൗലവി മുഹമ്മദുദ്ദീൻ സാഹിബിന് പരിഭാഷ ചെയ്യാൻ കൊടുത്തു. ഈ ലേഖനം 1924 സെപ്റ്റംബർ 25-ന് മൗലവി മുഹമ്മദുദ്ദീൻ സാഹിബ് തന്നെ വൈകുന്നേരം 5 മണിക്ക് സർപേട്രിക് നിഗന്റെ അധ്യക്ഷതയിൽ കേൾപ്പിക്കുകയും വളരെയേറെ ജനസമ്മിതി ലഭിക്കുകയും ചെയ്തു. ഈ ആഴ്ചയിൽ ഹുദൂർ ചൗദ്ദരീ സഫ്റുല്ലാ ഖാൻ സാഹിബിന്റെ കൂടെ വിംബ്ലിയുടേയും ഇന്ത്യയുടേയും ഓഫീസുകളിൽ പോയി. ഇംഗ്ലണ്ടിലെ മുബല്ലിഗ് ഹദ്റത്ത് മൗലവി അബ്ദുർറഹീം സാഹിബ് നയ്യർ പത്രപ്രതിനിധികളെ വിളിച്ചിരുന്നു. ഇതിൽ സർമത സമ്മേളനത്തിന്റെ സംഘാടകരിൽ ചിലരും പങ്കെടുത്തിരുന്നു. ഈ പരിപാടിയിൽ ഹുദൂർ ഇംഗ്ലണ്ട് വാസികളുടെപേരിൽ ഒരു വിശദമായ സന്ദേശവും നല്കിയിരുന്നു. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ ചൗദ്ദരീ സഫ്റുല്ലാ ഖാൻ സാഹിബാണ് നിർവഹിച്ചത്. ആ സന്ദേശത്തിന്റെ ഒരു ഭാഗം ഇപ്രകാരമാകുന്നു:

''മനുഷ്യകുലത്തോടു വെച്ചുപുലർത്തുന്ന ആ സ്നേഹവും ആത്മാർഥതയും കൊണ്ടാണ്-അത് ഞാൻ മനസ്സിലാക്കുന്നത് അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകരുടെ സഹവാസത്തിലും ഇസ്‌ലാമികാധ്യാപനങ്ങളുടെ ഫലവുമായിട്ടാണ് ലഭിച്ചിട്ടുള്ളത്-ഞാനിവിടെ വന്നിട്ടുള്ളത്.

''അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ ചെയ്തിട്ടുള്ള പ്രവചനങ്ങൾ കാരണമായി അതിന്റെ സ്ഥാപകരുടെ സത്യത പാശ്ചാത്യജനത പെട്ടെന്ന് സ്വീകരിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. വാഗ്ദത്ത മസീഹ് സമാധാനത്തിന്റെ രാജകുമാരനാണെന്നാണ് അദ്ദേഹത്തിന്റെ വാദം. അദ്ദേഹത്തിന്റെ കരങ്ങളാൽ ലോകം ഒന്നിക്കുകയും സമാധാനം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നതാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ വാദത്തെ ശ്രദ്ധിക്കുകയെന്നത് സമാധാനമാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ്. ഏതൊരുദ്ദേശ്യത്തിനുവേണ്ടിയാണോ അദ്ദേഹം ശ്രമിച്ചത് നമ്മുടെ അലസതകൊണ്ട് അത് പിന്തള്ളപ്പെട്ടുപോകരുത്. അല്ലാഹുവുമായി ബന്ധം വെക്കാതെ യഥാർഥ സാഹോദര്യബന്ധം നിലനിറുത്താൻ സാധിക്കുകയില്ല. കാരണം സാഹോദര്യബന്ധം സംഭവിക്കുന്നത് പിതാവിലൂടെയാണ്. ആരാണോ പിതാവിനെ തിരിച്ചറിയുന്നത് ആ വ്യക്തിക്ക് പിതാവിന്റെ അവകാശവും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ആ പിതാവുമായി ഈ ലോകത്തുവെച്ചുതന്നെ തനിക്ക് ബന്ധപ്പെടുത്താൻ കഴിയുമെന്ന് ഇക്കാലത്ത് വന്നിട്ടുള്ള വാഗ്ദത്ത മസീഹ് മാത്രമാണ് വാദമുന്നയിച്ചിട്ടുള്ളത്. ഇത് വെറുമൊരു വാദമല്ല. പ്രത്യുത ആയിരക്കണക്കിനാളുകൾ ഈ അധ്യാപനങ്ങൾ പ്രാവർത്തികമാക്കിയതിന്റെ ഫലമായി മുൻ പ്രവാചകന്മാരുടെ ഹവാരീങ്ങൾ ദൈവവചനം കേട്ടതുപോലെ ഇവരും കേൾക്കാൻ തുടങ്ങി. ഈ ലേഖനം എഴുതുന്ന വ്യക്തിയും അവരിൽപ്പെട്ട ഒരാളാണ്. നമ്മുടെ ലക്ഷ്യംതന്നെ അല്ലാഹുവും ദാസനുമിടയിലും ദാസനും ദാസനുമിടയിലും നല്ല ബന്ധം നിലനിറുത്തുക എന്നതാണല്ലോ?....... അതുകൊണ്ട് വരിക! നശിപ്പിക്കുന്നവരെ വസിപ്പിക്കുന്നതിനുപകരം നമ്മളെല്ലാവരും ചേർന്നുകൊണ്ട് നന്മയ്ക്കുവേണ്ടി ശ്രമിക്കുക.''*(താരീഖെ അഹ്മദിയ്യത്ത് വാള്യം 4, പേജ് 447)*

ലണ്ടനിലെ താമസത്തിന്റെ രണ്ടാമത്തെ ആഴ്ച ആഗസ്റ്റ് 29-ാം തിയതി മുതൽ സെപ്റ്റംബർ 4-ാം തിയതിവരെ ഹുദൂർ ബ്രിട്ടണിലെ ഗ്രാമപ്രദേശങ്ങളിൽ പോകുകയും ലോക മഹായുദ്ധത്തിൽ ജീവൻ വെടിഞ്ഞ സൈന്യത്തെ ഓർത്ത് പ്രാർഥിക്കുകയും ചെയ്തു. ഏതുപോലെ ഇത് ഭൗതികലക്ഷ്യത്തിനുവേണ്ടി സംഘടിച്ചവരുടെ ഒരു ദൃഷ്ടാന്തമായിത്തീർന്നുവോ അതുപോലെ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിന്റെ ؑ മഹത്തായ കുടക്കീഴിൽ കിഴക്കുള്ളവരേയും പടിഞ്ഞാറുള്ളവരേയും ഒന്നിപ്പിക്കുമാറാകട്ടെ. ഹുദൂർ ദുആ ചെയ്യുന്നതിനുമുമ്പേ ഒരു പ്രസംഗം ചെയ്തു. ഈ ദൃശ്യം ഷൂട്ട് ചെയ്ത് പ്രദർശിപ്പിക്കാൻ അയച്ചുകൊടുത്തു. അത് ഇറാഖ്, അറേബ്യാ, ഈജിപ്റ്റ്, സിറിയ, അമേരിക്ക, ആഫ്രിക്ക എന്നുവേണ്ട ലോകം മുഴുവൻ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.''

1924 സെപ്റ്റംബർ 7-ാം തിയതി ഇംഗ്ലീഷുകാരായ ധാരാളം പുരുഷന്മാരേയും സ്ത്രീകളേയും ഇന്ത്യൻ വിദ്യാർഥികളേയും തുർക്കി എമ്പസിയേയും ആദരണീയരായ മറ്റു മുസ്‌ലിം നേതാക്കന്മാരേയും ക്ഷണിച്ചുവരുത്തിയിരുന്നു. അതിൽ ഹുദൂറിന്റെ ഒരു സന്ദേശം ബഹുമാനപ്പെട്ട ചൗദ്ദരീ സഫ്റുല്ലാഖാൻ യുക്തമായ നിലയിൽ വായിച്ചു കേൾപ്പിച്ചു. 1924 സെപ്റ്റംബർ 9-ാം തിയതി വൈകുന്നേരം ഹുദൂർ ഈസ്റ്റ്&വെസ്റ്റ് യൂണിയന്റെ മീറ്റിംഗിൽ ആദ്യമായി ഇംഗ്ലീഷിൽ പ്രസംഗിച്ചു. അത് അങ്ങേയറ്റം ഇഷ്ടപ്പെട്ടു. 1924 സെപ്റ്റംബർ 11-ാം തിയതി ''സമാധാന സംസ്ഥാപനം'' എന്ന വിഷയത്തെ അധികരിച്ച് ലീഗ് ഓഫ് നേഷൻസിന്റെ മതവിഭാഗം സെക്രട്ടറി മിസ്റ്റർ എൽസനുമായും വിശദമായി സംസാരിച്ചു. ഏതുവരെ ഇസ്‌ലാമികാടിസ്ഥാനത്തിൽ ലീഗ് ഓഫ് നേഷൻസിന്റെ അടിത്തറ നിലനിൽക്കാത്തിടത്തോളംകാലം അതിന് അതിന്റെ ലക്ഷ്യത്തിൽ വിജയം വരിക്കാനാകുകയില്ല.''*(അൽഫള്ൽ 1924 ഒക്ടോബർ 14, പേജ്3-4)*

1924 സെപ്റ്റംബർ 12-ന് ഹുദൂർ ജുമുഅ നമസ്കരിപ്പിച്ചു. അഫ്ഘാനിസ്ഥാനിൽ ശഹീദായ മൗലവി നിഅ്മത്തുല്ലാഹ് സാഹിബിനെപ്പോലെ ജമാഅത്ത് എപ്പോഴും ശഹാദത്ത് വരിക്കാൻ തയ്യാറായിരിക്കണമെന്ന് ഹുദൂർ പറഞ്ഞു. 1924 സെപ്റ്റംബർ 13-ാം തിയതി ഹുദൂർ പോർട്ട് സ്മിത്തിൽ രണ്ടു ലക്ചർ കൊടുത്തു. ഒന്ന് മസീഹിന്റെ രണ്ടാം വരവ് എന്നതിനെ കുറിച്ചും രണ്ട് ദൈവിക സന്ദേശം എന്ന വിഷയത്തെ കുറിച്ചും. 1924 സെപ്റ്റംബർ 15-ാം തിയതി ഇന്ത്യൻ വിദ്യാർഥികളെ സംബോധന ചെയ്ത് പ്രസംഗിച്ചു. 1924 സെപ്റ്റംബർ 16-ാം തിയതി ഹുദൂർ സമ്മേളനത്തിൽ പ്രസംഗിക്കുന്നതിന് മുൻകൂട്ടി തീരുമാനിച്ച് വിഷയത്തിന്റെ നോട്ട്സ് തയ്യാറാക്കി. 1924 സെപ്റ്റംബർ 17-ാം തിയതി മൗലവി നിഅ്മത്തുല്ലാഹ് ഖാൻ സാഹിബിന്റെ ശഹാദത്തിനെ തുടർന്ന് സംഘടിപ്പിച്ച പ്രതിഷേധ യോഗത്തിൽ ഹുദൂർ പ്രസംഗിച്ചു.

1924 സെപ്റ്റംബർ 19-ാം തിയതി ഹുദൂർ ജുമുഅയ്ക്കുശേഷം ലണ്ടനിലെ വിംബ്ലിയിൽ ചേർന്ന കോമൺവെൽത്ത് മതമഹാസമ്മേളനത്തിന്റെ പ്രസിഡന്റ് സർ ഇ.ഡി. റാസുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം ഇംഗ്ലണ്ടിലെ പ്രശസ്തരായ ഓറിയന്റലിസ്റ്റുകളിപ്പെട്ടയാളാണ്. ക്ഷേമാന്വേഷണത്തിനുശേഷം അദ്ദേഹം പറഞ്ഞു: അങ്ങയുടെ വരവിൽ ഇംഗ്ലണ്ടിലെ പത്രമാധ്യമങ്ങൾ അങ്ങേയറ്റം താൽപര്യം കാണിക്കുന്നു. അന്നേ ദിവസം വൈകുന്നേരം അദ്ദേഹം സെന്റ് ലോക്കസ് ഹാളിൽ മരണാന്തര ജീവിതം എന്ന വിഷയത്തെ അധികരിച്ച് മഹത്തായൊരു പ്രസംഗം നടത്തി. 1924 സെപ്റ്റംബർ 20-ാം തിയതി ലോഗോസ് (നൈജീരീയ)ൽനിന്ന് രണ്ടു ഹാജിമാർ(അതിലൊരാൾ അഹ്മദിയായിരുന്നു)ഹുദൂറിന്റെ തിരുസന്നിധിയിൽ ഹാജരായി.

**കർണൽ ഡഗ്ലസുമായി കൂടിക്കാഴ്ച:**

1924 സെപ്റ്റംബർ 21-ാം തിയതി വൈകുന്നേരം ഹൂദൂർ കർണൽ ഡഗ്ലസുമായി കൂടിക്കാഴ്ച നടത്തി. ഗുരുദാസ്പൂർ ജില്ലയിലെ ജില്ല മജിസ്ട്രേട്ട് എന്ന നിലയിൽ ചുമതല വഹിക്കുന്നതിന്നിടയിൽ ഹദ്റത്ത് മസീഹ് മൗഊദ് ؑ ന്നെതിരിൽ ഹെൻട്രി മാർട്ടിൻ ക്ലാർക്കിന്റെ കേസ്സ് അടിസ്ഥാന രഹിതമാണെന്ന് കണ്ട് ഹദ്റത്ത് മസീഹ് മൗഊദ് ؑ നെ വിട്ടയക്കുകയും നീതിയുടെ ഉത്തമമാതൃക കാഴ്ചവെക്കുകയും ചെയ്ത അതേ ഡഗ്ലസ് തന്നെയാണ് ഈ ഡഗ്ലസും.

**യൂറോപ്പിൽ ഇസ്‌ലാമിന്റെ ആത്മീയ വിജയത്തിന്റെ അടിത്തറ:**

1924 സെപ്റ്റംബർ 22-ാം തിയതി

വിംബ്ലിയിലുള്ള സമ്മേളനത്തിന് തുടക്കം കുറിച്ചു. ഹുദൂറും കൂടെയുള്ളവരും ഇതിൽ പങ്കെടുക്കാൻ പോയി. 1924 സെപ്റ്റംബർ 23-ാം തിയതി യൂറോപ്പിന്റെ ചരിത്രത്തിൽ അതി മഹത്തായ ദിവസമാണ്. കാരണം അന്നേ ദിവസമാണ് വിംബ്ലി സമ്മേളനത്തിൽ ഹുദൂർതിരുമനസ്സിന്റെ അതുല്യമായ ലേഖനം വായിക്കപ്പെട്ടത്. അത് അഹ്മദിയ്യ ജമാഅത്തിന്റെ പ്രശസ്തിയിൽ ഒരു പൊൻതൂവൽ ചാർത്തി. യൂറോപ്പിൽ ഇസ്‌ലാമിന്റെ ആത്മീയ വിജയത്തിന്റെ അടിത്തറ പാകുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്ؑ ലണ്ടനിൽ പ്രസംഗിക്കുന്നതായി കണ്ട സ്വപ്നം പുലരുകയും ചെയ്തു.

1924 സെപ്റ്റംബർ 26-ാം തിയതി ഹുദൂർ കൻസ് റവേറ്റുവിന്റെ അപേക്ഷ പ്രകാരം ഹോളണ്ടിൽ 'ഇന്ത്യയിലെ സമകാലീനാവസ്ഥയും ഐക്യം സ്ഥാപിക്കാനുള്ള മാർഗവും' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി. 1924 സെപ്റ്റംബർ 28-ാം തിയതി ''നബിﷺതിരുമേനിയുടെ ജീവിതത്തിൽനിന്നും അധ്യാപനങ്ങളിൽനിന്നും യുവതലമുറയ്ക്ക് എങ്ങനെ പ്രയോജനമെടുക്കാം' എന്ന വിഷയത്തെ കുറിച്ചുള്ള ലേഖനം ലണ്ടൻ ഫീൽഡിൽ വായിച്ചുകേൾപ്പിച്ചു. ഇതേ ആഴ്ചയിൽത്തന്നെ റിവ്യൂ ഓഫ് റിലീജ്യൺസിന്റെ ഇംഗ്ലീഷ് എഡിഷൻ ലണ്ടനിൽനിന്ന് പ്രസിദ്ധീകരിക്കുന്നതാണെന്ന് ഹുദൂർ തീരുമാനിച്ചു.

**വിജയശ്രീലാളിതനായ ജേർണൽ:**

1924 ഒക്ടോബർ 2-ാം തിയതി ഹുദൂർ 'വില്യം ദി കൺക്വറർ'എന്ന സ്വപ്നത്തിന്റെ പൂർത്തീകരണത്തിന് മ്യൂൺസി ഉൾക്കടലിലെത്തുകയും 'വില്യം ദി കൺക്വറർ' ഇറങ്ങിയ സ്ഥലത്ത് തോണിയിൽ പോകുകയും ചെയ്തു. ഭായി അബ്ദുർറഹ്മാൻ സാഹിബ് പറയുന്നു: ആ നേരത്ത് ഹുദൂർ തിരുമനസ്സിന്റെ മുഖം പ്രതാപവും പ്രൗഢിയുംകൊണ്ട് വിളങ്ങി. അതോടൊപ്പം ഒരു മയക്കവുമുണ്ടായി. അതിനുശേഷം നിശബ്ദതയോടെ അവിടന്ന് ദുആ ചെയ്യിച്ചു. ഹുദൂർ നമസ്കാരം ഖസ്റാക്കി നമസ്കരിച്ചു. അതിലും ദീർഘമായി ദുആ ചെയ്തു. തറയിൽ കുത്തിയിരുന്ന് ചരൽക്കല്ലുകൾ കൈയിൽ നിറച്ചു. എന്നിട്ട് പറഞ്ഞു: കിസ്റായുടെ ദർബാറിൽ ഒരു സ്വഹാബിക്ക് മണ്ണുകൊടുക്കപ്പെട്ടപ്പോൾ സ്വഹാബി അനുഗൃഹീതമായി വ്യാഖ്യാനിച്ചുകൊണ്ട് കിസ്റായുടെ രാജ്യം കിട്ടി, ഫലങ്ങളറിയുന്ന കിസ്റായുടെ മണ്ണുകിട്ടി എന്നു പറയുകയും അതുമായി പുറപ്പെടുകയും ചെയ്തു. മണ്ണുതിരിച്ചു കൊണ്ടുവരാൻ ഇറാൻ രാജാവ് ആളുകളെ അയച്ചു. എന്നാൽ, സ്വാഹബി തിരിച്ചുനല്കിയില്ല. അല്ലാഹുവും ഈ അനുഗൃഹീതമായ വ്യാഖ്യാനത്തിൽ ആ രാജ്യം സ്വഹാബത്തിന് നല്കി. ഭായി അബ്ദുർറഹ്മാൻ സാഹിബും ദർദ് സാഹിബും ചരൽക്കല്ലുകൾ ഈരണ്ട് കൈനിറച്ച് തങ്ങളുടെ പോക്കറ്റിലിട്ടു. ഇവിടെനിന്ന് പുറപ്പെട്ടുടനെതന്നെ ഭായി സാഹിബിന്റെ മനസ്സിൽ ശക്തമായൊരു ആഹ്വാനമുണ്ടാകുകയും അവിടന്ന് ഉറക്കെ ആശംസകൾ നേരുകയും ചെയ്തു. വളരെ ആവേശത്തോടെ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ പദ്യത്തിലെ ഒരുവരി ചൊല്ലി:

***'തൂ സച്ചെ വഅ്ദോംവാലാ മുൻകിർ കഹാൻ കിധർ ഹൈ.'***(നീ സത്യമായ വാഗ്ദാനം ചെയ്യുന്നവൻ, സത്യനിഷേധി എവിടെയാണുള്ളത്). *(അൽഫള്ൽ 1924 നവംബർ 20, പേജ് 5)*

1924 ഒക്ടോബർ 3-ാം തിയതി ഹുദൂർ കോമൺവെൽത്ത് മതമഹാസമ്മേളനത്തിലെ സമാപന യോഗത്തിൽ ഉർദുവിൽ പ്രസംഗിച്ചു. ഇതിൽ അങ്ങേയറ്റം സന്തോഷം പ്രകടിപ്പിച്ചു. ലക്ചർ ഹാൾ തികച്ചും നിറഞ്ഞു കവിഞ്ഞിരുന്നു.*(അൽഫള്ൽ 6-15, നവംബർ 1924)*

1924 ഒക്ടോബർ 3-ാം തിയതി ഹുദൂറും പരിവാരവും ഇംഗ്ലണ്ടിലെ പുതിയ മുബല്ലിഗായ മൗലവി അബ്ദുർറഹ്മാൻ സാഹിബ് ദർദിനേയുംؓകൂട്ടി പട്നിയിലെ തീരുമാനിക്കപ്പെട്ട മസ്ജിദിലേക്ക് തുറക്കുന്ന വീടിന്റെ വാതിലിന്നടുത്ത് കൊണ്ടുപോയി. ഈ സ്ഥലത്ത് നിന്നുകൊണ്ട് നിർമിക്കാൻ പോകുന്നമസ്ജിദിന്റെ സ്കീമിനെപറ്റി ഹ്രസ്വമായി വിവരിച്ചു. പിന്നീട് വീടിന്റെ, ആ ദിനങ്ങളിൽ നമസ്കരിച്ചുകൊണ്ടിരുന്ന മുറിയിലേക്ക് പോയി. സുദീർഘമായി ദുആ ചെയ്യിച്ചു. അതിനുശേഷം തന്റെ അനുഗൃഹീത കരങ്ങൾകൊണ്ട് മൗലവി അബ്ദുർറഹീം സാഹിബ് ദർദിന് ഈ വീടിന്റെ താക്കോൽ നല്കി. പിന്നീട് മൗലവി അബ്ദുർറഹീം സാഹിബ് ദർദിനോടും അദ്ദേഹത്തിന്റെ അസിസ്റ്റന്റ് മലിക് ഗുലാം ഫരീദ് സാഹിബ് എം.എ യേക്കും വിശദമായ നിർദേശങ്ങൾ നല്കി. ഒക്ടോബർ 7-ാം തിയതി ഹുദൂർ ദാറുൽ ഉലമാ(House of Lords) യുടെ മീറ്റിംഗ് കണ്ടു. ഒക്ടോബർ 8-9 ന് ദാറുൽ അവാം (House of commons) ന്റെ മീറ്റിംഗ് കാണുന്നതിനുവേണ്ടി പോയി.

ഒക്ടോബർ 12-ന് നവമുസ്‌ലിമീങ്ങളോടു 5 മണിക്കൂർവരെ തബ്ലീഗിനെ സംബന്ധിച്ച് സംസാരിച്ചു. കൂടാതെ ഇംഗ്ലീഷുകാരായ സ്ത്രീ പുരഷന്മാരുമായി പല വിഷയങ്ങളെ സംബന്ധിച്ചും സംസാരം നടന്നു. ഒക്ടോബർ 15-ന് ഹുദൂർ ഓറിയന്റൽ സ്കൂൾ ഓഫ് സ്റ്റഡീസ് കാണാൻ പോയി. *(അൽഫള്ൽ നവംബർ 11, 1924)*

**1924 ഒക്ടോബർ 19. ഒരു സ്മാരകദിനം:**

1924 ഒക്ടോബർ 19 എന്ന ദിനം ഒരു സ്ഥാപകദിനമായി സ്ഥാപിതമായി. ഹുദൂർ തിരുമനസ്സ് വൈകുന്നേരം 4 മണിക്ക് വലിയൊരു ജനാവലിയുടെ സാന്നിധ്യത്തിൽ തന്റെ അനുഗൃഹീതകരംകൊണ്ട് മസ്ജിദ് ഫള്‌ലിന് തറക്കല്ലിട്ടു. *(അൽഫള്ൽ 1924 ഒക്ടോബർ 25)*

ലണ്ടനിലെ ആദ്യത്തെ മസ്ജിദിന് തറക്കല്ലിട്ടപ്പോൾ ഇന്ത്യയിലെ അഹ്മദിയ്യ ജമാഅത്തിന്റെ വകയായി ഈ പരിപാടികൾക്ക് ആശംസകൾനേർന്ന് എഴുതിയിട്ടുള്ള മൗലവി ശേർ അലി സാഹിബിന്റെ കമ്പി സന്ദേശം മൗലവി അബ്ദുർറഹീം സാഹിബ് ദർദ് ഉച്ചത്തിൽ വായിച്ചു കേൾപ്പിച്ചു. അതിനുശേഷം ഹുദൂർ സുദീർഘമായി ദുആചെയ്തു. പിന്നീട് അസ്ർ നമസ്കരിച്ചത് അതേ സ്ഥലത്തു തന്നെയായിരുന്നു; നിയമപരമായി ഈ മസ്ജിദിന് തറക്കല്ലിട്ടുവെന്ന് ഞാൻ വിളംബരപ്പെടുത്തുന്നു. നമസ്കാരത്തിനുശേഷം ആശംസകളുടെ ശബ്ദം നാനാഭാഗത്തുനിന്നും ഉയരാൻ തുടങ്ങി. മസ്ജിദിന്റെ മിഹ്റാബിൽ ഒരു പതാക ഉയർത്തി. അത് ഹൈദ്രാബാദിലെ ഹോം സെക്രട്ടറി നവാബ് അക്ബർ നവാസ് ജംഗ് സാഹിബ് നൽകിയതായിരുന്നു.

**ലണ്ടനിൽനിന്ന് നിർഗമനവും മുംബൈയിൽ ആഗമനവും:**

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ ؓവളരെയധികം ദുആകൾക്കും ജമാഅത്തംഗങ്ങളുടെ അഭിപ്രായങ്ങൾക്കും ശേഷം നേരിട്ട് യൂറോപ്പിന്റെ അവസ്ഥ മനസ്സിലക്കുന്നതിനുവേണ്ടി ഈ യാത്രയ്ക്ക് പുറപ്പെടാൻ തീരുമാനിക്കുകയായിരുന്നു. ലണ്ടനിൽനിന്നുള്ള ഒരു റവറന്റിന്റെ സെക്രട്ടറി അങ്ങ് ഈ യാത്രയിൽ എന്തു വലിയ നേട്ടമാണ് കരസ്ഥമാക്കിയതെന്ന് ഹുദൂറിനോടു ചോദിച്ചു. ഹുദൂർ പറഞ്ഞു:മനുഷ്യന്റെ മുമ്പിൽ രാവും പകലുമായി ആയിരക്കണക്കിനുള്ള അവസ്ഥകളും ധാരണകളുമാണ് വന്നു കൊണ്ടിരിക്കുന്നത്. എന്നാൽ, എല്ലാറ്റിനേയും കുറിച്ച് അവന്റെ ഹൃദയത്തിൽ ഗവേഷണം നടത്തണമെന്ന ചിന്ത ഉണ്ടാകുകയില്ല. ഏതൊരു വസ്തുവിന്റെ പ്രത്യേകതയും പ്രാധാന്യവും ഉച്ചിയിലെത്തിയെന്ന് മനസ്സിലാക്കുമ്പോഴാണ് മനുഷ്യമനസ്സിൽ ഗവേഷണത്തിന്റെ ചിന്ത ഉണ്ടാകുന്നത്.

ഇതിനുമുമ്പേ നമ്മുടെ ജമാഅത്തിന് ജനങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കുന്നുണ്ടെന്ന വിധത്തിൽ ഒരു പ്രാധാന്യവുമുണ്ടായിരുന്നില്ല. എന്നല്ല ചിലർക്കൊഴിച്ച് മറ്റാർക്കുംതന്നെ ഇതിന്റെ പേരുപോലും അറിയില്ലായിരുന്നു. എന്നാൽ, ഞങ്ങളുടെ വരവോടുകൂടി അല്ലാഹു അങ്ങേയറ്റം പ്രചാരം നൽകുകയും പ്രസിദ്ധിയുടേയും പ്രാധാന്യത്തിന്റേയും കാര്യങ്ങളുണ്ടാകുകയും അതിന്റെ ഫലമായി ആ തടസ്സം നമ്മുടെ വഴിയിൽനിന്നെടുത്തു കളയുകയും പൊതുവിൽ ജനങ്ങൾ ഞങ്ങളെക്കുറിച്ചറിയാൻ തുടങ്ങുകയും ലോകശ്രദ്ധ ഞങ്ങളുടെ ഭാഗത്ത് തിരിയാൻ തുടങ്ങുകയും ചെയ്തു.

ഈ മറുപടി കേട്ടപ്പോൾ പ്രിൻസിപ്പാളും ഇതിന്റെ സെക്രട്ടറിയും പറഞ്ഞു:

'' Very Great Achievment.'

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ജൽസയുടെ വലിയ അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതായിരിക്കും.*(സഫ്റെ യൂറോപ്പ് പേജ് 393)*

ദൈവകൃപയാൽ 100 വർഷത്തിനുശേഷവും നമ്മൾ യൂറോപ്പിൽ അഹ്മദിയ്യത്തിന്റെ തബ്‌ലീഗുപരമായ ആവേശം ഒറ്റനോട്ടത്തിൽ നോക്കുകയാണെങ്കിൽ ഈ പര്യടനത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും 100% പൂർത്തിയായെന്നും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ പ്രവചനം പ്രതാപത്തോടും പ്രൗഢിയോടും കൂടി പൂർത്തിയായെന്നും നമുക്ക് ദൃഢഗാഢമായ വിശ്വാസത്തോടെ സാക്ഷി പറയാൻ കഴിയും.

അല്ലാഹു നമുക്ക് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ അധ്യാപനങ്ങൾ ശരിയായ നിലയിൽ പ്രാവർത്തികമാക്കാനുള്ള തൗഫീഖ് തന്നരുളുമാറാകട്ടെ. ആമീൻ.

ഹദീസുന്നബവി(സ)
"പ്രാർഥനയ്ക്കുള്ള ഇഖാമത്ത് വിളിച്ചു കഴിഞ്ഞാൽ നിർബന്ധമായതൊഴിച്ച് മറ്റു നമസ്കാരമില്ല." (മിശ്ക്കാത്ത് 4:23)
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR

ഹദീസുന്നബവി(സ)
"അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ആര് ഒരു മസ്ജിദ് നിർമിക്കുന്നുവോ അല്ലാഹു അവനുവേണ്ടി അതിന്റെ ഛായയിൽ സ്വർഗത്തിൽ പണിയുന്നതാണ്."(ബുഖാരി. 8:65)
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ലേഖനം

# ഖലീഫത്തുൽ മസീഹ് ഥാനി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ ന്റെ യൂറോപ്പ് പര്യടനം കഴിഞ്ഞുള്ള തിരിച്ചുവരവ്

**മുഹമ്മദു ശരീഫ് കൗഥർ,** മുബല്ലിഗെ സിൽസില, നശ്റോഇശാഅത്ത് ഖാദിയാൻ

**ഖാദിയാനിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന് സ്വീകരണം:**

അല്ലാഹു ജമാഅത്തംഗങ്ങളുടെ ഹൃദയത്തിൽ തങ്ങളുടെ ഖലീഫയോട് അങ്ങേയറ്റം സ്നേഹവും കൂറും ആദരവും ഇട്ടിരിക്കുന്നു. ജമാ അത്തംഗങ്ങൾ തങ്ങളുടെ ഖലീഫയെ അങ്ങേയറ്റം സ്നേഹിക്കുന്നു. അദ്ദേഹത്തിന്റെ കൽപ്പനകളെ കഴിവിന്റെ പരമാവധി പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു. കാലത്തിന്റെ ഖലീഫക്കുവേണ്ടി എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുന്നു. ഖലീഫ എവിടെയൊക്കെ പോകുന്നുവോ അവിടെയുള്ള ജനങ്ങളിൽ ഖലീഫയുമായി പ്രത്യേകമായ ആത്മീയബന്ധം ഉടലെടുക്കുന്നു. ഏതെങ്കിലും മതപരമായ ആവശ്യങ്ങളെ മുൻനിറുത്തി കാലത്തിന്റെ ഖലീഫക്ക് കുറച്ചുദിവസം തന്റെ സ്ഥിരതാമസ സ്ഥലത്തുനിന്ന് ദൂരം പോവുകയാണെങ്കിൽ കാലത്തിന്റെ ഖലീഫയുമായുള്ള കുറച്ചു ദിവസത്തേക്കുള്ള അകൽച്ച കേന്ദ്ര ജമാഅത്തംഗങ്ങൾക്ക് പ്രയാസമുളവാക്കുകയും അവർ അസ്വസ്ഥതയോടു കൂടി തങ്ങളുടെ യജമാനന്റെ തിരിച്ചുവരവ് പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരന്തരീക്ഷമാണ് 1924-ൽ ഖാദിയാനിലുണ്ടായിരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ യൂറോപ്പ് യാത്രയ്ക്കുവേണ്ടി പോയപ്പോൾ ജമാത്തംഗങ്ങൾ ഹുദൂർതിരുമനസ്സിന്റെ തിരിച്ചുവരവ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. സദാസമയവും ഹുദൂറിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്നു. അവസാനം ഹുദൂർ തിരിച്ചുവരുന്ന ആ അനുഗൃഹീത ദിവസം വന്നെത്തി.

**ലണ്ടനിൽ നിന്നുള്ള നിർഗമനവും മുംബൈയിലെ ആഗമനവും:**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ1924 ഒക്ടോബർ 24-ന് മസ്ജിദ് ഫള്ൽ ലണ്ടനിൽ ആദ്യത്തെ ജുമുഅ നമസ്കരിപ്പിച്ചു. ലണ്ടനിൽനിന്ന് തിരിച്ചുവരുന്നതിനു മുമ്പേ ഹുദൂർ പറഞ്ഞു. എന്റെ നോട്ടത്തിൽ ഇംഗ്ലണ്ടിന്റെ വിജയത്തിന്റെ അടിത്തറ പാകിയിരിക്കുന്നു. തക്കസമയത്ത് ഇതിന്റെ വിളംബരം ഉണ്ടാവുന്നതാണ്. ശത്രുക്കൾ പരിഹസിക്കുകയും നിരർഥമായ ഇത്തരം വാദങ്ങൾ ആർക്കും ഉന്നയിക്കാൻ സാധിക്കുന്നതാണെന്നും പറയും. അവർ പരിഹസിച്ചുകൊള്ളട്ടെ! കാരണം അവർ അന്ധരാണ്. അവർക്ക് യാഥാർഥ്യത്തെ തിരിച്ചറിയാൻ സാധിക്കുകയില്ല.

**ഹുദൂർ തിരുമനസ്സ് ഒക്ടോബർ 25-ന് ലണ്ടനിൽ നിന്ന് മടങ്ങി:**

വാട്ടർലൂ സ്റ്റേഷനിൽ (ഇവിടെ നിന്നാണ് ഹുദൂറും കൂടെയുള്ളവരും വണ്ടിയിൽ യാത്ര ചെയ്യേണ്ടത്) യൂറോപ്യൻ സ്ത്രീ-പുരുഷന്മാർക്കു പുറമെ ഇന്ത്യയിലേയും ആഫ്രിക്കയിലേയും ആളുകളും യാത്ര അയക്കാൻ വന്നിരുന്നു. സ്നേഹം മുറ്റിനിന്ന ഹസ്തദാനത്തിനുശേഷം ഓരോരുത്തരും ഖുദാ ഹാഫിള് (അല്ലാഹു സംരക്ഷകൻ) എന്ന് പറയുകയും ഫോട്ടോഗ്രാഫർ ഫോട്ടോ എടുക്കുകയും ചെയ്തു. ലണ്ടനിൽ നിന്ന് തീവണ്ടി സൗത്ത് പട്നിയിലെത്തി. അവിടെ നിന്ന് ഹുദൂറുംؓകൂട്ടരും രാത്രി 12 മണിക്ക് കപ്പലിൽ ഇംഗ്ലണ്ടിലെ മറുകര കടന്നു. 26 ഒക്ടോബർ 8 1/2 മണിക്ക് തീവണ്ടിയിൽ യാത്ര ചെയ്ത് പാരീസിലെത്തി. പാരീസിൽ ഹുദൂർതിരുമനസ്സിന്റെ താമസം കുറച്ചു ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളു. അത് വളരെയധികം വിജയം പ്രാപിക്കുകയുണ്ടായി. ദിനംപ്രതി പത്രപ്രതിനിധികൾ കൂടിക്കാഴ്ച്ചക്ക് വന്നു. പാരീസിൽ ഗവൺമെന്റ് പുതുതായി നിർമിച്ച മസ്ജിദിൽ ആദ്യ നമസ്കാരം ഹുദൂർ തിരുമനസ്സ് നിർവഹിച്ചു. പത്ര പ്രതിനിധികളും സിനിമ കമ്പനികളും ഫോട്ടോ എടുക്കുകയും അത് ദിവസത്തോറും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഹുദൂർ തിരുമനസ്സ് ഒക്ടോബർ 31-ാം തിയതി പാരീസിൽനിന്ന് പുറപ്പെട്ടു. നവംബർ 2-ാം തിയതി കപ്പൽ മാർഗേണ 16 ദിവസം യാത്ര ചെയ്ത് 1924 നവംബർ 18-ന് മുംബൈ കടൽത്തീരത്തെത്തി. മുംബൈ തീരത്ത് ഇന്ത്യയിൽനിന്ന് വന്ന 200 പ്രതിനിധികൾ ഹുദൂർ തിരുമനസ്സിനെ ഊഷ്മളമായി സ്വീകരിച്ചു. പത്ര പ്രതിനിധികൾ ഫോട്ടോ എടുത്തു. ഹദ്റത്ത് മുഫ്തീ മുഹമ്മദ്സ്വാദിഖ് സാഹിബ് ഇന്ത്യയിലെ ജമാഅത്തിന്റെ വകയായി ഹുദൂർ തിരുമനസ്സിന്റെ തിരുസന്നിധിയിൽ മംഗള പത്രം സമർപിച്ചു. ഇവിടെനിന്ന് ഹുദൂർ തിരുമനസ്സ് ലിയാഖത്ത് മൻസിലിൽ പോവുകയും ജനാബ് സയ്യിദ് മുഹമ്മദ് രിള്‌വി സാഹിബിന്റെ വീട്ടിൽ താമസിക്കുകയും ചെയ്തു. മുംബൈയിലെ മുഴുവൻ പത്രപ്രതിനിധികളും യൂറോപ്പ് യാത്രയുടെ അവസ്ഥയെ കുറിച്ച് ചോദിക്കാൻ, കൂടിക്കാഴ്ച്ച നടത്തുകയും ചർച ചെയ്യുകയും ചെയ്തു.

**മുംബൈയിൽ സുഖത്തോടെ എത്തിയതിൽ, ഹുദൂർ തിരുമനസ്സിന്റെ മിന്നൽ സന്ദേശം**

''ഞാനെന്റെ വകയായും എന്റെകൂടെ യാത്ര ചെയ്തവരുടെ വകയായും മുഴുവൻ ജമാഅത്തംഗങ്ങൾക്കും നന്ദി പറയുന്നു. അവർ നമ്മുടെ ദൗത്യവിജയത്തിനുവേണ്ടി ദുആ ചെയ്തു. യാത്രക്കിടയിൽ നമുക്കു ലഭിച്ചിട്ടുള്ള അത്ഭുതകരമായ വിജയം വെറും അല്ലാഹുവിന്റെ അനുഗ്രഹമൊ ന്നുകൊണ്ട് മാത്രമാണ്. അവൻ ഓരോ കാൽ വെപ്പിലും നമ്മെ സഹായിച്ചു. നമ്മൾ ഒരു വഴിയും കാണാത്ത സമയത്താണ് അവൻ നമുക്കുവേണ്ടി വഴികൾ തുറന്നുതന്നത്. തന്റെ യജമാനന്റെ ഈ പ്രത്യേക അനുഗ്രഹത്തെ ഓർക്കുകയും അവന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ ചെയ്യേണ്ടിവരുന്ന വലിയ വലിയ ത്യാഗങ്ങൾ ചെയ്യാൻ തയ്യാറാവുകയും ചെയ്യണമെന്ന് ഞാൻ മുഴുവൻ ജമാഅത്തംഗങ്ങളോടും അഭ്യർഥിക്കുന്നു. നമ്മളേവരിലും അവന്റെ അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ.

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിؓ ആഗ്രയിൽ:**

ഹുദൂർ 1920 നവംബർ 20-ന് മുംബൈയിൽനിന്ന് ബി.ബി.ആന്റ് സി.ഐ റയിൽവെസ്റ്റേഷനിലൂടെ യാത്ര ചെയ്ത് അടുത്ത ദിവസം 1924 നവംബർ 21-ന് ആഗ്രയിലെത്തി. ആഗ്രയിലൂടെ വരുമ്പോൾ അക്റനിലെ വിഖ്യാതമായ സ്ഥലം കണ്ടു. അത് മാഊ ജമീയായുടെ ഗ്രാമവും അഹ്മദിയ്യാ ജമാഅത്തിന്റെ ജിഹാദ് നടപടിയുടെ സുപ്രധാന മൈതാനവുമാണ്. ആഗ്ര സ്റ്റേഷനിൽ ഹുദൂറിന് നിസ്വാർഥമായ സ്വീകരണം നല്കി. മിർസാ ഇർഫാൻ അലി ബേഗ് സാഹിബ് അദ്ദേഹത്തിന്റെ കഴുത്തിൽ ഹാരമണിയിച്ചു.

സ്വൂഫി മുഹമ്മദ് ഇബ്റാഹിം സാഹിബ് ബി.എസ്.സി, അമീർ മുജാഹിദീൻ ആഗ്രയുടെ വകയായി അൽഫള്ൽ 1924 ഡിസംബർ 6-ാം തിയതിയിലെ ഏഴാമത്തെ പേജിൽ താഴെ കൊടുത്ത വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്.

''നവംബർ 21 വൈകുന്നേരം 8 മണിക്ക് ഹദ്റത്ത് മുസ്‌ലിഹ് മൗഊദുംؓ കൂടെയുള്ളവരും ആഗ്ര ഫോർട്ടിൽ തീവണ്ടി ഇറങ്ങി. അവിടെ യു.പിയിലെ പല സ്ഥലങ്ങളിൽനിന്നുവന്ന നൂറോളം ഭാരവാഹികളുടെ അസിസ്റ്റന്റ്മാരോടൊപ്പം ചില നേതാക്കന്മാരും കൂടാതെ 40 അനഹ്മദി വ്യാപാരികളും ചേർന്ന് ഹുദൂറിനെ സ്വീകരിച്ചു. ഹുദൂറിന്റെ കഴുത്തിൽ ഹാരമണിയിച്ചു. പിന്നീട് ഹുദൂർ തിരുമനസ്സ് എല്ലാവരുമായി ഹസ്തദാനം ചെയ്തു. തുടർന്ന് ഹുദൂർ തിരുമനസ്സ് യാത്രാ സംഘത്തോടൊപ്പം ദാറുത്തബ്‌ലീഗിൽ പോയി. അവിടെയെത്തിയ ഉടനെ ഹുദൂർ നമസ്കരിച്ചു. പിന്നീട് മീൻപൂരി എന്ന പ്രദേശത്തിൽ നിന്നുള്ള ചില അതിഥികളുടെ ബയ്അത്ത് സ്വീകരിച്ചു. അതിനുശേഷം ഭക്ഷണം കഴിച്ചു. മുജാഹിദീനും ആഗ്ര അഹ്മദിയ്യാ ജമാഅത്തിനുംവേണ്ടി മൗലവി ഗുലാം അഹ്മദ് സാഹിബ് പ്രസംഗിച്ചു. അതിനു മറുപടിയായി ഹുദൂർ തന്റെ വിജയത്തെ വെറും ദൈവികാനുഗ്രഹമാണെന്ന് സ്ഥാപിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ഭാവി പുരോഗതിയുടെ രാജവീതിയിൽ ചുവടുവെക്കുന്നതിനെ സംബന്ധിച്ച് ഉപദേശിക്കുകയും കൂടുതൽ ത്യാഗങ്ങൾക്കുവേണ്ടി തയ്യാറാകുന്നതിന് ആഹ്വാനവും ചെയ്തു. അടുത്ത ദിവസം രാവിലെ ഹുദൂർ കൂടെയുള്ളവരോടൊപ്പം ഫോട്ടോ എടുത്തു. താജ്മഹൽ കണ്ടതിനു ശേഷം സാൻധനിലേക്ക് പോയി.

നവംബർ 22-ന് ഹുദൂർ മൽക്കാന തബ്‌ലീഗിന്റെ വലിയ കേന്ദ്രമായ സാന്ധൻ കാണാൻ പോയി. ഇവിടുത്തെ എല്ലാ ഏർപാടും മൽക്കാനയാണ് ചെയ്തത്. വളരെ ഗംഭീരമായ വാതിലുകൾ ഉണ്ടാക്കപ്പെട്ടിരുന്നു. അതിലൊന്നിൽ ഗുലാം അഹ്മദ് കീ ജയ് (ഗുലാം അഹ്മദ് നീണാൽ വാഴട്ടെ) എന്ന വാചകം എഴുതിയിരിക്കുന്നു. ഹുദൂർ തിരുമനസ്സിന്റെ സന്നിധിയിൽ അഡ്രസ്സ് സമർപ്പിച്ചു. ഹുദൂർ തിരുമനസ്സ് അതിന് മറുപടി പറഞ്ഞു. പിന്നെ ധാരാളമാളുകൾ ബയ്അത്ത് ചെയ്തു. പ്രിയ വായനക്കാരേ! നിങ്ങൾ അത്ഭുതപ്പെട്ടുപോകും ഹദ്റത്ത് ഖലീഫത്തുൽ മസീഹ്

യൂറോപ്പിലേക്കുള്ള നീണ്ട യാത്രക്കുശേഷം മുംബൈയിൽനിന്ന് നേരിട്ട് ഖാദിയാനിൽ വരുന്നതിനു പകരം മുംബൈയിൽ നിന്ന് ആഗ്രയിലെന്തിനു വന്നു. വായനക്കാരുടെ അറിവിലേക്കായി എഴുതുകയാണ്: ആ നാളുകളിൽ ഉത്തർപ്രദേശിലെ ആഗ്രയിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലും ശുദ്ധിപ്രസ്ഥാനത്തിനെതിരെ തബ്ലീഗുപരമായ ഉദ്യമം നടന്നുകൊണ്ടിരിക്കുകയായിരുന്നു. 1923-ൽ ഹദ്റത്ത മുസ്‌ലിഹ് മൗഊദ്ؓ ഈ ഉദ്യമത്തിന് തുടക്കം കുറിച്ചു.

ഈ കാലഘട്ടത്തിൽ ഹിന്ദുക്കളിൽനിന്നുള്ള ഒരു സംഘം മൽക്കാന സമൂഹത്തിലുള്ള മുസ്‌ലിമീങ്ങളെ ഇസ്‌ലാമിൽനിന്ന് വേർപെടുത്തി ഹിന്ദുക്കളിൽ ചേർത്തുകൊണ്ടുള്ള ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. ഹദ്റത്ത ഖലീഫത്തുൽ മസീഹ് ഥാനീؓ മുസ്‌ലിമീങ്ങളെ മുർത്തദ്ദാക്കിക്കൊണ്ട് ഹിന്ദുമതത്തിൽ ചേർക്കുന്ന ഈ പരിശ്രമത്തിനെതിരെ അഹ്മദി മുബല്ലിഗുമാരെയും സന്നദ്ധ സേവകരെയും മൽക്കാന മുസ്‌ലിമീങ്ങൾക്ക് തഅ്ലീമും തർബിയത്തും കൊടുക്കുന്നതിന് അയച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീؓഅവിടെയെത്തി നേരിട്ട് പരിശോധന നടത്തുകയും നടന്നുവരുന്ന തഅ്ലീമിന്റെയും തർബിയ്യത്തിന്റെയും ഉദ്യമത്തിൽ കൂടുതൽ വിശാലത ഉണ്ടാക്കുന്നതിനും വേഗം കൂട്ടുന്നതിനും വേണ്ടിയായിരുന്നു ആഗ്രയിൽ പോയത്.

**ആഗ്രയിൽനിന്ന് ഡൽഹിയിലേക്കുള്ള മടക്കം:**

1924 നവംബർ 22-ാം തിയതി രാത്രി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ ؓ സാന്ധനിൽനിന്ന് ഡൽഹിക്ക് പുറപ്പെട്ടു. അന്നുരാത്രി ഡൽഹിയിലെത്തി. ഡൽഹി സ്റ്റേഷനിൽ വലിയ ജനാവലി ഉണ്ടായിരുന്നു. നടന്നുപോകാൻപോലും പ്രയാസമനുഭവപ്പെട്ടു. ഡൽഹിലേയും ശിംലയിലേയും ജമാഅത്ത് മംഗളാശംസകൾ അർപിച്ചു. അതിന് ഹുദൂർ തിരുമനസ്സ് മറുപടി പറഞ്ഞു.

**ഡൽഹിയിൽനിന്ന് ഖാദിയാനിലേക്കുള്ള മടക്കം:**

നവംബർ 23-ന് രാവിലെ ഡൽഹിയിൽനിന്ന് പുറപ്പെട്ട് അംബാലയിലെത്തി. പിന്നീട് അംബാലയിൽനിന്ന് ബട്ടാലയിലേക്ക് പുറപ്പെട്ടു. വണ്ടി നിൽക്കുന്ന ഇടയിലുള്ള എല്ലാ സ്റ്റേഷനുകളിലും പല സ്ഥലങ്ങളിൽനിന്നുള്ള ജമാഅത്തുകൾ വന്നുകൊണ്ട് കൂടിക്കാഴ്ച്ച നടത്തി. അംബാല സ്റ്റേഷനിൽ അംബാല ജമാഅത്തിന്റെ വകയായി ഉച്ചഭക്ഷണം വിതരണം ചെയ്തു. രാജ്പൂര സ്റ്റേഷനിൽ പട്ടിയാല, സർഹിന്ദ്, ബസി മുതലായ ജമാഅത്തുകളുമുണ്ടായിരുന്നു. ചാവ സ്റ്റേഷനിലും ദൗരാഹ സ്റ്റേഷനിലും ഗൗഥ്ഗഡ് ജമാഅത്തിലെ അംഗങ്ങളാണുണ്ടായിരുന്നത്. ചാവയിൽ വണ്ടി സ്റ്റേഷനിൽനിന്ന് കുറച്ച് മുമ്പോട്ടു വന്നിരുന്നു. എന്നാൽ, ജമാഅത്തംഗങ്ങളെ സ്റ്റേഷനിൽ കണ്ടപ്പോൾ വണ്ടി നിറുത്തി. ഹുദൂർ തിരുമനസ്സ് കുറച്ചുദൂരം നടന്ന് തന്റെ ജമാഅത്തംഗങ്ങളോട് ഹസ്തദാനം നടത്തി.

ലുധിയാന സ്റ്റേഷനിൽ കാണാൻ പറ്റിയ കാഴ്ച്ചയായിരുന്നു. ലുധിയാനിൽനിന്നും ഫിറോസ് പൂരിൽനിന്നും മലേർകോട്ടലയിൽനിന്നും വന്ന ജമാഅത്തംഗങ്ങൾ ഒരു പ്രത്യേക ക്രമത്തിൽ അണിയായി നിന്നിരുന്നു. ലുധിയാന ജമാഅത്ത് സെക്രട്ടറി ശേയ്ഖ് മുഹമ്മദ് ശഫീഅ് സാഹിബ് അഡ്രസ്സ് വായിച്ചു. അതിന് ഹുദൂർ തിരുമനസ്സ് മറുപടി പറഞ്ഞു. ലുധിയാനയ്ക്കുശേഷം വണ്ടി ജലന്തർ പട്ടണത്തിൽ നിന്നു. അവിടെ ജലന്തറിലേയും ഹോശിയാർപൂരിലേയും കപൂർത്തലയിലേയും ജമാഅത്തംഗങ്ങൾ ധാരാളമായി സന്നിഹിതരായിരുന്നു. ഹദ്റത്ത് മുൻശീ ഹബീബുർറഹ്മാൻ സാഹിബ് റഈസ് ഹാജിപൂര അഡ്രസ്സ് സമർപ്പിച്ചു. പിന്നീട് തീവണ്ടി ജലന്തറിലും ബിയാസിലും അൽപനേരം നിന്നതിനുശേഷം അമൃതസറിലെ ത്തി. അവിടെ സ്റ്റേഷനിൽ കാലുകുത്താനിടമുണ്ടായിരുന്നില്ല. ഹുദൂറിനെ സ്വാഗതം ചെയ്തുകൊണ്ടുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ കൊടി പറന്നുകൊണ്ടിരുന്നു. ഖുറയ്ശി മുഹമ്മദ് ഹുസയ്ൻ സഹിബ് നാഇബ് അമീർ ജമാഅത്ത് അഹ്മദിയ്യാ ലാഹോർ അഡ്രസ്സ് സമർപ്പിച്ചു. ഹുദൂർ അതിന് മറുപടി പറഞ്ഞു. അമൃതസർ ജമാഅത്തിന്റെ വകയായി ഭക്ഷണം വിതരണം ചെയ്തു. 11 മണിക്ക് വണ്ടി ബട്ടാലയിലെത്തി.

ഖാദിയാനിലെ ജമാഅത്തിന്റെ വകയായി ബട്ടാലയിൽ ഹുദൂറിനെ സ്വീകരിക്കാനും താമസിക്കാനും ഏർപാട് ചെയ്യുന്നതിന് ജമാത്തംഗങ്ങളുണ്ടായിരുന്നു. ഹുദൂർ രാത്രി ബട്ടാലയിൽ തങ്ങി. 1924 നവംബർ 22-ാം തിയതി ബട്ടാലയിൽനിന്ന് ഖാദിയാനിലേക്ക് പുറപ്പെട്ടു.

**ഖാദിയാനിൽ ആഗമനവും ആവേശോജ്ജ്വലമായ സ്വീകരണവും**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ യൂറോപ്പിൽനിന്ന് തിരിച്ചു വരുന്ന സമയത്ത് ഉജ്ജ്വലമായ സ്വീകരണം നല്കുന്നതിനുവേണ്ടി സ്വാഗതസംഘം ബട്ടാല റോഡിൽ കിണറിനോടു ചേർന്നുള്ള ഒരു സ്ഥലം നിശ്ചയിച്ചിരുന്നു. അതിനെ ഇപ്പോൾ ഡല്ലമോഡ് എന്നാണ് പറയുന്നത്. ഈ സ്ഥലം പന്തലിട്ട് പല നിറത്തിലുള്ള തോരണങ്ങൾ കൊണ്ട് അലങ്കരിച്ച് വളരെ മനോഹരമാക്കിയിരിക്കുന്നു. ഇരിക്കാൻ ബെഞ്ച് വെച്ചിരുന്ന റോഡിൽ വളരെ മനോഹരമായ കവാടമുണ്ടാക്കിയിരിക്കുന്നു. അതിൽ അഹ്ലൻവ്വ സഹ്ലൻവ്വ മർഹബ എന്ന് എഴുതിവെച്ചിരുന്നു. ഹുദൂർ തിരുമനസ്സ് വരുന്നതിനു മുമ്പേ തന്നെ വളരെ വലിയ ജനാവലിയായിരുന്നു ഉണ്ടായിരുന്നത്. അതിൽ ഖാദിയാനിൽനിന്നും വെളിയിൽ നിന്നുമുള്ള അഹ്മദികൾക്കു പുറമെ ഖാദിയാനിലെ അനഹ്മദികളും ആര്യമതക്കാരും സിക്കുകാരുമുണ്ടായിരുന്നു. സംഘാടകർ വളരെ നല്ല രീതിയിൽ ക്രമത്തോടുകൂടി ആളുകളെ റോഡു മുതൽ പന്തൽ വരെ നിറുത്തിയിരിക്കുന്നു. ഏറ്റവും മുമ്പിൽ മൗലവി ശേറലി സാഹിബ്, ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്, മസീഹ് മൗഊദ്ؑന്റെ കുടുംബാംഗങ്ങൾ എന്നിവരായിരുന്നു നിന്നിരുന്നത്. ഈ സമയത്ത് എല്ലാവരും പ്രതീക്ഷയോടുകൂടി റോഡിന്റെ ഭാഗത്ത് കണ്ണുംനട്ടിരിക്കുകയായിരുന്നു. ദൂരത്തുനിന്നുതന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിؓയുടെ കാർ കണ്ടു. അപ്പോൾ എല്ലാവരുടേയും മുഖം സന്തോഷം കൊണ്ട് വിടർന്നു. പറന്നുകൊണ്ട് ഏറ്റവുമാദ്യം ഏറ്റവുമാദ്യം തന്റെ സ്നേഹഭാജനമായ യജമാനന്റെയടുത്ത് എത്തണമെന്നും സിയാറത്ത് നടത്തണമെന്നും ഓരോരുത്തരുമാഗ്രഹിച്ചു. എന്നാൽ, വളണ്ടിയർമാരുടെ കർശന നിയന്ത്രണംകൊണ്ട് അവർ നിസ്സഹായരായിരുന്നു. ഹുദൂറും തന്റെ ജമാഅത്തംഗങ്ങളുടെ ആവേശാധിക്യത്തെ അറിയുന്നുണ്ടായിരുന്നു. അതുകൊണ്ട് ഹുദൂർ, എല്ലാവരും തങ്ങളുടെ സ്ഥലത്ത് തന്നെ നിൽക്കുകയെന്നും തങ്ങളുടെ സ്ഥലം ഉപേക്ഷിക്കുന്നവരുമായി ഹസ്തദാനം ചെയ്യുകയില്ലെന്നും സംഘാടകരോടു പറഞ്ഞയച്ചു. ഈ നിർദേശമെത്തിയതിനുശേഷം ഹുദൂറിന്റെ കാർ മന്ദം മന്ദം മുന്നോട്ടു നീങ്ങി. കറിൽ പച്ചക്കൊടി പാറുന്നുണ്ടായിരുന്നു. അത് ചൗദ്ദരി അലി മുഹമ്മദ് സാഹിബാണ് പിടിച്ചിരുന്നത്. ഹുദൂർ കവാടത്തിനടുത്തെത്തിയപ്പോൾ ആദ്യം ഹദ്റത്ത് മൗലവി ശേറലി സാഹിബും തുടർന്ന് ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബും കൈകൊടുക്കുകയും ആശ്ലേഷിക്കകയും ചെയ്തു. അതിനുശേഷം ഹുദൂർ ദീർഘനേരം ഓരോരുത്തരുമായി ഹസ്തദാനം ചെയ്തു. എല്ലാവരേയും ഹസ്തദാനം ചെയ്തതിനു ശേഷം ഹുദൂർ മുന്നോട്ടുനീങ്ങി ഹദ്റത്ത് സഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബിനെ ആലിംഗനം ചെയ്തു. ആ സമയത്ത് ഹദ്റത്ത് സാഹിബ് സാദാ സാഹിബിന്റെ കണ്ണിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. അദ്ദേഹത്തിനുശേഷം ഹുദൂർ ഹുജ്ജത്തുല്ലാഹ് ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിനേയും ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായിൽ സാഹിബിനേയും ആലിംഗനം ചെയ്തു. പിന്നീട് മുഴുവൻ ആളുകളുടെ

ശേഷം പേജ് 24 ൽ

**• ഹദീഥുന്നബ്‌വി(സ) •**

**"ശപിക്കപ്പെട്ട മൂന്നു കാര്യങ്ങളിൽനിന്ന് പിന്മാറുക; ഉറവുകൾക്ക് സമീപവും വഴിയിലും (മനുഷ്യൻ വിശ്രമിക്കുന്ന) തണലിലും വിസർജിക്കുന്നതിൽനിന്ന്." (മിശ്ക്കാത്ത് 3:2)**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി(സ) •**

**നബി(സ)തിരുമേനി പ്രാഥമിക ആവശ്യം കഴിഞ്ഞ് പുറത്തുവന്നാൽ പറയുമായിരുന്നു: "എന്നിൽനിന്ന് മാലിന്യത്തെ നീക്കുകയും എനിക്ക് ആരോഗ്യം നല്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും." (മിശ്ക്കാത്ത് 3:2)**

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ലേഖനം

# വിംബ്ലി സമ്മേളനത്തിലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ പ്രസംഗവും ബുദ്ധിജീവികളുടേയും പത്രങ്ങളുടേയും ചർച്ചയും

**മുസ്വവ്വിർ അഹ്മദ് മസ്റൂർ** മുബല്ലിഗെ സിൽസില

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ, ജമാഅത്തുപരമായ പുരോഗതിയുടെ വീക്ഷണത്തിൽ അത്ഭുതകരമായൊരു വിപ്ലവത്തിന്റെ വർഷമായിരുന്നു 1924. അതിനുകാരണം 1924-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്ؓആദ്യത്തെ യൂറോപ്യൻ പര്യടനം നടത്തിയെന്നതാണ്. ഈ ഐതിഹാസികവും വളരെ സുപ്രധാനവുമായ പര്യടനത്തിന്റെ ഫലമായി അഹ്മദിയ്യാ ജമാഅത്ത് പുതിയൊരു കാലഘട്ടത്തിൽ പ്രവേശിച്ചു. യൂറോപ്പിൽ ഇസ്ലാമിന്റെ വിജയത്തിന്റെ ശിലാന്യാസം നടത്തി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഅടിസ്ഥാനപരവും ഏറ്റവും പ്രധാനപ്പെട്ടതുമായ ഏതൊരു കാരണത്തിന്റെ അടിസ്ഥാനത്തിലാണോ ഈ യാത്ര നടത്താൻ തീരുമാനിച്ചത്, അത് വിംബ്ലിയിൽ സംഘടിപ്പിക്കാൻ പോകുന്ന കോമൺവെൽത്ത് മതമഹാസമ്മേളനമായിരുന്നു. ഇതിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓനെ ഇസ്‌ലാംമതത്തെ പ്രതിനിധാനം ചെയ്ത് പ്രഭാഷണം നടത്താൻ ക്ഷണിച്ചിരുന്നു. അതുകൊണ്ട് ഈ ലേഖനത്തിൽ ഈ സമ്മേളനത്തിന്റെ റിപ്പോർട്ടിനേയും അതിൽ വായിക്കപ്പെട്ട ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ പ്രഭാഷണത്തേയും സംബന്ധിച്ച് ബുദ്ധിമാന്മാരുടേയും പത്രങ്ങളുടേയും പ്രതികരണങ്ങളെ കുറിച്ച് അൽപം ചർച്ച ചെയ്യുന്നതായിരിക്കും.

### സമ്മേളനം സംഘടിപ്പിച്ചതിന്റെ ഹ്രസ്വമായ പശ്ചാത്തലം:

ഈ സമ്മേളനം എങ്ങനെയാണ് കർമപഥത്തിൽ വന്നത്? എങ്ങനെയാണ് ഹുദൂറിന്റെ തിരുസന്നിധിയിൽ മതമഹാ സമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണക്കത്ത് ലഭിച്ചത്? അതിനെക്കുറിച്ചുള്ള വിവരണം ഈ വാക്കുകളിൽ 'താരീഖെ അഹ്മദിയ്യത്തിൽ' ലഭിക്കുന്നതാണ്:

1924 ആദ്യം ഇംഗ്ലണ്ടിലെ പ്രസിദ്ധമായ വിംബ്ലി പ്രദർശനവുമായി ബന്ധപ്പെട്ട് സോഷ്യലിസ്റ്റ് ലീഡർ മിസ്റ്റർ വില്യം ലോഫ്റ്റന്റ് ഹെയർ(Mr William Loftus Hare) ഇങ്ങനെയൊരു പദ്ധതിയിട്ടു. ഈ ആഗോളപ്രദർശനത്തിനോടൊപ്പം ഒരു മതമഹാസമ്മേളനവും സംഘടിപ്പിക്കുക. ഇതിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിലെ വിവിധ മതങ്ങളുടെ പ്രതിനിധികളെ ക്ഷണിക്കുക. അവർ ഈ സമ്മേളനത്തിൽ പങ്കെടുത്ത് അവരവരുടെ മതത്തിന്റെ അടിസ്ഥാനപരമായ വിശ്വാസപ്രമാണങ്ങളിൽ വെളിച്ചം വീശുക. പ്രദർശനത്തിന്റെ സംഘാടകരിൽ മുസ്തശ്‌രിഖീനും(അതായത് ഏഷ്യൻ സംസ്കാരങ്ങളെക്കുറിച്ച് യൂറോപ്പ്, അമേരിക്ക തുടങ്ങിയ പടിഞ്ഞാറൻ നാടുകളിൽ ചരിത്രകാരന്മാർ നടത്തിവന്ന പഠനഗവേഷണ പ്രവർത്തനങ്ങളിലൂടെ ഉൾത്തിരിഞ്ഞുവന്ന വിജ്ഞാനശാഖയാണ് പൗരസ്ത്യവാദം അഥവാ ഓറിയന്റലിസം. ഇതിലെ അംഗങ്ങളെ ഉർദുവിൽ മുസ്തശ്‌രിഖീൻ എന്നു പറയുന്നു)ഉണ്ടായിരുന്നു. അവർ ഈ അഭിപ്രായത്തോടു യോജിച്ചു. ലണ്ടൻ യൂണിവേഴ്സിറ്റിയിലെ മദ്രസ ഉലൂം ശർഖിയ്യായുടെ(The School of Oriental Studies) മേൽനോട്ടത്തിൽ സമ്മേളനത്തെ വിശാലമാക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടു. സമ്മേളനം ലണ്ടൻ ഇംപീരിയൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്താൻ തീരുമാനിച്ചു. 1924 സെപ്തംബർ 22 മുതൽ 1924 ഒക്ടോബർ 3 വരെ പരിപാടി നടത്താനും തീരുമാനമായി. കമ്മിറ്റി താഴെ പറയുന്ന മതങ്ങളുടെ പ്രഭാഷകന്മാരെ തിരഞ്ഞെടുത്തു. ഹിന്ദുമതം, ഇസ്‌ലാം, ബുദ്ധിസം, പാഴ്സി മതം, ജൈനമതം, സിക്കുമതം, തസഫ്ഫുഫ്, ബ്രഹ്മസമാജ്, ആര്യസമാജ്, കൺഫ്യൂഷസിസം തുടങ്ങിയവ.

ഹദ്റത്ത് മൗലവി അബ്ദുർറഹീം സാഹിബ് നയ്യർ 1923-ന്റെ തുടക്കത്തിൽത്തന്നെ ലണ്ടനിൽ ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന് ഈ മതമഹാസമ്മേളനത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. കമ്മിറ്റിയുടെ രൂപീകരണത്തിനു പുറമെ പ്രസംഗകരും തീരുമാനിക്കപ്പെട്ടു കഴിഞ്ഞപ്പോൾ 1924-ന്റെ കുറച്ചുകാലവും കഴിഞ്ഞിരുന്നു. ഒരു സൊസൈറ്റിയിൽ നടന്ന ചർച്ചയെ സംബന്ധിച്ച് ആരോ ഇതു പറഞ്ഞപ്പോൾ മൗലവി സാഹിബ് കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറി എം.എം. ഷാർ പ്ലസിനെ കണ്ടു. ഇസ്‌ലാമിനെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണം തീർച്ചയായും അവതരിപ്പിക്കേണ്ടതാണെന്ന് അദ്ദേഹത്തിന് തോന്നി. കമ്മിറ്റിയിൽ ഇക്കാര്യം വന്നപ്പോൾ കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ട് ഡോക്ടർ സർ തോമസ് ഡബ്ല്യു ആർനോൾഡ്(പ്രീച്ചിംഗ് ഓഫ് ഇസ്‌ലാമിന്റെ കർത്താവ്)കമ്മിറ്റിയോട് പറഞ്ഞു: 'പ്രഭാഷകന്മാരുടെ തിരഞ്ഞെടുപ്പിൽ നയ്യർ സാഹിബിനോട് തീർച്ചയായും ആലോചിക്കേണ്ടതാണ്. അങ്ങനെ ഹദ്റത്ത് നയ്യർ സാഹിബിനോടൊപ്പം തയ്യാറാക്കപ്പെട്ട പരിപാടിയിൽ വീണ്ടും പരിശോധന നടന്നു. അദ്ദേഹം ഹിന്ദുമതത്തിന്റേയും ബുദ്ധമതത്തിന്റേയും പ്രതിനിധികളുടെ പേരുകൾ നിർദ്ദേശിച്ചതിനു പുറമെ തസഫ്ഫുവ്വിന്റെ പ്രാതിനിധ്യത്തിന് ഹദ്റത്ത് സ്വൂഫി ഹാഫിള് റോശൻ അലി സാഹിബിന്റെ പേരും എഴുതിച്ചു. പക്ഷേ, അതിനോടൊപ്പം പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനിؓയുടെ അനുവാദത്തോടുകൂടി മാത്രമേ ഹാഫിള് സാഹിബ് വരികയുള്ളൂ. കമ്മിറ്റിയിൽ ഈ പേര് അവതരിപ്പിച്ച ഉടനെ ഡോക്ടർ ആർനോൾഡും പ്രൊഫ. മാർഗോലിയേത്തും കമ്മിറ്റിയുടെ മറ്റുള്ള എല്ലാ അംഗങ്ങളും വളരെ ആത്മാർഥതയോടും സ്നേഹത്തോടുംകൂടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയോടു സമ്മേളനത്തിൽ പങ്കെടുക്കാൻ അപേക്ഷിക്കാമെന്ന് തീരുമാനിച്ചു: സ്വൂഫീ സാഹിബിനേയും ഒപ്പം കൊണ്ടുവരാൻ അപേക്ഷിക്കാനും. അപ്രകാരം ഖലീഫത്തുൽ മസീഹ് ഥാനിയുടെ തിരുസന്നിധിയിൽ ഇംഗ്ലണ്ടിലെ ഓറിയന്റലിസ്റ്റുകളുടെ ഭാഗത്തുനിന്ന് ക്ഷണക്കത്ത് ലഭിച്ചു. *(താരീഖെ അഹ്മദിയ്യത്ത്, വാല്യം 4, പേജ് 422: 423)*

സർ ഇ. ഡനിസൺ റോസ്(Sir E Denison Ross)ആയിരുന്നു 1924-ൽ ലണ്ടനിൽ സംഘടിപ്പിക്കാൻ പോകുന്ന ഈ മതമഹാ സമ്മേളനത്തിന്റെ ചെയർമാൻ. അദ്ദേഹം ഈ മതമഹാ സമ്മേളനം സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് പറയുന്നു:

''ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഉള്ളിലുള്ള കുറച്ച് ജീവനുള്ള മതത്തെ പങ്കെടുപ്പിച്ചുകൊണ്ട് ഈ സമ്മേളനം സംഘടിപ്പിക്കുന്നതായിരിക്കും. വാസ്തവത്തിൽ എനിക്ക് 1923-ന്റെ തുടക്കത്തിൽ മിസ്റ്റർ വില്യം ലോഫ്റ്റന്റ് ഹെയർ(Mr William Loftus Hare) ൽ നിന്ന് കിട്ടിയ കത്തിന്റെ കൃതജ്ഞതയാണിത്. ആ കത്തിൽ അദ്ദേഹം 1924-ൽ നടത്താൻ പോകുന്ന ബ്രിട്ടീഷ് എമ്പയർ എക്സിബിഷൻ സംബന്ധമായി മതങ്ങളെ കുറിച്ചുള്ള ഒരു സമ്മേളനം സംഘടിപ്പിക്കുന്നതിന് അഭിപ്രായം പറഞ്ഞിരുന്നു. ഇതിൽ ആ നേരത്ത് വിവിധ ശീർഷകങ്ങളിൽ സമ്മേളനം സംഘടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയായിരുന്നു. ഞാൻ മറുപടിയിൽ ഈ അഭിപ്രായത്തോടു യോജിച്ചു. സമ്മേളനത്തിൽ വിവാദ സംബന്ധമായ ചർച്ചയൊന്നും ഉണ്ടാകരുതെന്ന നിലപാടായിരുന്നു ഞാൻ ഒന്നാമതായി പറഞ്ഞ നിബന്ധന. രണ്ടാമത്തേത് എല്ലാ മതത്തിന്റേയും പ്രതിനിധി ആ മതത്തിന്റെ അനുയായി ആയിരിക്കേണ്ടതാണ്.

മിസ്റ്റർ ഹെയറും അദ്ദേഹത്തിന്റെ കുറച്ച് സ്നേഹിതന്മാരും പിന്നീട് എക്സിബിഷന്റെ പ്രവർത്തകരുമായി ബന്ധപ്പെട്ടു. അവസാനം നമുക്ക് സെപ്തംബറിന്റെ അവസാനവും 1924 ഒക്ടോബറിന്റെ ആരംഭത്തിലുമായി 10 ദിവസം എക്സിബിഷന്റെ ഭാഗത്തുനിന്ന് സൗകര്യങ്ങൾ ഒരുക്കിത്തരണമെന്ന് റഞ്ഞു. (3. RELIGIONS OF THE EMPIRE PAGE NO)

വിംബ്ലി മതമഹാസമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ഹുദൂറിന്റെ ജമാഅത്തുമായുള്ള കൂടിയാലോചനയും ഹുദൂറിന്റെ സ്വന്തം അഭിപ്രായവും:

ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെؓതിരുസന്നിധിയിൽ മതസമ്മേളനത്തിൽ പങ്കെടുക്കുന്നതിന് കമ്പിസന്ദേശം കിട്ടിയപ്പോൾ ഹുദൂർ 1924 മെയ് 16-ന് അസ്ർ നമസ്കാരത്തിനുശേഷം ഒരു കൂടിയാലോചന സഭ വിളിക്കുകയും ഖാദിയാനിലുള്ള സഹോദരന്മാരോട് അഭിപ്രായമാരായുകയും ചെയ്തു. അതായത് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ആരെയാണ് അയക്കേണ്ടത്? ഈ കൂടിയാലോചനാസഭയിൽ നിലവിലുള്ള 16 അംഗങ്ങളിൽ 11 അംഗങ്ങൾ-ഇവരിൽ ഖമറുൽ അമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും മൗലവി അബ്ദുർറഹീം സാഹിബ് ദർദും ഉണ്ടായിരുന്നു. അവർ പറഞ്ഞു: 'ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും തബ്‌ലീഗിനുള്ള ഒരു പ്രത്യേക അവസരമാണിത്. അതുകൊണ്ട് ഹുദൂർ തന്നെ സമ്മേളനത്തിൽ പങ്കെടുക്കാൻ പോയാൽ അത് ഏറെ ഗുണകരമായിരിക്കും.' മജ്‌ലിസെ ശൂറായിലുണ്ടായിരുന്ന മറ്റു സഹോദരങ്ങളും ഭൂരിപക്ഷത്തോടെ ആ അഭിപ്രായത്തെ പിന്തുണച്ചു.

ഖാദിയാനിലുള്ള സ്നേഹിതന്മാരോട് അഭിപ്രായമാരാഞ്ഞതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഖാദിയാന് പുറത്തുള്ള ജമാഅത്തിലെ സഹോദരന്മാരോടും കത്തുമുഖേന ഈ കാര്യത്തെ കുറിച്ച് അഭിപ്രായം തേടി. ഈ കത്തിൽ മതസമ്മേളനം സംഘടിപ്പിക്കുന്നതിനെ കുറിച്ച് പറഞ്ഞുകൊണ്ട് ഇതിൽനിന്ന് തബ്‌ലീഗുപരമായ ഫലമെടുക്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓജമാഅത്ത് സഹോദരങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

''നിങ്ങൾ ഒരുപക്ഷേ അറിഞ്ഞിട്ടുണ്ടാകും, ഇംഗ്ലണ്ടിൽ രണ്ടുവർഷം മുതൽ ഒരു വ്യാപാരപരമായ പ്രദർശനത്തിന്റെ തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിൽ ബ്രിട്ടീഷ് ഭരണകൂടത്തിൻ കീഴിലുള്ള പ്രദേശങ്ങളിലെ എല്ലാതരത്തിലുള്ള ഉൽപന്നങ്ങളും ശിൽപവേലക്കുള്ള വസ്തുക്കളും പ്രദർശിപ്പിക്കുന്നതായിരിക്കും. ഈ പ്രദർശനം ഇപ്പോൾ തുറക്കപ്പെട്ടിരിക്കുന്നു. വൻതോതിലാണ് ഈ പരിപാടി നടക്കുന്നത്. കച്ചവടം മുന്നിൽകണ്ടും രാജ്യങ്ങളുടെ പരസ്പര ബന്ധങ്ങൾ ശക്തിപ്പെടുത്താനും രണ്ടുകോടിയോളം ആളുകൾ ഇത് കാണാൻ വരുന്നതായിരിക്കും. ഈ ദിനങ്ങളിൽ ലോകത്തിലെ എല്ലാ മുക്കിലും മൂലയിലുമുള്ള വിദ്യാസമ്പന്നർ ഇംഗ്ലണ്ടിൽ സംഘടിക്കുന്നതാണ്. അതായത് ലോകം മുഴുവൻ ചെറിയ അളവിൽ ഈ സ്ഥലത്ത് ഒന്നിക്കുന്നതായിരിക്കും. ചൈനക്കാർ,

ജപ്പാൻകാർ, അമേരിക്കക്കാർ, റഷ്യക്കാർ, ഫ്രാൻസുകാർ, ജർമ്മൻകാർ, തുർക്കികൾ, അറബികൾ, ഈജിപ്തുകാർ, ഇറാൻകാർ, അഫ്ഘാനികൾ, ഇന്ത്യക്കാരും മറ്റുള്ള ചെറുതും വലുതുമായ ജനതകളിലെ വിദ്യാസമ്പന്നരും അറിവുള്ളവരുമായ ആളുകളും അവിടെ സംഘടിക്കും. ആറ് മാസംവരെ ഈ ഒത്തുചേരൽ അവിടെ ഉണ്ടായിരിക്കുന്നതായിരിക്കും.

''ഈ സമ്മേളനത്തിൽനിന്ന് ഫലമെടുത്ത് ഇംഗ്ലണ്ടിലെ മതപരമായി പരിഹസിക്കുന്നവർ സെപ്തംബർ അവസാനവും ഒക്ടോബർ ആദ്യത്തിലും അവിടെയൊരു മതപരമായ സമ്മേളനം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിൽ എല്ലാ മതത്തിലേയും ആളുകൾ താന്താങ്ങളുടെ മതത്തിന്റെ യാഥാർഥ്യം തുറന്ന് വിവരിക്കണം. മുഴുലോകത്തിനും അവരുടെ യഥാർഥ വിശ്വാസത്തേയും ഉദ്ദേശ്യത്തേയും കുറിച്ച് അറിയാൻ കഴിയണം. ഈ കമ്മിറ്റി തങ്ങളുടെ സമ്മേളനത്തിൽ പ്രസംഗം വായിക്കാൻ എന്നേയും ക്ഷണിച്ചിരിക്കുകയാണ്. ഞാൻ നേരിട്ട് അവിടെ ചെന്ന് എന്റെ ജമാഅത്തിനെ കുറിച്ച് അവർക്ക് പറഞ്ഞുകൊടുക്കുകയും പരിചയപ്പെടുത്തുകയും ചെയ്യണമെന്ന് അവർ പറയുന്നു. അത്തരം മഹത്തായ അവസരത്തിൽനിന്ന് തബ്ലീഗിന്റെ ഫലമെടുക്കുക എന്നത് നമുക്ക് നിർബന്ധമാണ്. കാരണം മുഴുലോകത്തേയും രാജ്യങ്ങളിൽനിന്ന് ഉന്നത വിഭാഗത്തിൽപെട്ട ആളുകൾ സംഘടിക്കുന്നതും അതായത് മുഴുലോകവും ഒരേയൊരു നേരത്ത് സംഘടിക്കുന്നതും എല്ലാ ദിവസവും നമുക്ക് കിട്ടുകയില്ല. ഈ പ്രദർശനത്തെ കുറിച്ച് വിചാരിക്കുന്നത് നൂറു വർഷംവരെ ഇത്തരം വലിയ പ്രദർശനം സംഘടിപ്പിക്കുന്നത് പിന്നീട് ഇംഗ്ലീഷുകാർക്ക് ബുദ്ധിമുട്ടായിരിക്കുമെന്നാണ്. ഈ നേരത്ത് ഇംഗ്ലണ്ടിൽ ഇരുന്ന് നമുക്ക് മുഴുലോകത്തിനും അല്ലാഹുവിന്റെ സന്ദേശമെത്തിക്കാൻ കഴിയും. കോടിക്കണക്കിന് ആളുകൾക്ക് ജമാഅത്തിനെ പരിചയപ്പെടുത്താനും കഴിയും. ഈ മാർഗത്തിലൂടെ ജമാഅത്തിനെ കുറിച്ച് അറിയാത്തവരായി ഈ ലോകത്ത് ഒരു മുക്കും മൂലയുമുണ്ടാകുകയില്ല.'' *(താരീഖെ അഹ്മദിയ്യത്ത്, വാള്യം 4, പേജ് 423-424)*

ഖാദിയാനിൽനിന്ന് സഹോദരന്മാരോടു അഭിപ്രായമാരാഞ്ഞതിനുശേഷം ഹുദൂറിന്റെ സ്വന്തം തീരുമാനമെന്തായിരുന്നു. അതും ഹുദൂർ ഈ കത്തിൽ ജമാഅത്ത് സഹോദരങ്ങളുടെ മുമ്പിൽ ഇപ്പറയുന്ന വാക്കുകളിൽവെച്ചു. ഹുദൂർ എഴുതി:

''ഈ കൂടിയാലോചനക്കുശേഷം എന്റെ അഭിപ്രായം ഈ ഭാഗത്തേക്കാണ് തിരിഞ്ഞത്. അതായത് ഞാൻ പോയതിനുശേഷം ഈ രാജ്യങ്ങളിലെ മിഷനുകളെ നമുക്ക് കൂടുതൽ ശക്തിപ്പെടുത്തേണ്ടി വരും. കാരണം ആഹ്വാനം ചെയ്തിട്ട് നിശബ്ദരായിരിക്കുക ശരിയല്ല. അതുകൊണ്ട് കൂടുതൽ നഷ്ടമാണുണ്ടാകുക. ശക്തിപ്പെടുത്തുകയാണെങ്കിൽ പണം കൂടുതൽ ചെലവഴിക്കേണ്ടിവരും. പിന്നെ ഞാൻ പോകുകയാണെങ്കിൽ എന്റെ കൂടെ കൂടുതൽ ആളുകളുമുണ്ടാകും. അതുകൊണ്ട് പണം അധികം ചെലവഴിക്കേണ്ടിവരും. ജമാഅത്തിനുമേൽ ഭാരം ആദ്യമേതന്നെയുണ്ട്. അതിനാൽ ഞാൻ വിചാരിക്കുന്നത് അസീസം മിർസാ ബശീർ അഹ്മദ് സാഹിബിനേയും ഹാഫിള് രോശൻ അലി സാഹിബിനേയും അയക്കാമെന്നാണ്.'' *(താരീഖെ അഹ്മദിയ്യത്ത്, വാള്യം 4, പേജ് 425)*

രണ്ട് മൂന്നു ദിവസത്തിനുശേഷം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് താൻ പോകുന്നതിനെ സംബന്ധിച്ച് കുറച്ച് ഒഴികഴിവുകൾ പറഞ്ഞു. അതിന്നിടയിൽ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനെ പറ്റി വീണ്ടും ലണ്ടനിൽനിന്ന് കമ്പിസന്ദേശം വന്നു. ഇപ്രകാരം 90% ജമാഅത്ത് സഹോദരന്മാരും നൽകിയ അഭിപ്രായം ഹുദൂർ തിരുമനസ് ഈ സമ്മേളനത്തിൽ നേരിട്ട് പങ്കെടുക്കണമെന്നായിരുന്നു. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദും﵁ 40-നടുത്ത് ആളുകളും ഇസ്തിഖാറയും ചെയ്തു. അതിൽനിന്ന് ദൈവേച്ഛ മനസ്സിലായത് ഹുദൂർ നേരിട്ട് ഈ യാത്ര പോകണമെന്നാണ്.''

അങ്ങനെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ തന്റെ ദീനീപരമായ നിർബന്ധകടമകൾ മുന്തിച്ചുകൊണ്ട് വിശാലമനസ്സോടെ ഈ യാത്ര പോകാൻ തീരുമാനിച്ചു.

**വിംബ്ലി മതസമ്മേളനത്തിൽ വായിക്കപ്പെട്ട ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ ന്റെ വിഷയത്തെ സംബന്ധിച്ച് കുറച്ച് സുപ്രധാന കാര്യങ്ങൾ:**

* ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ 1924 മെയ് 24-ന് സമ്മേളനത്തിൽ അവതരിപ്പിക്കാൻ 'അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം' എന്ന ശീർഷകത്തിൽ വിഷയം എഴുതാൻ തുടങ്ങി.

* ഹുദൂറിന് കഠിനമായ ചൂടിലും ഉഷ്ണത്തിലും രാവിലെ മുതൽ അർദ്ധരാത്രിവരെ എഴുത്തിൽ മുഴുകേണ്ടി വന്നിരുന്നു. അവിടന്ന് പറയുന്നു: ലേഖനമെഴുതുന്ന ദിനങ്ങളിൽ എന്തിന്, ചില സമയങ്ങളിൽ രാത്രി 12 മണിവരേയും ചിലപ്പോൾ 2 മണിവരേയും ഇരിക്കേണ്ടി വന്നിരുന്നു. ഈ കഠിനമായ ചൂടുകാലത്ത് പകൽപോലും ജോലി ചെയ്യുന്നത് പ്രയാസകരമായിരിക്കുന്ന അവസ്ഥയിൽ രാത്രി നേരത്ത് വിളക്കിന്റെ വെളിച്ചത്തിൽ 12 മണിവരെ ജോലി ചെയ്യുക വളരെ പ്രയാസകരമായ പണിയാണ്. എന്നെപോലുള്ള ദുർബലമായ ആരോഗ്യവാന് അത് അസംഭാവ്യമായി തോന്നിയിരുന്നു.

* രാപ്പകൽ അധ്വാനവും അല്ലാഹുവിന്റെ സഹായവുംകൊണ്ട് 1924 ജൂൺ 6-ന് ഉപന്യാസത്തിന്റെ ജോലി പൂർത്തിയായി.

* പരിശോധനയും തർജമയും അത് ശരിയാക്കുന്ന ജോലിയും ഹുദൂർ ചൗദ്‌രി സഫ്റുല്ലാഹ് ഖാൻ സാഹിബിനേയും ഹദ്റത്ത് മൗലവി ശേർ അലി സാഹിബിനേയും സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബിനേയും ഏൽപിച്ചു.

* ഇംഗ്ലീഷ് കോപ്പി ടൈപ്പ് ചെയ്യുന്നതിന്റേയും പരിശോധിച്ച് നോക്കുന്നതിന്റേയും ഉത്തരവാദിത്വം ഹദ്റത്ത് മൗലവി അബ്ദുർറഹീം സാഹിബ് ദർദിനായിരുന്നു.

* 1924 ജൂലൈ 2-ന് ഉപന്യാസത്തിന്റെ ഇംഗ്ലീഷ് തർജമ പൂർത്തിയായി. ജൂലൈ 3-ന് അതിന്റെ ഒരു കോപ്പി മതസമ്മേളനത്തിന്റെ സംഘാടകർക്ക് അയച്ചുകൊടുത്തു.

* ''അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം'' എന്ന വിഷയം വളരെ ദീർഘിച്ചുപോയെന്ന് കണ്ട് ഹുദൂർ അതിന്റെ ഉദ്ദേശ്യങ്ങളുടെ സംക്ഷിപ്തമെടുത്ത് ഒരു പുതിയ വിഷയം എഴുതാൻ തീരുമാനിച്ചു.

* 1924 ജൂലൈ 2-ന് ഹുദൂർ ഈ പുതിയ വിഷയം രചിക്കുന്നതിൽ വ്യാപൃതനായി. ജൂലൈ 9-ന് ഏകദേശം രാത്രി 11 മണിക്ക് ''സിൽസില അഹ്മദിയ്യാ'' എന്ന ശീർഷകത്തിലെഴുതിയ വിഷയം പൂർത്തിയയി. *(അഹ്മദിയ്യാ മൂവ്മെന്റ് അതിന്റെ സംക്ഷിപ്തമാണ്. അതാണ് സമ്മേളനത്തിൽ വായിക്കപ്പെട്ടത്. താരീഖെ അഹ്മദിയ്യത്ത്, വാള്യം 4, പേജ് 429-430)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ യാത്രയിലെ കൂട്ടുകാരോടൊപ്പം 1924 ജൂലൈ 21-ന് ഖാദിയാനിൽനിന്ന് പുറപ്പെട്ടു. 1924 ആഗസ്ത് 22-ന് ആറുമണിയോടടുത്ത് ലണ്ടനിലെ പ്രസിദ്ധമായ വിക്ടോറിയ സ്റ്റേഷനിലെത്തി.

**മതസമ്മേളനത്തിന്റെ സംഘാടക സമിതിയിലെ അംഗങ്ങളും സമ്മേളനത്തിൽ നൽകപ്പെട്ട പ്രസംഗങ്ങളുടെ വിശദമായ റിപ്പോർട്ടും സമ്മേളനത്തിന്റെ എക്സിക്യുട്ടീവ് കമ്മിറ്റി:**

**കമ്മിറ്റിയുടെ പ്രസിഡണ്ട്**

SIR E.DENISON ROSS, C.I.E., PH.D.

**കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ട്**

SIR THOMAS W.ARNOLD, C.I.E.,D.LITT

MR VICTOR BRAN FORD

MR.F.L.CHANNING

PROF.ALICE WERNER. L.L.A

MRS.C.RHYS DAVIDS D.LITT

REV. W.SUTTON PAGE.B.D., OBE

REV. J.TYSSUL DAVIS

REV. A.S.GEDEN D.D

SIR. FRANCIS YOUNG HUSBAND .K.C.S.I,K. C.I.E

PROF.MARGOLIOUTH D.LITT

**ആദരണീയരായ ഖജാൻജി**

MR.LEONARD C.SOPER

**ആദരണീയരായ സെക്രട്ടറിമാർ**

MISS M.M.SHARPLES

MR.W. LOFTUS HARE

(RELIGIONS OF THE EMPIRE)

മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ ഈ മതമഹാസമ്മേളനത്തിൽ വിവിധ മതങ്ങളുടെ അനുയായികൾ പങ്കെടുത്തിരുന്നു. ഈ സമ്മേളനത്തിന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും എല്ലാ മതത്തിലേയും ആളുകൾ അവരവരുടെ മതത്തിന്റെ യാഥാർഥ്യം തുറന്നുപറയുക എന്നതായിരുന്നു.

മുഴുവൻ ലോകത്തിനും അവരുടെ യഥാർഥ വിശ്വാസത്തേയും ഉദ്ദേശ്യത്തേയും കുറിച്ച് അറിവുണ്ടാകുക എന്നതായിരുന്നു. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഈ സമ്മേളനത്തിൽ വായിക്കപ്പെട്ട പ്രബന്ധങ്ങൾ, അതിന്റെ വിശദീകരണം വായനക്കാർക്കുവേണ്ടി താഴെ രേഖപ്പെടുത്തുകയാണ്.

**പൊതുവിവരം:**

1. പരിചയപ്പെടുത്തൽ:

**സർ ഡെനിസൺ റോസ്**

2. ആധുനിക മതപരമായ കൂടിയാലോചനയുടെ രൂപരേഖ:

**മിസ്റ്റർ വില്യം ലോഫ്ടസ് ഹെയർ**

3. ഉദ്ഘാടന പ്രഭാഷണം:

**സർ ഫ്രാൻസിസ് യംഗ് ഹസ് ബൻഡ്**

**ഹിന്ദുമതം:**

ഹിന്ദുമതത്തെക്കുറിച്ച് പ്രഭാഷണങ്ങളുടെ വിശദീകരണം ഇങ്ങനെയാണ്.

1. ഹിന്ദുമതത്തിൽ ചരിത്രപരമായ കുറിപ്പ്

**ഡോക്ടർ എ.എസ്. ഗൈഡൻ**

2. പാരമ്പര്യമായ ഹിന്ദുയിസം (ഓർത്തഡോക്സ് ഹിന്ദുയിസം അല്ലെങ്കിൽ സനാതനധർമ്മം)

**പണ്ഡിറ്റ് ശ്യാം ശങ്കർ എം.എ. ബനാറസ്**

3. ഹിന്ദു ഫിലോസഫിയുടെ മതപരമായ വശം

**പണ്ഡിറ്റ് ഡി.കെ. ലിസോ**

**ഇസ്‌ലാം:**

ഇസ്‌ലാം മതത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങളുടെ വിശദീകരണം താഴെ ചേർക്കുന്നു.

1. ഇസ്‌ലാമിനുമേൽ ഒരു ചരിത്ര കുറിപ്പ്

**പ്രൊഫ. മാർഗോലിയത്ത്**

2. ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ ആദർശങ്ങൾ

**അൽഹാജ് ഖ്വാജ കമാലുദ്ദീൻ**

3. ഇസ്‌ലാമിന്റെ ആത്മാവ്

**മുസ്തഫാ ഖാൻ (ലാഹോർ)**

4. ഇസ്‌ലാമിന്റെ ശിയാ ശാഖ

**ശെയ്ഖ് ഖാദിം**

5. ഇസ്‌ലാമിൽ അഹ്മദിയ്യാ പ്രസ്ഥാനം

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ**

**മസീഹ് ഖാദിയാൻ**

6. തസഫ്ഫുവ്വിൽ ഒരു ചരിത്രക്കുറിപ്പ്

**സർ പൈട്രിക് ഫഗാൻ സി.എസ്.ഐ, കെ.സി.ഐ.ഇ**

7. തസവ്വുഫ്(സൂഫിയാകുക)

**സൂഫി ഹാഫിള് രോഷൻ അലി സാഹിബ്**

**ബുദ്ധിസം:**

ബുദ്ധിസത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങളുടെ വിശദീകരണം ഏതാണ്ടിങ്ങനെയാണ്.

1. ബുദ്ധമതത്തെക്കുറിച്ച് ചരിത്രപരമായ ഒരു കുറിപ്പ്.

**ദാഇൗൻഡെ വസി**

2. സിലോണിൽ ബുദ്ധമതത്തിന്റെ നിലയും സ്വാധീനവും

**ഡോ. ഡസ്തു എ.ഡി. സെൽവ കൊളംബോ**

3. സിലോണിലെ ബുദ്ധമതത്തിന്റെ അധ്യാപനത്തിന്റെ സ്വാധീനം

**ജി.ബി. മലാല സക്കീറ**

4. മഹായാന ബുദ്ധമതം

**മിസ്റ്റർ ഗോമോൺ മിയാൻ മോട്ടോ(ടോക്കിയോ)**

5. ഇന്ത്യയിലെ ചെറിയ ഹിന്ദുമതങ്ങൾ

ഇന്ത്യയിലെ ചെറിയ മതങ്ങൾ ഉദാഹരണത്തിന് സിക്കുമതം ജൈനമതം തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള പ്രസംഗങ്ങളുടെ വിശദീകരണം ഇങ്ങനെയാണ്.

**1. ചരിത്രക്കുറിപ്പ്**

സർ പേട്രിക് ഫഗാൻ സി.എസ്.ഐ, കെ.സി.ഐ.ഇ

**2. സർത്തശ്തിയ്യത്: പാർസികളുടെ മതം**

ശംസുൽ ഉലമ ദസ്തൂർകായികോബാദ് ആദർബാദ് നൗശീർവാൻ പി.എച്ച്.ഡി പൂന

**3. ജൈനമതം**

റായെബഹാദൂർ ജഗ് മന്ദർലാൽ ജൈനി എം.എ. എം.ആർ.എ.എസ് ഇൻഡോർ

**4. സിക്കുമതം**

സർദാർ ഖാൻസിംഗ് (നാഭാ)

**ചൈനീസ് മതം:**

ചൈനീസ് മതത്തെ സംബന്ധിച്ചുള്ള പ്രഭാഷണങ്ങളുടെ വിശദമായ വിവരം ഇങ്ങനെയാണ്.

1. താവോ മതത്തിൽ ഒരു ചരിത്രക്കുറിപ്പ്

**മിസ്റ്റർ. ജി.ആർ.എസ്, എം.ഇ.എ ഡി, ബിഎ**

2. താവോ മതം

**മിസ്റ്റർ. എച്ച്.എസ്.യു ടിഐ-ഷാൻ**

**പുതിയ പ്രസ്ഥാനങ്ങൾ**

പുതിയ പ്രസ്ഥാനങ്ങളിൽ താഴെ പറയുന്നവയുണ്ടായിട്ടുണ്ട്.

**1. ചരിത്രക്കുറിപ്പ്**

റവ.ഡബ്ല്യു. സുട്ടൻ പേജ്, ഒ.ബി. ഇ

**2. ബ്രഹ്മസമാജം**

മിസ്റ്റർ. എൻ.സി. സെൻ, ഒ.ബി.ഇ

**3. ആര്യസമാജം**

പ്രൊഫ. എസ്.എൻ. ഭേർവാനി (ശിക്കാർപൂർ)

**4. ബഹായി പ്രസ്ഥാനം**

ബഹായി അസംബ്ലിയുടെ ഭാഗത്തുനിന്ന് മിസ്റ്റർ. മൗണ്ട് ഫോർഡ്മിൽസ്, കാനഡ വായിച്ചു കേൾപ്പിച്ചു.

**5. ജീവിതത്തിൽ ബഹായിസത്തിന്റെ സ്വാധീനം**

മിസ്റ്റർ. റൂഹീ ഉഫ്ത്താൻ (ഹയ്ഫ)

**പുരാതന മതം:**

പുരാതന മതങ്ങളെ കുറിച്ച് താഴെപറയുന്ന പ്രഭാഷണങ്ങൾ സമ്മേളനത്തിൽ വായിക്കപ്പെട്ടു

1. പൗരാണിക മതങ്ങളെ കുറിച്ച് ഒരു പരിചയപ്പെടുത്തൽ കുറിപ്പ്

**പ്രൊഫ. അലൈസ് വേർണർ എൽ.എൽ.എ**

2. മാഊരി വിശ്വാസങ്ങളുടെ അൽപം വിലയിരുത്തൽ

**ദി വെനറബിൾ ആർച്ച് ഡിക്കൺ വില്യംസ്**

3. കിഴക്കൻ ആഫ്രിക്കയിലെ കുറച്ച് ഗോത്രങ്ങളുടെ വിശ്വാസങ്ങൾ

**മിസ്റ്റർ റിച്ഡ്സെന്റ് ബാറബ് ബേക്കർ** (ലിറ്റ് ഓഫ് കെനിയ കോളനി)

4. ബാൻഡോ മതത്തിന്റെ വീക്ഷണങ്ങൾ

**മിസ്റ്റർ അൽബർട്ട് ടോക്ക** (പീറ്റേഴ്സ്ബർഗ് സൗത്ത് ആഫ്രിക്ക)

5. കിഴക്കൻ ആഫ്രിക്കയിലെ നീഗ്രോകളുടെ മതത്തെക്കുറിച്ച് കുറച്ചു വശങ്ങൾ

മിസ്റ്റർ. എൽ.ഡബ്ല്യു.ജി മാൽകോം എഫ്.ആർ.എസ്.സി (ലേറ്റ് ക്യാപ്റ്റൻ ഓഫ് നൈജീരിയ റെജറ്റ്)

**മതങ്ങളുടെ മനഃശാസ്ത്രവും സഭകളും**

1. പരിചയപ്പെടുത്തൽക്കുറിപ്പ്

**വില്യം ലോഫിട്സ് ഹെയർ**

2. മനുഷ്യനും പ്രകൃതിയും

**സർ ഫ്രാൻസിസ് യംങ് ഹസ്ബൻഡ്**

3. പ്രകൃതിയെ മസ്സിലാക്കിയവരുടെ മതത്തെക്കുറിച്ചുള്ള വീക്ഷണം

**പ്രൊഫ. ജെ. ആർഥർ തോംസൺ, എൽ.എൽ.ഡി**

4. പൗരാണിക ജോലികൾ അവയുടെ പ്രമാണങ്ങളും ദുരാഗ്രഹങ്ങളും

**മിസ്റ്റർ വിക്ടർ ബ്രാൺഫോർഡ് എം.എ.**

5. പരിശുദ്ധ വഴിയും പരിശുദ്ധ സ്ഥലങ്ങളും

**പ്രൊഫ. എച്ച്.ജെ. ഫ്ളോർ ഡി.എസ്.സി.**

6. പരിശുദ്ധനഗരത്തിന്റെ സങ്കല്പം

**മിസേർസ് റേച്ചൽ അന്നന്റ് ടെയിലർ**

7. മതപരവും സാംസ്കാരികവുമായ ജീവിതം

**മിസ്റ്റർ ക്രിസ്റ്റോഫർ ഡാസൻ**

8. മാതൃകാപരമായ മനുഷ്യൻ

**മിസ്റ്റർ വില്യം ലോഫിറ്റ്സ് ഹിയർ**

9. ജീവിതത്തിന്റെ ചിത്രത്തിൽ മതം

**പ്രൊഫ. പേട്രിക് ഗയ്ഡേസ്**

**സമാപന പരിപാടി:**

1. പൊതുവായ വിലയിരുത്തൽ

**മിസ്റ്റർ. വിക്ടർ ബ്രാൺഫോർഡ് എം.എ**

2. ഉപസംഗ്രഹം

**റവ. ടൈസുൽ ഡേവിഡ് ബി.എ** (റലീജ്യൻസ് ഓഫ് ദ എമ്പയർ)

വായനക്കാരേ! മുകളിൽ പ്രതിപാദിച്ചു കഴിഞ്ഞതുപോലെ വിംബ്ലി മതമഹാസമ്മേളനത്തിൽ ഇസ്‌ലാമിന്റെ ഉന്നതിയും യഥാർഥ്യവും സ്ഥാപിക്കുന്നതിനുവേണ്ടി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺഉജ്ജ്വലമായ വിഷയം തയ്യാറാക്കി. അത് ''അഹ്മദിയ്യത്ത് ഔർ ട്രൂ ഇസ്‌ലാം (അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം) എന്ന പേരിൽ ലോകം മുഴുവൻ പ്രശസ്തമാണ്. ഈ പ്രസംഗത്തിൽ ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനങ്ങളും അവയുടെ യുക്തിയും തത്ത്വവും ഹൃദയഹാരിയായ നിലയിലും യുക്തിപരമായ രീതിയിലും വിവരിക്കപ്പെട്ടിരിക്കുന്നു. ഈ വിഷയം വിശദീകരിച്ചു പറയേണ്ടതുണ്ടായിരുന്നു. ഇക്കാരണത്താൽ ഇതിന്റെ വണ്ണം എത്രയായി പോയെന്നാൽ സമ്മേളനത്തിൽ നിശ്ചയിക്കപ്പെട്ട സമയത്ത് അത് വിവരിക്കുക അസാധ്യമായിരുന്നു. അങ്ങനെ ഹുദൂർ ഒരു ഹ്രസ്വമായ ലേഖനം തയ്യാറാക്കി. അതിന്റെ തലക്കെട്ട് 'അഹ്മദിയ്യാ മൂവ്മെന്റ്' എന്നായിരുന്നു.

1924 സെപ്തംബർ 23-ന്റെ ദിവസം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺന്റെ പ്രബന്ധം അവതരിപ്പിച്ച ദിവസമായിരുന്നു. ഈ അതുല്യമായ പ്രബന്ധത്തിന്റെ അനുഗ്രഹംകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രശസ്തിയുടെ നെറുകയിൽ തിലകക്കുറി ചാർത്തപ്പെട്ടു. യൂറോപ്പിൽ ഇസ്‌ലാമിന്റെ വിജയത്തിന്റെ അടിത്തറയിടപ്പെട്ടു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺപ്രബന്ധം അവതരിപ്പിക്കേണ്ട സമയം വൈകുന്നേരം 5 മണിയായിരുന്നു. അത് സമയക്രമത്തിന്റെ അടിസ്ഥാനത്തിൽ ആ ദിവസത്തിന്റെ മൂന്നാമത്തെ പ്രസംഗമായിരുന്നു. ആളുകൾ ഇതിനേക്കാൾ 2 മണിക്കൂർ മുമ്പേ ഇസ്‌ലാമിനെ സംബന്ധിച്ച് പ്രസംഗങ്ങൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ലണ്ടനിലെ ആളുകളെക്കുറിച്ച് ആശങ്കയുണ്ടായിരുന്നു. കാരണം ഈ ആളുകൾ കൂടുതൽ സമയം ഇരിക്കുന്ന ശീലക്കാരല്ല. ഹുദൂറിന്റെ സമയമെത്തുമ്പോൾ എത്രയാളുകളുണ്ടാകുമെന്ന് അറിയില്ല. എന്തായാലും ശ്രോതാക്കൾ അവസാന സമയംവരെ ഒരേയിരിപ്പ് ഇരുന്നു. എന്നല്ല ഹുദൂറിന്റെ പ്രസംഗം കേൾക്കുന്നതിനുവേണ്ടി അത് അവതരിപ്പിക്കുന്നതിനു മുമ്പേ വീണ്ടും ആളുകൾ വന്നുചേർന്നു. അങ്ങനെ ഹാൾ പൂർണമായും നിറഞ്ഞു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺന്റെ വിഷയം കേൾക്കുന്നതിന് ആളുകളുടെ ഉള്ളിൽ എത്രമാത്രം താൽപര്യമായിരുന്നുവെന്നാൽ ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനിﷺയുടെ ഈ വാക്കുകളിൽനിന്ന് അത് മനസ്സിലാക്കാം. അദ്ദേഹം ആ നേരത്ത് ആ സദസ്സിലുണ്ടായിരുന്നു. ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനിﷺ എഴുതുന്നു:

''ഹുദൂറിന്റെ ലെക്ച്ചർ തുടങ്ങുന്നതിനു മുമ്പേ അരമണിക്കൂർ സമയം ആളുകൾക്ക് ചായ കുടിക്കാൻ നൽകപ്പെട്ടു. ധാരാളമായി സ്ത്രീകളും പുരുഷന്മാരും ആദ്യഅണിയിൽ സ്ഥലം പിടിക്കുന്നതിനു വേണ്ടിയുള്ള ശ്രമം കൊണ്ട് ചായ കുടിക്കാൻ കഴിഞ്ഞില്ല. അവർ വേഗംവേഗം ഓടിവന്നു. ഇവിടെ ആളുകൾ വിശാലമായി ഇരിക്കുന്നവരാണ്. ഒന്നുരണ്ടു കസേരകൾ ഓരോരുത്തരും തങ്ങളുടെ അടുത്ത് തൊപ്പിയും ഹാന്റ്ബാഗും വെക്കാൻ കാലിയാക്കി വെക്കാറുണ്ട്. എന്നാൽ, ഈ പ്രസംഗനേരത്ത് അക്കാര്യമേ ഉണ്ടായില്ല. എത്രമാത്രം താൽപര്യത്തോടും സ്നേഹത്തോടുംകൂടിയാണ് ആളുകൾ മുമ്പിൽ സ്ഥലംപിടിക്കുന്നതിനുവേണ്ടി ഓടിവന്നതെന്നാൽ, നമ്മുടെ അവിടുത്തെ മസ്ജിദ് മുബാറക്കിൽ ജൽസയുടെ ദിനങ്ങളിൽ സ്വുബ്ഹി നമസ്കാരത്തിന് സ്ഥലം പിടിക്കാൻ കഠിനാധ്വാനം ചെയ്യുമോ അല്ലെങ്കിൽ ഹദ്റത്ത് സാഹിബിന്റെ പ്രസംഗ ദിവസം ജൽസാ സാലാനയിൽ സ്ഥലം പിടിക്കുന്നുവോ അതുപോലെയായിരുന്നു. *(അൽഫള്ൽ 1924 ഒക്ടോബർ 23, കോളം 3)*

ഈ ലേഖനം വിംബ്ലി മതസമ്മേളനത്തിൽ ഹുദൂറിന്റെ നിർദ്ദേശപ്രകാരം ചൗദരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബാണ് വായിച്ചത്. ഹുദൂർ തന്റെ എല്ലാ സ്നേഹിതന്മാരോടൊപ്പം സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. ഇവിടെ ഇക്കാര്യം പ്രതിപാദിക്കുന്നത് രസകരമായിരിക്കും. ചൗദ്രി സാഹിബ് വിഷയം അവതരിപ്പിക്കുന്നതിനുവേണ്ടി എഴുന്നേറ്റപ്പോൾ ഹുദൂർﷺഅദ്ദേഹത്തിന്റെ ചെവിയിൽ പറഞ്ഞു: 'പരിഭ്രമിക്കേണ്ട, ഞാൻ ദുആ ചെയ്യുന്നതാണ്.' ഹദ്റത്ത് ചൗദരീ സാഹിബ് ഇംഗ്ലീഷ് ഭാഷയിൽ നല്ല പ്രാവീണ്യമുള്ളയാളും അനുഭവജ്ഞനുമായ കാരണത്താൽ ഈ പ്രസംഗം എല്ലാ ശ്രോതാക്കളും പൂർണമായും നിശ്ശബ്ദതയോടെ കേട്ടുകൊണ്ടിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺന്റെ ഈ പ്രബന്ധത്തെക്കുറിച്ച് ബുദ്ധിമതികളുടേയും പത്ര പ്രതിനിധികളുടേയും അഭിപ്രായങ്ങൾ താഴെ രേഖപ്പെടുത്തുകയാണ്.

ഏറ്റവുമാദ്യം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺന്റെ വാക്കുകളിൽ ഈ വിഷയത്തിന്റെ വിജയത്തെക്കുറിച്ച് കുറച്ച് പറയാനാഗ്രഹിക്കുകയാണ്. മതസമ്മേളനത്തിൽ അവതരിപ്പിക്കുന്ന വിജയകരമായ പ്രഭാഷണത്തേയും അതിന്റെ സ്വാധീനത്തേയും സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺഖാദിയാനിലെ ജമാഅത്തംഗങ്ങൾക്ക് തന്റെ ഒരു കമ്പി സന്ദേശത്തിൽ 1924 സെപ്തംബർ 25-ന് എഴുതി:

* സഹോദരന്മാരേ! അസ്സലാമു അലയ്ക്കും. നിങ്ങൾക്ക് കമ്പി സന്ദേശം മുഖേന അറിയാൻ കഴിഞ്ഞിട്ടുണ്ടാകും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രഭാഷണം വമ്പിച്ച വിജയമായിരുന്നു. എത്രത്തോളമാളുകൾ നമ്മുടെ പ്രസംഗം കേൾക്കാൻ ഉണ്ടായിരുന്നുവോ മറ്റൊരു പ്രസംഗത്തിന്റെ അവസരത്തിലും ഉണ്ടായിരുന്നില്ല. നിറഞ്ഞ സദസ്സായിരുന്നു. ആളുകൾ സശ്രദ്ധം കേൾക്കുകയും ചെയ്തു. പിന്നീട് സർഥിയോഡോർ മാരിസീനും മറ്റുള്ളവരും ആശംസകളർപ്പിച്ചു. അരമണിക്കൂർവരെ വിവിധ സ്നേഹിതന്മാരെ ചുറ്റിപ്പറ്റി നിൽക്കുകയും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. *(അൽഫള്ൽ 1924 ഒക്ടോബർ 16 പേജ് 1 കോളം 2)*

പ്രബന്ധത്തിന്റെ അവസാനം സമ്മേളനത്തിന്റെ അധ്യക്ഷൻ മിസ്റ്റർ സർഥിയോഡോർ മാരിസീൻ തന്റെ അവലോകനത്തിൽ പറഞ്ഞു:

* എനിക്ക് കൂടുതൽ പറയേണ്ട കാര്യമില്ല. വിഷയത്തിന്റെ ഗുണനിലവാരത്തിന്റേയും ആസ്വാദനത്തിന്റെ അനുമാനവും പ്രബന്ധംതന്നെ പ്രകടിപ്പിച്ചിട്ടുണ്ട്. ഞാൻ വെറും എനിക്കു വേണ്ടിയും സമ്മേളനത്തിൽ പങ്കെടുത്തവർക്കുവേണ്ടിയും വിഷയത്തിന്റെ ക്രമീകരണത്തിലുള്ള വിശേഷതയിലും ഉന്നതനിലയിലുള്ള തെളിവുകൾ അവതരിപ്പിച്ചതിലും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന് നന്ദി പറയുകയാണ്. ശ്രോതാക്കളുടെ മുഖങ്ങൾ ആ സന്ദർഭത്തിന്റെ നാവുകൊണ്ട് എന്റെ അഭിപ്രായത്തോട് യോജിക്കുന്നു. ഞാൻ അവർക്കുവേണ്ടി നന്ദി പ്രകടിപ്പിക്കുന്നതിൽ സത്യത്തിലാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. അവരുടെ പ്രാതിനിധ്യം വഹിക്കുകയാണ്. *(സവാനെ ഫള്ലെ ഉമർ വാല്യം 3 പേജ് 79)*

ഹുദൂറിനോടൊപ്പം യാത്രയിലുണ്ടായിരുന്ന ഹദ്റത്ത് ഭായി അബ്ദുർറഹിമാൻ സാഹിബ് ഖാദിയാനിﷺ പ്രഭാഷണം നടക്കുമ്പോൾ ആ സമ്മേളനത്തിലുണ്ടായിരുന്നു. അദ്ദേഹം ഹുദൂറിന്റെ പ്രബന്ധം വിജയത്തിലും അതുല്യമായ സ്വാധീനത്തിലുമായതിനെ കുറിച്ച് ആളുകളുടെ ചില പ്രതികരണങ്ങൾ വിവരിച്ചിട്ടുണ്ട്. 1924 ഒക്ടോബർ 23-ലെ അൽഫള്ലിൽ അത് പ്രസിദ്ധീകരിച്ചിരിക്കുന്നു. വായനക്കാർക്കുവേണ്ടി അത് ഇവിടെ ചേർക്കുകയാണ്.

ഹദ്റത്ത് ഭായി അബ്ദുർറഹിമാൻ സാഹിബ് ഖാദിയാനിﷺപറയുന്നു: ഒരു സാഹിബ് ഹുദൂറിന്റെ സന്നിധിയിൽ ഹാജരായി. അദ്ദേഹം പറഞ്ഞു: ''മനോഹരമായ ഭാഷയായിരുന്നു. ഇത് 18-ാം നൂറ്റാണ്ടിലെ ഭാഷയായിരുന്നു. ഇക്കാലത്തെ അങ്ങാടിഭാഷയായിരുന്നില്ല. വിഷയം ആശ്ചര്യജനകവും ഹൃദയഹാരിയുമായിരുന്നു.''

* മറ്റൊരു സാഹിബ് വന്നു. അദ്ദേഹം പറഞ്ഞു:''ഞാൻ ഈ വിഷയം കേൾക്കുന്നതിനുവേണ്ടി ഫ്രാൻസിൽ നിന്നു വന്നതാണ്. ഞാൻ ക്രിസ്തുമതത്തിനുമേൽ ഇസ്‌ലാം മതത്തിന് മുൻഗണന നല്കിയിരുന്നു. ഇസ്‌ലാമിനുമേൽ ബുദ്ധിസത്തിന് മുൻഗണന നൽകിയിരുന്നു. ഇപ്പോൾ താങ്കളുടെ വിഷയവും കേട്ടു കഴിഞ്ഞപ്പോൾ ബുദ്ധിസത്തെ കുറിച്ചും കേട്ടു. ഇസ്‌ലാംതന്നെയാണ് ഉന്നതമായ മതമെന്ന് ഞാൻ സമ്മതിക്കുകയാണ്. എത്രമാത്രം സവിശേഷതയോടും എത്രമാത്രം ആവേശത്തോടും അങ്ങ് ഇസ്‌ലാമിനെ അവതരിപ്പിച്ചുവോ അതിനെ മറ്റൊരു മതത്തിനും നേരിടാൻ സാധിക്കുകയില്ല. എന്റെ മനസ്സിൽ ഇപ്പോൾ അതിന് അഗാധമായ സ്വാധീനമാണുള്ളത്.

* നല്ല പൊക്കവും വണ്ണവുമുള്ള ഒരു വൃദ്ധനായ ഇംഗ്ലീഷുകാരൻ ചൗദരി സാഹിബിന്റെ അടുത്തുന്നു. അദ്ദേഹം പറഞ്ഞു: ''ഞാൻ നിങ്ങൾക്ക് അനുഗ്രഹാശംസകൾ നേരുന്നു. ഞാൻ വൃദ്ധനാണ്, കേൾവിക്കുറവുമുണ്ട്. ഇരുന്നതും പിന്നിലാണ്. എന്നാൽ നിങ്ങളുടെ പ്രഭാഷണത്തിന്റെ ഓരോരോ വാക്കും എനിക്കു കേൾക്കാൻ കഴിഞ്ഞു. മനസ്സിലാകുകയും ചെയ്തു.''

ചൗദരി സാഹിബ് പറഞ്ഞു:''ഞാൻ ഭാഷാ പണ്ഡിതനല്ല. എന്റെ ഉച്ചാരണം മനസ്സിലാകുമോ എന്ന ആശങ്ക എനിക്കുണ്ടായിരുന്നു.'' ഇംഗ്ലീഷുകാരൻ പറഞ്ഞു: ''അങ്ങനെയല്ല. നമ്മളെല്ലാവരും സഹോദരന്മാരാണ്. സ്വകാര്യത എങ്ങനെ ഉണ്ടാകാനാണ്. അങ്ങ് വളരെ നല്ല രീതിയിൽ പ്രബന്ധം വായിച്ചു. നല്ലവണ്ണം എല്ലാവർക്കും മനസ്സിലാകുകയും ചെയ്തു. നല്ലവണ്ണം ക്രമീകരിച്ചു.''

* ഒരു ഇംഗ്ലീഷുകാരൻ പറഞ്ഞു:

'' WELL PUT നല്ലവണ്ണം വിവരിക്കപ്പെട്ടു. WELL ARRANGED നല്ലവണ്ണം ക്രമീകരിച്ചു. WELL DEALT WITH നല്ലവണ്ണം കൈകാര്യം ചെയ്തു.''

* ഈ സമ്മേളനത്തിന്റെ ഒരു സെക്രട്ടറിയായ മിസ്റ്റർ ലാഫിട്സ് ഹെയർ പറഞ്ഞു: "YOUR LECTURE WAS THE BEST HEARD SO FAR" എത്രത്തോളം പ്രസംഗങ്ങൾ ഈ നേരത്ത് ഇവിടെ കേൾപ്പിക്കപ്പെട്ടുവോ അവയിലേറ്റവും മികച്ചത് അങ്ങയുടെ പ്രസംഗമായിരുന്നു.''

ഈ കമ്മിറ്റിയിലെ ഒരു സെക്രട്ടറിയായ മിസ്സിസ് ശാർപ്ലസ്സ്, ചൗദരി സാഹിബിനോടു പറഞ്ഞു: ''ഈ തർജമയും അങ്ങുതന്നെയാണോ ചെയ്തത്? പോസിറ്റീവിലുള്ള മറുപടി കേട്ട് അവർ പറഞ്ഞു:ഞാൻ അങ്ങയ്ക്ക് ആശംസകൾ നേരുന്നു. ഭാഷ നോക്കിയാലും അവതരണ ശൈലി നോക്കിയാലും, ആളുകൾ അങ്ങയോടു വളരെ നന്ദിയുള്ളവരാണ്. പിന്നീട് ആ സ്ത്രീ പറഞ്ഞു:സ്ത്രീകളും പുരുഷന്മാരും എന്റെ അടുത്തുവരുകയും വളരെ പുകഴ്ത്തുകയും ചെയ്യുന്നു. അവരിൽ ചിലർ പറഞ്ഞു: HE SEEMS TO BE LUTHER OF THE AGE (ഇദ്ദേഹം ഇക്കാലഘട്ടത്തിലെ ലൂതർകിംഗ് ആണ്) ചിലർ പറഞ്ഞു: THERE IS A FIRE IN HIM അദ്ദേഹത്തിൽ അഗ്നിയുണ്ട്.'' ഹദ്റത്തിനെ സംബന്ധിച്ച് ഈ വാക്കുകൾ വിവരിക്കപ്പെട്ടു.

* പിന്നീട് അതേ മിസ്സിസ് ശാർപ്ലസ്സ് പറഞ്ഞു: ''ഒരു ഇംഗ്ലീഷുകാരൻ എന്റെയടുത്തുവന്നു. അയാളെന്നോടു പറഞ്ഞു: ചായയ്ക്ക് നിങ്ങളെന്നെ വിളിച്ചിട്ടില്ല. എന്നാൽ, എന്നെ ഉള്ളിൽപോകാൻ അനുവദിക്കുക. എന്റെ ഉദ്ദേശ്യം ഇന്ത്യയിൽനിന്ന് ഇസ്‌ലാമിനെ അവതരിപ്പിക്കാൻ വന്ന ആ വ്യക്തിയെ ഒന്നുകാണുക മാത്രമാണ്. ആ വ്യക്തിയെ ഒന്നു കാണുക മാത്രമാണ്. അദ്ദേഹം അഹ്മദികളുടെ നേതാവാണ്. അയാൾ ഹദ്റത്ത് സാഹിബിനെ കണ്ടു. സംസാരിച്ചു. പിന്നീട് മൗലവി മുബാറക് അലി സാഹിബിനെ നോക്കിക്കൊണ്ട് പറഞ്ഞു: ഞാൻ ബുദ്ധമതത്തിന്റെ പ്രബന്ധവും കേട്ടു. മറ്റുപ്രബന്ധങ്ങളും കേട്ടു. IT WAS FOR THE BEST OF ALL PAPERS ഇതെല്ലാ പ്രബന്ധങ്ങളെക്കാളും മികച്ചതായിരുന്നു.''

* ഇവിടെ പ്രൊഫസറായ ഒരു ജർമൻ സമ്മേളനത്തിൽനിന്ന് മടങ്ങിപ്പോകുമ്പോൾ റോഡിലൂടെ നടന്നുകൊണ്ട് മുന്നോട്ടുകയറി ഹദ്റത്ത് സാഹിബിന്റെ തിരുസന്നിധിയിൽ ആശംസകൾ നേർന്നു. എന്നിട്ടു പറഞ്ഞു:''എന്റെയടുത്ത് ചില വലിയ വലിയ ഇംഗ്ലീഷുകാർ ഇരിപ്പുണ്ടായിരുന്നു. ചിലർ തുടയിൽ കൈയടിക്കുന്നത് ഞാൻ കണ്ടു. അവർ പറയുന്നുണ്ടായിരുന്നു, RARE IDEAS ONE CAN NOT HEAR SUCH IDEAS EVERYDAY ഇത് അങ്ങേയറ്റം വിശേഷപ്പെട്ട ചിന്താഗതികളാണ്. ഇത്തരം ചിന്താഗതികൾ എല്ലാദിവസവും കേൾക്കാൻ കിട്ടുകയില്ല.''

അതേ ജർമൻ പ്രൊഫസർ നിവേദനം. ''ചിലസ്ഥലത്ത് ആളുകൾ അനിയന്ത്രിതമായി ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു, WHAT A BEAUTIFULL TRUE PRINCIPALS എത്രമാത്രം മനോഹരവും സത്യസന്ധവുമായ അടിസ്ഥാന കാര്യങ്ങളാണ് പറഞ്ഞത്.''

അദ്ദേഹംതന്നെ തന്റെ അഭിപ്രായം ഇങ്ങനെ പറഞ്ഞു: ''ഈ അവസരം അഹ്മദികൾക്ക് ടേർണിംഗ് പോയന്റാണ്.(പരിവർത്തനഘട്ടമാണ്). ഇതെങ്ങനെയുള്ള വിജയമാണെന്നാൽ നിങ്ങൾ ആയിരക്കണക്കിന് പൗണ്ട് ചെലവഴിച്ചാലും ഈ ഒരു പ്രസംഗംകൊണ്ടുണ്ടായ വിജയം ഒരിക്കലുമുണ്ടാകുകയില്ല.''

* മിസ്റ്റർ ലൈൻ ഇന്ത്യൻ ഓഫീസിൽ വലിയ സ്ഥാനത്തുള്ള ആളാണ്. അദ്ദേഹം ലക്ചർക്കേട്ട് പോയിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ ആദിവസം വന്നില്ല. അദ്ദേഹം വീട്ടിൽ പോയി വിവരം പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ ഭാര്യ രണ്ടാം ദിവസം വന്നു. ഹദ്റത്ത് സാഹിബിന്റെ ഖുദ്ദാമിനെ കണ്ടു. അവർ പറഞ്ഞു: 'ഞാനിന്നലെ വന്നിരുന്നില്ല. എന്റെ ഭർത്താവ് വീട്ടിൽ വന്ന് പ്രസംഗത്തിന്റെ വിജയത്തേയും സ്വീകാര്യതയേയും കുറിച്ച് പറഞ്ഞു; ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം സമുന്നതവും മികച്ചതുമായിരുന്നു.

മിസ്സ് ഗാർണർ ഒരു നാസ്തികനും ദൈവനിഷേധിയുമായ സ്ത്രീയാണ്. അവർ പറഞ്ഞു: ''IT WAS CHAMFULL'' ഇത് ഏറെ ഹൃദയഹാരിയായിരുന്നു. നല്ല പ്രസംഗമായിരുന്നു. അങ്ങേയറ്റം ഉന്നതമായ ചിന്താഗതികളായിരുന്നു.' 'ആധുനിക സത്യം' തുടങ്ങി പലവാക്കുകളും അവർ പറഞ്ഞു. എത്രമാത്രം ആളുകൾ അഭിപ്രായം പറഞ്ഞുവെന്നാൽ അതിന് അതിരും കണക്കുമില്ല.

* ബഹായി മതത്തിലെ ഒരു സ്ത്രീ ലക്ചർ കേട്ടു. പിന്നീട് നമ്മളോടൊപ്പം വീടിന്റെ അടുത്തുവരെ വന്നു.അവർ പറയുന്നുണ്ടായിരുന്നു, ''ഞാൻ ബഹായി ചിന്തഗതികളാണ് വെച്ചുപുലർത്തിയിരുന്നത്. എന്നാൽ, ഇപ്പോൾ ഇന്നത്തെ ലക്ചർ കേട്ട് എന്റെ ചിന്താഗതികൾ ആകെ മാറിപ്പോയി. ഞാനാഗ്രഹിക്കുന്നത് നിങ്ങളുടെ കൂടുതൽ പ്രസംഗങ്ങൾ കേൾക്കാനാണ്. എപ്പോൾ എവിടെയൊക്കെയാണ് പ്രസംഗങ്ങളുള്ളതെന്ന് ദയവുചെയ്ത് എനിക്കു പറഞ്ഞുതരിക. ഞാൻ തീർച്ചയായും അവിടെ വരുന്നതാണ്.''

* ഒരു ക്രൈസ്തവ സ്ത്രീ അവരുടെ മകളോടൊപ്പം ഹുദൂറിന്റെ പിന്നാലെ വളരെ സ്നേഹത്തോടെ വന്നുകൊണ്ടിരുന്നു. അവർ അപേക്ഷിച്ചു, എന്റെ വീട്ടിൽ നിങ്ങൾ വ്യാഴാഴ്ച ചായ കുടിക്കാൻ വരണം. തിരക്കുകൾ പറഞ്ഞെങ്കിലും അവർ സമ്മതിച്ചില്ല. അവർ നിർബന്ധം പിടിച്ചു. സ്നേഹത്തോടെ അപേക്ഷിച്ചു. സമ്മതിപ്പിക്കുകയും ചെയ്തു. ഏതു സമയത്തുവന്നാലും പ്രശ്നമില്ല. പക്ഷേ, തീർച്ചയായും വരണം!

* ഒരു സാഹിബ് ഇതും പറഞ്ഞു: എത്രമാത്രം പ്രിയങ്കരമായ വിഷയമായിരുന്നുവെന്നാൽ 'ഹുബ്ബുൽവത്നി'യെക്കാൾ കൂടുതൽ പ്രിയങ്കരമായിരുന്നു. *(അൽഫള്ൽ 1924 സെപ്റ്റംബർ 30)*

ഒരു സാഹിബ് പറഞ്ഞു:''മൂന്നു വർഷമായി, എനിക്കു സ്വപ്നത്തിൽ കാണിക്കപ്പെട്ടു. ഹദ്റത്ത് മസീഹ് 13 ഹവാരീങ്ങളോടൊപ്പം വന്നിരിക്കുകയാണ്. ഇപ്പോൾ ഞാൻ നേരിൽ കാണുന്നത് ആ സ്വപ്നം പുലർന്നതാണ്.'' *(അൽഫള്ൽ 1924 സെപ്റ്റംബർ 30)*

# നിങ്ങൾ മുഖേന അല്ലാഹു തന്റെ പരിശുദ്ധി പ്രകടിപ്പിക്കുന്നതിന് നിങ്ങൾ പരിശുദ്ധി കൈവരിക്കുക

## ഏദൻ താഴ്‌വരയ്ക്കടുത്തുവച്ച് കപ്പലിൽനിന്ന് അഹ്മദിയ്യ ജമാഅത്തിന്റെ പേരിൽ ഹദ്റത്ത് ഖലീഫത്തുൽ ഥാനിയുടെ ആദ്യത്തെ കത്ത്

(1924 ജൂലൈ 22)

ജമാഅത്തിലെ സഹോദരങ്ങളേ! അസ്സലാമു അലയ്ക്കും. ഇന്ന് കപ്പൽ ഏദൻ താഴ്‌വരയോടടുത്തുകൊണ്ടിരിക്കുകയാണ്. രാവിലെ നാലുമണിക്ക് കപ്പൽ കരപിടിക്കും. കൊടുങ്കാറ്റിന്റെ പ്രദേശത്തുനിന്ന് കപ്പൽ ദൈവാനുഗ്രഹത്താൽ പുറത്തു കടന്നു. ഇപ്പോൾ നിരപ്പായ ജലത്തിലൂടെ ചലിച്ചുകൊണ്ടിരിക്കുകയാണ്. യാത്രക്കാർ ഒരുപാടു ദിവസമായി മുറിയിൽ അടച്ചിരിക്കുകയായിരുന്നു. ഇപ്പോൾ വെളിയിലിറങ്ങി നടക്കുന്നുണ്ട്. സന്തോഷഭരിതമായ കാറ്റിൽനിന്നും നല്ലകാലാവസ്ഥയിൽനിന്നും രസം കൊള്ളുകയാണ്. കുറച്ചാളുകൾ ചീട്ടു കളിച്ചുകൊണ്ടിരിക്കുന്നു. അതിനോടൊപ്പം ചൂതാട്ടത്തിന്റെ പണിയുമുണ്ട്. ചിലർ മദ്യക്കുപ്പികൾ മോന്തിക്കൊണ്ടിരിക്കുന്നു. ചിലർ മുറ്റത്ത് ബഞ്ചുകളിൽ കാലുകൾ വിരിച്ചിരുന്ന് കാറ്റുകൊള്ളുന്നു. പലരും ഉറങ്ങുന്നുമുണ്ട്. രാത്രി നേരമാണ്. രാത്രിയും നല്ലവണ്ണം കഴിഞ്ഞു. ഇന്നലെ രാത്രി താങ്കൾ കുറച്ചാണുറങ്ങിയതെന്ന് എന്നോടു ആളുകൾ പറയുന്നു, ഇനി ഉറങ്ങിക്കൊള്ളാൻ! എന്നാൽ, ഏദൻ താഴ്‌വര അടുത്തുവരികയാണ്. കപ്പൽ അവിടെ കുറച്ചുസമയം നിൽക്കുന്നുണ്ട്. ഇപ്പോൾ ഞാൻ പേന താഴെ വെക്കുകയാണെങ്കിൽ, ഏദനുശേഷമായിരിക്കും എന്തെങ്കിലും എഴുതാൻ അവസരം കിട്ടുക. അതുകൊണ്ട് ഞാൻ ആ സ്നേഹിതന്മാരുടെ ഉപദേശത്തെ വിലമതിപ്പോടെ കണ്ടും അവർക്കു നന്ദി പറഞ്ഞും ഇതുതന്നെയാണ് പറയുന്നത്, 'കത്ത് പകുതി കൂടിക്കാഴ്ചയാണ്.' ഞാൻ ദൈവേച്ഛയനുസരിച്ച് എന്റെ സ്നേഹിതന്മാരുടെ പൂർണമായ കൂടിക്കാഴ്ചയിൽനിന്ന് ഒരു സമയംവരെ പിന്നിലാണ്. അതുകൊണ്ടെന്നെ പകുതി കൂടിക്കാഴ്ച ആസ്വദിക്കാൻ വിടുക. ഞാൻ ചിന്തകളുടേയും വിചാരങ്ങളുടേയും ചിറകുവെച്ച് കടലാസുകപ്പലിൽ യാത്രചെയ്ത് എന്റെ ശരീരമുണ്ടായ ആ മണ്ണിലെത്താൻ എന്നെ അനുവദിക്കുക. അതിലാണ് എന്റെ മാർഗദർശിയും നേതാവും ഖബ്റടക്കപ്പെട്ടിട്ടുള്ളത്. അവിടെയാണ് എന്റെ കണ്ണുകൾക്ക് കുളിർമയും എന്റെ മനസ്സിന് സൗഖ്യവുമുള്ള സഹോദരങ്ങളുടെ ജമാഅത്ത് വസിക്കുന്നത്. അതിനാൽ ഇന്ത്യയിലേക്കുള്ള പോസ്റ്റു പോകുന്നതിനുമുമ്പേ എനിക്കെന്റെ സ്നേഹിതന്മാരുടെ പേരിൽ ഒരു കത്തെഴുതാൻ എന്നെ അനുവദിക്കുക. എന്റെ പകുതി കൂടിക്കാഴ്ചകൊണ്ട് അവർ സന്തോഷിക്കട്ടെ! എന്റെ ചിന്തകൾ അൽപസമയത്തേക്ക് അതേ മണ്ണിലേക്കുമാത്രം പറന്ന് എന്റെ സ്നേഹഭാജനത്തിന്റെ വീടിനു സമീപം എത്തട്ടെ. ആളുകളെ വിശ്രമിക്കാൻ വിടുക. കളിക്കാൻ വിടുക. മദ്യപ്പിക്കാൻ വിടുക. എന്റെ കളി എന്റെ യജമാനന്റെ സേവനമാണ്. എന്റെ മദ്യം എന്റെ ഉടമസ്ഥന്റെ സ്നേഹമാണ്. എന്റെ സൗഖ്യം എന്റെ സ്നേഹിതന്മാരുടെ സാമീപ്യമാണ്; അതു ചിന്തയിലൂടെ ആണെങ്കിലും വേണ്ടില്ല!

പറയുന്നു: ഏതെങ്കിലും വസ്തുകളഞ്ഞുപോകുമ്പോഴാണ് അതിന്റെ വില മനസ്സിലാകുന്നത്. ഈ ദൃശ്യം ഞാനെന്റെ സ്വന്തം കണ്ണുകൾകൊണ്ട് ഈ യാത്രയിൽ കണ്ടതാണ്. ഇവിടെ ഞാൻ ഇംഗ്ലണ്ടിൽ പോകുകയും അവിടെ യൂറോപ്ഫതഹാക്കുകയും ചെയ്തുവെന്ന ആദ്യചിന്തയുടെ സ്വാധീനത്തിലുണ്ടായിരുന്ന സഹോദരന്മാർ തീർച്ചയായും ഞാൻ നേരിട്ട് ഇംഗ്ലണ്ടിൽ പോകണമെന്നും ആ വിജയത്തിന്റെ നാൾ തങ്ങളുടെ അടുത്തുകൊണ്ടുവരണമെന്നും നിർബന്ധം പിടിക്കുകയായിരുന്നു. ഞാൻ യാത്രയാകുന്ന ദിവസം നിഷ്പ്രഭമായും അസ്വസ്ഥതയോടു കൂടിയും മാതാവ് താനെന്തിനാണ് പോകണമെന്ന അഭിപ്രായം പ്രകടിപ്പിച്ചതെന്നോർത്ത് വിഷമിച്ചു. കാലാവസ്ഥ രൂക്ഷമാണെന്നും കൊടുങ്കാറ്റിന്റെ ദിനങ്ങളാണെന്നും എനിക്കറിയുമായിരുന്നിട്ടും, ഈ അവസരത്തിൽ തീർച്ചയായും പാശ്ചാത്യദേശത്ത് പോകണമെന്നും ഇസ്‌ലാമിന്റെ പ്രചാരണത്തിനുള്ള പദ്ധതികൾ തയ്യാറാക്കണമെന്നും മനസ്സിൽ കരുതിയിരുന്നു. അതായത് അകന്നുനിൽക്കാനുള്ള തീരുമാനമെടുക്കാൻ എളുപ്പമാണ്. എന്നാൽ, അകന്നുപോകുക എന്നത്, അത് കുറച്ചുദിവസത്തേക്കാണെങ്കിലും ദുഷ്കരമാണ്. ആഹ്! അയാൾ തന്റെ സ്നേഹിതന്മാരിൽനിന്ന് വിടപറയുക, ഇസ്‌ലാമിന്റെ മഹത്ത്വം ലോകത്ത് സ്ഥാപിക്കുമെന്നും അല്ലാഹുവിന്റെ നാമം പ്രകാശിപ്പിക്കുമെന്നും ഏതൊരു സ്നേഹിതന്മാരുമായി ചേർന്നാണോ ഞാൻ പ്രതിജ്ഞ ചെയ്തിരുന്നത് അവരിൽനിന്ന് വിടപറയുക, ആരുടെ മനസ്സാണോ എന്റെ മനസ്സുമായും ആരുടെ ആത്മാവാണോ എന്റെ ആത്മാവുമായും ആരുടെ ആഗ്രഹങ്ങളാണോ എന്റെ ആഗ്രഹങ്ങളുമായും ആരുടെ തീരുമാനമാണോ എന്റെ തീരുമാനമയും ഐക്യപ്പെട്ടിരുന്നത്, എത്രത്തോളമെന്നാൽ ഈ കവിതയിലെ വിഷയം ഞങ്ങളിൽ സത്യമായി പുലർന്നിരുന്നു:

**മൻ തൂ ശുദം തൂ മൻ ശുദീ;**
**മൻ തൻ ശുദം തൂ ജാൻ ശുദീ**

**താ കസ് നഃ ഗോയദ് ബഅ്ദ്**
**അസീൻ മൻ ദീഗ്രം തൂ ദീഗരീ**

(ഞാൻ നീ ആയിതീർന്നു; നീ ഞാനായും. ഞാൻ ദേഹമായിത്തീർന്നു; നീ ദേഹിയും. ഞാൻ നിന്നിൽനിന്ന് ഭിന്നമാണെന്ന് ഇനിയാരും പറയാതിരിക്കട്ടെ.) എത്രമാത്രം ദുഃഖകരമായിരുന്നു. എത്രമാത്രം വിസ്മയകരമായിരുന്നു. ഈ അവസ്ഥ അഹ്മദിയ്യ ജമാഅത്തിന് എന്നോടുള്ള ഈ സ്നേഹംകൊണ്ടു പരിചയമില്ലാത്ത ആ ഹൃദയത്തിന് അനുമാനിക്കാനെ പറ്റുകയില്ല. ഞങ്ങൾ പരസ്പരം പങ്കാളികളായിട്ടുള്ള ആ വേദനയുടെ അവസ്ഥ മനസ്സിലാക്കാൻ എങ്ങനെ കഴിയും? അകൽച്ച നിത്യവുമുണ്ടാകുന്നുണ്ടെന്നും അകൽച്ച പ്രത്യേകതളിൽപ്പെട്ടതാണെന്നും ആളുകൾ പറയും. എന്നാൽ, കുരുടന് സൂര്യനെ കാണിച്ചുകൊടുക്കാൻ ആർക്കാണ് കഴിയുക? ബധിരന് മനംകവരുന്ന ശബ്ദം പറഞ്ഞുകൊടുക്കാൻ ആർക്കാണ് സാധിക്കുക? അവനെപ്പോഴാണ് ലില്ലായുടേയും ഫില്ലായുടേയും സ്നേഹത്തിന്റെ രുചി അറിഞ്ഞത്; ആ ആനന്ദവും വേദനയും ബോദ്ധ്യപ്പെടാൻ. ആ ലഹരിപിടിപ്പിക്കുന്ന അവസ്ഥയെ കുറിച്ചറിയാൻ അവനെപ്പോഴാണ് ആ പാനപാത്രം കുടിച്ചിട്ടുള്ളത്. ലോകത്ത് ലീഡറുമുണ്ട്. അയാളുടെ അനുയായികളുമുണ്ട്. പ്രേമഭാജനങ്ങളുമുണ്ട്. അവരുടെ പ്രേമപാത്രവുമുണ്ട്. പ്രേമിക്കുന്നവരുമുണ്ട്. അവരുടെ പ്രേമഭാജനവുമുണ്ട്.

**ഹർ ഗുലേ റാ രങ് വ ബൂയെ ദീഗർ അസ്ത്**

**കബ് ഉൻ കൊ ഉസ് ഹാഥ് നെ താഗെ മെ പ്രോദിയാ**

ഓരോ പുഷ്പത്തിന്റേയും നിറവും സുഗന്ധവും വെവ്വേറെയാകുന്നു. എപ്പോഴാണ് അവന്റെ കൈ അവയെ നൂലിൽ കോർത്തത്; ഇതിൽ നമ്മയേയും കോർത്തിരിക്കുന്നു.

വരിക! ദൈവം നൂലിൽ കോർത്തവരും മനുഷ്യർ കോർത്തവരും തമ്മിലുള്ള വ്യത്യാസം അജ്ഞനെന്തറിയാനാണ്? മനുഷ്യൻ ലക്ഷക്കണക്കിന് കോർത്താലും പിന്നെയും എല്ലാ മുത്തും വെവ്വേറെയായിത്തന്നെ ഇരിക്കുന്നു. എന്നാൽ, ദൈവം കോർത്തിണക്കിയ മുത്തുകൾ ഒരിക്കലും അകന്നകന്നിരിക്കുകയില്ല. അത് ഈ ലോകത്തും ഒന്നിച്ചിരിക്കുന്നു. അടുത്തലോകത്തും ഒന്നിച്ചുതന്നെ വെക്കപ്പെടുന്നതായിരിക്കും. ഇങ്ങനെ വരുമ്പോൾ അവരുടെ ഹൃദയങ്ങളുടെ കൂടിച്ചേരലും അവരുടെ ഹൃദയങ്ങളുടെ ഒന്നിച്ചിരിക്കലും മറ്റേതെങ്കിലും ജമാഅത്തിലിരിക്കലും അല്ലെങ്കിൽ ബന്ധത്തിലിരിക്കലും തമ്മിൽ തുലനം ചെയ്യുക അജ്ഞത അല്ലെങ്കിൽ മറ്റെന്താണ്?

ചുരുക്കത്തിൽ ഈ യാത്ര അഹ്മദിയ്യ ജമാഅത്തിന് എന്നോടുള്ള ഗോപ്യമായ ആ സ്നേഹം അല്ലെങ്കിൽ എനിക്ക് അവരോടുള്ള സ്നേഹം എടുത്ത് വെളിയിലിട്ടു. അത് വെളിപ്പെടണമെന്നത് അർഹതപ്പെട്ടതുമായിരുന്നു.

സ്നേഹിതന്മാരേ! ഞാൻ നിങ്ങളിൽനിന്ന് ദൂരത്താണുള്ളത്; എന്നാൽ, ആത്മാവ് ദൂരത്തല്ല.എന്റെ ശരീരത്തിന്റെ ഓരോ അണുവും എന്റെ ആത്മാവിന്റെ സകല ശക്തിയും നിങ്ങൾക്കുവേണ്ടി ദുആയിൽ മുഴുകിയിരിക്കുകയാണ്. ഉറങ്ങുമ്പോഴും ഉണരുമ്പോഴും എന്റെ മനസ്സ് നിങ്ങളുടെ ക്ഷേമത്തെ കുറിച്ചുള്ള ചിന്തയിലാണുള്ളത്. ഞാനെന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ച്

കപ്പലിൽത്തന്നെ ഒരു ഭാഗത്തിന്റെ തീരുമാനമെടുത്തുകഴിഞ്ഞിരിക്കുന്നു. അതിന്റെ സമയത്ത് അത് വെളിപ്പെടുത്തുകയും ചെയ്യും. എന്നാൽ, ഞാൻ നിങ്ങൾക്ക് ഉറപ്പുതരാനാഗ്രഹിക്കുകയാണ്, എനിക്കെത്രത്തോളം ഇന്ത്യയിൽ ദൃഢവിശ്വാസമുണ്ടായിരുന്നുവോ, അതായത് ഇസ്‌ലാമിന് വ്യാപിക്കാൻ കഴിയുകയാണെങ്കിൽ അത് നിങ്ങൾ മുഖേനയായിരിക്കും. ഇപ്പോൾ അതിനെക്കാൾ കൂടുതൽ ദൃഢഗാഢമായ വിശ്വാസമുണ്ട്. ആഹ്! നിങ്ങൾത്തന്നെയാണ് അല്ലാഹുവിന്റെ അർശ്. ഇതിൽനിന്നാണ് അല്ലാഹു ഭരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് അല്ലാഹു പ്രകാശം തന്നിരിക്കുന്നു. ലോകം അന്ധകാരങ്ങളിലായിരിക്കുമ്പോഴാണിത്! നിങ്ങൾക്ക് അല്ലാഹു തന്റേടം തന്നിരിക്കുന്നു; ലോകം നിരാശകളുടെ ഇരയായിക്കൊണ്ടിരിക്കുമ്പോഴാണിത്! നിങ്ങൾക്ക് അല്ലാഹു ബർക്കത്ത് നൽകിയിരിക്കുന്നു;ലോകം അവന്റെ കോപത്തെ തങ്ങളിലിറക്കിക്കൊണ്ടിരിക്കുമ്പോഴാണിത്! അപ്പോളെന്തുകൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധ ജമാഅത്താകുകയില്ല. നിങ്ങളുടെ ഹൃദയങ്ങൾ അല്ലാഹുവിന്റെ അർശാണ്. ആഹ്! അന്ധയായ ലോകമെന്തറിയാനാണ്. ഒരു അഹ്മദി അവന്റെ മഹല്ലിൽ ചുറ്റുക്കറങ്ങുമ്പോൾ അവൻ അല്ലാഹുവിന്റെ സൂര്യനാണെന്ന്! അവൻ തന്റെ അന്ധകാരത്തിൽ കിടക്കുന്നവരെ പ്രദീപ്തമാക്കിക്കൊണ്ടിരിക്കുകയാണെന്ന്! എന്നാൽ, അന്ധന് പ്രകാശം ആരാണ് കാണിക്കുക. മനോഹരമായ മുഖം വിരൂപമായ മുഖത്തിന്നെതിരാലാണ് കൂടുതൽ ഭംഗിയുള്ളതായി മനസ്സിലാകുന്നത്.

ഞാൻ ഈ ലോകത്തെ കണ്ട്, ഈ ജമാഅത്തിന്റെ മനോഹാരിത കാണുന്നു. അഹോ കഷ്ടം!ജനങ്ങൾ എന്റെ കണ്ണുകളെടുക്കുകയും എന്നിട്ട് നോക്കുകയും ചെയ്തിരുന്നെങ്കിൽ! അഹോ കഷ്ടം! ജനങ്ങൾ എന്റെ ചെവികളെടുക്കുകയും എന്നിട്ട് കേൾക്കുകയും ചെയ്തിരുന്നെങ്കിൽ! ഇത് കാണാനും കേൾക്കാനും അവർക്കൊട്ടും പ്രതീക്ഷയില്ലായിരുന്നു. എന്നാൽ, ഓരോ കാര്യത്തിനും ഓരോ സമയമുണ്ട്. പകൽ വരുമ്പോൾ അതായത് മസീഹ് മൗഊദിന്റെ ഖുവ്വത്തെ ഖുദ്സിയ അഥവാ പരിശുദ്ധ ശക്തിആളുകൾ കാണുന്നതായിരിക്കും. അഹോ കഷ്ടം!നമ്മളും ആ ദിവസത്തെ-അത് ദൈവത്തിന്റെ ഫയൽവാന്റെ വിജയത്തിന്റെ ദിവസമായിരിക്കും-കണ്ടിരുന്നെങ്കിൽ!

പ്രിയമുള്ളവരേ! ഇവിടെ ഞാൻ എന്റെ കത്ത് അവസാനിപ്പിക്കുകയാണ്. എന്നാൽ, ഒന്നു പറയാനാഗ്രഹിക്കുകയാണ്, വൃത്തിയുള്ള വസ്ത്രത്തിന് സംരക്ഷണത്തിന്റെ കൂടുതൽ ആവശ്യമുണ്ട്. അഴുക്കും മാലിന്യവും പറ്റിപ്പിടിച്ചാൽ അത് അറിയുകയില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളെ വൃത്തിയാക്കി വെക്കുക. പരിശുദ്ധനായ അല്ലാഹു നിങ്ങൾ മുഖേന തന്റെ പരിശുദ്ധിയെ പ്രകടിപ്പിക്കുമാറാകട്ടെ. തന്റെ മുഖം അനാവരണം ചെയ്യുമാറാകട്ടെ. ഐക്യം, സ്നേഹം, സമർപ്പണം, ത്യാഗം, അനുസരണം, മനുഷ്യകുലത്തോടുള്ള ദയ, മാപ്പുകൊടുക്കൽ, നന്ദികാണിക്കൽ, ഔദാര്യവും തഖ്‌വായും മുഖേന തന്നത്താൻ ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ ആയുധമായിത്തീരാൻ അർഹരാക്കുക.

ഓർമിക്കുക!നിങ്ങളുടെ സമാധാനത്തിൽത്തന്നെയാണ് ദീനിന്റെ സമാധാനവും. നിങ്ങളുടെ നാശത്തിലൂടെത്തന്നെയാണ് ദീനിന്റെ നാശവും. ലോകം നിങ്ങളെ നശിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ, എനിക്ക് അതിനെക്കുറിച്ച് ചിന്തയില്ല. നിങ്ങൾ അല്ലാഹുവിനെ വെറുപ്പിച്ച് സ്വയം നിങ്ങൾ നിങ്ങളെത്തന്നെ നശിപ്പിക്കാതിരുന്നാൽ ലോകത്തിന് നിങ്ങളെ നശിപ്പിക്കാൻ കഴിയുകയില്ല. കാരണം അല്ലാഹു നിങ്ങളെ വളരാൻവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. നശിപ്പിക്കുന്നതിനു വേണ്ടിയല്ല. എഴുതാൻ മനസ്സ് ഒരുപാടാഗ്രഹിക്കുന്നുണ്ട്. എന്നാൽ, ഇപ്പോൾ രണ്ടുമണിയാകാൻ പോകുന്നു. അതുകൊണ്ട് ഞാൻ ഈകത്ത് അവസാനിപ്പിക്കുന്നു. അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടാകുമാറാകട്ടെ; നമ്മളോടൊപ്പവും! ആമീൻ.

*വിനീതൻ മിർസ*

*മഹ്മൂദ് അഹ്മദ്*

*1924 ജൂലൈ 22*

*(അൽഫള്ൽ 1924 ആഗസ്റ്റ് 9)*

## അഹ്മദിയ്യ ജമാഅത്തിന്റെ പേരിൽ കപ്പലിന്റെ മേൽത്തട്ടിൽനിന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെؓ സന്ദേശം

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിؓയിൽനിന്ന് 1924 ജൂലൈ 16 -ന് ജനാബ് മൗലാനാ ശേർ അലി സാഹിബിന് താഴെ കാണുന്ന കമ്പിസന്ദേശം ലഭിച്ചു.

എല്ലാ അഹ്മദി സഹോദരന്മാരേയും സഹോദരിമാരേയും അറിയിക്കുക. ഞാനിന്ന് കപ്പലിൽ യാത്ര തുടങ്ങി. വേർപാടിന്റെ വലിയഭാരം എന്റെ മനസ്സിലുണ്ട്. ഈ യാത്ര തുടങ്ങിയതുമുതൽ ഞാൻ മുമ്പേ ചെയ്യുന്നതിനെക്കാളേറെ നിങ്ങൾക്കെല്ലാവർക്കുംവേണ്ടി ദുആ ചെയ്യുന്നുണ്ട്. ഞാൻ എല്ലാ സഹോദരിമാരിലും സഹോദരന്മാരിലും എനിക്കുതന്നെയും മുമ്പേ അറിയാൻ കഴിയാതിരുന്ന ആത്മാർഥമായ സ്നേഹവും ആത്മാർപ്പണ വികാരവുമാണ് കണ്ടത്. എന്റെ ജമാഅത്തിലെ ആളുകളേ! അല്ലാഹു നിങ്ങൾക്ക് ബർക്കത്ത് നല്കുമാറാകട്ടെ. അവനിൽ ദൃഢഗാഢമായി വിശ്വസിക്കുക. അവനെ സത്യസന്ധതയോടെ സ്നേഹിക്കുക. അവന്റെ തിരുസന്നിധിയിൽ അലിഞ്ഞുചേരുക. അവന്റെ റസൂൽമാരെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുക.

സഹോദരങ്ങളേ! നാലുപാടും ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടവരാണ് നിങ്ങൾ. നിങ്ങളൊരിക്കലും ഇക്കാര്യം മറക്കരുത്. ചിന്തിക്കുക, ഇനി അല്ലാഹു നിങ്ങളെ കൈവിട്ടാൽ നിങ്ങളുടെ ജീവിതം എത്രമാത്രം കയ്പേറിയതായിരിക്കും? അതുകൊണ്ട് കഴിയുന്നിടത്തോളം അല്ലാഹുവിന്റെ അടുത്താകാൻ ശ്രമിക്കുക. സത്യസന്ധനായ അഹ്മദിയായാലെ ഈ ലക്ഷ്യം കരസ്ഥമാകുകയുള്ളൂ. നിങ്ങളുടെ ദുആകളിൽ ദൃഢനിശ്ചയമുണ്ടാക്കുക. അല്ലാഹുവിനുവേണ്ടി എല്ലാ ഓരോ കാര്യവും ത്യാഗം ചെയ്യാൻ തയ്യാറായിരിക്കുക. നിങ്ങളുടെ എല്ലാ പ്രവൃത്തികളിലും ഉന്നത നിലയിലുള്ള വിശ്വസ്തത സ്വീകരിക്കുക. അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കുക. ദുൻയാവിലെ ദൂരദൂരവരെയുള്ള കോണുകൾവരെ ഇസ്‌ലാമിനെ പ്രചരിപ്പിക്കുക. ഞാൻ നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നു. ഞാൻ പോകുന്ന ഈ ദൗത്യത്തിന്റെ വിജയത്തിനുവേണ്ടി നിങ്ങളും ദുആ ചെയ്യാൻ അപേക്ഷിക്കുകയാണ്. എനിക്ക് നിങ്ങളോടു എത്രമാത്രം സ്നേഹമുണ്ടെന്ന് നിങ്ങൾക്കറിയുകയില്ല. എന്നല്ല നിങ്ങൾക്ക് ഊഹിക്കാനെ സാധിക്കുകയില്ല. നിങ്ങളിൽനിന്ന് അകലുന്നത് എന്നെ സംബന്ധിച്ചിടത്തോളം എത്രമാത്രം വേദനാജനകമായിരുന്നു. നിങ്ങളെ പിന്നിൽ ഉപേക്ഷിക്കുക എന്നത് എനിക്കെത്രമാത്രം ക്ഷതമേൽപ്പിക്കുന്നതായിരുന്നു. പക്ഷേ, ഈ വേർപാട് ശാരീരികമാണ്. എന്റെ ആത്മാവ് എപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരുന്നു; ഉണ്ട്; ഉണ്ടാകുകയും ചെയ്യും. ഞാൻ ജീവിതത്തിലും അല്ലെങ്കിൽ മരണത്തിലും നിങ്ങളുടേതുതന്നെയാണ്. നിങ്ങളുടെ നന്മ എന്റെ മനസ്സിന്റെ കൃത്യമായ ആഗ്രഹമാണ്. നിങ്ങളുടെ ഭൗതികപരവും ആത്മീപരവുമായ ഉദ്ദിഷ്ടകാര്യംവരെ എത്തുക എന്റെ ഒരേയൊരു ആശയാണ്. നിങ്ങളിൽ ധാരാളം പേർ ഇപ്പോൾ വിഷമിക്കുന്നുണ്ടെന്ന് എനിക്കറിയാം. അവരെന്തിനാണ് എന്നെത്തന്നെ യൂറോപ്പിൽപോകാൻ ആവശ്യപ്പെട്ടത്? കാരണം വേർപാട് അവർക്ക് അസഹ്യമായിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഈ നിലവിലെ ദുഃഖം മറന്നുകൊണ്ട് വലിയ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിന് തയ്യാറെടുപ്പ് നടത്തേണ്ടതാണ്. വരിക! നമുക്ക് അല്ലാഹുവിനോടു ദുആ ചെയ്യാം. അവൻ നമ്മെ വിജയപാതയിലൂടെ നടത്തുമാറാകട്ടെ. അതിനാൽ എന്റെ സഹോദരന്മാരേ! സഹോദരിമാരേ! അല്ലാഹുവിന്റെ ബർക്കത്തുകൾ നിങ്ങളുടെമേൽ ഉണ്ടാകുമാറാകട്ടെ. നിങ്ങളെവിടെയായാലും ഏതവസ്ഥയിലായാലും നിങ്ങളോടൊപ്പം അല്ലാഹു ഉണ്ടാകുമാറാകട്ടെ.

ഈ സന്ദേശം വേദനിക്കുകയും പിടയ്ക്കുകയും ചെയ്യുന്ന മനസ്സുകൾക്ക് അൽപമെങ്കിലും ആശ്വാസത്തിന് നിമിത്തമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നമ്മൾ മാത്രമല്ല ഹുദൂറിന്റെ അകൽച്ചയിൽ അസ്വസ്ഥരെന്നും പ്രത്യുത ഹുദൂറിന് നമ്മളെക്കാളും അധികം ഈ അകൽച്ചയുടെ ഭാരമുണ്ടെന്നും സഹോദരങ്ങൾക്ക് മനസ്സിലാകുന്നതായിരിക്കും. പക്ഷേ, ഇതെല്ലാം അല്ലാഹുവിന് വേണ്ടിയാണ്. അതിനാൽ ഈ ബുദ്ധിമുട്ടനുഭവിക്കുമ്പോഴും അതിലൊരു ആനന്ദമുണ്ട്. ഈ അകൽച്ചയിലും ഒരു സന്തോഷമുണ്ട്. *(അൽഫള്ൽ ഖാദിയാൻ ദാറുൽഅമാൻ 1924 ജൂലൈ 18).*



# ഇംഗ്ലണ്ടിൽ ആത്മീയവിജയത്തിന്റെ അടിയത്തറയിടപ്പെട്ടു

(ലണ്ടനിൽനിന്ന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ ؓ നാലാമത്തെ കത്ത് (1924 സെപ്റ്റംബർ 11–ന് എഴുതിയത്)

അഹ്മദിയ്യ ജമാഅത്തിലെ സഹോദരങ്ങളേ!

അസ്സലാമു അലയ്ക്കും.

അൽഹംദുലില്ലാഹ്. ജോലി നല്ല വണ്ണം നടന്നുകൊണ്ടിരിക്കുന്നുണ്ട്. തബ്‌ലീഗ് ഗുണോൽക്കർഷത്തോടെ തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ യഥാർഥ ജോലി വേറൊന്നാണ്. എന്നാൽ, ഒഴിവു സമയം കിട്ടുമ്പോൾ തബ്‌ലീഗിലേക്കും ശ്രദ്ധിക്കുന്നുണ്ട്. സഹോദരന്മാരെല്ലാം അവരുടെ ജോലികളിൽ മുഴുകിയിരിക്കുകയാണ്. ചിലപ്പോൾ കാറ്റുകൊള്ളാൻ വെളിയിൽപ്പോകാൻപോലും സഹോദരന്മാർക്ക് അവസരം കിട്ടാറില്ല. ഈ അവസ്ഥതന്നെയാണ് എന്റേതും. രാത്രിയിൽ രണ്ടു രണ്ടു മണിവരെ എനിക്ക് ഉണർന്നിരിക്കേണ്ടി വരുന്നു. എന്നാൽ, മനസ്സ് സന്തോഷത്തിലാണ്. ഹൃദയം സംതൃപ്തയാണ്. മരണമുണ്ടാകുകയാണെങ്കിൽ അത് പ്രിയതമന്റെ വഴിയിലായിരിക്കണം. പ്രിയപ്പെട്ടവരേ!ശരീരം പരിപാലിക്കുന്നതിൽ ചെലവു ചെയ്യപ്പെടുന്ന ഈ ജീവിതംകൊണ്ട് എന്തു നേട്ടമാണുണ്ടാകുന്നത്? ഈ ലോകത്ത് ആരും അനശ്വരരായി ഇരിക്കുകയില്ല. ചിലർ ആദ്യമെ മരിച്ചു. ചിലർ പിന്നാലെ മരിച്ചു. കാര്യം ഒന്നുതന്നെയാണ്. അപ്പോൾപ്പിന്നെ ഒരിക്കലും അവസാനിക്കാത്ത ആ ജീവിതത്തിലെ സൗഖ്യത്തിലേക്ക് എന്തുകൊണ്ട് ശ്രദ്ധിച്ചുകൂടാ! ഹാ! ഇക്കാര്യത്തിന് സത്യമായ സൗഭാഗ്യം എനിക്കു കിട്ടിയിരുന്നെങ്കിൽ!

**വൈദ്യപരമായ അഭിപ്രായം:**

ബഹുമാന്യനും ആദരണീയനുമായ ഡോക്ടർ മീർ മുഹമ്മദു ഇസ്മായീൽ സാഹിബ് ؓ എന്റെ ആരോഗ്യപരമായ ക്ഷീണം അകറ്റുന്നതിന് കുറച്ചു കാലത്തേക്ക് കൂടുതൽ ഉറങ്ങണമെന്ന് എന്നോടു വൈദ്യപരമായ നിലയിൽ അഭിപ്രായം പറഞ്ഞിരുന്നു. എന്നാൽ, അദ്ദേഹത്തിനെന്താ അറിയുക, ഇവിടെ സ്ഥിരമായി രണ്ടോ മൂന്നോ മണിക്ക് ഉറങ്ങാനാണ് അവസരം കിട്ടുന്നത്. വരും ദിനങ്ങളിൽ ജോലി കൂടുമെന്നാണ് തോന്നുന്നത്. കാരണം ഇപ്പോൾ വിവിധ പ്രസംഗങ്ങൾക്കും കൂടിക്കാഴ്ചയ്ക്കുമുള്ള പരമ്പര ആരംഭിക്കാനിരിക്കുകയാണ്. കാരണം ഇംഗ്ലീഷിൽ തർജമ ചെയ്യിക്കാൻ എനിക്ക് ഉർദുവിൽ ലേഖനങ്ങൾ എഴുതേണ്ടിവരുന്നു. അതുകൊണ്ട് സമയം ഒരുപാടെടുക്കുന്നു. രണ്ടു മണിക്കൂർകൊണ്ട് പ്രസംഗിക്കുന്ന വിഷയം എഴുതുമ്പോൾ 6, 7 ദിവസമെടുക്കുന്നു. ഈ ബുദ്ധിമുട്ടുകാരണത്താൽ ജോലി വർധിക്കുകയാണ്.

**പ്രസംഗ പരിപാടികൾ:**

ഇൻശാഅല്ലാഹ് 3–ാം തിയതി എന്റെ പ്രഭാഷണം “ദൈവികസന്ദേശം”എന്ന ശീർഷകത്തിൽ പോർട്ട് സ്മിത്ത് നഗരത്തിൽ നടക്കുന്നതായിരിക്കും; അതിനുശേഷം 5–ാം തിയതി ലണ്ടനിൽ, 19–ന് ‘മരണാനന്തര ജീവിതം’ എന്ന വിഷയത്തിൽ പ്രസംഗമുണ്ടാകും. 23–ന് ഇവിടെ വരുന്നതിന് ചാലക ശക്തിയായ സമ്മേളനത്തിൽ പ്രസംഗം; അത് ഹേതുവല്ല. 26–നുള്ള പ്രസംഗം ഇന്ത്യയിലെ വർത്തമാന കാല അവസ്ഥകൾ എന്ന ശീർഷകത്തിൽ ഒരു രാഷ്ട്രീയ സംഘടനയുടെ അപേക്ഷ പ്രകാരം നിശ്ചയിട്ടുള്ളതാണ്. പിന്നീട് 29–ന് യുവ സംഘടനയുടെ ഒരു മീറ്റിംഗിൽ നബിﷺതിരുമേനിയുടെ ജീവിതം എന്ന ശീർഷകത്തിൽ പ്രസംഗമുണ്ട്. ഇൻശാഅല്ലാഹ്.

**സഹോദരന്മാരെ വിവിധ സ്ഥലങ്ങളിൽ അയക്കേണ്ടതാണ്:**

ഞാനാഗ്രഹിക്കുന്നത് ഈ ജോലി വിപുലപ്പെടുത്തുന്നതിന് വിവിധ സഹോദരങ്ങളെ ഇംഗ്ലണ്ടിലെ വിവിധ നഗരങ്ങളിൽ വ്യാപിപ്പിക്കണമെന്നാണ്. ഇതുമുഖേന ചെലവു കുറച്ചു കൂടുതലാകും. എന്നാൽ, ഇൻശാ അല്ലാഹ് പ്രവർത്തനം വളരെ വിപുലമായി നടക്കുന്നതായിരിക്കും. ശബ്ദം ദൂരവരെ എത്തുന്നതുമാണ്.

**ശത്രുവിന്റെ പരിഹാസവും കളിയാക്കലും:**

ശത്രു എന്തായാലും പരിഹസിക്കും. കളിയാക്കുകയും ചെയ്യും. എന്നാൽ, ഞാനവരുടെ പരിഹാസം കാര്യമാക്കുന്നില്ല. ഇക്കാര്യം പ്രകടിപ്പിക്കുന്നതിൽനിന്ന് പിന്മാറുകയുമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇംഗ്ലണ്ടിന്റെ ആത്മീയ വിജയം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. എന്റെ ആഗ്രഹം ഖാജസാഹിബിനെപ്പോലെ ഇംഗ്ലണ്ടിലെ 100 പത്രങ്ങളിലോ അതിനെക്കാൾ കൂടുതൽ പത്രങ്ങളിലോ ജമാഅത്തിനെക്കുറിച്ച് പ്രശംസാപരമായ വാക്കുകളിൽ കുറിപ്പെഴുതി, ഇതിൽനിന്ന് ഇംഗ്ലണ്ട് മുസൽമാനായി എന്നതല്ല. പ്രത്യുത എന്തൊന്നാണോ ഞാൻ പറയുന്നത് അതൊരു ആത്മീയ വിഷയമാണ്. അത് ആത്മീയ കണ്ണുകളുള്ളവർക്കു മാത്രമെ കാണാൻ കഴിയുകയുള്ളു.

**ഇംഗ്ലണ്ടിനെ സംബന്ധിച്ചുള്ള സ്വപ്നവും അതിന്റെ പുലർച്ചയും:**

നിങ്ങൾക്കറിയാം ഏതൊരുവന്റെ കൈയിലാണോ മുഴലോകത്തിന്റെയും കടിഞ്ഞാണുള്ളത്, ആ രാജാവ് എന്നോടു സ്വപ്നത്തിൽ പറഞ്ഞു: ഞാൻ ഇംഗ്ലണ്ടിൽ പോയിരിക്കുകയാണ്. ഒരു വിജയിയായ ജേർണലിനെപ്പോലെ അതിൽ പ്രവേശിച്ചിരിക്കുന്നു. ആ നേരത്ത് എന്റെ പേര് വില്യം ഫാതിഹ് എന്ന് വെക്കപ്പെട്ടു. ശാമിൽവെച്ച് എനിക്കു സുഖമില്ലാതാകുകയും രോഗം മൂർച്ഛിക്കുകയും ചെയ്തപ്പോൾ എനിക്കുണ്ടായ ഏറ്റവും വലിയ വിചാരം എന്റെ കർമങ്ങൾ കാരണത്താൽ അത്തരം സാഹചര്യമുണ്ടാകാതാകുകയും അല്ലാഹുവിന്റെ വാഗ്ദാനം മറ്റേതെങ്കിലും രീതിയിൽ മാറ്റപ്പെടുകയും എനിക്ക് ഇംഗ്ലണ്ടിലെത്താൻ സാധിക്കാതെ വരികയും ചെയ്യുമോ എന്നതായിരുന്നു. ഈ ഭയത്തിന്റെ കാരണം ഞാൻ ആ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസിച്ചിരുന്നത് ഇംഗ്ലണ്ടിലെ ആത്മീയവിജയം ഞാൻ ഇംഗ്ലണ്ടിൽ പോകുന്നതുമായി ബന്ധപ്പെട്ടതാണെന്നായിരുന്നു. പക്ഷേ, അവസാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഇംഗ്ലണ്ടിലെത്തി. ഇപ്പോൾ എന്റെ നോട്ടത്തിൽ ഇംഗ്ലണ്ടിലെ വിജയത്തിന്റെ അടിത്തറ ഇടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനി അതിന്റെ നേരത്ത് അതിന്റെ വിളംബരം ഭൂമിയിലുണ്ടാകുന്നതായിരിക്കും.

ശത്രു പരിഹസിച്ചു ചിരിക്കും. അടിസ്ഥാന രഹിതമായ വാദമാണെന്ന് പറയുകയും ചെയ്യും എന്നാൽ, അവർ പരിഹസിച്ചോട്ടെ! കാരണം അവർ അന്ധരാകുന്നു. അവർക്ക് സത്യാവസ്ഥ കാണാൻ കഴിയുകയില്ല. ആഥമിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്ؑപ്രവചനം ചെയ്യുകയും ദൈവികോദ്ദേശ്യമനുസരിച്ച് മറ്റൊരു രീതിയിൽ അതു പുലരുകയും ചെയ്തപ്പോൾ ഇന്ത്യ മുഴുവൻ അതു പരിഹസിക്കപ്പെട്ടു. അക്കാലത്തെ ബഹാഉൽപൂരിലെ നവാബ് സാഹിബിന്റെ ദർബാറിലും അതു ചർച്ച ചെയ്യപ്പെട്ടു. അദ്ദേഹവും അത് തെറ്റായിരുന്നു എന്നതിന്റെ അടിസ്ഥാനത്തൽ അഭിപ്രായം പറഞ്ഞു. അദ്ദേഹത്തിന്റെ പീർ അതായത് മതാചാര്യനായിരുന്ന ചർച്ചിടാകാരനായ ഗുലാം ഫരീദ് സാഹിബ്(റഹ്) ആ നേരത്ത് ദർബാറിലുണ്ടായിരുന്നു. ഇക്കാര്യം കേട്ട് ദ്വേഷത്തോടെ അദ്ദേഹം പറഞ്ഞു: മിർസാ സാഹിബിന്റെ പ്രവചനം തെറ്റായി പുലർന്നുവെന്ന് ആരാണോ പറയുന്നത് അയാൾ പറയുന്നത് തെറ്റാണ്. ആഥം മരിച്ചുകഴിഞ്ഞിരിക്കുന്നു. അയാൾ മരിച്ചതായിട്ടാണ് ഞാൻ കാണുന്നത്. ദുൻയാവിലെ കീടങ്ങളാണ് അയാൾ ജീവിച്ചിരിക്കുന്നതായി കാണുന്നത്.

**ഇംഗ്ലണ്ട് വിജയിക്കുമെന്നുള്ള നിബന്ധന പൂർത്തിയായി:**

ഞാനും പറയുകയാണ്. ഇംഗ്ലണ്ടിന്റെ വിജയമുണ്ടായിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായിരിക്കുന്നു. അതിന്റെ വിജയത്തിനുള്ള നിബന്ധന ആകാശത്തിൽ നിശ്ചയിക്കപ്പെട്ടിരുന്നത് ഞാൻ ഇംഗ്ലണ്ടിൽ വരണമെന്നതായിരുന്നു. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇഗ്ലണ്ടിലെത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി ആ പരിപാടിയുടെ തുടക്കം ഇൻശാഅല്ലാഹ് ആരംഭിക്കുന്നതായിരിക്കും. അതിന്റേതായ സമയത്ത് മറ്റുള്ളവരും ഇൻശാഅല്ലാഹ് ഏതൊന്നാണോ ഞാനെഴുതിയത് അത് സത്യമാണെന്ന് കാണുന്നതായിരിക്കും. ചില കാര്യങ്ങളുടെ ബന്ധം ചില പ്രത്യേക വ്യക്തികളുമായി ബന്ധപ്പെട്ടതാണെന്ന് അജ്ഞരായവർക്ക് അറിയില്ല. ഇംഗ്ലണ്ടിലെ ഇസ്ലാമിന്റെ പുരോഗതിയുടെ പ്രശ്നം അല്ലാഹുവിന്റെ വിധിയിൽ ഞാൻ ഇംഗ്ലണ്ടിൽ വരുന്നതുമായി ബന്ധപ്പെട്ടതാണ്.

മസീഹ് മൗഊദ്ؑന് കാണിക്കപ്പെട്ട സ്വപ്നത്തിലും അവിടന്ന് ഇംഗ്ലണ്ടിൽ പോകുന്നതോടെ ഈ വിജയം തുടങ്ങുമെന്ന് പറയപ്പെട്ടിരിക്കുന്നു. എനിക്കു കാണിക്കപ്പെട്ടതും ഇതുതന്നെയാണ്; കാരണം നബിമാരുടെ ഖലീഫ അദ്ദേഹത്തിന്റെ തന്നെ സാന്നിധ്യമാണെന്ന് മനസ്സിലാക്കപ്പെടുന്നു. അതുകൊണ്ടുതന്നെ രണ്ടുസ്വപ്നങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെയാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സ്വപ്നത്തിന്റെ ഉദ്ദേശ്യവും അദ്ദേഹത്തിന്റെ പ്രതിനിധി ഇംഗ്ലണ്ടിൽ പോകുന്നതുമായിട്ടായിരുന്നു. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്ؑ തന്റെ ആത്മീയ പ്രതിനിധി മുഖേന ഇംഗ്ലണ്ടിലെത്തിയിരിക്കുന്നു, ഇനി ഇൻശാഅല്ലാഹ് ഈ വിജയിത്തിന്റെ കവാടവും തുറക്കപ്പെടുന്നതായിരിക്കും. അത് എന്നെന്നേക്കുമായി വിധിക്കപ്പെട്ടതാണ്. ഏതെങ്കിലും സ്വപ്നം പുലരേണ്ടതിന്റെ സമയം വരുമ്പോൾ അത് അയാളിലേക്ക് ശ്രദ്ധ തിരിപ്പിക്കുന്നു. ഇംഗ്ലണ്ടിൽ പോയതായി ഞാൻ കണ്ട സ്വപ്നത്തിന്റെ ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദ്ؑ ‘ഇസാലെ ഔഹാ’ മിൽ പറഞ്ഞിട്ടിള്ള സ്വപ്നം പുലരേണ്ട സമയം വന്നിരിക്കുന്നുവെന്നാണെന്ന് ഞാൻ മനസ്സിലാക്കുന്നു. **ഫൽഹംദുലില്ലാഹില്ലദീ അറാനാ മാ വഅദനാ അലാ ലിസാനിൽ മസീഹി അലയ്ഹിസ്സലാം.**

**മൗലവി മുഹമ്മദലി സാഹിബിന്റേയും അദ്ദേഹത്തിന്റെ കൂട്ടുകാരുടേയും ആക്ഷേപവും അതിനുള്ള മറുപടിയും:**

മൗലവി മുഹമ്മദലി സാഹിബിനും അദ്ദേഹത്തിന്റെ കൂട്ടുകാർക്കും ആക്ഷേപമുണ്ട്. ഈ യാത്രയിൽ ഇത്രയധികം പണം ചെലവഴിച്ചതിനെ സംബന്ധിച്ചാണ് ആക്ഷേപമെന്നു തോന്നുന്നു. ഞാനീ യാത്ര ചെയ്തത് വിനോദത്തിനുവേണ്ടിയായിരുന്നു എന്നാണ് അവർ കരുതുന്നത്. ഞാനവരോടു പറയാനാഗ്രഹിക്കുന്നു. ഇതുശരിയല്ല. വേദനയുണ്ട്. ഇപ്പോൾ ഇക്കാര്യം പ്രയാസമായതുകൊണ്ട് ഞാൻ പറയുന്നില്ല. ഇല്ലെങ്കിൽ ഞാൻ പറയുമായിരുന്നു; എന്റെ ചെലവിൽ എന്റെ കൂടെ വരിക. എന്റെ ജിവിതത്തെ കുറിച്ച് പഠിക്കുക. എന്നിട്ട് എന്നെക്കുറിച്ച് സത്യവിശ്വാസപരമായ നിലയിലുള്ള അഭിപ്രായം പറയുക. അദ്ദേഹം എന്നോടൊപ്പമുണ്ടായിരുന്നെങ്കിൽ, അനഹ്മദികളും ഇംഗ്ലണ്ടിനെ കുറിച്ച് പരിചയമുള്ളവരും ഇത്രത്തോളം ജോലിയെടുക്കുന്നത് നല്ലതല്ലെന്നും ആരോഗ്യവും നോക്കേണ്ടതാണെന്നും പറഞ്ഞ് ഞങ്ങളെ ഉപദേശിക്കുമായിരുന്നു. ലണ്ടനിലെത്തിയിട്ട് ഇന്ന് ഇരുപതു ദിവസമായി. ഞങ്ങളുടെ അഭിപ്രായത്തിൽ ലണ്ടൻ പിന്നേയും അങ്ങനെത്തന്നെയുണ്ട്;ഞാൻ ഇന്ത്യയിൽ ഉണ്ടായിരുന്നതുപോലെത്തന്നെ. ഇവിടുത്തെ കെട്ടിടങ്ങളെ കുറിച്ചൊന്നും ഞങ്ങൾക്കറിയില്ല. അത്ഭുതകരമായ വസ്തുക്കളെ കുറിച്ചും അറിയില്ല. ഞാൻ അറിയുന്നത് ഒന്നേയുള്ളു. അത് ഞങ്ങളെ കാണാൻ വരുന്ന ഇവിടുത്തെ ആളുകളാണ്. അല്ലെങ്കിൽ പ്രഭാതസവാരിക്കോ മറ്റോ പോകുമ്പോൾ വഴിയിൽ കാണുന്ന ആ കാഴ്ചകളാണ്. മൗലവി മുഹമ്മദലി സാഹിബ് രൂക്ഷമായ ശത്രുതയും കഠിനമായ പക്ഷപാതിത്വവുമുണ്ടായിട്ടും ഞാൻ നാലാമത്തേയോ അഞ്ചാമത്തേയോ ദിവസം നടക്കാൻ പോകുമ്പോൾ അല്ലെങ്കിൽ പട്നിയിലെ വീട്ടിലേക്ക് പോകുമ്പോൾ അതുമല്ലെങ്കിൽ ജുമുഅ നമസ്കരിക്കാൻ പോകുമ്പോൾ ഞങ്ങളുടെ യാത്ര വിനോദയാത്ര ആകാതിരിക്കാൻ കണ്ണുംചിമ്മി നടന്നുപോകണമെന്ന് കരുതുമെന്ന് തോന്നുന്നില്ല.

എന്തായാലും ഞാൻ അദ്ദേഹത്തോടു പറയാനാഗ്രഹിക്കുകയാണ്, ഈ യാത്രയിൽ ഞങ്ങളൊരു ജോലിയും ചെയ്തിട്ടില്ലെങ്കിലും ഇനി വിനോദയാത്രതന്നെ നടത്തിക്കൊണ്ടിരുന്നാലും ഈ യാത്ര ആക്ഷേപാർഹമാകുകയില്ല. കാരണം ഈ യാത്ര രണ്ടു പ്രവചനങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടിയാണ്. നബിﷺതിരുമേനിയുടെ പ്രവചനമായ ഡമാസ്കസിനെ കുറിച്ചുള്ള പ്രവചനം. രണ്ടാമത്തേത് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ലണ്ടനെ കുറിച്ചുള്ള പ്രവചനം. അതിനാൽ ഞങ്ങൾ ഞങ്ങളുടെ പണം കൊണ്ട് ഇതുകൂടാതെ മൗലവിസാഹിബിൽനിന്ന് പണം ആവശ്യപ്പെട്ടാലും അനഹ് മദികളോടു എന്തെങ്കിലും ചോദിച്ചാലും (അത് മൗലവി സാഹിബിന്റെ പിതാമഹനോടു ചോദിച്ചാലും അതിന്റെ സ്വാധീനവും തിരിച്ച് മൗലവി മുഹമ്മദലി സാഹിബിന്റെ ഖജനാവിലേക്കായിരിക്കും വീഴുക) ചില പ്രവചനങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടിയാണ് ഈ യാത്ര ഞങ്ങൾ സ്വീകരിച്ചതെങ്കിൽ അദ്ദേഹത്തിന് അതിൽ ആക്ഷേപമുണ്ടാകേണ്ട കാര്യമെന്താണ്?

മുഹമ്മദലി സാഹിബ് എന്റെ കാര്യത്തിൽ തന്റെ ബുദ്ധിയെ വിസ്മരിക്കുന്നതുപോലെ മറ്റുള്ളവരേയും മനസ്സിലാക്കിയിരുന്നെങ്കിലെന്നാണ് എനിക്ക് തോന്നുന്നത്. ജമാഅത്തിലെ 100-ൽ 90% ആളുകൾ ഞാൻ ഇവിടെ വരണമെന്ന് അഭിപ്രായപ്പെടുന്നതുവരെ ഞാൻ ഇംഗ്ലണ്ടിൽ വരാനുദ്ദേശിച്ചിരുന്നില്ല. അപ്പോൾ ഈ യാത്ര അനുവദനീയമല്ലായിരുന്നെങ്കിൽ ആക്ഷേപം പതിയുന്നത് ജമാഅത്തിന്റെ മേലാണ്;എന്നിലല്ല. അവർക്കിങ്ങനെ പറയാമായിരുന്നു, എത്രമാത്രം അജ്ഞനായ മനുഷ്യനാണ്, ആളുകൾ അറിവില്ലായ്മ കൊണ്ട് അഭിപ്രായം പറഞ്ഞു, അയാൾ വീട്ടിൽനിന്ന് പുറപ്പെടുകയും ചെയ്തു. എന്നാൽ, ഇങ്ങനെ പറയാൻ കഴിയുമായിരുന്നില്ല. കാരണം അയാളെ ആരും തടഞ്ഞിരുന്നില്ല. മൗലവി സാഹിബ് കരുതുന്നുണ്ടോ അദ്ദേഹത്തിന്റെ വിഷയത്തിൽ എല്ലാം മറപ്പിക്കാനും തന്റെ ഇഷ്ടം നടപ്പിലാക്കാനുമുള്ള മെസ്മിരിസത്തിന്റെ സ്വാധീനം പോലെ എത്രമാത്രം കാന്തികശക്തിയാണുള്ളതെന്ന്.

മാസങ്ങൾക്കുമുമ്പേ, ഞാൻ ഇംഗ്ലണ്ടിൽ പോകണമെന്നും ഒരു ബുദ്ധിമുട്ടും വിചാരിക്കരുതെന്നും അഭിപ്രായം പറഞ്ഞവർ ഒരു മാസത്തിനുശേഷം ഞാനെന്തിനാണ് ജനങ്ങളുടെ പണം ധൂർത്തടിച്ചതെന്നും എന്തിനാണ് വെറുതെ ഇംഗ്ലണ്ടിൽ പോയതെന്നും ചോദിക്കുമോ? ഞാൻ എനിക്കുവേണ്ടി ഒരുപണവും എടുത്തിട്ടില്ലെന്ന് അറിയുന്നവർ -അവരാണെങ്കിൽ ഞാൻ പോകണമെന്നും ചെലവിനുള്ള പണം ഇതിൽനിന്ന് എടുക്കണമെന്ന് നിർബന്ധം പിടിച്ച കത്തെഴുതിയവരുമാണ്-എന്നിൽ എങ്ങനെയാണ് ആക്ഷേപം ഉന്നയിക്കുന്നത്. ഞാൻ മൗലവി മുഹമ്മദലി സാഹിബിന് ഉറപ്പുതരികയാണ്, അഹ്മദിയ്യ ജമാഅത്ത് എന്തുതന്നെയാണെങ്കിലും ഇത്തരത്തിലുള്ള വിവേകശൂന്യമായ കാര്യങ്ങൾ പറയാൻ ബുദ്ധി ഉപയോഗിക്കുന്നതിൽനിന്ന് ഇത്രമാത്രം അകന്നുപോയിട്ടില്ല.

**അല്ലാഹുവിനെക്കൂടാതെ മറ്റാരേയും വകവെക്കുകയില്ല:**

എന്നാൽ, ഞാനദ്ദേഹത്തോടു ചോദിക്കുകയാണ്, അദ്ദേഹം പറഞ്ഞ വിഷയത്തിന് സ്വാധീനമുണ്ടാകുകയാണെങ്കിൽ ആളുകൾ എന്റെ ബയ്അത്തിൽനിന്ന് പിന്മാറി അദ്ദേഹത്തോടൊപ്പം ചേരുമെന്നല്ലാതെ പിന്നെന്തുണ്ടാകാനാണ്? അതുകൊണ്ട് ഞാൻ അതിനെ സംബന്ധിച്ച് വീണ്ടും ഒരിക്കൽക്കൂടി പറയാനാഗ്രഹിക്കുകയാണ്. ഞാൻ ആളുകൾക്കുവേണ്ടി വിശക്കുന്നവനല്ല. എന്റെ റബ്ബിന്റെ ദൃഷ്ടിയുടെ വിശപ്പാണെനിക്കുള്ളത്. അജ്ഞനായ മൗലവീ! നീ നിന്നെപ്പോലെ എന്നെ കരുതരുത്. അഹ്മദിയ്യാ ജമാഅത്ത് എന്താണ്? ഒരുപിടി ആളുകളുടെ ജമാഅത്താണത്. മുഴുവൻ ലോകവും എന്നോടൊപ്പമുണ്ടാകുകയും എന്നെ വിടുകയും ചെയ്താലും ഞാനെന്റെ റബ്ബിലാണ് ദൃഢമായും വിശ്വസിക്കുന്നത്. അവനെന്നെ ഒരിക്കലും കൈവിടുകയില്ല. അല്ലാഹു എന്നോടൊപ്പമുള്ളപ്പോൾ ആളുകൾ വരികയോ പോകുകയോ ചെയ്താൽ ഞാനെന്ത് വകവെക്കാനാണ്? ആരാണോ എനിക്ക് ബയ്അത്ത് ചെയ്യുന്നത് അവൻ തന്റെ സ്വന്തം നേട്ടത്തിനാണ് ചെയ്യുന്നത്. അല്ലാതെ എന്നിൽ അയാളുടെ ഔദാര്യമൊന്നുമില്ല. മറിച്ച് ഞാൻ മുഖേന അല്ലാഹു അവനിൽ ഔദാര്യം ചെയ്യുകയാണ്. ആരെങ്കിലും എനിക്കെന്തെങ്കിലും സമ്മാനം തന്നാൽ അയാൾ എന്നിൽ ഔദാര്യം ചെയ്യുകയല്ല. പ്രത്യുത ഇതുമുഖേന അല്ലാഹു അവനിൽ ഔദാര്യം ചെയ്യുകയാണ്. ഞാൻ കടമായിട്ടല്ലാതെ ആരിലെങ്കിലും നിന്ന് എന്തെങ്കിലും ചോദിച്ചു വാങ്ങിയിട്ടുണ്ടെന്ന് നിങ്ങളിൽനിന്ന് ആർക്കാണ് പറയാൻ കഴിയുക? എന്നിൽ അൽപ്പത്വത്തിന്റെ ആരോപണമുന്നയിക്കാൻ ആരെങ്കിലുമുണ്ടോ? എന്നിൽ വിശ്വാസവഞ്ചനയുടെ ആരോപണം സ്ഥാപിക്കാൻ ആരെങ്കിലുമുണ്ടോ? ഞാൻ അത്യാഗ്രഹിയാണെന്ന് സ്ഥാപിക്കാൻ ആരെങ്കിലുമുണ്ടോ? ലോകത്തിന്റെ മറയിൽ ഇത്തരത്തിലുള്ള ഏതെങ്കിലും വ്യക്തിയുണ്ടെങ്കിൽ ഞാൻ സത്യം ചെയ്തു പറയുന്നു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം! അവൻ നിശബ്ദനായിരിക്കാതെ ലോകത്തിന്റെ ദൃഷ്ടിയിൽ എന്നെ നിന്ദിതനാക്കുമാറാകട്ടെ. ഞാൻ അഹ്മദിയ്യത്തിന്റെ പേരിൽ ഒഴികഴിവ് പറയുകയാണെങ്കിൽ, ഞാൻ ജനങ്ങളുടെ പണം തിന്നുന്നവനാണെങ്കിൽ ഞാൻ അത്യാഗ്രഹത്തിന്റേയും അതിമോഹത്തിന്റേയും രോഗത്തിന്നടിപ്പെട്ടവനാണെങ്കിൽ എന്നെ സഹായിക്കുന്നവനും എന്റെ രഹസ്യത്തിനുമേൽ പർദ ഇടുന്നവനുമായ അല്ലാഹുവേ, നിന്റെ ദീനിന്റെ ശത്രു എത്രയും വേഗം തന്റെ സംസ്കരണം നടത്തുകയാണെങ്കിൽ അത്രത്തോളം അവന്റെ ആത്മീയതയ്ക്ക് നല്ല കാര്യമായിരിക്കും.

**ജമാഅത്തിന്റെ പണത്തിന്റെ വിശ്വസ്തൻ:**

ജീവിതത്തെ വിശ്വസിക്കാൻ പറ്റില്ല. മരണം എല്ലവരേയും തേടിയെത്തുന്നതാണ്. അതുകൊണ്ട് ഞാനിക്കാര്യം വിളംബരം ചെയ്യുകയാണ്. എന്നിൽ എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ, പിശകുകളുണ്ടെങ്കിൽ ഞാൻ ജമാഅത്തിന്റെ പണത്തിന്റേയും വസ്തുവകകളുടേയും ഈ രീതിയിൽ അമീനായിട്ടിരുന്നിട്ടുണ്ടെങ്കിൽ അതായത് അതിനെക്കാൾ കൂടുതൽ എനിക്ക് മനസ്സിലാകുന്നില്ല-ഞാനെന്ത് ചെയ്യാനാണ്. ചില സ്നേഹിതന്മാർ എനിക്ക് ഹദിയ അഥവാ സമ്മാനമെന്ന നിലയിൽ പണം അയക്കുന്നു. എന്റെ പേരിൽ മണിയോർഡർ അയക്കുന്നു. അവർ മനസ്സിലാക്കുന്നത് അദ്ദേഹത്തിന്റെ പേരിൽ പണം അയച്ചുകൊടുത്തിട്ട് അതിന്റെ വിശദീകരണം എഴുതി അറിയി


**• ഹദീഥുന്നബ്‌വി •**

"അവർ മസ്ജിദ് നിർമിക്കുന്നതിൽ ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നാകും. വളരെ കുറഞ്ഞതായിട്ടല്ലാതെ അവർ അവയെ സന്ദർശിക്കുകയില്ല." (ബുഖാരി. 8:62)

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വി •**

"നിങ്ങളിലാരെങ്കിലും ആഹാരം കഴിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഇഖാമത്ത് കൊടുക്കപ്പെട്ടാൽത്തന്നെയും അവർ തന്റെ ആവശ്യം നിർവഹിച്ചു കഴിയുന്നതുവരെ തിടുക്കം കൂട്ടാതിരിക്കുക."(ബുഖാരി 10:42)




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ക്കേണ്ട ആവശ്യമെന്താണെന്നാണ്? ഞാൻ ഈ പണവും ഒരിക്കലുമെടുക്കാറില്ല. എന്റെ പേരിൽവരുന്ന മണിയോർഡറുകളെല്ലാം ദഫ്ത്തർ മുഹാസിബിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. അവിടെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി എന്റെയടുത്ത് വരുന്നു. അതിനാൽത്തന്നെ എന്റെ അവസ്ഥയുടെമേൽ ഒരു പർദയുമില്ല. ആ രജിസ്റ്ററും ആ കൂപ്പണും (ഇക്കാര്യത്തിന് സാക്ഷിയാണ്). അതായത് അങ്ങനെ വരുന്ന പണവും ജമാഅത്തിന്റെ പൊതുഖജനാവിൽ ഉൾപ്പെടുന്നു. ഞാനതിൽ തൊടുന്നതുപോലുമില്ല. നിസ്സംശയം ആവശ്യമുള്ളപ്പോൾ ജമാഅത്തിന്റെ ഖജനാവിൽനിന്ന് പണം കടമായെടുക്കാറുണ്ട്. പിന്നീട് കഴിവനുസരിച്ച് തിരിച്ചടയ്ക്കുകയും ചെയ്യുന്നു.

ഇത് ഞാൻ അംഗീകരിക്കുന്നവനാണ്. ഞാനത് അനുവദനീയമായി കാണുന്നു. ഇതു ഞാൻ പലതവണ പ്രകടിപ്പിച്ചു കഴിഞ്ഞിട്ടുള്ളതുമാണ്. ഇതുകൂടാതെ എനിക്ക് ജമാഅത്തിന്റെ പണവുമായി ഒരു ബന്ധവുമില്ല. ഞാൻ സമ്പന്നനല്ല. ചില നേരത്ത് എനിക്ക് അസുഖത്തിന് മരുന്നുകളും അത്യാവശ്യമായ വസ്ത്രവും ആവശ്യത്തിന് സാധനസാമഗ്രികളും ലഭിക്കുന്നില്ലെങ്കിൽ ഞാൻ മനസ്സിൽ ബുദ്ധിമുട്ട് സഹിക്കുന്നു. എന്നാൽ, എനിക്കെന്തെങ്കിലും ആവശ്യമുണ്ടെന്ന് ആളുകൾക്ക് തോന്നുംവിധം എന്റെ അവസ്ഥ ഞാനാക്കാറില്ല. കാരണം ഇതും ഒരു തരത്തിലുള്ള യാചനയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ അവസ്ഥകളൊക്കെയായിട്ടും ആരെങ്കിലും എന്നെ കുറിച്ച് അത്തരം കാര്യങ്ങൾ പറയുകയാണെങ്കിൽ അതിൽനിന്ന്, പ്രകാശം അന്ധകാരത്തിൽനിന്ന് അകന്നിരിക്കുന്നതുപോലെ ഞാനത്ര ദൂരത്താണ്. ഞാൻ അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുന്നു. അവനോടു ചോദിക്കുന്നു. ''എന്റെ അല്ലാഹുവേ! എന്റെ അല്ലാഹുവേ! ഞാൻ നിന്റെ എളിയ ദാസനാണ്. എന്റെ പാപങ്ങളംഗീകരിക്കുന്നതിൽ എന്റെ തെറ്റുകുറ്റങ്ങൾക്ക് മാപ്പു കിട്ടുമെന്ന പ്രതീക്ഷയിൽ ഈ ആളുകളുടെ അക്രമങ്ങൾ ഞാൻ മാപ്പാക്കുന്നു. നീ അവരുടെ പാപങ്ങൾ പൊറുത്തുകൊടുത്താലും. എന്റെ തെറ്റുകുറ്റങ്ങളും മാപ്പാക്കിയാലും. എന്റെ മനസ്സിന് ക്ഷമിക്കാനുള്ള കരുത്ത് പകർന്നാലും. അതായത് ആത്മാവ് സന്തോഷത്തിലാണ്. എന്നാൽ, ശരീരം ബുദ്ധിമുട്ട് അനുഭവിക്കുന്നു.

### മൗലവി നിഅ്മത്തുല്ലാഹ് സാഹിബിന്റെ ശഹാദത്ത്:

മൗലവി മുഹമ്മദലി സാഹിബിന്റേയും അദ്ദേഹത്തിന്റെ കൂട്ടുകാരുടേയും, അവർ എന്റെ യാത്രയെ സംബന്ധിച്ച് ഇതുവരെ നടത്തിയിട്ടുള്ള ഈ ആക്ഷേപങ്ങൾക്കുള്ള മറുപടിയിൽ അവസാനം കാര്യം പറഞ്ഞുകൊണ്ട് കാബുളിലെ ആ വേദനാജനകമായ സംഭവത്തിലേക്ക് ശ്രദ്ധ തിരിക്കുകയാണ്. മൗലവി നിഅ്മത്തുല്ലാഹ് സാഹിബിന്റെ ശഹാദത്ത് നിസ്സാരകാര്യമല്ല. കാരണം അഫ്ഗാനിസ്താന്റെ ആദ്യത്തെ പ്രവൃത്തി അജ്ഞതയിൽനിന്നായിരുന്നെങ്കിൽ ഇത് കണ്ടുകൊണ്ടും അറിഞ്ഞുകൊണ്ടുമായിരുന്നു. ഇപ്പോൾ അഫ്ഗാനിസ്താൻ സർക്കാർ നമ്മുടെ അടിസ്ഥാനപരമായ കാര്യങ്ങളെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവരായിരിക്കുന്നു. അവരുടെ ഈ ചെയ്തി അങ്ങേയറ്റം വ്യസനാർഹമാണ്. എന്നാൽ, മുസ്‌ലിമീങ്ങൾ യുദ്ധം ചെയ്യുന്നതിനല്ല പ്രത്യുത ലോകത്തിനുവേണ്ടി തങ്ങളെ ബലിയർപ്പിക്കാനാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് നമ്മൾ നമ്മുടെ ചിന്താഗതിയുടെ ഒഴുക്കിനെ സമാധാനത്തിലേക്കും ശാന്തിയിലേക്കും തിരിച്ചുവിടേണ്ടതാണ്; ശത്രുതയിലേക്കും കലഹങ്ങളിലേക്കുമല്ല.

### ദുഷിച്ചവന്റെമേൽ കരുണയും തിന്മയെ വെറുക്കുകയും ചെയ്യുക:

നമുക്ക് നല്കപ്പെട്ടിരിക്കുന്ന അധ്യാപനം ദുഷിച്ചവന്റെമേൽ കരുണകാണിക്കുകയും തിന്മയെ വെറുക്കുകയും ചെയ്യുക എന്നതാണ്. ദുഷ്ടത ഉന്മൂലനം ചെയ്യുകയും ദുഷ്ടനെ രക്ഷിക്കുകയും ചെയ്യുക. അതിനാൽ നമ്മൾ അഫ്ഗാനിസ്ഥാൻ സർക്കാറിനും അവരെ അനുസരിക്കുന്നവർക്കുമെതിരിൽ മനസ്സിൽ വെറുപ്പ് വെക്കാൻ പാടില്ല. പ്രത്യുത ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ഇപ്പോഴും അവർക്ക് ഹിദായത്ത് നല്കുമാറാകട്ടെ. ഈ ജോലി ദുഷ്കരമാണെന്നതിൽ സംശയമൊന്നുമില്ല. അല്ലാഹുതന്നെ പറയുന്നത് ക്ഷമിക്കുക എന്നത് പ്രയാസമുള്ള കാര്യമാണെന്നാണ്. ഞാൻ കമ്പി സന്ദേശത്തിൽ എഴുതിക്കഴിഞ്ഞതുപോലെ നമുക്കു നമ്മുടെ മുഴുവൻ ശ്രദ്ധയും മൗലവി നിഅ്മത്തുല്ലാഹ് സാഹിബ് ഏതൊരു കാര്യത്തിനുവേണ്ടിയാണോ ജീവൻ ബലിയർപ്പിച്ചത് ആ ജോലി തുടർന്നുകൊണ്ടുപോകുന്നതിനുവേണ്ടി ചെലുത്തേണ്ടതാണ്. നമ്മുടെ എല്ലാ ആളുകളിലും ത്യാഗത്തിന്റെ ആവേശമുണ്ടാകുന്നതിന് അവരുടെ ഓർമ ആർദ്രമാക്കിവെക്കേണ്ടതുണ്ട്.

### ശഹീദുമാരുടെ മീസാൻ കല്ല്:

എന്റെ അഭിപ്രായത്തിൽ നമ്മുടെ ജമാഅത്തിലെ എല്ലാ ശഹീദുമാരുടേയും പേരുകൾ ഒരു മീസാൻകല്ലിൽ എഴുതിപ്പിക്കുകയും എല്ലാവരുടേയും ദുആകളിൽ അവരും പങ്കാളികളാകുന്നതിനുവേണ്ടി അത് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ശിരസ്സിന്റെ ഭാഗത്ത് നാട്ടുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ ഈ മീസാൻ കല്ലിൽ മൗലവി ശഹ്സാദ അബ്ദുല്ലത്വീഫ് സാഹിബിന്റേയും മൗലവി നിഅ്മത്തുല്ലാഹ് സാഹിബിന്റേയും പേരെഴുതുക. ഭാവിയിൽ ആർക്കെങ്കിലും ഈ ഉന്നതമായ പദവി പ്രദാനം ചെയ്യപ്പെടുകയാണെങ്കിൽ അയാളുടെ പേരും ഈ മീസാൻ കല്ലിൽ എഴുതുക.

### ശുഹദാക്കളെ കുറിച്ചുള്ള ഓർമക്കുറിപ്പ്:

ഇപ്രകാരംതന്നെ ഒരു ഗ്രന്ഥവും തയ്യാറാക്കണം. അതിൽ ചരിത്രപരമായ നിലയിൽ എല്ലാ ശഹീദുമാരുടേയും അവസ്ഥകൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാണ്; വരും തലമുറകൾ അവരുടെ പ്രവർത്തനങ്ങളെ കുറിച്ച് അറിയുന്നതിനും അങ്ങനെ അവരുടെ കാൽപ്പാടുകളിലൂടെ നടക്കാൻ ശ്രമിക്കുന്നതിനുംവേണ്ടി.

### അഫ്ഗാനിസ്താനിലെ തബ്‌ലീഗിന്റെ പ്രശ്നം:

ഇതുപോലെ നമുക്ക് അഫ്ഗാനിസ്താനിൽ ഇസ്‌ലാമിക പ്രബോധനം എങ്ങനെ നടത്താമെന്നതിനെകുറിച്ചും പ്രത്യേകമായും ചിന്തിക്കേണ്ടതാണ്. അവിടെ പരസ്യമായ പ്രബോധനം ആദ്യംമുതലെ വിലക്കിയിരിക്കുകയാണ്. എന്നാൽ, നമുക്ക് ആ രാജ്യത്തെ ഒരു നിമിഷംപോലും ഉപേക്ഷിക്കാൻ പറ്റുകയില്ല. നമ്മൾ ചെയ്യേണ്ടത് നമ്മുടെ ആത്മാർഥരായ സുഹൃത്ത് അവരവരുടെ പ്രദേശത്തുപോയി അവിടുത്തെ സ്വാധീനമുള്ള കുടുംബങ്ങളിലെ യുവാക്കളെ ഇന്ത്യയിൽ കൊണ്ടുവരണം. പിന്നീട് ഖാദിയാനിൽ അവരെ കുറച്ചുനാൾ താമസിപ്പിച്ച് ജമാഅത്തിനെ കുറിച്ച് അറിവുകൾ നല്കി ആറേഴു മാസത്തിനുശേഷം അവരുടെ നാട്ടിലേക്ക് പറഞ്ഞുവിടുക.

ഒരാൾ ഒരു മാസമാണ് ഖാദിയാനിൽ താമസിക്കുന്നതെങ്കിലും അയാൾ അഹ്മദിയാകാതെ തിരിച്ചുപോകുകയെന്നത് ബാഹ്യമായി നോക്കുമ്പോൾ പ്രതീക്ഷയ്ക്കു വിപരീതമാണ്. അവരിൽ നൂറു ശതമാനംപേരും അഹ്മദിയായിപ്പോകുമെന്നാണ് നമ്മൾ പ്രതീക്ഷിക്കേണ്ടത്. അവരവരുടെ പ്രദേശങ്ങളിൽ മുബല്ലിഗുമാരുടെ പ്രവൃത്തി ചെയ്യുന്നതായിരിക്കും. അവർ തങ്ങളുടെ ബന്ധുക്കളിൽമാത്രമായിരിക്കും തബ്‌ലീഗ് ചെയ്യുന്നത്. ഇപ്രകാരം കുറച്ചു വർഷത്തിനുള്ളിൽത്തന്നെ ഉചിതമായനിലയിൽ പുതിയ അഹ്മദികൾ അഫ്ഗാനിസ്താനിൽ ഉണ്ടാകുന്നതായിരിക്കും. അത്തരമാളുകൾ വിവിധ പ്രദേശങ്ങളിൽനിന്നും നഗരങ്ങളിൽനിന്നും വരേണ്ടത് നിർബന്ധമാണ്. ഒരേ സമയത്തുതന്നെ എല്ലായിടത്തും അഹ്മദിയ്യത്തിന്റെ സ്വാധീനം പരക്കുന്നതിന് ഇതാവശ്യമാണ്. അതിനുവേണ്ടി നമ്മൾ മൂന്നോ നാലോ ആളുകളെ നിശ്ചയിക്കേണ്ടതാണ്. അവർ എപ്പോഴും അഫ്ഗാനിസ്താനിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കണം. ഞാൻ പ്രതീക്ഷിക്കുന്നത് ഇതിന്റെ ആദ്യത്തെ അവകാശികളായ അഫ്ഗാനികളിൽനിന്ന് ഇക്കാര്യത്തിന് ആളെ കിട്ടുന്നില്ലെങ്കിൽ പഞ്ചാബികളെ പ്രത്യേകിച്ചും അതിർത്തിപ്രദേശത്തുള്ളവരെ ഈ ജോലിക്കുവേണ്ടി തയ്യാറാക്കേണ്ടതാണ്.

### ചൗദ്‌രീ സഫ്റുല്ലാഹ്ഖാൻ സാഹിബിന്(ബാരിസ്ട്രേട്ട്ലോ) കാബൂളിൽ പോകാൻ താൽപര്യം.

ഞാൻ അങ്ങേയറ്റം സന്തോഷത്തോടുകൂടി വിളംബരം ചെയ്യുകയാണ്, ഈ പദ്ധതിയെ കുറിച്ച് ഒരു വിവരവും അറിയാതിരിക്കെ ചൗദ്‌രീ സഫ്റുല്ലാഹ്ഖാൻ സാഹിബ് തന്റെ പേര് എഴുതിച്ചിരിക്കുന്നു. എഴുതുന്നു: വെറും പേരെഴുതിക്കുന്നതിന് അങ്ങനെ ചെയ്യുകയില്ല. പ്രത്യുത പൂർണമായും ചിന്തിച്ചതിനുശേഷമാണ് ഈ പ്രവൃത്തിക്കായി എന്നെ സമർപ്പിക്കണമെന്ന ഈ തീരുമാനത്തിലെത്തിയത്.

### ഹദ്റത്ത് ഖലീഫത്തുൽമസീഹിന്റെ ഹൃദയത്തുടിപ്പ്:

അഹോകഷ്ടം! എന്റെ ഹൃദയത്തുടിപ്പ് പൂർത്തിയാക്കാൻ എന്റെ ചുമതലകൾ എനിക്ക് അനുവാദം തരുന്നില്ല. എനിക്കു പ്രായപൂർത്തിയായ ആൺമക്കളുമില്ല. അതുകൊണ്ടു ഞാൻ അങ്ങേയറ്റം വിഷമത്തോടുകൂടി നിശബ്ദതപാലിക്കുകയാണ്. കാരണം ആരേയും ഹൃദയം തുറന്ന് കാണിക്കാൻ പറ്റുകയില്ലല്ലോ. അതുകൊണ്ട് എന്റെ ഹൃദയാവസ്ഥ പ്രകടിപ്പിക്കാനും കഴിയുകയില്ല. ഇല്ലെങ്കിൽ അല്ലാഹു സാക്ഷിയാണ്, അവന്റെ വഴിയിൽ മരിക്കാനുള്ള ആഗ്രഹത്തിൽ എന്റെ ശരീരത്തിലെ ഓരോ അണുവും കുനിഞ്ഞുകൊണ്ടിരിക്കുന്നു, പ്രാർഥനയോടെ:

പ്രിയപ്പെട്ടവരേ!ഇപ്പോൾ സമയം കുറച്ചേയുള്ളൂ. ഞാൻ നിങ്ങളിൽനിന്ന് അനുവാദം വാങ്ങുകയാണ്. എന്റെ ആരോഗ്യം ഇപ്പോഴും രോഗിയാണ്. വയറ്റിളക്കത്തിൽനിന്നും വയറുവേദനയിൽനിന്നും മുക്തി ലഭിച്ചിട്ടില്ല. ചുമയും തുടങ്ങിയിട്ടുണ്ട്. എന്നാൽ, ഞാനെന്റെ റബ്ബിന്റെ കൈയിലാണുള്ളത്. നിങ്ങളേയും അവനെ ഏൽപ്പിക്കുകയാണ്. ***നിഅ്മൽ മൗലാ വ നിഅ്മന്നസീർ***

*വിനീതൻ*
*മിർസാ മഹ്മൂദ് അഹ്മദ്*
(അൽഫള്ൽ 1924 ഒക്ടോബർ 4)

mta INTERNATIONAL
WWW.MTA.TV
Reaching The Corners Of The Earth

# ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ നെ കുറിച്ചുള്ള പ്രവചനം

## ഒരു അത്ഭുതദൃഷ്ടാന്തം

ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് ؓ

മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനം ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ദുആ സ്വീകാര്യതയുടെ മഹത്തായൊരു അടയാളമാണ്. ആ മഹാത്മാവിന്റെ ദുആ മുഖേന പ്രകടമായ മറ്റു അടയാളവുമുണ്ട്. ഉദാഹരണത്തിന് ലേഖ്‌റാമിന്റെ അടയാളം. നിസ്സംശയം! ഈ അടയാളവും അതിന്റെ സ്ഥാനത്ത് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സത്യസാക്ഷ്യത്തിനുള്ള ദൃഢഗാഢമായ തെളിവാണ്. എന്നാൽ, മുസ്‌ലിഹ് മൗഊദ് വെളിപ്പെട്ട അടയാളവും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ദുആ സ്വീകാര്യതയുടെ മറ്റ് അടയാളങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഈ അടയാളത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്ؑപ്രത്യേകമായ ഏർപാടു ചെയ്തു. അതായത് 40 ദിവസംവരെ തന്റെ പട്ടണത്തിനു പുറത്ത് ഒരു ബാഹ്യമായ സ്ഥലത്ത് ഏകാന്തമുറിയിൽ മുഴുവൻ ലോകത്തോടുമുള്ള ബന്ധം വിച്ഛേദിച്ച് ഹുദൂർؑഅല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞുകരഞ്ഞ് ദുആകളിലും ദൈവസ്മരണയിലും മുഴുകി. ഇതിന്റെ ഫലമായി അല്ലാഹു ഹുദൂർؑന് റഹ്മത്തിന്റെ ഒരു അടയാളം പ്രദാനം ചെയ്തു. ദുആ സ്വീകാര്യതയുടെ ഫലമായി വെളിപ്പെട്ട മറ്റടയാളങ്ങളും നിസ്സംശയം പ്രതാപപരമായ അടയാളമായിരുന്നു. പക്ഷേ, ഈ അടയാളത്തിന്റെ ഫലങ്ങൾ ഊഹിക്കാൻ പറ്റാത്തവിധത്തിൽ വിശാലമായിരുന്നു.

ഇത്തരത്തിലുള്ള അടയാളം ലോകചരിത്രത്തിൽ ദുആയുടെ ഫലമായി മൂന്നു തവണയാണ് പ്രകടമായത്. (1) ആദ്യത്തെ അടയാളം നബിﷺതിരുമേനി വെളിപ്പെട്ട അടയാളമായിരുന്നു. അത് ഹദ്റത്ത് ഇബ്റാഹീംؑന്റെ ദുആയുടെ ഫലമായിട്ടാണ് വെളിപ്പെട്ടത്. ഈ അടയാളം താഴെ പറയുന്ന അടയാളങ്ങളിൽ ഒന്നാം സ്ഥാനത്താണ്. (2) രണ്ടാമത്തെ അടയാളം ഹദ്റത്ത് മസീഹ് മൗഊദ്ؑവെളിപ്പെട്ട അടയാളമാണ്. നബിﷺതിരുമേനി തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത ദുആകളുടെ ഫലമായിരുന്നു അത്. ഈ അടയാളം ഇത്തരത്തിലുള്ള അടയാളങ്ങളിൽ അതിന്റെ തേജോവിലാസത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം സ്ഥാനത്താണ്. (3). ലോകത്ത് ദുആ സ്വീകാര്യതയുടെ ഫലമായി വെളിപ്പെട്ട മൂന്നാമത്തെ മഹത്തായ അടയാളം അത് മുസ്‌ലിഹ് മൗഊദ്ؓവെളിപ്പെട്ട അടയാളമാണ്. ഈ അടയാളം അതിന്റെ മാഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനത്താണ്. എത്രമാത്രം മഹത്തായ മനുഷ്യനാണ് മൂന്നാമത്തെ ദുആയുടെ ഫലമായി ജനിച്ചത്. ഈ ദൈവവചനത്തിന്റെ വാക്കുകളിൽ നിന്ന് അത് ഊഹിക്കാവുന്നതാണ്. ആ നാല്പതുദിവസത്തെ ദുആയ്ക്കുശേഷം ഹുദൂർؑന്റെമേൽ അത് ഹോശിയാർപൂർ എന്ന സ്ഥലത്തിറങ്ങി. അത് ഫെബ്രുവരി 20 ലെ വിജ്ഞാപനത്തിൽ പ്രസിദ്ധീകരിച്ചു. അല്ലാഹുവിന്റെ വചനങ്ങളിൽ അതിശയോക്തി ഉണ്ടാകുകയില്ല. നമ്മൾ മുസ്‌ലിഹ് മൗഊദ്ؓന്റെ തേജോവിലാസത്തിന്റെ ശരിയായ കണക്ക് കൂട്ടാനാഗ്രഹിക്കുന്നെങ്കിൽ നമ്മൾ ആ പ്രവചനത്തിന്റെ വാക്കുകൾ വായിക്കേണ്ടതാണ്. ഈ പ്രവചനത്തിൽ കോറിയിടപ്പെട്ട മനുഷ്യന്റെ സവിശേഷതകളുടേയും ശ്രേഷ്ഠതകളുടേയും ശ്ലാഘനീയമായ കർമങ്ങളുടേയും ചിത്രം എന്തൊരു തേജോവിലാസമാണ്. അതുകൊണ്ട് നബിﷺതിരുമേനിക്കും ഹദ്റത്ത് മസീഹ് മൗഊദ്ؑനും ശേഷം ദുആകളുടെ ഫലമായി ലോകത്ത് വെളിപ്പെട്ട ആ മൂന്നാമത്തെ മഹാനായ മനുഷ്യൻ മുസ്‌ലിഹ് മൗഊദ്ؓആകുന്നു. അദ്ദേഹത്തെ കുറിച്ച് ഈ പ്രവചനത്തിലെ വാക്കുകളിൽ പറയപ്പെട്ടിരിക്കുന്നു. ഈ പ്രവചനത്തിന്റെ സാക്ഷാത്കാരം ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസാണ്. ഇക്കാര്യം അടയാളങ്ങളും തെളിവുകളുംകൊണ്ടുമാത്രമല്ല സ്ഥാപിതമാകുന്നത്, പ്രത്യുത ഈ പ്രവചനത്തിന്റെ സാക്ഷാത്കാരം ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അഥ്ഥാനീ അയ്യദഹുല്ലാഹ് തന്നെയാണെന്ന് അല്ലാഹുവിന്റെ പ്രവൃത്തിയും ഉച്ചത്തിൽ സാക്ഷിപറഞ്ഞുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹു തന്റെ ശക്തിപ്രഭാവത്താൽ ഈ പ്രവചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളേയും ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അഥ്ഥാനീ അയ്യദഹുല്ലായ്ക്കുവേണ്ടി ഏതു രീതിയിലാണ് പൂർത്തിയാക്കുകയും പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നതെന്നാൽ അത് ഒരു നീതിമാനും നിഷേധിക്കാൻ സാധിക്കുകയില്ല. ഈ പ്രവചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പൂർത്തിയാക്കുക എന്നത് ഒരു മനുഷ്യന്റേയും പണിയല്ലായിരുന്നു. അല്ലാഹുവിനു മാത്രമെ അങ്ങനെ ചെയ്യാൻ സാധിക്കുമായിരുന്നുള്ളു. അവൻ ഇക്കാര്യങ്ങൾ പൂർത്തിയാക്കി, പ്രവചനത്തിൽ അറിയിക്കപ്പെട്ടിരുന്ന ആ ആഗതനാകാൻ പോകുന്നവ്യക്തി ഈ മഹ്മൂദ് (എന്റെ പിതാവും മാതാവും അങ്ങയ്ക്ക് തെണ്ടമാണ്) തന്നെയാണെന്ന് ആകാശത്തിൽനിന്ന് സാക്ഷ്യം നല്കി. അതിനാൽ ഏതെങ്കിലും ആളുടെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ സാക്ഷ്യം അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യമാകുന്നു. ഈ തെളിവ് ഇവിടെ അങ്ങേയറ്റം വ്യക്തമായ നിലയിലുണ്ട്.

ഹദ്റത്ത് മഹ്മൂദ് അയ്യദഹുല്ലാഹ് മുസ്‌ലിഹ് മൗഊദാണെന്നതിന് മറ്റൊരു കാര്യവും സാക്ഷ്യം നല്കുന്നുണ്ട്. അതെന്താണെന്നാൽ അദ്ദേഹത്തിന് മുമ്പേയുള്ളവരുമായിട്ടുള്ള അല്ലാഹുവിന്റെ പെരുമാറ്റംതന്നെയാണ് അദ്ദേഹത്തോടുമുണ്ടായത്. അല്ലാഹുവിൽനിന്ന് വാഗ്ദാനം ചെയ്യപ്പെട്ടവർ ലോകത്തിന്റെ പരിഷ്കരണത്തിന് വന്നുകൊണ്ടിരുന്നപ്പോഴെല്ലാം അവരെ സംബന്ധിച്ചുണ്ടായിക്കൊണ്ടിരുന്ന അല്ലാഹുവിന്റെ നടപടിക്രമം അവരുടെ ജനതയിലെ നേതാക്കന്മാർ അവർക്കെതിരിൽ എഴുന്നേറ്റുനിന്നുവെന്നതാണ്. അവർ ഇവരെ പരാജയപ്പെടുത്തുന്നതിനുവേണ്ടി കഴിവിന്റെ പരമാവധി ശ്രമിച്ചു. ഹദ്റത്ത് മൂസാؑന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിനെതിരിൽ എഴുന്നേറ്റ ഏറ്റവും വലിയ മനുഷ്യൻ ഫിർഔനായിരുന്നു. അയാൾ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ജനതയേയും നശിപ്പിക്കാൻ ശ്രമിച്ചു. ഹദ്റത്ത് ഈസാؑയുടെ കാലഘട്ടത്തിൽ യഹൂദികളുടെ ഏറ്റവും വലിയമനുഷ്യൻ അയാൾ അവരുടെ നേതാവായിരുന്നു, ഇയാളുടെ പേർ കാഇഫ എന്നായിരുന്നു അയാൾ അദ്ദേഹത്തെ പരാജയപ്പെടുത്താൻ പിന്നാലെ കൂടി. നബിﷺതിരുമേനിയുടെ കാലത്ത് മക്ക താഴ്‌വരയുടെ സർദാർ അബൂജഹ്ൽ അദ്ദേഹത്തെ എതിർക്കുമെന്ന് ഉറച്ച തീരുമാനമെടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ കാലഘട്ടത്തിൽ മുസ്‌ലിമീങ്ങളുടെ നേതാക്കന്മാരായ മുഹമ്മദു ഹുസയ്ൻ ബട്ടാലവിയും നദീർ ഹുസയ്ൻ ദഹ്‌ലവിയും എതിർക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്ത കാരണത്താൽ അല്ലാഹുവിന്റെ ഇൽഹാമിൽ ഫിർഔനെന്നും ഹാമാനെന്നുമുള്ള സ്ഥാനപ്പേര് അവർ പ്രാപിച്ചു. ഇതേപോലെ തന്നെ അല്ലാഹുവിന്റെ മുമ്പേയുള്ള സുന്നത്തനുസരിച്ച് മഹ്മൂദ് എഴുന്നേറ്റു നിൽക്കുന്ന സമയമായപ്പോൾ അഹ്മദിയ്യ ജമാഅത്തിലെ ഉന്നതനായ വ്യക്തി, എപ്രകാരംമുമ്പേയുള്ള പരിഷ്കർത്താക്കളുടെ കാലത്ത് തലവന്മാരായ ആളുകൾ എഴുന്നേറ്റുനിന്നുവോ അദ്ദേഹത്തിന്നെതിരിൽ എഴുന്നേറ്റുനിന്നു. ഇപ്രകാരം അവർ തങ്ങളുടെ കർമംകൊണ്ട് ആരാണോ ഇപ്പോൾ എഴുന്നേറ്റുനിൽക്കാൻ പോകുന്നത് അദ്ദേഹം അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ(അലയ്ഹിസ്സലാം)അറിയിച്ച അതേ വാഗ്ദാനം ചെയ്യപ്പെട്ടയാൾ തന്നെയാണെന്ന കാര്യം വിളംബരം ചെയ്യുകയായിരുന്നു.

ഹദ്റത്ത് ഫള്‌ലെ ഉമർ ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ യഥാർഥ തേജോവിലാസത്തെ പ്രകടിപ്പിക്കുന്ന മറ്റൊരു കാര്യം ഇതാണ്: അഹ്മദിയ്യ ജമാഅത്തിന്റെ അടിത്തറ അവിടത്തെ ജനനത്തോടൊപ്പമാണ് വെക്കപ്പെട്ടത്. ഹദ്റത്ത് മസീഹ് മൗഊദ്ؑനെ സംബന്ധിച്ച് സദുദ്ദേശ്യം വെച്ചു പുലർത്തിയിരുന്നവർ അവിടത്തെ രചനകളുടേയും പ്രവചനങ്ങളുടേയും അടയാളങ്ങളിൽ ആകർഷിതരായിരുന്നു. അല്ലാഹു ഹുദൂറിനെ തന്റെ സൃഷ്ടികളുടെ പരിഷ്കരണത്തിന് എഴുന്നേൽപിച്ചുവെന്ന് അവർ മനസ്സിലാക്കിയിരുന്നു. അവർ ബയ്അത്തിൽ പ്രവേശിപ്പിക്കാൻ അദ്ദേഹത്തോടു നിരന്തരം അപേക്ഷിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്ؑഅവർക്കെപ്പോഴും മറുപടി നല്കിയിരുന്നത് ഇതുവരെ തനിക്ക് ബയ്അത്തുവാങ്ങാൻ കൽപ്പന ഉണ്ടായിട്ടില്ലെന്നാണ്. അല്ലാഹുവിൽനിന്ന് എനിക്ക് ബയ്അത്തു വാങ്ങാൻ കൽപ്പന ലഭിക്കാത്തിടത്തോളം ആരിൽനിന്നും ബയ്അത്ത് വാങ്ങാൻ സാധിക്കുകയില്ല. പക്ഷേ, ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹ് ജനിച്ചപ്പോൾ, ആനേരത്ത് അദ്ദേഹത്തിന് ദൈവികവെളിപാടു മുഖേന ബയ്അത്ത് പരമ്പര തുടങ്ങാൻ കൽപ്പനയുണ്ടായി. ഈ വഹ്‌യ് ഇറങ്ങി: ***ഇസ്നയിൽ ഫുൽക്കബി അഅ്യുനിനാ വ വഹ്‌യിനാ*** നമ്മുടെ മേൽന്നോട്ടത്തിലും നമ്മുടെ നിർദേശമനുസരിച്ചും നീ കപ്പൽ പണിയുക.

അങ്ങനെ അവിടന്ന് ഈ വിജ്ഞാപനത്തിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ ജനിച്ചവിവരം പ്രസിദ്ധീരിച്ചു. അതിൽ ആളുകളെ ബയ്അത്തു ചെയ്യാൻ ക്ഷണിച്ചുകൊണ്ട് അഹ്മദിയ്യ ജമാഅത്തിന് അടിത്തറയിട്ടു. ഖലീഫത്തുൽമസീഹ് ഥാനീ ജനിക്കുന്നതുവരെ അല്ലാഹു തആലാ ബയ്അത്ത് വാങ്ങുന്നത് മാറ്റിവച്ചു. അവിടന്ന് ജനിച്ചതിനോടൊപ്പംതന്നെ കൽപ്പന ഇറക്കിക്കൊണ്ട് അഹ്മദിയ്യ ജമാഅത്തിന് അസ്തിവാരമിട്ടു. ഇപ്രകാരം അവിടത്തെ ജനനത്തോടെ അഹ്മദിയ്യ ജമാഅത്തിന് തുടക്കം കുറിച്ചു. അതിൽ ഭാഗ്യവാനായ ഈ കുട്ടിക്ക് അഹ്മദിയ്യ ജമാഅത്തുമായി അഗാധമായ ബന്ധമുണ്ടായിരിക്കുമെന്ന സൂചനയാണ് ഉണ്ടായിരുന്നത്. കാരണം രണ്ടിന്റേയും തുടക്കം ഒരുമിച്ചാണുണ്ടായത്. അതെന്തിനെന്നാൽ

അഹ്മദിയ്യ ജമാഅത്തിന് അദ്ദേഹവുമായി ഒന്നിനെ മറ്റൊന്നിൽനിന്ന് വേർതിരിക്കാൻ പറ്റാത്തവിധമുള്ള ബന്ധമാണുണ്ടായിരുന്നതെന്നറിയാനാണ്.

അവസാനം ഞാൻ ഇക്കാര്യം പ്രകടപ്പിക്കേണ്ടത് അനിവാര്യമായി മനസ്സിലാക്കുന്നു, നമ്മൾ ഏപ്രകാരം അനഹ്മദികളോടു, നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്ؑനെ വിശ്വസിക്കേണ്ടത് അനിവാര്യമാകുന്നത്, അവിടന്ന് മുഖേന ഹദ്റത്ത് നബിﷺതിരുമേനിയുടെ പ്രവചനങ്ങൾ പുലർന്നതുകൊണ്ടാണ്. അവിടത്തെ അസ്തിത്വം അവിടത്തെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്. ഇതുമുഖേന നമുക്ക് ഇസ്‌ലാമിന്റെ വിരോധികളുടെമേൽ ന്യായപൂർത്തി വരുത്താൻ കഴിയും. ഇപ്രകാരം നാം ഗയ്ർ മുബാഇയീൻ സ്വഹാബത്തിന്റെ സന്നിധിയിൽ അപേക്ഷിക്കുകയാണ്, അല്ലാഹു ഹദ്റത്ത് ഫള്‌ലെ ഉമർ മുഖേന ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഒരു മഹത്തായ പ്രവചനം പൂർത്തിയാക്കിയിരിക്കുന്നു. അങ്ങനെ അവിടത്തെ സത്യസാക്ഷ്യത്തിന്റെ ഒരു ജലീലുൽഖദ്ർ അടയാളമാണ് വെളിപ്പെടുത്തിയത്. അതുകൊണ്ട ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സത്യസാക്ഷ്യത്തിൽ വിശ്വിക്കുന്നുവെന്ന് വാദിക്കുന്ന നിങ്ങളുടെ നിർബന്ധ കടമയാണ് ഈ അടയാളത്തിന്റെ സത്യസാക്ഷ്യത്തിൽ വിശ്വസിക്കുക എന്നത്. ലോകത്തിനോടു വിളിച്ചു പറയുക, നോക്കൂ എങ്ങനെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ജലീലുൽഖദ്ർ പ്രവചനത്തെ അത്ഭുതകരമായ വർണത്തിൽ പൂർത്തിയാക്കി അവിടത്തെ സത്യസാക്ഷ്യത്തിന്റെ പ്രോജ്വലമായ തെളിവ് നല്കിയിട്ടുള്ളത്. അതിനുമുമ്പിൽ ഭക്തിയോടും ദൈവഭയത്തോടും കൂടി ചിന്തിക്കുന്ന ഓരോരുത്തരുടേയും കഴുത്ത് കുനിഞ്ഞുപോകുന്നു. പക്ഷേ, നിങ്ങൾ പിടിവാശിയും പക്ഷപാതവുംകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ മിന്നിത്തിളങ്ങുന്ന ഈ അടയാളത്തെ നിഷേധിക്കുകയാണെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്ؑമുഖേന നബിﷺതിരുമേനിയുടെ പ്രവചനം പൂർത്തിയാകുകയും അദ്ദേഹത്തിന്റെ അസ്തിത്വം നബിﷺതിരുമേനിയുടെ സത്യസാക്ഷ്യത്തിനുമേൽ ഒരു ജലീലുൽഖദ്ർ സാക്ഷ്യമാകുകയും ചെയ്തിട്ടും അനഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ്ؑനെ നിഷേധിച്ചുകൊണ്ട് ആക്ഷേപത്തിന് വിധേയമായോ നിങ്ങളും അല്ലാഹുവിന്റെ മുമ്പിൽ ആക്ഷേപത്തിന് വിധേയരായിരിക്കും. *(അൽഫള്ൽ 1944 ഫെബ്രുവരി 20)*

പേജ് 13 ൽ നിന്ന്

സാന്നിധ്യത്തിൽ ദുആ ചെയ്തു. കൂട്ടുകാരോടൊപ്പം ഖാദിയാനിലേക്ക് കാൽനടയായിപ്പോയി. ആ സമയത്ത് വമ്പിച്ച ജനാവലി കൂടെയുണ്ടായിരുന്നു. ഹുദൂർ ഗ്രാമത്തിൽ പ്രവേശിക്കുന്നതിനുമുമ്പേ ബിഹിശ്തി മഖ്ബറയിലെത്തി. ആ സമയത്ത് ധാരാളം പൂമാലകൾ ഹുദൂറിന്റെ കഴുത്തിലുണ്ടായിരുന്നു. ഹുദൂർ ഈയവസരത്തിൽ പറഞ്ഞു: അനുവാദമുണ്ടായിരുന്നെങ്കിൽ ഈയെല്ലാ പൂമാലകളും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഖബ്റിൽ അർപിക്കുമായിരുന്നു. കാരണം ഈ വിജയത്തിന്റെ അടയാളം അദ്ദേഹം മുഖേനയാണ് കരസ്ഥമായത്. ഇതിനുശേഷം ഹുദൂർ തിരുമനസ്സ് ബിഹിശ്തി മഖ്ബറയുടെ അടുത്തെത്തി മണ്ണിന്റെ കിണ്ടിയിൽ വെള്ളം കുടിച്ചു. പിന്നീട് വുളു എടുക്കുകയും മസീഹ് മൗഊദ് ؑന്റെ ഖബ്റിൽ തനിച്ച് ദുആ ചെയ്യാൻ പോകുകയും ചെയ്തു. കുറച്ചുകഴിഞ്ഞതിനുശേഷം ഹുദൂർ യാത്രാ സംഘത്തെ അടുത്ത് വിളിപ്പിക്കുകയും പിന്നീട് എല്ലാവരും ചേർന്ന് ദുആയിരക്കുകയും ചെയ്തു. ദുആ ചെയ്തതിനുശേഷം ഹുദൂർ തിരുമനസ്സ് തന്റെ പിതാമഹൻ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിന്റെ ഖബ്റിൽ നിന്നുകൊണ്ട് (അദ്ദേഹം ഹുദൂർ തിരുമനസ്സിന്റെ ഈ യാത്രയിൽ വഫാത്തായിരുന്നു) ജനാസ നമസ്കരിച്ചു.

ബിഹിശ്തി മഖ്ബറയിൽനിന്ന് നഗരത്തിൽ പ്രവേശിക്കുമ്പോൾ ഹുദൂർ പറഞ്ഞു: ''നഗരത്തിൽ പ്രവേശിക്കുമ്പോൾ ഹാഫിള് രോശൻ അലി സാഹിബ് ഈ വാക്യങ്ങൾ ഉറക്കെ ചൊല്ലുക, മറ്റുള്ളവർ ഉറക്കെ അതേറ്റു ചൊല്ലുക. ഹാഫിള് രോശൻ അലി സാഹിബ് ദുആയുടെ പദങ്ങൾ ഉച്ചത്തിൽ ചൊല്ലുകയും അത് മുഴുവൻ ആളുകളും ഏറ്റുചൊല്ലുകയും ചെയ്തു. ദുആ ഇപ്രകാരമായിരുന്നു: **ആഇബൂന താഇബൂന ആബിദൂന ലി റബ്ബിനാ ഹാമിദൂന സ്വദഖല്ലാഹു വഅ്ദഹു വ നസ്വറ അബ്ദുഹൂ വ ഹസമൽ അഹ്സാബ വഹ്ദഹൂ**

ഹുദൂർ മിയാ മുഹമ്മദ് ഇസ്മായീൽ സാഹിബിനും മിയാൻ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിനുമൊപ്പം പെട്ടെന്നുതന്നെ അവരുടെ വീടിനോടുചേർന്ന റോഡിലൂടെ കടന്നുപോയി അതിഥി മന്ദിരത്തിന്റെ അടുത്തെത്തി. അവിടെ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ലങ്കർഖാനയുടെ വകയായി സ്വാഗതം ചെയ്തു. ഇവിടെ നവാബ് മുഹമ്മദ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ മകൻ മിയാൻ അബ്ബാസ് അഹ്മദ് സാഹിബിനെ ഉയർന്ന മണൽത്തിട്ടയിൽ ഇരുത്തിയിരുന്നു. അദ്ദേഹത്തിൽനിന്ന് ഹദ്റത്ത് മീർമുഹമ്മദ് ഇസ്ഹാഖ് സാഹിബ് ഹുദൂറിന്റെ തിരുസന്നിധിയിൽ, ഉച്ചത്തിൽ 'ഇത് നിനക്കും നിന്റെ കൂടെയുള്ള ദർവേശുകൾക്കും വേണ്ടിയാണ്' എന്ന് പറഞ്ഞു ഒരു റൊട്ടി കൊടുത്തു. ഹുദൂർ തിരുമനസ്സ്ؓ റൊട്ടി വാങ്ങുകയും കൂടെയുള്ള യാത്രാ സംഘങ്ങൾക്ക് വീതിച്ചുകൊടുക്കുകയും ചെയ്തു. ഇതിനുശേഷം ജനാവലി അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടുള്ള പദ്യം ഉച്ചത്തിൽ ആലപിച്ച് മുന്നോട്ടുനീങ്ങി. മദ്രസ്സ അഹ്മദിയ്യായുടെ വകയായി സ്കൂളിന്റെ കവാടത്തിന്നടുത്ത് സ്വാഗതവചനങ്ങൾ പല നിറങ്ങളിലും എഴുതിവെച്ചിട്ടുണ്ടായിരുന്നു.


മസ്ജിദ് മുബാറക്കിന്റെ കിഴക്കുഭാഗത്തുള്ള ഇരുമ്പുഗേറ്റുള്ള മാർക്കറ്റിലെത്തിയതിനുശേഷം ഹുദുറും മുഴുവൻ ആളുകളും ചേർന്ന് തിരിച്ചു വന്നതിലുള്ള ദുആ ചെയ്തു. ആ സമയത്തുള്ള കാഴ്ച്ച അങ്ങേയറ്റം ഭക്തിനിർഭരവും ആകർഷണീയവുമായിരുന്നു. ഹുദൂറിന്റെ ശബ്ദത്തിലും ആർദ്രതയും കണ്ണുകളിൽ കണ്ണുനീർ നിറയുകയും ചെയ്തിരുന്നു. അവിടയുള്ളവരും സന്തോഷാധിക്യത്താൽ കരയുന്നുണ്ടായിരുന്നു. ചിലരുടെ ഏങ്ങലടിയും കേൾക്കാമായിരുന്നു. ഈ വേദനയോടുകൂടിയാവസ്ഥയിൽ ഹുദൂർؓ നിറകണ്ണുകളോടും വേദനാജനകമായ ശബ്ദത്തോടും പറഞ്ഞു;

''നോക്കൂ നബിﷺതിരുമേനിയുടെ ദുആ എത്രമാത്രം സൂക്ഷ്മമാണ്. അതിന്റെ ദൃശ്യമാണ് നമ്മൾ ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗ ഊദ്ؑവാദം പുറപ്പെടുവിച്ചപ്പോൾ ഇതേ സ്ഥലത്ത്, ഇതേവീട്ടിൽ അദ്ദേഹം തനിച്ചായിരുന്നു. ഒരു കൂട്ടുകാരനോ സഹായിയോ ഉണ്ടായിരുന്നില്ല. ഇവൻ ചതിയനാണ്, കള്ളനാണ്, വഞ്ചകനാണ് എന്ന് നാലുഭാഗത്തുനിന്നും ശബ്ദമുയർന്നിരുന്നു. നഊദുബില്ലാഹ്. ഞങ്ങളിവനെ കീടങ്ങളെപോലെ ചവിട്ടിമെതിക്കുമെന്ന് ശത്രുക്കൾ പറഞ്ഞു. എന്നാൽ, അല്ലാഹു തന്റെ വാഗ്ദാനപ്രകാരം അദ്ദേഹത്തെ അനുകൂലിക്കുകയും സഹായിക്കുകയും ചെയ്തു. ഇന്ന് അതേ കുടുക്കിൽ കുരുങ്ങി നമ്മൾ ഇത്രയധികം ആളുകൾ ഇവിടെ കൂടിയിരിക്കുന്നു. അദ്ദേഹം മുഖേന നമുക്കെല്ലാ മേഖലകളിലും വിജയം നല്കിയിരിക്കുന്നു. അദ്ദേഹം മുഖേനയും അവന്റെ വാഗ്ദാനം മുഖേനയും യഥാർഥത്തിൽ ഇതിനു നല്കിയിട്ടുള്ള ആദരവ് അവൻ നമുക്ക് തന്നിരിക്കുന്നു. ഏതൊരു വാഗ്ദാനമാണോ അദ്ദേഹത്തിന് നൽകിയത് ആ അനുഗ്രഹത്തിന്റെ അവകാശികളാക്കി നമ്മെ മാറ്റി. യാഥാർഥ്യം മുൻനിറുത്തി നോക്കുകയാണെങ്കിൽ മുഴുവൻ ശ്രേഷ്ഠതയും ഹദ്റത്ത് മസീഹ് മൗഊദിؑനുള്ളതാണ്. ഹദ്റത്ത് മുഹമ്മദ്ﷺനുള്ളതാണ്. അല്ലാഹുവിനുള്ളതാണ്. ഇത് പറഞ്ഞതിനുശേഷം ഹുദൂർ മസ്ജിദ് മുബാറക്കിന്റെ താഴെ, അങ്ങേയറ്റം മനോഹാരിതയോടെ ഉണ്ടാക്കിയിട്ടുള്ളതും ചിത്രപണികൊണ്ട് അലങ്കരിച്ചതുമായ വാതിലൂടെ കടന്ന് ഏണിപ്പടി കയറി മസ്ജിദ് മുബാറക്കിൽ പോയി. ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ ആദ്യകാലത്തെ മസ്ജിദായിരുന്ന ആ ഭാഗത്ത് തന്റെ കൂട്ടുകാരോടൊപ്പം രണ്ട് റക്അത്ത് ജമാഅത്തോടുകൂടി നഫ്ൽ നമസ്കരിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ ജനക്കൂട്ടത്തോടു സലാം പറഞ്ഞു വീട്ടിലേക്ക് പോയി.

ഇപ്രകാരം നാലു മാസം മുമ്പേ 1924 ജൂലൈ 12-നു തുടങ്ങിയ അനുഗൃഹീതവും ചരിത്രപരവുമായ ഈ യാത്ര 1924 നവംബർ 24-ന് വളരെ നല്ല നിലയിൽ സമാപിച്ചു. ഹുദൂർؓസുദീർഘമായ ഈ യൂറോപ്യൻ പര്യടനത്തിൽനിന്ന് വിജയത്തിന്റേയും സൗഭാഗ്യത്തിന്റേയും പ്രയത്നസാഫല്യത്തിന്റേയും ഉത്കർഷപ്രാപ്തിയുടേയും പതാകപറപ്പിച്ചുകൊണ്ട് ഖാദിയാനിലെ പവിത്രമായ മണ്ണിൽ കാലുകുത്തി.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

മസ്ജിദ് ഫള്‌ലിന്റെ ശിലാന്യാസത്തിന് 100 വർഷം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് ലണ്ടനിൽ സംഘടിപ്പിച്ച ഒരു പ്രത്യേക സമ്മേളനത്തിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് ഇസ്‌ലാമാബാദിലെ എം.ടി.എ സ്റ്റുഡിയോയിൽനിന്ന് പ്രസംഗിക്കുന്നു.




പ്രസംഗത്തിന്നിടയിൽ ശ്രോതാക്കളുടെ രണ്ടു ദൃശ്യം



വൈദ്യുതി ബൾബുകളാൽ സജ്ജീകരിക്കപ്പെട്ട മസ്ജിദ് ഫള്ൽ ലണ്ടന്റെ ഒരു മനോഹര ചിത്രം.

Editor
H.Shamsuddin
Mobile: 99460 21252
Sub Editor
Muhammed Ismail
Mobile: 94466 56123
e-mail:badrmalayalam@gmail.com
Website : www.akhbarbadr.in
: www.alislam.org/badr
Layout : HA Creative Graphics

Registered with the registrar of the newspapers for India at No. RN 61/57

ബദർ വീക്കിലി ഖാദിയാൻ Weekly BADAR Qadian
Qadian - 143516 Distt. Gurdaspur (Pb.) INDIA

Vol. 9 Thursday 19 - 26 - December - 2024 Issue. 51 - 52

Manager
Shaik Mujahid Ahmad
Mobile: 99153 9255
e-mail:managerbadrnd @gmail.com
SUBSCRIPTION
ANNUAL: Rs.650

# 98 വർഷം മുമ്പേ മസ്ജിദ് ഫള്ൽ ലണ്ടന്റെ ഗംഭീരമായ ഉദ്ഘാടനം.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ ؓ പറയുന്നു:

“കലഹക്കാർ ലണ്ടനിൽ മസ്ജിദ് നിർമിക്കാതിരിക്കാൻ കഠിനശ്രമം നടത്തിയിരുന്നു. പക്ഷേ, അല്ലാഹു അവരെ നാണംകെടുത്തുന്നതിന് മസ്ജിദ് നിർമിക്കാൻ സൗഭാഗ്യം നല്കിയെന്നുമാത്രമല്ല പ്രത്യുത മസ്ജിദ് നിർമാണം പൂർത്തിയായശേഷം അതിന്റെ ഉദ്ഘാടനവും ഗംഭീരമായി നടത്താനുള്ള സാഹചര്യവുമൊരുക്കി. അതെത്രമാത്രം ഗംഭീരമായിരുന്നെന്നാൽ അതിന്റെ ഉദാഹരണം മുമ്പേ ഉണ്ടായിട്ടില്ലെന്ന് എല്ലാ ഓരോരുത്തരും സമ്മതിക്കുകയും ചെയ്തു. ഏകദേശം 200-ലധികം ഇംഗ്ലീഷ് പത്രങ്ങളിൽ ഉജ്ജ്വലമായ പദങ്ങളിൽ ഇതുസംബന്ധമായി വാർത്തകൾ വന്നു. ഈ പത്രങ്ങൾ ഇംഗ്ലണ്ടിലേതാണ്. ഇവയ്ക്കു പുറമെ മറ്റു രാജ്യങ്ങളിൽനിന്ന് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുമുണ്ട്. അവയിലും ഇതിനെക്കുറിച്ചുള്ള വാർത്തകൾ വന്നിരിക്കുന്നു. അതിന്റെ കട്ടിംഗ്സ് വന്നുകൊണ്ടിരിക്കുന്നു. ഇപ്രകാരം ലണ്ടനിൽ ഒരു മസ്ജിദ് നിർമിച്ചിരിക്കുന്നുവെന്നും അതിന്റെ ഉദ്ഘാടനം കഴിഞ്ഞുവെന്നും അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമായ മിർസാ ഗുലാം അഹ്മദ് സാഹിബാണ് ഇതു നിർമിച്ചതെന്നും ദൈവം അദ്ദേഹത്തെ മസീഹ് മൗഊദും നബിയുമായി അയച്ചിരിക്കുന്നുവെന്നും ഇതിന്റെ ജോലി ഇസ്‌ലാം മത പ്രചാരണമാണെന്നുമുള്ള വാർത്ത ഇതുവരെ ഏകദേശം 20, 25 കോടി ജനങ്ങൾ കേട്ടു കഴിഞ്ഞിരിക്കുന്നു. ലോകത്തിലെ എല്ലാ ഓരോ മൂന്നുപേരിലും ഒരാൾക്ക് അത് എത്തിക്കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലണ്ടിലെ പത്രപ്രതിനിധികളുടേയും മറ്റു നേതാക്കന്മാരുടേയും അഭിപ്രായം നമ്മൾ രണ്ടുകോടി രൂപ ചെലവഴിച്ചാലും ഇത്രമാത്രം പ്രചാരണം ലഭിക്കുമായിരുന്നില്ലെന്നാണ്. എന്നല്ല ചിലർ ഇങ്ങനേയും പറഞ്ഞു: രണ്ടുകോടി രൂപയല്ല രണ്ടുകോടി പൗണ്ട് ചെലവഴിച്ചാലും മസ്ജിദിനുവേണ്ടി ചെലവായ ഈ രൂപ ചെയ്ത ജോലി ചെയ്യുമായിരുന്നില്ല. ഈ മസ്ജിദിന്റെ ഉദ്ഘാടനത്തിന് വലിയ വലിയ ആളുകൾ പങ്കെടുത്തു. 3 പരമാധികാരികളും 13 പാർലമെന്റംഗങ്ങളും വിവിധ രാജ്യങ്ങളിലെ അംബാസിഡർമാരും മന്ത്രിമാരും നവ്വാബുമാരും ആദരണീയരായ മറ്റു വ്യക്തികളും നേതാക്കന്മാരും വൻതോതിൽ ഹാജരായിരുന്നു. അവർ പങ്കെടുത്തുവെന്ന് മാത്രമല്ല, പ്രത്യുത ഈ ഉന്നതക്കിടയിലുള്ള വ്യക്തിത്വങ്ങൾ വളരെ താഴ്ന്ന തലത്തിലുള്ള പദവികളിൽ താൽപര്യമെടുത്തു സന്തോഷിക്കുകയും ചെയ്തു. ചിലർ എന്തെങ്കിലും ജോലി ചെയ്യുന്നത് അന്തസ്സായി മനസ്സിലാക്കുകയും തീവ്രാഭിലാഷത്തോടെ സകല ജോലികളിലും ഭാഗഭാക്കാകുകയും ചെയ്തു. ഇന്ത്യയിലെ വലിയ വലിയ ആളുകളും ഇതിൽ പങ്കെടുത്തിരുന്നു. എത്രത്തോളമെന്നാൽ മഹാരാജ ബുർദവാനും പങ്കെടുത്തു. അദ്ദേഹം ഈ അവസരത്തിൽ പ്രസംഗിക്കാൻ അനുവാദം ചോദിച്ചു. സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ഞാൻ ഹിന്ദുവാണെങ്കിലും ഇതിൽ പങ്കെടുക്കുന്നത് എന്റെ നിർബന്ധ കടമയായി മനസ്സിലാക്കുന്നു. പിന്നീട് 11 ഭരണകൂടങ്ങളുടെ പ്രതിനിധികളും ഈ സമ്മേളനത്തിന് വന്നു. ജർമനി, ഇറ്റലി, ചൈന തുടങ്ങിയ രാജ്യങ്ങളിലെ മന്ത്രിമാരും വന്നിരുന്നു. മസ്ജിദിനുവേണ്ടി ചെലവഴിച്ച ധനം എവിടെപ്പോയെന്ന് ചോദിച്ചവർക്കുള്ള മറുപടിയാണിത്. അവർ കേട്ടുകൊള്ളുക, ആ പണം ഇവിടെപ്പോയി!

*(അൽഫള്ൽ ദാറുൽഅമാൻ ഖാദിയാൻ 1926 നവംബർ 9)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner; Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India Editor:Mansoor Ahmad